**നിയമനിർമ്മാണകാര്യം**

(1) 2022-ലെ കേരള സഹകരണ സംഘ (മൂന്നാം ഭേദഗതി) ബില്ലിന്റെ അവതരണവും സെലക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, 2022-ലെ കേരള സഹകരണ സംഘ (മൂന്നാം ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

ചെയർപേഴ്സൺ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, 2022-ലെ കേരള സഹകരണ സംഘ (മൂന്നാം ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. വി. എൻ. വാസവൻ: സർ, നമ്മുടെ സംസ്ഥാനത്തെ സഹകരണ മേഖലയിൽ സമഗ്രമായൊരു നിയമഭേദഗതി ലക്ഷ്യമിട്ടുകൊണ്ട് 2019-ൽ അന്നത്തെ സഹകരണ വകുപ്പുമന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രൻ ഒരു കമ്മിറ്റി രൂപീകരിക്കുകയും അതിന് തുടക്കംകുറിക്കുകയും ചെയ്തു. ഇത്തരം

രൂപത്തിലേയ്ക്ക് വരാനിടവരുന്ന സാഹചര്യം, നിലവിലുള്ള നിയമങ്ങൾ ഇന്നത്തെ സഹകരണ മേഖലയുടെ വളർച്ചയും അതിന്റെ പ്രയോഗതലത്തിനുമൊക്കെ മാറ്റംവരേണ്ട കാലഘട്ടം വന്നിരിക്കുന്നുയെന്നതിന്റെ അടിസ്ഥാനത്തിലാണ്. നമ്മുടെ ഇപ്പോഴുള്ള അടിസ്ഥാനനിയമമെന്ന് പറയുന്നത്, 1969-ൽ പി. ആർ. കുറുപ്പ് സഹകരണ വകുപ്പുമന്ത്രിയായിരുന്നപ്പോൾ ഈ നിയമസഭ പാസ്സാക്കിയ നിയമമാണ്. അതിനുമുമ്പ് 1904-ൽ ബ്രിട്ടീഷുകാരുടെ കാലഘട്ടത്തിലാണ് സഹകരണ നിയമം നമ്മുടെ രാജ്യത്ത് നിലവിൽ വന്നത്. അതിനുശേഷം 1912-ൽ അത് വീണ്ടും ഭേദഗതി ചെയ്തു. 1919-ലെ മൊണ്ടേഗു ചെംസ്ഫോർഡ് ഭരണ പരിഷ്കാരങ്ങൾ സംബന്ധിച്ച സമിതി, സഹകരണം സംസ്ഥാന വിഷയമായി അല്ലെങ്കിൽ ഒരു പ്രവിശ്യ വിഷയമായി ശിപാർശ ചെയ്യുന്ന കാലഘട്ടത്തിലായിരുന്നു പിന്നീടതിൽ മാറ്റം വന്നത്. അതിനെത്തുടർന്നാണ് 1919-ൽ ഇന്ത്യ ഗവൺമെന്റ് മറ്റൊരു സഹകരണ നിയമം പാസ്സാക്കിയത്. 1914-ലാണ് തിരുവിതാംകൂർ സഹകരണ നിയമം നിലവിൽ വന്നത്. 1932-ൽ മദ്രാസ് പ്രവിശ്യയുടെ ഭാഗമായി മലബാറുണ്ടായിരുന്ന കാലഘട്ടത്തിൽ ഒരു നിയമം നിലവിൽ വരികയും തിരുവിതാംകൂർ-കൊച്ചി

സംയോജനത്തിനുശേഷം 1952-ൽ ആ നിയമം ഭേദഗതി ചെയ്യുകയും ചെയ്തു. 1956 നവംബർ 1-ന് ഐക്യകേരളം നിലവിൽ വന്നതിനുശേഷം ആദ്യമായി സമഗ്രമായ നിയമഭേദഗതി വന്നതാണ് 1969-ൽ പി. ആർ. കുറുപ്പ് അവതരിപ്പിച്ച ബിൽ. ഇന്നത്തെ ബഹുമാന്യനായ മുഖ്യമന്ത്രി സഹകരണ വകുപ്പുമന്ത്രിയായിരുന്ന 1998 കാലഘട്ടത്തിലായിരുന്നു പിന്നീട് ആ ബില്ലിൽ അടിസ്ഥാനപരമായ പുരോഗതിയുണ്ടായത്. 1998-ൽ തുടങ്ങിവച്ച ബില്ലിന്മേൽ 1999-ൽ ചർച്ച നടത്തുകയും അത് 2000-ൽ സഭയിൽ വന്നപ്പോൾ ശ്രീ. എസ്. ശർമ്മ അടുത്ത വകുപ്പുമന്ത്രിയായി ചുമതലയേൽക്കുകയും ചെയ്തിരുന്ന കാലഘട്ടമായിരുന്നു. പിന്നീട് പല ഘട്ടങ്ങളിലും ഭേദഗതികൾ വന്നിട്ടുണ്ട്. എന്നാൽ സമഗ്രമായൊരു നിയമ ഭേദഗതിയിലേയ്ക്ക് സഭ വന്നിട്ടില്ല. സഹകരണ മേഖലയിൽ 1969-ലെ നിയമമുണ്ടാകുന്ന കാലഘട്ടത്തിൽ ഒരു പ്രാഥമിക കാർഷിക വായ്പാ സംഘത്തിൽ പത്തോ ഇരുപതോ കോടി രൂപയുടെ നിക്ഷേപവും എട്ടോ പത്തോ കോടി രൂപയുടെ ഡെപ്പോസിറ്റുമാണ് നിലവിലുണ്ടായിരുന്നത്. അതിൽനിന്നൊക്കെ പുരോഗമിച്ച് 2000-ൽ സമഗ്രമായ നിയമഭേദഗതിയിലൂടെ ഒട്ടേറെ മാറ്റങ്ങൾ വരുത്തിക്കൊണ്ട് ആ

കാലഘട്ടത്തിന് യോജിച്ച രൂപത്തിലേയ്ക്ക് മാറ്റിത്തീർക്കാൻ കഴിഞ്ഞു. ഇന്ന് അതിലും കുറേക്കൂടി പുരോഗതിയിലേയ്ക്ക് വന്നിരിക്കുന്നു. വിവരസാങ്കേതികവിദ്യ ഇന്നതിന്റെ എല്ലാ രൂപങ്ങളിലും വൻ പുരോഗതിയിലേയ്ക്ക് കുതിച്ചുപാഞ്ഞുകൊണ്ടിരിക്കുകയാണ്. ഉത്പാദന മേഖലകളിലെല്ലാം വിവര സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തിക്കൊണ്ടുള്ള വലിയ മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുകയാണ്. ആ നിലയിൽ കാർഷിക, ഉത്പാദന, വിദ്യാഭ്യാസ മേഖലകളിലും ആതുരസേവന രംഗത്തും ഭവനനിർമ്മാണ രംഗത്തും കൺസ്യൂമർ രംഗത്തും തുടങ്ങി ജനജീവിതത്തിന്റെ നാനാമേഖലകളിലും ഇടപെടുന്ന സഹകരണ പ്രസ്ഥാനത്തിന് സ്വാഭാവികമായും കാലോചിതമായും വന്ന മാറ്റം സഹകരണ മേഖലയിലും വരുത്തികൊണ്ടുമാത്രമേ അതിന്റെ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകാൻ കഴിയുകയുള്ളൂ. ഇപ്പോൾ സഹകരണ മേഖലയിൽ ഏതാണ്ട് നാലര ലക്ഷം കോടി രൂപയുടെ നിക്ഷേപവും രണ്ടര ലക്ഷം കോടി രൂപയുടെ ലോൺ ഔട്ട്സ്റ്റാൻഡിംഗുമുള്ള രൂപത്തിലേയ്ക്ക് വളർച്ച കൈവരിച്ചിരിക്കുകയാണ്. എല്ലാ മേഖലകളിലും നൂതന സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തി മുന്നോട്ടുവരുന്നതിനനുസരിച്ച് കാലോചിതമായ മാറ്റമുണ്ടാകേണ്ടത്

അനിവാര്യമാണ്. പണ്ട് ഒരു സംഘത്തിൽ ഇരുപതോ മുപ്പതോ കോടി രൂപയുടെ നിക്ഷേപമുണ്ടായിരുന്ന സ്ഥാനത്ത് ഇന്ന് 1600 കോടി രൂപവരെ നിക്ഷേപമുള്ള പ്രാഥമിക സംഘങ്ങളുണ്ട്. അതുപോലെ മുപ്പതോളം ശാഖകളുമുള്ള നിരവധി പ്രാഥമിക സംഘങ്ങളുണ്ട്. ശാഖോപശാഖകളും വൻതോതിലുള്ള നിക്ഷേപവും സർപ്ലസ് ഫണ്ടുകളും വായ്പകളുമെല്ലാം നിലനിൽക്കുന്ന രൂപത്തിലേയ്ക്ക് സഹകരണ സംഘങ്ങൾ മാറിയിട്ടുണ്ട്. അതിനുപുറമെ സഹകരണ സംഘങ്ങളിൽ മിസലേനിയസ് സംഘങ്ങൾ ധാരാളമായി രജിസ്റ്റർ ചെയ്ത് ജനജീവിതത്തിന്റെ സമസ്ത മേഖലകളിലും ഇടപെടുമ്പോൾ, ഏതാണ്ട് 16200-ഓളം സഹകരണ സംഘങ്ങൾ സംസ്ഥാനത്ത് നിലനിൽക്കുന്നുണ്ട്. ഫംഗ്ഷണൽ രജിസ്ട്രാറുടെ കീഴിൽ വരുന്ന ഏഴായിരത്തോളം സംഘങ്ങൾകൂടി ചേർത്ത് ഇരുപത്തിമൂവായിരത്തോളം സഹകരണ സംഘങ്ങൾ നമ്മുടെ സംസ്ഥാനത്ത് നിലവിലുണ്ട്. ഇത്രയും വിപുലവും വിശാലവുമായ രൂപത്തിൽ സഹകരണ മേഖലയുടെ പ്രവർത്തനങ്ങൾ വ്യാപിച്ചുവരുമ്പോൾ അതിനനുസരിച്ചുള്ള നിയമ പരിരക്ഷയും സംരക്ഷിക്കാനാവശ്യമായ രക്ഷാകവചവും തീർത്തുകൊണ്ടുമാത്രമേ മുന്നോട്ടുപോകാൻ സാധിക്കുകയുള്ളൂ.

ഈ മേഖലയിൽ ഇത്തരത്തിലുള്ള പുരോഗതി കൈവരിച്ചുകൊണ്ടിരിക്കുമ്പോൾ അതിനിടയിൽ ഒറ്റപ്പെട്ട ചില ക്രമക്കേടുകളും നടക്കുന്നുണ്ട്. ആ ക്രമക്കേടുകൾ ഇല്ലാതാക്കാൻ നിയമത്തിൽ ഒട്ടനവധി ഭേദഗതികൾ വരുത്തേണ്ടതുണ്ട്. ഇന്ന് സഹകരണ സംഘത്തിലെ ഏതെങ്കിലും ക്രമക്കേടുകൾ കണ്ടുപിടിക്കാൻ 1969-ലെ കേരള സഹകരണ നിയമത്തിലെ 65-ാം വകുപ്പ് പ്രകാരം അന്വേഷണം നടത്തി ആരാണ് ഉത്തരവാദിയെന്ന് കണ്ടുപിടിച്ചതിനുശേഷം അതിന്മേൽ നടപടി സ്വീകരിക്കണമെങ്കിൽ 66-ാം വകുപ്പ് അനുസരിച്ചുള്ള പരിശോധനയും എൻക്വയറിയും 68 (1), (2) അനുസരിച്ചുള്ള ഹിയറിംഗും കഴിഞ്ഞ് അവസാനം പ്രസ്തുത പരാതിയിന്മേൽ തീർപ്പുകൽപ്പിക്കലുമെല്ലാം ചെയ്തുവരുമ്പോൾ പലപ്പോഴും ക്രമക്കേട് നടത്തുന്ന കുറ്റവാളികൾ രക്ഷപ്പെടുന്ന സാഹചര്യം സംജാതമാകും. അതുകൊണ്ട് ഇത്തരം ക്രമക്കേടുകളിന്മേൽ സമയോചിതമായും സന്ദർഭോചിതമായും നടപടി സ്വീകരിക്കുന്നതിന് സഹായകരമായ രൂപത്തിൽ നിയമം ഭേദഗതി ചെയ്യുകയാണ്. സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് സഹകാരികൾക്ക് അംഗത്വം നൽകുന്നതും തീർപ്പുകൽപ്പിക്കുന്നതും സംഘങ്ങളുടെ രജിസ്ട്രേഷനും

കാലതാമസംകൂടാതെ മുന്നോട്ടുകൊണ്ടുപോകേണ്ടതുണ്ട്. അതുപോലെതന്നെ അഫിലിയേഷൻ കിട്ടേണ്ട ഫെഡറൽ/അപ്പെക്സ് സംഘങ്ങളുമുണ്ട്. അപ്പെക്സ് സംഘങ്ങളിൽ പ്രൈമറി സംഘങ്ങൾക്ക് കക്ഷി-രാഷ്ട്രീയ-ജാതി-മത ഭേദമെന്യേ അംഗത്വം നൽകാൻ സാധിക്കുന്ന സാഹചര്യമുണ്ടാകണം. ഇങ്ങനെയുള്ള ഒട്ടനവധി കാര്യങ്ങൾ മാറിവരേണ്ടൊരു കാലഘട്ടമാണിത്. അതെല്ലാം ചേർത്തുവച്ചുകൊണ്ടാണ് ഈ രംഗത്ത് നിരവധി ഭേദഗതികൾ നിർദ്ദേശിച്ചുകൊണ്ടുള്ള ഈ ബിൽ സമഗ്രമായ നിയമഭേദഗതി എന്ന രൂപത്തിൽ സഭയുടെ മുമ്പാകെ അവതരിപ്പിക്കുന്നത്.

ഇവിടെ ഞങ്ങൾ കൃത്യമായി മുന്നോട്ടുവയ്ക്കുന്ന പ്രധാനപ്പെട്ട ചില വിഷയങ്ങൾകൂടി ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. സഹകരണ മേഖലയ്ക്ക് ഏറ്റവും സന്തോഷം നൽകുന്ന രണ്ട് വാർത്തകൾ സമീപകാലത്ത് പുറത്തുവരികയുണ്ടായി. വേൾഡ് കോ-ഓപ്പറേറ്റീവ് മോണിറ്റർ റിപ്പോർട്ട് പ്രകാരം ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലോകത്ത് രണ്ടാം സ്ഥാനം വീണ്ടും നേടിയതും കേരള ബാങ്ക് ഏഷ്യയിലെ ഒന്നാമത്തെ ബാങ്കായി തെരഞ്ഞെടുക്കപ്പെട്ടതും സഹകരണ മേഖലയ്ക്ക് സമീപകാലത്ത് ലഭിച്ച അന്തർദേശീയ അംഗീകാരമാണ്. ഈ മേഖല

എത്രകണ്ട് പുരോഗതിയിലേയ്ക്ക് വരുന്നുവെന്നതിന്റെ സൂചനകളാണിവ. സഹകരണ സംഘത്തിന്റെ വളർച്ചയുടെയും പ്രവർത്തന വൈപുല്യത്തിന്റെയും അടിസ്ഥാനത്തിൽ നിയമത്തിലും ചട്ടത്തിലും ഭേദഗതി വരുത്തുകയെന്ന ആത്യന്തിക ലക്ഷ്യത്തോടുകൂടി നിലവിലെ ചില നിർവ്വചനങ്ങളിൽ വ്യക്തത വരുത്തുന്നതിനും പുതിയ മേഖലയിലേയ്ക്ക് കടക്കുന്നതിന് സഹകരണ മേഖലയെ പ്രാപ്തമാക്കുന്നതിനുംവേണ്ടിയുള്ള ക്രിയാത്മകമായ നിർദ്ദേശങ്ങളാണ് മുന്നോട്ടുവയ്ക്കുന്നത്. സഹകരണ സംഘങ്ങളുടെ രജിസ്ട്രേഷൻ സംബന്ധിച്ച വ്യവസ്ഥകളിൽ വ്യക്തതയും സുതാര്യതയും കൊണ്ടുവരുന്ന ഭേദഗതിയും നിർദ്ദേശിക്കുന്നുണ്ട്. ചില സഹകരണ സംഘങ്ങൾക്ക് സർപ്ലസ് ഫണ്ടുണ്ടെങ്കിലും ഓൺ ഫണ്ടായി കൂടുതൽ നിക്ഷേപം വന്നാൽ അതുപയോഗിച്ച് സബ്സിഡിയറി സ്ഥാപനങ്ങൾക്ക് രൂപം നൽകുകയാണ് ചെയ്യുന്നത്. പള്ളിക്കകത്ത് കുരിശുപള്ളി പണിയുന്നതുപോലൊരു പ്രക്രിയയാണിത്. പ്രൈവറ്റ് കമ്പനികൾ രൂപീകരിച്ച് അതിന്മേൽ ബിസിനസ്സ് നടത്തി മുന്നോട്ടുപോകുന്നൊരു സ്ഥിതി ഉയർന്നുവരുന്നുണ്ട്. അതിനൊരു നിയന്ത്രണം അനിവാര്യമാണ്. അതും ഈ ബില്ലിൽ ലക്ഷ്യമിടുകയാണ്. നിലവിലെ

കാലഘട്ടത്തിനനുസരിച്ച് അംഗങ്ങളുടെ അവകാശങ്ങളും ബാദ്ധ്യതകളും തമ്മിൽ വ്യക്തത വരുത്തുന്ന നിർദ്ദേശങ്ങൾ ഈ ബില്ലിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. സഹകരണ സംഘങ്ങളുടെ ഭരണക്രമത്തിലെ നിലവിലെ വ്യവസ്ഥകൾക്ക് വ്യക്തത വരുത്തുന്നതിനും കാലഘട്ടത്തിനനുസരിച്ച് പുതിയ വ്യവസ്ഥകൾ ഉൾപ്പെടുത്തുന്നതിനും സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച പരാതികളിന്മേൽ നടത്തുന്ന അന്വേഷണങ്ങളുടെ അടിസ്ഥാനത്തിൽ സംഘങ്ങളുടെ ഭരണസമിതിയെ സസ്പെൻഡ് ചെയ്യാനും ഒരംഗത്തിന് രണ്ട് ടേണിൽ കൂടുതൽ ഭരണരംഗത്ത് തുടർച്ചയായി വരുന്നതിന് പരിധിയേർപ്പെടുത്താനും കഴിയുന്ന തരത്തിലുള്ള ക്രിയാത്മക നിർദ്ദേശങ്ങളും ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ 'ഗഹാൻ' സമ്പ്രദായം സംബന്ധിച്ച് ഇന്ന് നിലവിലുള്ള അവ്യക്തതയിൽ വ്യക്തത വരുത്തുന്നതിനുള്ള നിർദ്ദേശവുംകൂടി ഈ ബില്ലിൽ കൂട്ടിച്ചേർക്കുകയാണ്. സഹകരണ സംഘങ്ങളുടെ അറ്റാദായം വിനിയോഗിക്കുന്നതിനുള്ള വ്യവസ്ഥകളും ബാങ്കിംഗ് ഇതര വസ്തുക്കളുടെ കൈമാറ്റവും നോൺ ബാങ്കിംഗ് ഫൈനാൻഷ്യൽ ഇൻസ്റ്റിറ്റ്യൂഷനിലടക്കം ഫണ്ട് നിക്ഷേപിക്കുന്നതുമുൾപ്പെടെയുള്ള കാര്യങ്ങൾ നിലനിൽക്കുന്നുണ്ട്.

നിലനിൽക്കുന്ന ചട്ടങ്ങളും വ്യവസ്ഥകളുമനുസരിച്ച് പ്രൈമറി സംഘങ്ങളുടെ സർപ്ലസ് ഫണ്ടുകൾ അപ്പെക്സ് ബോഡിയായ കേരള ബാങ്കിൽ നിക്ഷേപിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. അത് കൂടുതലും നോൺ ബാങ്കിംഗ് ഫൈനാൻഷ്യൽ ഇൻസ്റ്റിറ്റ്യൂഷനിൽ നിക്ഷേപിക്കുന്ന ശൈലി ഉയർന്നുവരുന്നുണ്ട്. അത് മാറണമെന്നാണ് ഇതിൽ പ്രധാനമായും ഞങ്ങൾ ലക്ഷ്യംവയ്ക്കുന്നത്. മറ്റൊന്ന്, ഈ മേഖലയിലെ ഓഡിറ്റ് സമ്പ്രദായമാണ്. കൺകറന്റ് ഓഡിറ്റ് സമ്പ്രദായമാണ് ഇന്ന് സഹകരണ ബാങ്കുകളിൽ നിലനിൽക്കുന്നത്. കൺകറന്റ് ഓഡിറ്ററെ നിയമിച്ചുകഴിഞ്ഞാൽ ഏഴെട്ട് വർഷം കഴിഞ്ഞാലും ഓഡിറ്റ് പൂർത്തിയാക്കുകയില്ല. അദ്ദേഹം ചിലപ്പോൾ മാസത്തിലാദ്യം രണ്ടോ മൂന്നോ പ്രാവശ്യം പോകും. ചില ഓഡിറ്റർമാർ വർഷാവസാനമാകുമ്പോൾ ബാങ്ക് ഭരണസമിതി പറയുന്നതെന്തോ (നഷ്ടമാണോ ലാഭമാണോ വേണ്ടത്) അതനുസരിച്ച് ബാലൻസ്ഷീറ്റ് തയ്യാറാക്കി കൊടുക്കും. അങ്ങനെയുള്ള ചില ശൈലിയും കണ്ടുപിടിക്കപ്പെട്ടിട്ടുണ്ട്. ഒറ്റപ്പെട്ട സംഭവമാണെങ്കിലും അങ്ങനെയുണ്ടാകാൻ പാടില്ല. സഹകരണ സ്ഥാപനങ്ങളിൽ ഓഡിറ്റ് സുതാര്യമാക്കണം. അതുകൊണ്ട് ടീം ഓഡിറ്റായി ഓഡിറ്റ് സംവിധാനത്തെ

പുനഃസംഘടിപ്പിക്കണം. ഓഡിറ്റ് സിസ്റ്റത്തിലും മാറ്റം വരുത്തുകയാണ്. കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ ഓഫീസിൽനിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ഉന്നത ഉദ്യോഗസ്ഥയെ ഡയറക്ടറായി നിയമിച്ചുകൊണ്ട് ഓഡിറ്റ് നടത്തിക്കൊണ്ടിരിക്കുകയാണ്. പ്രസ്തുത ടീം പത്തനംതിട്ട ജില്ലയിൽ ഓഡിറ്റ് പൂർത്തീകരിച്ചു. തൃശ്ശൂർ ജില്ലയിലെ ഓഡിറ്റ് ആരംഭിച്ചുകഴിഞ്ഞു. ഇത്തരത്തിൽ നിയമത്തിൽതന്നെ ഭേദഗതി വരുത്തികൊണ്ട് ഓഡിറ്റ് സിസ്റ്റം പൂർണ്ണമായും ടീം ഓഡിറ്റ് ആക്കുന്ന രൂപത്തിലേയ്ക്ക് വരികയാണ്. അന്വേഷണത്തിന്റെ വിചാരണയും പരിശോധനയും നഷ്ടോത്തരവാദിത്വവും സംബന്ധിച്ച നിലവിലെ വ്യവസ്ഥകൾ കാലോചിതമായി പരിഷ്കരിക്കപ്പെടണം. നഷ്ടം വരുത്തുന്നവരുടെയും സമ്പത്ത് കൊള്ളയടിക്കുന്നവരുടെയും പേരിൽ കൃത്യമായ നടപടികൾ സമയബന്ധിതമായി സ്വീകരിക്കും. ഇന്ന് അവരിൽനിന്ന് അത് ഈടാക്കാനുള്ള നിയമവ്യവസ്ഥകളെല്ലാം ദുർബ്ബലമാണ്. ആ വ്യവസ്ഥകളെല്ലാം മാറ്റി കൃത്യമായി നടപടിയിലേയ്ക്ക് പോകാൻ കഴിയുന്ന രൂപത്തിൽ ശക്തിപ്പെടുത്തേണ്ടതാണ്. ഇത്തരം പ്രശ്നങ്ങളിൽ സർക്കാരിന് നേരിട്ട് ഇടപെടാൻ കഴിയുന്ന രൂപത്തിൽ ചില ഭേദഗതികൾ

കൊണ്ടുവരികയാണ്. എല്ലാത്തരം സംഘങ്ങളിലും പി.എ.സി.എസ്. (പ്രൈമറി അഗ്രികൾച്ചറൽ ക്രെഡിറ്റ് സൊസൈറ്റി)-ൽ മാത്രമല്ല, മിസലേനിയസ് സംഘങ്ങളിലും മറ്റിതര സംഘങ്ങളിലും കൃത്യമായ പരിശോധനകൾ കാലാകാലങ്ങളിൽ നടത്തുന്നതിനാവശ്യമായ നീക്കങ്ങൾ നടത്തണം. ഓഡിറ്റ് നടത്തുമ്പോൾ ഓഡിറ്റർ സമ്മറി ഓഫ് ഡിഫക്ട്സ് എഴുതി നൽകും. അതിന്മേൽ എന്തുനടപടി സ്വീകരിച്ചുവെന്നത് നിലവിൽ പൊതുയോഗത്തിൽ അനൗൺസ് ചെയ്യുന്നില്ല. പിന്നീട് എന്തെങ്കിലും പ്രശ്നങ്ങൾ വരുമ്പോഴാണ് അതൊക്കെ നോക്കുന്നത്. ന്യൂനതാ സംഗ്രഹത്തിൽ കാണുന്ന കാര്യങ്ങൾ റെക്ടിഫൈ ചെയ്യാൻ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് കൃത്യമായി പൊതുയോഗത്തിൽ അനൗൺസ് ചെയ്യാൻ സാധിക്കുന്ന തരത്തിലുള്ള നിർദ്ദേശങ്ങളും ഈ രംഗത്ത് ഏതെങ്കിലും തരത്തിലുള്ള ക്രമക്കേടുകൾ വന്നാൽ അത് പോലീസും വിജിലൻസും അന്വേഷിക്കാനാവശ്യമായ നിർദ്ദേശങ്ങളും പുതിയ ബില്ലിൽ വ്യവസ്ഥ ചെയ്യുകയാണ്. ആർബിട്രേഷൻ കേസുകളിൽ കാലതാമസം വരികയാണ്. ഓരോ ആർബിട്രേറ്ററും വക്കീലൻമാരുംകൂടി കാലതാമസം വരുത്തി കേസുകളിന്മേൽ തീർപ്പ് കൽപ്പിക്കാൻ കഴിയാതെ

നീണ്ടുപോകുകയാണ്. അതുകൊണ്ട് ആർബിട്രേറ്റർമാരുടെ പ്രവർത്തനങ്ങൾ കൃത്യമായി നിഷ്കർഷിക്കാനും അതിലെ കാലതാമസം ഒഴിവാക്കിയെടുക്കാനും സമയബന്ധിതമായി അതിന്മേൽ നടപടി സ്വീകരിക്കാനും കഴിയുന്ന തരത്തിലുള്ള നിർദ്ദേശം മുന്നോട്ടുവയ്ക്കുകയാണ്. അതുപോലെ സഹകരണ ഓംബുഡ്സ്മാന്റെ വിധിന്യായം നടപ്പിലാക്കുന്നത് സംബന്ധിച്ച വ്യവസ്ഥകളിൽ അവ്യക്തത നിലനിൽക്കുന്നു. അതിൽ വ്യക്ത വരുത്താനും ഉദ്ദേശിക്കുകയാണ്. വനിതാഫെഡ്, ടൂർ ഫെഡ്, ലേബർ ഫെഡ്, ഹോസ്പിറ്റൽ ഫെഡ് എന്നീ അപ്പെക്സ് ബോഡികളിലെ നിയമനങ്ങൾ ഇപ്പോൾ നേരിട്ടാണ് നടത്തുന്നത്. അതിൽ മാറ്റം വരുത്തിക്കൊണ്ട് അതെല്ലാം കൃത്യമായി പബ്ലിക് സർവ്വീസ് കമ്മീഷൻ വഴിയാക്കാനുള്ള നിർദ്ദേശം മുന്നോട്ടുവയ്ക്കുകയാണ്. അതോടൊപ്പം നിലവിൽ എസ്.സി./എസ്.ടി. വിഭാഗത്തിനുള്ള സംവരണമുൾപ്പെടെ മറ്റെല്ലാ സംവരണവുംപാലിച്ചുകൊണ്ടുതന്നെ കോ-ഓപ്പറേറ്റീവ് സെക്ടറിൽ ഭിന്നശേഷിക്കാർക്ക് 4 ശതമാനം സംവരണം ഏർപ്പെടുത്തുകയാണ്. സഹകരണ യൂണിയൻ ജീവനക്കാരുടെ പെൻഷൻ സഹകരണ പെൻഷൻ ബോർഡുവഴിയാക്കാനുള്ള വ്യവസ്ഥ പ്രത്യേകമായി നിർദ്ദേശിക്കുകയാണ്.

എല്ലാ സഹകരണസംഘങ്ങളുടെയും സബ് സ്റ്റാഫ് വഴിയുള്ള നിയമനങ്ങൾ കേരള കോ-ഓപ്പറേറ്റീവ് സർവ്വീസ് എക്സാമിനേഷൻ ബോർഡുവഴിയായിരിക്കും. അതിൽ നിലവിലുള്ള സംവിധാനങ്ങൾതന്നെ തുടരും. സഹകരണ യൂണിയനുകളുടെ നിലവിലെ വ്യവസ്ഥകൾക്ക് കൂടുതൽ വ്യക്തത വരും. കുറ്റങ്ങളും പിഴവുകളും സംബന്ധിച്ച നിലവിലെ വ്യവസ്ഥകൾക്ക് കൂടുതൽ വ്യക്തത വരുത്തുകയും നിലവിലെ കാലഘട്ടത്തിനനുസരിച്ച ഭേദഗതി നിർദ്ദേശിക്കുകയും ചെയ്യാം. മേൽഭേദഗതിയിലൂടെ കേരളത്തിലെ സഹകരണമേഖലയുടെ വളർച്ചയും സഹകാരികൾക്ക് ഈ മേഖലയിലുള്ള വിശ്വാസ്യതയും ഊട്ടിയുറപ്പിക്കാനാവശ്യമായ എല്ലാ നീക്കങ്ങളുമുണ്ട്. തെറ്റായ പ്രവണതകൾക്കെതിരെയും നീക്കമുണ്ട്. ലിക്വിഡേഷനിലേയ്ക്ക് പോകുന്ന സഹകരണ സംഘങ്ങളിൽ പലതിനും ദീർഘമായ കാലതാമസം വരികയും അതിൽ തീർപ്പുകൽപ്പിക്കാതെ വരുമ്പോൾ അവർക്കുള്ള ആസ്തികളെല്ലാം മറ്റ് പലരും അപഹരിക്കപ്പെടുന്ന രൂപത്തിലേയ്ക്ക് വരികയാണ്. അതുകൊണ്ട് ലിക്വിഡേഷൻ പ്രോസസ്സിൽ ഇന്നുണ്ടാകുന്ന കുരുക്കുകൾ കുറയ്ക്കാനും അവ കഴിയുന്ന സമയത്തിനുള്ളിൽ സമയബന്ധിതമായി തീർക്കാനും ആസ്തികൾ

നഷ്ടപ്പെടാതിരിക്കാനും സഹായിക്കുന്ന വിധത്തിലുള്ള ക്രിയാത്മക നിർദ്ദേശങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇത്തരത്തിൽ സഹകരണമേഖലയുടെ ചെറുതും വലുതുമായ പ്രവർത്തനങ്ങൾക്ക് എല്ലാ സുരക്ഷിതത്വവും നൽകുന്ന, അതിൽ ഇന്നുള്ള പോരായ്മകളെല്ലാം പരിഹരിച്ചുകൊണ്ടുള്ള സമഗ്രമായ ഭേദഗതി നിർദ്ദേശങ്ങളാണ് ബില്ലിൽ പൊതുവായി വ്യവസ്ഥ ചെയ്തിരിക്കുന്നത്. ഞാൻ അതിന്റെ ഉള്ളടക്കത്തിലെ ചുരുക്കം ഭാഗങ്ങളാണ് ഇവിടെ പറഞ്ഞത്. ഇത് സെലക്ട് കമ്മിറ്റിക്ക് അയയ്ക്കുന്ന ബില്ലായതിനാൽ, വീണ്ടും സെലക്ട് കമ്മിറ്റി നിർദ്ദേശിക്കുന്നതിനനുസരിച്ച് എല്ലാ ജില്ലകളിലും സിറ്റിംഗ് നടത്തി സഹകാരികളുടെയും ജീവനക്കാരുടെയും നിയമജ്ഞന്മാരുടെയും അഭിപ്രായം കേട്ടശേഷം, ഈ മേഖലയിൽ ഇന്നുണ്ടാകുന്ന ചെറുതും വലുതുമായ ഏതൊരു പ്രശ്നത്തെയും പരിഹരിക്കാൻ പര്യാപ്തമായ കുറ്റമറ്റൊരു നിയമം കൊണ്ടുവരാനാണ് ഉദ്ദേശിക്കുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സഹകരണ സ്ഥാപനങ്ങളും യോജിച്ച്, ഒരു നാടിന്റെ വികസനരംഗത്ത് നിരവധി പദ്ധതികൾ ഏറ്റെടുക്കാൻ കഴിയുന്ന, പ്രായോഗികമായ മറ്റൊരു നിർദ്ദേശവും ഇതിൽ കൊണ്ടുവരുന്നുണ്ട്. ഇതെല്ലാംകൂടി ചേരുമ്പോൾ

നാളെകളിൽ നമ്മുടെ ഗ്രാമീണ സമ്പദ്ഘടനയിൽ വലിയ ക്രയശേഷി വർദ്ധിക്കാൻ സഹായിക്കുന്ന സാഹചര്യമുണ്ടാകും. 1969-ൽ ബാങ്ക് നാഷണലൈസേഷൻ വന്നപ്പോഴാണ് എസ്.ബി.ടി. അടക്കമുള്ള ബാങ്കുകളുടെ ശാഖകൾ നാട്ടിൻപ്രദേശത്ത് വന്നതും കൃഷിക്കാർക്കുവേണ്ടി ധാരാളം വായ്പാ സംവിധാനങ്ങളുണ്ടാക്കിയതും കുട്ട, വട്ടി, പായ, പരമ്പ് തുടങ്ങിയവ നെയ്യുന്നതടക്കമുള്ള കുടിൽവ്യവസായങ്ങൾക്ക് വായ്പകൾ നൽകിയതും. ഇതിലൂടെ നാടിന്റെ ക്രയശേഷി വർദ്ധിച്ചു. എന്നാൽ ക്രമേണ ആ നിയമങ്ങൾ നേരെ തലതിരിഞ്ഞ് വന്നിരിക്കുന്നു. ബാങ്കിന്റെ ലയനപ്രക്രിയകൾ വന്നതോടുകൂടി എസ്.ബി.ടി., ദേന, വിജയ അടക്കമുള്ള ബാങ്കുകൾ അപ്രത്യക്ഷമായി. യൂണിയൻ ബാങ്ക് ഇപ്പോൾ കാനറാ ബാങ്കിൽ ലയിച്ചു. ഇങ്ങനെ നിരവധി നാഷണലൈസ് ബാങ്കുകളുടെ ശാഖകൾ പൂട്ടിപ്പോകുന്ന അവസ്ഥ വന്നപ്പോൾ ആ ദൗത്യം ഇന്ന് നിർവ്വഹിച്ചുകൊണ്ടിരിക്കുന്നത് സഹകരണ മേഖലയിലാണ്. കേരള ബാങ്കിന്റെ 769 ശാഖകൾക്കും ആർ.ബി.ഐ.-യുടെ ലൈസൻസുണ്ട്. അതിന്റെ പ്രവർത്തനങ്ങൾ ന്യൂജൻ ബാങ്കിനോടൊപ്പം കോമ്പീറ്റ് ചെയ്യാൻ സാധിക്കുന്നവിധത്തിൽ ആധുനിക സംവിധാനങ്ങൾ പ്രയോജനപ്പെടുത്തി എ.ടി.എം., ഇന്റർനെറ്റ് ബാങ്കിംഗ്,

മൊബൈൽ ബാങ്കിംഗ്, നെഫ്റ്റ്, ആർ.ടി.ജി.എസ്. തുടങ്ങിയവ 2022 ഡിസംബർ മാസത്തിൽ നടപ്പാക്കും. ഈ സംവിധാനങ്ങൾ വരുന്നതോടുകൂടി സാധാരണ ഇടപാടുകാർക്ക് മറ്റ് നാഷണലൈസ്ഡ് ബാങ്കുകളിലും കൊമേഴ്സ്യൽ ബാങ്കുകളിലുമൊക്കെ ലഭിക്കുന്ന എല്ലാ സേവനങ്ങളും ഇതിൽ ഉറപ്പാക്കുകയാണ്. ഇതോടുകൂടി ഈ രംഗത്ത് വലിയ മാറ്റവും പുരോഗതിയും കൈവരിക്കാൻ കഴിയും. ഇതുകൂടാതെ പ്രാഥമിക സഹകരണ സംഘങ്ങളിൽ ഐ.ടി. ഇന്റഗ്രേഷനുവേണ്ടിയുള്ള നീക്കങ്ങൾ ആരംഭിച്ചു. അതിന്റെ ടെക്നിക്കൽ ബിഡ് ഓപ്പൺ ചെയ്തു; നടപടിക്രമങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. ഐ.ടി. ഇന്റഗ്രേഷൻ വരുന്നതോടുകൂടി ഭാവിയിൽ സഹകരണമേഖലയുടെ പ്രവർത്തനങ്ങൾ കൂടുതൽ സുതാര്യമാക്കാൻ സഹായിക്കും. ഇപ്പോൾ ഏതൊരു സഹകാരിക്കും ഏതൊരു സഹകരണസംഘത്തെക്കുറിച്ചും അറിയാനുള്ള അവകാശം അംഗീകരിക്കപ്പെടുന്ന വിധത്തിൽ, അവിടത്തെ മെമ്പർമാരെത്ര; അവിടത്തെ ഓഹരി മൂലധനമെത്ര; വർക്കിംഗ് ക്യാപിറ്റൽ എത്ര; ഡെപ്പോസിറ്റ് എത്ര; ലോൺ ഔട്ട്സ്റ്റാന്റിംഗ് എത്ര; എന്നുവരെ ആഡിറ്റ് നടന്നു; ലാഭമാണോ നഷ്ടമാണോ; എന്നുവരെയാണ് അവസാന ജനറൽ ബോഡി; തുടങ്ങി

ഇതുസംബന്ധിച്ച A-Z കാര്യങ്ങൾ അറിയാൻ കഴിയുന്ന ഏറ്റവും നല്ല സംവിധാനം ഇപ്പോൾ നിലവിൽ വന്നിരിക്കുന്നു. കോ-ഓപ്പറേറ്റീവ് ആഡിറ്റ് മോണിറ്ററിംഗ് ആൻഡ് ഇൻഫർമേഷൻ സിസ്റ്റം എന്ന CAMIS പദ്ധതി സി-ഡിറ്റിന്റെ സഹായത്തോടുകൂടി ഈ മേഖലയിൽ നടപ്പാക്കിക്കഴിഞ്ഞിരിക്കുന്നു. ഭാവിയിൽ പ്രൈമറി സഹകരണസംഘങ്ങളിൽക്കൂടി ഐ.ടി. ഇന്റഗ്രേഷൻ വരുന്നതോടുകൂടി ഈ മേഖലയിൽ കൂടുതൽ കുറ്റമറ്റതും സുതാര്യവുമായ രീതിയിൽ ഇടപാടുകൾ മുന്നോട്ടുകൊണ്ടുപോകാൻ കഴിയും. സമഗ്രമായ ഈ നിയമ ഭേദഗതിയിലൂടെ സംസ്ഥാനത്തെ സഹകരണമേഖലയെ കൂടുതൽ പുരോഗതിയിലേയ്ക്ക് നയിക്കാൻ സാധിക്കും. സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധികളും പ്രയാസങ്ങളുമുണ്ടാകുന്ന സന്ദർഭങ്ങളിലെല്ലാം ജനങ്ങളെ ആശ്വസിപ്പിക്കുന്ന, സഹായിക്കുന്ന ഒരു സമാന്തര സാമ്പത്തിക സങ്കേതമെന്ന നിലയിൽ സഹകരണപ്രസ്ഥാനം അതിന്റെ വിപുലവും വിശാലവുമായ സാധ്യതകൾ പ്രയോജനപ്പെടുത്തുന്ന രൂപത്തിലേയ്ക്കാണ് ഈ നിയമം ലക്ഷ്യമിടുന്നത്. ഈ ബിൽ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ച് പാസ്സാക്കാൻ എല്ലാവരും സഹായിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

<u>ചെയർപേഴ്സൺ</u>: ശ്രീ. ജി. സ്റ്റീഫൻ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. പി. നന്ദകുമാറിന് 2022-ലെ കേരള സഹകരണ സംഘ (മൂന്നാം ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1(എ) നമ്പർ ഭേദഗതി അവതരിപ്പിച്ച് സംസാരിക്കാവുന്നതാണ്. ബഹുമാനപ്പെട്ട മന്ത്രി പ്രസ്തുത ബില്ലിനെക്കുറിച്ച് വളരെ വിശദമായി സംസാരിച്ചിട്ടുണ്ട്. ഇന്ന് നാല് ബില്ലുകൾ പരിഗണിക്കേണ്ടതിനാൽ വിഷയത്തിൽ നിന്നുകൊണ്ടുതന്നെ സംസാരിച്ച് സഹകരിക്കണം.

ശ്രീ. ജി. സ്റ്റീഫൻ ചുമതലപ്പെടുത്തിയപ്രകാരം <u>ശ്രീ. പി. നന്ദകുമാർ</u>: സർ, 2022-ലെ കേരള സഹകരണ സംഘ (മൂന്നാം ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 30-12-2022 വരെ സർക്കുലേറ്റ് ചെയ്യണമെന്ന 1(എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ബിൽ അവതരിപ്പിച്ചുകൊണ്ട് സവിസ്തരമായിത്തന്നെ ബഹുമാന്യനായ മന്ത്രി ബില്ലിലെ പ്രസക്തഭാഗങ്ങൾ അവതരിപ്പിക്കുകയുണ്ടായി. കേന്ദ്ര സർക്കാർ സഹകരണ പ്രസ്ഥാനത്തെ തകർക്കുന്ന നിയമനിർമ്മാണങ്ങളുമായി മുന്നോട്ടുപോകുന്ന സാഹചര്യത്തിലാണ് സംസ്ഥാന സഹകരണമേഖലയുടെ

വളർച്ചയെ ലക്ഷ്യംവച്ചുകൊണ്ടും ശക്തിപ്പെടുത്തുന്നതിനും സഹായകരമായ നിലപാട് സ്വീകരിക്കുന്ന ഈ ബിൽ അവതരിപ്പിച്ചിട്ടുള്ളത്. ലോകത്തിലെ സഹകരണപ്രസ്ഥാനത്തിന് നൂറ്റാണ്ടുകളുടെ പഴക്കമുണ്ടെന്ന് നമുക്കറിയാം. പരസ്പര സഹായസഹകരണസംഘങ്ങളായി ആരംഭിച്ച പ്രസ്ഥാനം ഇന്ന് വളർന്ന് പന്തലിച്ച് കേരളത്തിലെ സമസ്ത മേഖലകളും കയ്യടക്കിയിരിക്കുകയാണ്. ഇംഗ്ലണ്ടിൽ തുടക്കംകുറിച്ചതാണെങ്കിലും ഇന്ന് ലോകത്തിന് മാതൃകയായി കേരളമെന്ന കൊച്ചു സംസ്ഥാനം സഹകരണ പ്രസ്ഥാനത്തിൽ വലിയ ശ്രദ്ധ ആകർഷിച്ചുകൊണ്ടിരിക്കുന്ന ഘട്ടമാണ്. 1913-ൽ കൊച്ചിൻ സഹകരണ നിയമം വന്നതുമുതൽ, 1969-ലെ അടിസ്ഥാന സഹകരണ നിയമത്തിന് രൂപം കൊടുത്തുകൊണ്ടുള്ള ഈ വളർച്ചാ പ്രസ്ഥാനം കേരളത്തെ ലോകത്തിനുതന്നെ മാതൃകയാക്കാനുള്ള പ്രധാന കാരണമാണ്. 2000-ലെ നിയമനിർമ്മാണത്തിലുള്ള ഭേദഗതിയും ഇതിന് വളരെ സഹായകരമായിട്ടുണ്ട്. സംഘങ്ങളുടെ അടിത്തറ വികസനപ്പെടുത്തുന്നതിനും മെച്ചപ്പെടുത്തുന്നതിനുമായി ഇതോടുകൂടി 22 തവണയാണ് നിയമ ഭേദഗതി കൊണ്ടുവന്നിരിക്കുന്നത്. ഇന്ന് സഹകരണ മേഖല സമസ്ത മേഖലകളും ഉൾപ്പെട്ടതാണ്. ക്രെഡിറ്റ് മേഖല മാത്രമല്ല,

ആരോഗ്യ- വിദ്യാഭ്യാസ-വ്യാപാര മേഖലകൾ, ഇപ്പോൾ കയറ്റുമതി മേഖലയ്ക്ക് സഹായം എന്നിങ്ങനെ എല്ലാ മേഖലയിലും ഇതിന്റെ വ്യാപ്തി എത്തിച്ചുകഴിഞ്ഞു. 2019-ലെ സുപ്രധാനമായ ഭേദഗതി സംബന്ധിച്ച് ബഹുമാന്യനായ മന്ത്രി സൂചിപ്പിക്കുകയുണ്ടായി. അന്ന് മന്ത്രിയായിരുന്ന ശ്രീ. കടകംപള്ളി സുരേന്ദ്രന്റെ നേതൃത്വത്തിൽ ഭേദഗതി നിയമത്തെ സംബന്ധിച്ച് ചർച്ച ചെയ്യുകയുണ്ടായി. നമ്മുടെ സഹകരണ മേഖല ലോകശ്രദ്ധ ആകർഷിച്ചുവെന്ന് പറയുമ്പോൾ ഏഷ്യയിലെ ഒന്നാമത്തെ സഹകരണ ബാങ്കായി കേരള ബാങ്ക് മാറിയിരിക്കുകയാണ്. ഈ ഭേദഗതിയെ എതിർക്കുന്നവർ ശ്രദ്ധിക്കേണ്ട കാര്യം, അതുമായി ബന്ധപ്പെട്ട് എന്തെല്ലാം കോലാഹലങ്ങളാണ് അന്ന് കേട്ടത്? ഇപ്പോൾ ഏഷ്യയിലെ ഏറ്റവും വലിയ ബാങ്കായി കേരള ബാങ്ക് മാറിക്കഴിഞ്ഞു. ഇപ്പോൾ അവതരിപ്പിച്ച ഭേദഗതി പരിശോധിക്കണം. കേരള സഹകരണ നിയമം പ്രാബല്യത്തിൽ വന്നതിന്റെ 50-ാം വാർഷികം 2019-ൽ പാലക്കാട്ട് നടക്കുകയുണ്ടായി. അതിനനുബന്ധമായി അന്നത്തെ മന്ത്രിയായിരുന്ന ശ്രീ. കടകംപള്ളി സുരേന്ദ്രൻ മുൻകയ്യെടുത്തുകൊണ്ട് ഒരു സെമിനാർ സംഘടിപ്പിച്ചു. അതിന്റെ ഔട്ട്പുട്ടാണ് ഈ ബിൽ. കേരളത്തിലെ മത്സ്യ-ക്ഷീരമേഖല മുതൽ

തൊഴിൽ മേഖലയിൽ പ്രവർത്തിക്കുന്ന യു.എൽ.സി.സി.എസ്., റബ്കോ, കിഡ്കോ, കേരളാ ബാങ്ക് എന്നിവയടക്കമുള്ള ആയിരക്കണക്കിന് സംഘങ്ങൾ പ്രവർത്തിക്കുന്ന സംസ്ഥാനമാണ് കേരളം. എല്ലാ രാഷ്ട്രീയ പ്രസ്ഥാനങ്ങളും സഹകരണമേഖലയിൽ സജീവ സാന്നിദ്ധ്യമാണുള്ളത്. ഈ മേഖലയിൽ അനഭിലഷണീയമായ പലകാര്യങ്ങളും നടക്കുന്നുണ്ടെന്നുള്ളത് സത്യമാണ്. അതുകൊണ്ട് അതിന്റെ പ്രവർത്തനം മെച്ചപ്പെടേണ്ടതായിട്ടുണ്ട്. പ്രതിപക്ഷം മുമ്പ് ഇവിടെ ബഹളം വച്ചത് നമുക്കറിയാം. ഇടതുപക്ഷം ഭരിക്കുന്ന ചില ബാങ്കുകളിൽമാത്രമാണ് ഈ കുഴപ്പങ്ങളെന്ന രൂപത്തിൽ പ്രതിപക്ഷം ഇവിടെ സംസാരിക്കുന്നത് നമ്മൾ കേട്ടതാണ്. അത് വസ്തുതാപരമല്ല. എല്ലാ രാഷ്ട്രീയ പാർട്ടിക്കാർക്കും സഹകരണ സ്ഥാപനങ്ങളിൽ ആധിപത്യമുണ്ട്. അവരെല്ലാം അതിൽ ബന്ധപ്പെട്ട് പ്രവർത്തിക്കുന്നുണ്ട്. ചില പ്രശ്നങ്ങൾ പെരുപ്പിച്ചുകാണിച്ചുകൊണ്ട് യാഥാർത്ഥ്യത്തിൽ നിന്ന് ഒളിച്ചോടുകയും ഈ വലിയ പ്രസ്ഥാനത്തെ തകർക്കുന്ന ശക്തികൾക്ക് ശക്തി പകരുന്ന രൂപത്തിലേയ്ക്കുമുള്ള ഇടപെടൽ ഒരിക്കലും അഭിലഷണീയമല്ല. അതെല്ലാം കണക്കിലെടുത്തുകൊണ്ടാണ് അന്നത്തെ ആ സെമിനാറിന്റെ ഔട്ട്പുട്ടായി വിദഗ്ധർ ഉൾക്കൊള്ളുന്ന

കമ്മിറ്റിയെ നിയോഗിച്ചുകൊണ്ട് പഠനം നടത്താൻ തീരുമാനിച്ചത്.

കേന്ദ്ര സർക്കാർ ഫെഡറൽ സംഘ തത്വങ്ങളെല്ലാം ലംഘിച്ചുകൊണ്ട് സംസ്ഥാന സർക്കാരിന്റെ അധികാരത്തിൽ കയ്യിടുകയാണ്. രണ്ടാം ലിസ്റ്റിലെ 32-ാമത്തെ ഇനമാണല്ലോ സഹകരണ സംഘങ്ങൾ. 2013-ലെ രണ്ടാം യു.പി.എ. സർക്കാരാണ് ആദ്യമായി ഈ മേഖലയിൽ ചില ഭേദഗതികൾ കൊണ്ടുവന്നത്. അവിടെനിന്നും തുടങ്ങിയതാണ് ഈ പ്രശ്നം. ഇപ്പോൾ ബി.ജെ.പി. സർക്കാർ വലിയ കടന്നാക്രമണം നടത്തുകയാണ്. ഈ പശ്ചാത്തലം വച്ചുകൊണ്ടാണ് ഇപ്പോൾ ഗവൺമെന്റ് കൂടുതൽ ശക്തമായ രൂപത്തിൽ ഇടപെടുന്നതിനായി നിയമനിർമ്മാണങ്ങൾ കൊണ്ടുവരാൻ തീരുമാനിച്ചത്. അന്നത്തെ കമ്മിറ്റി രൂപം കൊടുക്കുമ്പോൾ അഡീഷണൽ അഡ്വക്കേറ്റ് ജനറലായ കെ. കെ. രവീന്ദ്രനാഥ് അടക്കമുള്ള നിയമ വിദഗ്ദ്ധരും വളരെ വർഷത്തെ അനുഭവ സമ്പത്തുള്ള ഈ സഭയിലെ അംഗമായ ബഹുമാന്യനായ പി. അബ്ദുൽ ഹമീദ് അടക്കം ഉണ്ടായിരുന്നു. ഇവരൊക്കെ ഉൾക്കൊള്ളുന്ന വിദഗ്ദ്ധർ, സഹകരണ പ്രസ്ഥാനത്തിൽ അനുഭവ സമ്പത്തുള്ളവർ, നിയമ വിദഗ്ദ്ധർ എന്നിവരെല്ലാം ചേർന്ന് ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ രൂപം കൊടുത്തതാണ് ഇന്നത്തെ ഈ ബിൽ.

പതിനഞ്ചിൽപ്പരം ചെറുതും വലുതുമായ ഭേദഗതികൾ ഇതിലുണ്ട്. എല്ലാ സംഘങ്ങളുടെയും ശാക്തീകരണമാണ് ഈ ബില്ലിലൂടെ ലക്ഷ്യമിട്ടിട്ടുള്ളത്.

കേരളത്തിലെ സഹകരണ ബാങ്കുകളിൽ 4,45,58,741.43 ലക്ഷം കോടി രൂപയുടെ നിക്ഷേപമുണ്ട്. അത് കേരളത്തിലെ സഹകരണ പ്രസ്ഥാനത്തോട് ജനങ്ങളുടെ വിശ്വാസമാണ് കാണിക്കുന്നത്; അത് സംരക്ഷിക്കപ്പെടണം. ഇതുകൂടാതെ 2,53,69,354.36 ലക്ഷം കോടി രൂപ വരുന്ന ലോൺ ഔട്ട്സ്റ്റാൻഡിംഗുമുണ്ട്. വലിയ രൂപത്തിലേയ്ക്കുള്ള സഹായമാണ് ഈ മേഖലയ്ക്ക് നമ്മൾ കൊടുക്കുന്നത്. അത്തരം രൂപത്തിലുള്ള ഈ പ്രസ്ഥാനം സംരക്ഷിക്കപ്പെടണ്ടേ; ഈ ഡെപ്പോസിറ്റർമാരുടെ വിശ്വാസം സംരക്ഷിക്കപ്പെടണ്ടേ; കഴിഞ്ഞ ഡെപ്പോസിറ്റ് മൊബിലൈസേഷൻ സമയത്ത് നമ്മൾ നൽകിയ ക്വാട്ടയേക്കാൾ അധികം വലിയ രൂപത്തിലേക്കുള്ള നിക്ഷേപമാണ് ഈ മേഖലയ്ക്ക് ലഭിച്ചത്. നമ്മുടെ നാട്ടിലെ സാധാരണക്കാർക്ക് വലിയ വിശ്വാസമുള്ള മേഖലയായി സഹകരണ മേഖല ഇപ്പോൾ മാറിയിരിക്കുന്നു. അതുകൊണ്ട് ചെറിയ അവിശ്വാസം പോലും വരാൻ പാടില്ല. അതാണ് ഈ ഭേദഗതി കൊണ്ട് ഉദ്ദേശിക്കുന്നത്. ഓഡിറ്റ് ശക്തിപ്പെടുത്തണം, അതിനൊരു കോമൺ

സോഫ്റ്റ്വെയർ വേണം. ഇന്നത്തെ സിംഗിൾ സോഫ്റ്റ്വെയർ ഉപയോഗിക്കുമ്പോൾ ആഡിറ്റർമാർക്ക് പല പ്രശ്നങ്ങളുമുണ്ടാകുന്നുണ്ട്. അതിന് പരിശീലനം ലഭിച്ച ആഡിറ്റർമാർ ഒരു കോമൺ സോഫ്റ്റ്വെയർ പ്രകാരം പരിശോധിച്ചാൽ, ഒരു കൺസോഷ്യത്തിലുള്ള എല്ലാ ബാങ്കുകളെയും സംബന്ധിച്ച് പരിശോധിക്കാൻ എളുപ്പമാണ്. അപ്പോൾ അതിലുള്ള കുറവുകളും കുറ്റങ്ങളും അപാകതകളും പരിശോധിക്കാൻ എളുപ്പമാണെന്നു മാത്രമല്ല, തെറ്റുണ്ടെങ്കിൽ വേഗം കണ്ടെത്താനും കഴിയും. ആഡിറ്റർമാരുടെ ടീം ഇന്ന് പലപ്പോഴും തുടർച്ചയായ രൂപത്തിലേക്ക് അല്ലെങ്കിൽ ഒരു ടീം തന്നെ വർഷങ്ങളോളം ആഡിറ്റിംഗ് നടത്തുന്ന സ്ഥിതിയാണുള്ളത്. അത് ഗുണകരമല്ല. വലിയ രൂപത്തിലുള്ള സാമ്പത്തിക ബാധ്യത കൈകാര്യം ചെയ്യുന്ന സ്ഥാപനങ്ങളിൽ തുടർച്ചയായി രണ്ടു തവണയിൽക്കൂടുതൽ ഒരു ഭരണകർത്താക്കൾതന്നെ ഉണ്ടാകുന്നത് ഗുണകരമല്ലെന്ന അഭിപ്രായം ശരിയാണ്. ഇത്തരം പ്രധാനപ്പെട്ട നിർദ്ദേശങ്ങളാണ് ഈ ബില്ലിലുള്ളത്. മറ്റ് ഭേദഗതികളെ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിക്കുകയുണ്ടായി. ഒരു നിലയ്ക്കും അഴിമതിക്കും തെറ്റായ പ്രവണതയ്ക്കും അവസരമുണ്ടാകാൻ പാടില്ലെന്നാണ് ഗവൺമെന്റിന്റെ അഗ്രഹം. ആ

നിലയ്ക്കുതന്നെയാണ് ഈ ബിൽ കൊണ്ടുവന്നിട്ടുള്ളത്.

ഡിസംബർ 7-ാം തീയതി കേന്ദ്ര സഹകരണ വകുപ്പ് മന്ത്രി ശ്രീ. ബി. എൽ. വർമ്മ ഒരു കേന്ദ്ര നിയമം പാർലമെന്റിൽ അവതരിപ്പിക്കുകയുണ്ടായി. സംസ്ഥാനത്തിന്റെ അധികാരത്തിൽപ്പെട്ടതാണ് സഹകരണം എന്ന് നമുക്കറിയാം. അവിടെ കടന്ന് കയ്യേറിക്കൊണ്ട് മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ ശക്തമായ പ്രവർത്തനം സംസ്ഥാനത്ത് നടത്തിക്കൊണ്ടിരിക്കുകയാണ്. അതിനെല്ലാം നിയമ സാധുത നൽകുന്ന രൂപത്തിലേയ്ക്കുള്ള നീക്കമാണ് ഇപ്പോൾ വരുന്നത്. അത് നമ്മുടെ സഹകരണ പ്രസ്ഥാനത്തെ തകർക്കുന്ന രൂപത്തിലുള്ള നീക്കമായിരിക്കും. ബഹുമാന്യനായ മന്ത്രിയുടെ ശ്രദ്ധയിൽ അത് വന്നിട്ടുണ്ടാകുമെന്ന് വിശ്വസിക്കുകയാണ്. നമ്മുടെ നാട്ടിലെ ജനങ്ങളുടെ നിക്ഷേപത്തിലുള്ള താൽപ്പര്യവും സൗകര്യങ്ങളും നിഷേധിക്കുന്ന തരത്തിലുള്ള നീക്കമാണ് ഇതിന്റെ ഫലമായിട്ടുണ്ടാകുന്നത്. വ്യാമോഹം പരത്തികൊണ്ട് 11 ശതമാനം പലിശയാണ് അവിടെ ഓഫർ ചെയ്യുന്നത്. ക്യാൻവാസിംഗ് എജന്റുമാർക്ക് 5 ശതമാനം നൽകുന്നുണ്ടെന്നാണ് കേൾക്കുന്നത്. അപ്പോൾ 11 ശതമാനവും 5 ശതമാനവും കൂടി 16 ശതമാനമായി. അതിനുപുറമേ ശരാശരി 4 ശതമാനം

എസ്റ്റാബ്ലിഷ്മെന്റ് കോസ്റ്റാണുള്ളത്. അതുകൂടാതെ ഹിഡൻ ചാർജ്ജ് എന്തെങ്കിലുമുണ്ടെങ്കിൽ ഇതൊക്കെ കൊടുത്തുകൊണ്ട് ഒരു സഹകരണ സ്ഥാപനം എങ്ങനെ പ്രവർത്തിക്കും? അങ്ങനെ പ്രവർത്തിക്കണമെങ്കിൽ 35 ശതമാനം പലിശ വാങ്ങേണ്ടിവരും. അപ്പോൾ വട്ടിപ്പലിശക്കാരേക്കാൾ കൂടുതൽ പലിശ വാങ്ങേണ്ട സ്ഥിതിയുണ്ടാകും. അത്തരം സഹകരണ സംഘങ്ങൾക്ക് പ്രവർത്തിക്കാനുള്ള അവസരം കേരളത്തിലടക്കം വരുന്നുവെന്നത് അശങ്കാജനകമാണ്. അവർക്ക് കേരളത്തിൽ രജിസ്ട്രേഷൻ അവശ്യമില്ല, കേന്ദ്ര രജിസ്ട്രേഷൻ മതി. ഇത് അപകടകരമായ അവസ്ഥയിലേയ്ക്കാണ് പോകുന്നത്. ഇത് നമ്മുടെ ഡെപ്പോസിറ്റർമാരുടെ ഡെപ്പോസിറ്റ് നഷ്ടപ്പെടുന്ന നിലയിലേയ്ക്കെത്തിക്കും. ഈ സ്ഥിതിവിശേഷം നമ്മൾ അഭിമുഖീകരിക്കേണ്ടി വരും. ഇത് ഗൗരവതരമായി സർക്കാർ കാണുന്നുണ്ടോ? ഡെപ്പോസിറ്റുകാർക്ക് നമ്മുടെ ഡെപ്പോസിറ്റ് ഗ്യാരന്റി പദ്ധതിയുണ്ട്. കേന്ദ്രത്തിന് അങ്ങനെയൊരു പദ്ധതിയുണ്ടോ; ആരാണ് ഉത്തരവാദിയാകുക? ഈ ദാരുണമായ അവസ്ഥയെ സംബന്ധിച്ച് ഗൗരവമായ രൂപത്തിൽ സർക്കാർ കാണണം. കാർഷിക മേഖലയെ സഹായിക്കുന്നതിനുവേണ്ടി രൂപംകൊടുത്ത സംഘങ്ങളാണ് പ്രൈമറി

അഗ്രിക്കൾച്ചറൽ ക്രെഡിറ്റ് സൊസൈറ്റികൾ. പക്ഷേ നെൽകൃഷിക്ക് സീറോ ഇന്ററസ്റ്റാണ് അവർ കൊടുക്കേണ്ടത്. 3 ശതമാനം നബാർഡും 4 ശതമാനം നമ്മളും കൊടുക്കുന്നുണ്ട്. പക്ഷേ പല സംഘങ്ങളും അതിൽ കാര്യക്ഷമമായി ഇടപെടുന്നില്ല. ലോൺ കൊടുക്കാൻ അവർക്ക് മടിയാണ്. ഗൗരവതരമായ പരിശോധന നടത്തി കൃഷിക്കാർക്ക് അത് ലഭിക്കാനുള്ള സൗകര്യമുണ്ടാക്കണമെന്നാണ് സൂചിപ്പിക്കാനുള്ളത്. ഈ ബിൽ നമ്മുടെ മഹത്തായ പ്രസ്ഥാനത്തെ സംരക്ഷിക്കുന്നതിനാവശ്യമായ വലിയൊരു ഇടപെടലാണ് സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്. ഈ ബിൽ സെലക്ട് കമ്മറ്റിക്ക് അയച്ച് വിശദമായ ചർച്ചയ്ക്കുശേഷം ഇവിടെ വീണ്ടും വരുമ്പോൾ നമുക്ക് ചർച്ച ചെയ്യാം. മറ്റ് രാഷ്ട്രീയ പ്രശ്നങ്ങളെ സംബന്ധിച്ച് സവിസ്തരം കടക്കാൻ ഞാൻ അഗ്രഹിക്കുന്നില്ല.

ഇന്നത്തെ കോൺഗ്രസിന്റെ അവസ്ഥയെക്കുറിച്ച് ഇവിടെ ചർച്ച ചെയ്തിട്ട് കാര്യമുണ്ടോയെന്ന് എനിക്കറിയില്ല. അത്രയും ദയനീയമാണ് അവരുടെ അവസ്ഥ. കാരണം എന്നെ തല്ലേണ്ട അമ്മാവാ ഞാൻ നേരെയാകില്ല എന്ന മട്ടിലാണ് കോൺഗ്രസ് ഇപ്പോഴും നിൽക്കുന്നത്. എൽ.ഡി.എഫ്. സർക്കാരിനെ എങ്ങനെ അസ്ഥിരീകരിക്കാൻ

കഴിയുമെന്നാണ് സംസ്ഥാനത്തെ അവരുടെ ഏക അജണ്ട. ഏത് വിഷയമെടുത്താലും എൽ.ഡി.എഫ്. സർക്കാരിനെതിരെ കടന്നാക്രമിക്കുകയെന്ന സമീപനമാണ് ബഹുമാനപ്പെട്ട കോൺഗ്രസ് സുഹൃത്തുക്കൾ എടുത്തുകൊണ്ടിരിക്കുന്നത്. ദേശീയ തലത്തിൽ മതനിരപേക്ഷതയും ബഹുസ്വരതയും സംരക്ഷിക്കുന്ന കാര്യത്തിൽ എന്ത് പോരാട്ടമാണ് ഇവർ സംഘടിപ്പിച്ചിരിക്കുന്നത്? ഞാൻ പോരാട്ടമെന്ന വാക്കാണ് ഇവിടെ ഉപയോഗിക്കുന്നത്. ഇന്ന് അപകടകരമായ അവസ്ഥയിലേയ്ക്ക് രാജ്യം നീങ്ങിക്കൊണ്ടിരിക്കുന്ന അവസ്ഥയിൽ, ഏതെങ്കിലും ഒരു പ്രസ്താവന ഏതെങ്കിലും ചെറിയ കോണിൽ നടത്തുകയെന്നല്ലാതെ ഒരു ആക്ഷനിലേയ്ക്കും വരാൻ കോൺഗ്രസ് തയ്യാറാകുന്നില്ല. അവരാണ് പ്രധാന പ്രതിപക്ഷ പാർട്ടിയെന്ന് അവകാശപ്പെടുന്നത്. അതിന് നിരവധി കാരണങ്ങളുണ്ട്. ശ്രീ. രാഹുൽ ഗാന്ധിയുടെ യാത്ര നമ്മൾ കണ്ടു. ഈ യാത്ര കേരളം വിട്ടപ്പോഴുള്ള അവസ്ഥയെന്താണ്? കേരളം വിട്ടപ്പോൾ മുമ്പിൽ ശിവൻ, ശ്രീരാമൻ, സീത എന്നിവരുടെ വേഷം കെട്ടികൊണ്ട് നടത്തുകയല്ലേ കോൺഗ്രസ് ചെയ്തത്. നമ്മൾ കണ്ടതല്ലേ; പത്രങ്ങളിലൊക്കെ വലിയ വാർത്ത. മതനിരപേക്ഷത

പ്രശ്നമല്ല, മൃദു ഹിന്ദുത്വ സമീപനമാണ് കോൺഗ്രസ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ബി.ജെ.പി. സർക്കാർ പ്രതിമയുടെ രാഷ്ട്രീയം കളിക്കുകയാണ്. ആദ്യം ആരംഭിച്ചത് ത്രിപുരയിൽ നിന്നാണ്. ബിർ ബിക്രം കിഷോർ മണിക്യ ബഹദൂറിന്റെ പ്രതിമ ത്രിപുരയിൽ സ്ഥാപിച്ചുകൊണ്ടാണ് ബിംബത്തിന്റെ/പ്രതിമയുടെ രാഷ്ട്രീയം അവർ ആരംഭിച്ചത്. ഗാന്ധിയേക്കാൾ വലിയ മഹാനായ വ്യക്തിയായി പട്ടേലിനെ അവതരിപ്പിച്ച് പ്രതിമ സ്ഥാപിച്ചു. ആയിരക്കണക്കിന് കോടി രൂപ മുടക്കികൊണ്ട് ശ്രീരാമന്റെ പ്രതിമ സ്ഥാപിക്കുന്നു. ഇപ്പോൾ ഗുജറാത്ത് ഇലക്ഷൻ വന്നപ്പോൾ ശ്രീകൃഷ്ണന്റെ പ്രതിമ വാഗ്ദാനം ചെയ്തു. അവരെ സംബന്ധിച്ചിടത്തോളം അത് ലോകത്തിലെ എറ്റവും വലിയ പ്രതിമയാണ്. ഈ പ്രതിമയുടെ രാഷ്ട്രീയം തുറന്ന് കാണിക്കാൻ ഇവർ എന്ത് സമീപനമാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്; മൃദു ഹിന്ദുത്വ സമീപനത്തെ അംഗീകരിച്ചുകൊണ്ടുള്ള സമീപനമാണ് ഇവർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ലോക്സഭയ്ക്കകത്ത് ഏകീകൃത സിവിൽകോഡിന്റെ പ്രശ്നം വന്നു. എന്ത് സമീപനം നിങ്ങൾ കൈക്കൊണ്ടു; പേരിന് ഒരു പ്രസ്താവന പുറപ്പെടുവിച്ചുവെന്നല്ലാതെ വ്യക്തമായ അഭിപ്രായം ഈ നിമിഷം വരെ

അവരുടെ ഹൈക്കാമാൻഡിൽനിന്നും വന്നിട്ടില്ലായെന്നത് ഖേദകരമാണ്. കോൺഗ്രസിനൊപ്പം നിൽക്കുന്ന സുഹൃത്തുക്കൾ പലരും ഇത് തിരിച്ചറിയുന്നുണ്ടെന്നത് നല്ല കാര്യം. ഇന്നത്തെ ഇന്ത്യയുടെ അവസ്ഥ മനസ്സിലാക്കാതെയുള്ള കോൺഗ്രസിന്റെ പ്രവർത്തനം തിരുത്തണം. ഇവർ തിരുത്തുമെന്ന വിശ്വാസം ഞങ്ങളെ സംബന്ധിച്ചിടത്തോളം പൂർണ്ണമായും ഇല്ല, എന്നാലും തിരുത്തുമെന്ന് അഗ്രഹം പ്രകടിപ്പിക്കുകയാണ്. കാരണം ഇവർ പ്രധാനപ്പെട്ട രാഷ്ട്രീയ പ്രസ്ഥാനമാണല്ലോ; ആ ആഗ്രഹം വീണ്ടും ഞങ്ങൾ പ്രകടിപ്പിക്കുകയാണ്. മറ്റ് രാഷ്ട്രീയ വിഷയങ്ങളിലേയ്ക്ക് കടക്കുന്നില്ല. എന്റെ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. രമേശ് ചെന്നിത്തല ചുമതലപ്പെടുത്തിയതുപ്രകാരം

ശ്രീ. സണ്ണി ജോസഫ്: സർ, 2022-ലെ കേരള സഹകരണ സംഘ (മൂന്നാം ഭേദഗതി) ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2(ബി) ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. എന്റെ സുഹൃത്ത് ശ്രീ. പി. നന്ദകുമാർ സംസാരിച്ചപ്പോൾ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ കാര്യത്തിൽ അദ്ദേഹം പ്രകടിപ്പിച്ച പ്രത്യേക താൽപ്പര്യത്തിന് നന്ദി പറയുകയാണ്. അദ്ദേഹത്തിന്റെ പാർട്ടിക്ക് ഇക്കാര്യങ്ങളിലൊന്നും ബി.ജെ.പി.-യെ

എതിർക്കാനോ ചെറുക്കാനോ ഒരു സാദ്ധ്യതയുമില്ല പങ്കാളിത്തവുമില്ലെന്ന് അദ്ദേഹം മനസ്സിലാക്കിയതുകൊണ്ടാണ് കോൺഗ്രസ്സിനെ തന്നെ അദ്ദേഹം ആശ്രയിക്കുന്നത്. ഹിമാചൽപ്രദേശിൽ ഒരു അസംബ്ലി അംഗം ഉണ്ടായിരുന്നുവെന്നാണ് കഴിഞ്ഞ തവണ നിങ്ങൾ വീമ്പടിച്ചത്. കാരണം കോൺഗ്രസ് സ്ഥാനാർത്ഥിയുടെ നാമനിർദ്ദേശപത്രിക തള്ളിപോയി. അതുകൊണ്ട് കോൺഗ്രസ്സുകാർ വോട്ട് ചെയ്ത് നിങ്ങൾക്കൊരാളെ കിട്ടി. ഇപ്രാവശ്യം നിങ്ങൾ അവിടെ നാലാം സ്ഥാനത്തേയ്ക്ക് പോയി. അതുകൊണ്ട് ഇവിടെ വന്ന് സ്ഥിരമായി കോൺഗ്രസ്സിനെ ഉപദേശിക്കുന്നതിനുപകരം നിങ്ങളുടെ പാർട്ടി ഇന്ത്യയിൽ എവിടെയാണ് നിൽക്കുന്നതെന്ന് പരിശോധിക്കണം. ശ്രീ. രാഹുൽ ഗാന്ധിയുടെ ഭാരത് ജോഡോ യാത്ര ആരംഭിച്ച സമയം മുതൽ നിങ്ങളതിനെ കുറ്റപ്പെടുത്തുകയാണ്. ആദ്യം പറഞ്ഞതെന്താണ്; കേരളത്തിലെന്തിനാണ് പതിനെട്ട് ദിവസം എന്നാണ്. കന്യാകുമാരിയിൽ ആരംഭിച്ച് തിരുവനന്തപുരത്ത് വന്ന് അത് കർണാടകത്തിലേയ്ക്ക് കടക്കണമെങ്കിൽ ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, മലപ്പുറം, പാലക്കാട് അങ്ങനെ മാത്രമെ പോകാൻ കഴിയുകയുള്ളൂ. അതുകൊണ്ടാണ് പതിനെട്ട് ദിവസം കേരളത്തിലെടുത്തത്. അതായിരുന്ന

നിങ്ങൾ കണ്ടെത്തിയ ആദ്യ കുറ്റം. കർണാടകയിൽ പതിനെട്ടിലധികം ദിവസമെടുത്തു. കേരളം കഴിഞ്ഞാൽ ജാഥയുടെ അവസ്ഥയെന്തായിരിക്കുമെന്ന് പ്രതികരിച്ചവരുണ്ട്. കേരളം കഴിഞ്ഞപ്പോൾ കൂടുതൽ ആവേശത്തോടെ മറ്റ് സംസ്ഥാനങ്ങളിൽ, മധ്യപ്രദേശിൽ ജാഥ കടന്നാൽ ശ്രീ. രാഹുൽഗാന്ധിയെ കൊലപ്പെടുത്തുമെന്ന ഭീഷണിയുണ്ടായിരുന്നു. മധ്യപ്രദേശിലും ജാഥ പോയി. രാജസ്ഥാനിലും ജാഥ പോയി; അവിടെ ജാഥ നടന്നുകൊണ്ടിരിക്കുകയാണ്. എല്ലാ സംസ്ഥാനങ്ങളിലും അഭൂതപൂർവ്വമായ ജനപിന്തുണയാണ്. നിരവധി സാംസ്കാരിക നായകന്മാർ, പൗരാവകാശ മനുഷ്യാവകാശ പ്രവർത്തകർ, പരിസ്ഥിതി പ്രവർത്തകർ, കലാ-ചലച്ചിത്ര മേഖലയിലുള്ളവർ, ഹോളിവുഡ് താരങ്ങൾ ഉൾപ്പെടെയുള്ളവർ പങ്കാളികളായികൊണ്ട് അതിനെയെല്ലാം പ്രോത്സാഹിപ്പിക്കുകയാണ്. നിയമസഭാ വേദിയിൽ രാഷ്ട്രീയം പറയാതെ കേരളത്തിലെ സഹകരണ രംഗത്തെ സുപ്രധാനമായ നിയമ ഭേദഗതിയെക്കുറിച്ച് സംസാരിക്കുന്നതാണ് കുറച്ചുകൂടി നല്ലത്. ഇവിടെ രാഷ്ട്രീയം പറയുകയാണെങ്കിൽ, നിങ്ങൾ ഇന്ത്യയിൽ എവിടെയാണ് നിൽക്കുന്നത്? നിങ്ങളെന്താണ് പ്രസംഗിച്ചത്, പ്രചരിപ്പിച്ചത്.

ചെങ്കോട്ടയിലും ചെങ്കൊടി പാറിപ്പിക്കുമെന്നല്ലേ പറഞ്ഞത്. ബംഗാൾ, കേരളം, ത്രിപുര എന്നല്ലേ നിങ്ങൾ പ്രചരിപ്പിച്ചത്. ബംഗാളിലും ത്രിപുരയിലും നിങ്ങൾ എവിടെയാണ് നിൽക്കുന്നത്.

ശ്രീ. എം. വിൻസെന്റ്: സർ, ഭാരത് ജോഡോ യാത്രയെക്കുറിച്ച് അങ്ങ് പരാമർശിക്കുകയുണ്ടായി. ഭാരത് ജോഡോ യാത്രയിൽ മാത്രമല്ല ശ്രീ. രാഹുൽ ഗാന്ധിയെ ആക്ഷേപിക്കാൻ ബി.ജെ.പി.-ക്ക് പലപ്പോഴും ആയുധം കൊടുക്കുന്നത് കേരളത്തിലെ സി.പി.ഐ.(എം) ആണെന്നുള്ളത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഇത്രയും ത്യാഗപൂർണമായ, മതേതര ശക്തികളെ ഒരുമിപ്പിക്കുന്ന ഭാരത് ജോഡോ യാത്ര കടന്നുവരുമ്പോൾ പൊറോട്ട ജാഥയെന്നാണ് സി.പി.ഐ. (എം)-ന്റെ പാർട്ടി ഓഫീസിൽ ഈ ജാഥയ്ക്കെതിരെ എഴുതി വച്ചിരുന്നതെന്ന് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? പിന്നീട് പൊറോട്ട ജാഥയെന്നും കണ്ടെയ്നർ ജാഥയെന്നും ബി.ജെ.പി.-ക്കാർ ഏറ്റുവിളിക്കുന്നതിന് അവസരം ഉണ്ടാക്കികൊടുത്തത് ഇവരാണെന്നുള്ളത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ചെയർപേഴ്സൺ: ബഹുമാനപ്പെട്ട അംഗം സംസാരിക്കണം. വളരെ

പ്രധാനപ്പെട്ട വിഷയമാണ്.

ശ്രീ. സണ്ണി ജോസഫ്: സർ, സബ്ജക്ട് മാത്രം പറയാനായിരുന്നു ഞാൻ നോട്ട് തയ്യാറാക്കിയിരുന്നത്. രാഷ്ട്രീയം പറഞ്ഞതുകൊണ്ട് മറുപടി പറയാതിരിക്കാൻ കഴിയില്ലല്ലോ. ശ്രീ. എം. വിൻസെന്റ് പറഞ്ഞത് വളരെ ശരിയാണ്. കേരളത്തിൽ മാത്രമാണ് സി.പി.ഐ. (എം)-ന് ഈ രോഗം. ജാഥ യാത്രയ്ക്ക് അനുകൂലമാണെന്നാണ് അഖിലേന്ത്യാ തലത്തിൽ ശ്രീ. സീതാറാം യെച്ചൂരി പറഞ്ഞത്. നിങ്ങൾക്ക് അങ്ങനെ ചിന്തിക്കാൻ കഴിയൂ. കേരളത്തിൽ നിങ്ങൾക്ക് സദ്ബുദ്ധിയുണ്ടാകട്ടെയെന്ന ആശംസയോടെ ഞാൻ രാഷ്ട്രീയ പ്രസംഗം അവസാനിപ്പിക്കുന്നു.

ഡോ. മാത്യു കുഴൽനാടൻ: സർ, ഞങ്ങൾക്ക് കോൺഗ്രസ് നന്നായി കാണണം, നിലനിൽക്കണമെന്ന ആഗ്രഹമുണ്ട് എന്നൊക്കെ പലപ്പോഴും സി.പി.ഐ.(എം)-ന്റെ നേതാക്കന്മാർ കോൺഗ്രസ്സിനെക്കുറിച്ച് പ്രസംഗിക്കാറുണ്ട്. ഇത് ആത്മാർത്ഥമായി പറയുന്നതാണെന്ന് ഞങ്ങൾ തന്നെ വിചാരിക്കും. ചിലപ്പോൾ ശരിയായിരിക്കും. സി.പി.ഐ.(എം)ന് ധാരണയുണ്ടാവാം. പക്ഷെ ഇന്ന് അദ്ദേഹം ഇവിടെ പ്രസംഗിച്ചു. ബി.ജെ.പി. സർക്കാരിനെ പരാജയപ്പെടുത്തി ഹിന്ദി ഹൃദയഭൂമിയെന്നു പറയുന്ന

ഹിമാചൽപ്രദേശിൽ കോൺഗ്രസ് ജയിച്ച കാര്യം അദ്ദേഹം അറിഞ്ഞതായിപോലും നടിച്ചില്ല. അതിനെക്കുറിച്ച് ഒരു വാചകം പറയാനുള്ള മാന്യതയോ മര്യാദയോ അദ്ദേഹത്തിനുണ്ടായില്ല. ഞങ്ങളാരെയും ആക്ഷേപിക്കാൻ ആഗ്രഹിക്കുന്നില്ല. പക്ഷേ നിങ്ങൾ ശ്രീ. രാഹുൽ ഗാന്ധിയെ അടക്കം ആക്ഷേപിക്കുന്നു. ഇവിടെ യഥാർത്ഥത്തിൽ പറയേണ്ടത്, കഴിഞ്ഞ ദിവസം രാജ്യം മുഴുവൻ കണ്ട ഒരു കാഴ്ചയെ കുറിച്ചാണ്. പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദിയുടെ മുമ്പിൽ ഇടതുപാർട്ടികളുടെ, സി.പി.ഐ.(എം.)-ന്റെ അവസ്ഥയെന്താണെന്ന് കാണിക്കുന്ന ഒരു ചിത്രം. ആ ചിത്രം രാജ്യം മുഴുവൻ കണ്ടതാണ്. ഞങ്ങളാരും അതിനെക്കുറിച്ച് പറഞ്ഞ് ആക്ഷേപിക്കുന്നില്ല. നിങ്ങൾ ശ്രീ. രാഹുൽ ഗാന്ധിയെ ആവോളം ആക്ഷേപിച്ചോളൂ. നിങ്ങളും ആ ചിത്രം കണ്ടതല്ലേ? പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദിയുടെ മുമ്പിൽ സി.പി.ഐ.(എം) എങ്ങനെ നിൽക്കുന്നുയെന്ന് നിങ്ങൾ കണ്ടതല്ലേ; അതാണ് സി.പി.ഐ.(എം)-ന്റെ അവസ്ഥ. എന്നിട്ട് പൊട്ടകുളത്തിലെ തവള പോലെ ഇവിടെയിരുന്നുകൊണ്ട് ബി.ജെ.പി.-ക്കെതിരെ പ്രസംഗിച്ചതുകൊണ്ട് എന്ത് അർത്ഥമാണുള്ളത്. ഇങ്ങനെ പറയാൻ നിങ്ങൾക്ക് ജാള്യതയില്ലേ? ......(ബഹളം)....

ചെയർപേഴ്സൺ: ബഹുമാനപ്പെട്ട മിനിസ്റ്റർ വിഷയത്തിൽനിന്നുകൊണ്ട് തന്നെയാണ് സംസാരിച്ചത്. ശ്രീ. സണ്ണി ജോസഫ് അങ്ങയുടെ സമയം ആണ് നഷ്ടപ്പെടുന്നത്.

ശ്രീ. സണ്ണി ജോസഫ്: സർ, ഡോ. മാത്യു കുഴൽനാടൻ പറഞ്ഞത് ഹിമാചൽപ്രദേശിൽ ബി.ജെ.പി.-യെ പരാജയപ്പെടുത്തി കോൺഗ്രസ് അധികാരത്തിൽ വന്നതിന് സി.പി.ഐ.(എം) ഒരു നല്ല വാക്കുപോലും പറഞ്ഞില്ലായെന്നാണ്. ഇത് പരസ്യമായി പറയാൻ അവർക്ക് പ്രയാസമുണ്ട്. പക്ഷേ സി.പി.ഐ.(എം)-ന്റെ പല എം.എൽ.എ.-മാരും ക്യാന്റീനിലും ട്രെയിനിലും ഇരുന്ന് സംസാരിച്ചപ്പോൾ എന്നോട് പറഞ്ഞത്, ഹിമാചൽപ്രദേശിലെങ്കിലും നമ്മൾ ജയിച്ചല്ലോയെന്നാണ്. പണ്ട് ഏതോ ഒരാൾ പറഞ്ഞു, പള്ളിയിലെ അച്ചനും കുശിനിക്കാരനും ഇത്ര രൂപയാണ് വരുമാനമെന്ന്. ഞങ്ങൾ ജയിച്ചുവെന്ന് പറഞ്ഞ പലയാളുകളുമുണ്ട്. അങ്ങനെ ചിന്തിച്ച പലയാളുകളുമുണ്ട്. നല്ലനിലയിൽ നമ്മൾ ജയിച്ചുവെന്ന് കണ്ട മതേതരപക്ഷത്തുനിൽക്കേണ്ട താൽപര്യം കാണിക്കുന്ന പലരുമുണ്ട്. പക്ഷേ, ആങ്ങള മരിച്ചാലും നാത്തൂന്റെ കണ്ണുനീർ കാണണം എന്നു കരുതുന്നവരുമുണ്ട്. ബി.ജെ.പി. ജയിച്ചാലും കോൺഗ്രസ് പരാജയപ്പെടണമെന്ന്

ആഗ്രഹിക്കുന്നവർ നിങ്ങളുടെ ഇടയിലുണ്ട്. അത് തിരുത്താൻ നിങ്ങൾ തയ്യാറാകണം. അവർ തിരുത്തണമെന്ന് ആവശ്യപ്പെടുകയാണ്.

ഈ വിഷയം ചർച്ച ചെയ്യുമ്പോൾ തന്നെ ഞങ്ങളുടെ നിലപാടെന്തായിരുന്നു. ഇപ്പോഴത്തെ കേന്ദ്ര ഗവൺമെന്റ്, വളരെയേറെ നേട്ടങ്ങൾ കൈവരിച്ച പ്രശസ്തിയാർജ്ജിച്ച പ്രവർത്തനങ്ങൾ നടത്തിയ കേരളത്തിലെ സഹകരണ സംഘങ്ങളെ ഇല്ലായ്മ ചെയ്യുന്നതിനുവേണ്ടി പല നടപടികളും സ്വീകരിച്ചു. റിസർവ് ബാങ്കിനെപോലും ഉപയോഗപ്പെടുത്തികൊണ്ട് നമ്മുടെ സഹകരണ സംഘങ്ങളെ ശ്വാസം മുട്ടിക്കാൻ ശ്രമിച്ചപ്പോൾ, നോട്ട് നിരോധനത്തിന്റെ ഫലമായി നമ്മുടെ സഹകരണ സംഘങ്ങൾക്ക് പ്രവർത്തിച്ചുമുന്നോട്ടു പോകാൻ കഴിയാതെ വന്നപ്പോൾ, രണ്ട് എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തും കേന്ദ്രത്തിന്റെ സഹകരണ മേഖലയിലെ തെറ്റായ നയങ്ങൾക്കെതിരെ അതിശക്തമായ നിലപാടാണ് ഞങ്ങൾ സ്വീകരിച്ചത്. കോൺഗ്രസ്സും യു.ഡി.എഫ്.-ഉം ഈ സഭയ്ക്കകത്തും ഇന്ത്യയിലൊട്ടാകെ സ്വീകരിച്ച നിലപാട്, ഈ സഭയിൽതന്നെ യോജിച്ച പ്രമേയം പാസാക്കിക്കൊണ്ടല്ലേ? അക്കാര്യം അങ്ങ് ഓർക്കുന്നുണ്ടാവും. നോട്ട് നിരോധനത്തിന്റെ സമയത്ത് സഹകരണ

മേഖലയെ ഞെക്കികൊല്ലുന്ന കഴുത്തു ഞെരിക്കുന്ന നിലപാടുകളുമായി കേന്ദ്രം വന്നപ്പോൾ നമ്മൾ യോജിച്ച് പ്രമേയം പാസാക്കിയിട്ടുണ്ട്. കോൺഗ്രസ് നെഹ്റുവിന്റെ കാഴ്ചപ്പാടിന്റെ പശ്ചാത്തലത്തിലാണ് ഇന്ത്യയിൽ സഹകരണരംഗം ശക്തമാക്കിയത്. അതിന്റെ ഭാഗമായാണ് കേരളത്തിൽ സഹകരണ പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെട്ടുവന്നത്. കാർഷികമേഖലയിൽ വായ്പ സംഘങ്ങൾ ഐക്യനാണയ സംഘങ്ങൾ എന്ന പേരിൽ....... ഇന്ന് സാമ്പത്തിക രംഗത്ത് ബ്ലേഡ് എന്ന കിരാതമായ കഴുത്തറപ്പൻ പലിശയുള്ള വായ്പ സംവിധാനമാണെങ്കിൽ നേരത്തെ ഞങ്ങളുടെ നാട്ടിൽ പല സ്ഥലത്തും വിലമുറിക്കൽ എന്നു പറയുന്ന കിരാതമായ മറ്റൊരു വായ്പ സംവിധാനവുമുണ്ടായിരുന്നു. അതിനെ ചെറുക്കുന്നതിന്, കൃഷിക്കാർക്ക് സംരക്ഷണം കൊടുക്കുന്നതിന് ആരംഭിച്ച ഐക്യനാണയ സംഘങ്ങൾ വളർന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞതുപോലെ, ആയിരക്കണക്കിന് കോടിരൂപയുടെ ഡെപ്പോസിറ്റും ഇടപാടും പ്രവർത്തന മൂലധനവുമുള്ള വലിയ സംഘങ്ങളായി കേരളത്തിൽ വളർന്നിട്ടുണ്ട്. സഹകരണമേഖല കൈവയ്ക്കാത്ത ജനജീവിതത്തിന്റെ മേഖലകളില്ല. വിദ്യാഭ്യാസം രംഗത്തും ആരോഗ്യരംഗത്ത് മെഡിക്കൽ

കോളേജുകൾ ആരംഭിക്കാനും കേരളത്തിലെ സഹകരണ പ്രസ്ഥാനത്തിന് സാധിച്ചു. മാർക്കറ്റിംഗ് സംഘങ്ങൾ ഫലപ്രദമായി പ്രവർത്തിക്കുന്നു. ഐ.ടി. രംഗത്തുപോലും സംഘങ്ങൾ പ്രവർത്തിക്കുന്നു. തൊഴിൽ രംഗത്ത് ലേബർ സൊസൈറ്റികൾ പ്രവർത്തിക്കുന്നു. ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ കാര്യം പറഞ്ഞു. തൊഴിൽ രംഗത്ത് പ്രവർത്തിക്കുന്ന തൊഴിലാളികളുടെ സംഘമായിട്ടാണ് അത് വളർന്നുപന്തലിച്ചിട്ടുള്ളത്. വനിതകളുടെ ശാക്തീകരണത്തിന് പഞ്ചായത്തീരാജ് സംവിധാനംപോലെതന്നെ ഉപകരിച്ച വനിതാ സംഘങ്ങൾ ഏറ്റവും നല്ല നിലയിൽ പ്രവർത്തിക്കുന്നുണ്ട്. ഇന്നലെ ഞാൻ കുടാളി വനിത സഹകരണ സംഘത്തിന്റെ പുതിയ ഓഫീസ് കെട്ടിടം ഉദ്ഘാടനം ചെയ്തിട്ടാണ് വരുന്നത്. മുപ്പതുവർഷത്തെ പ്രവർത്തനത്തിനിടയിൽ കോടിക്കണക്കിന് രൂപ സമാഹരിക്കാനും വളരെ സത്യസന്ധമായും കൃത്യമായും ആ സംഘത്തിന്റെ ഇടപാടുകൾ നടത്താനും സാധിക്കുന്ന നിരവധി സംഘങ്ങൾ കേരളത്തിലുണ്ട്. അവരുടെ ആവശ്യമെന്താണ്; ശക്തമായ, ശരിയായ നിയന്ത്രണമാണ് ആവശ്യം. വൈവിധ്യവൽക്കരണമാണ് വേണ്ടത്. കാലത്തിനനുസരിച്ച് സംഘങ്ങളുടെ

പ്രവർത്തനങ്ങളിൽ മാറ്റങ്ങൾ വരുത്താൻ നിയമഭേദഗതി ആവശ്യമാണ്. 1969-ലെ നിയമത്തിൽ കൊണ്ടുവന്നിട്ടുള്ള ഭേദഗതികൾ, ഇതിനോടകം കൊണ്ടുവന്നിട്ടുള്ള ഭേദഗതികൾ, പ്രത്യേകിച്ച് എൽ.ഡി.എഫ്. കാലത്ത് കൊണ്ടുവന്നിട്ടുള്ള ഭേദഗതികൾ പരിശോധിച്ചാൽ അത് മിക്കതും സംഘത്തിന്റെ ഭരണസമിതിയെ എങ്ങനെ പിടിച്ചെടുക്കാമെന്ന ദുഷ്ടലാക്കിന്റെ അടിസ്ഥാനത്തിലാണ് കൊണ്ടുവന്നിരിക്കുന്നത്. സെക്ഷൻ 28 അല്ലേ ഒട്ടുമിക്ക ഭേദഗതികളും. തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട്, അല്ലെങ്കിൽ കമ്മിറ്റികളെ പിരിച്ചുവിടുന്നത് എളുപ്പത്തിലാക്കാനുള്ള ഭേദഗതികളാണ് ഇതിനോടകം പലപ്പോഴും കൊണ്ടുവന്നിട്ടുള്ളതെന്ന് നമുക്ക് മനസ്സിലാക്കാം. അതുകൊണ്ടാണ് കാലാനുസൃതമായ പ്രവർത്തനങ്ങൾക്ക് ഉതകുന്ന തരത്തിലുള്ള ഭേദഗതികൾ സഹകാരികളാവശ്യപ്പെടുന്നത്. കേരള ബാങ്കിനെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി വളരെ വാചാലനായി സംസാരിച്ചു, ശ്രീ. പി. നന്ദകുമാർ സംസാരിച്ചു. പക്ഷേ സഹകാരികളോട്, പ്രൈമറി സംഘങ്ങളോട് ചോദിച്ചാൽ അവർക്ക് നേരത്തേയുള്ള സംവിധാനമായിരുന്നു തൃപ്തികരം. അവരുടെ പ്രവർത്തനത്തിന് സഹായിക്കുന്ന, ഒരു പ്രൈമറി സംഘത്തെ സഹായിക്കുന്ന, അവർക്ക് വായ്പ കിട്ടാൻ സാധിക്കുന്ന

സാഹചര്യമുണ്ടായിരുന്നു. രണ്ടുകാര്യത്തിൽ എനിക്ക് വളരെ വ്യക്തമായ അനുഭവം തന്നെയുണ്ട്. എന്റെ നിയോജകമണ്ഡലത്തിൽ സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്ന ഒരു സംഘത്തിന് പ്രവർത്തിക്കാൻ കഴിയുന്നില്ല. വെട്ടിപ്പ് നടത്തിയിട്ടല്ല. ജീവനക്കാർക്ക് ശമ്പളം കൊടുക്കാൻ കാശില്ല. ഡെപ്പോസിറ്റർമാർ അവിടെ വന്ന് മടങ്ങിപ്പോകുകയാണ്. അവർ സമരസമിതി രൂപീകരിച്ച് സമരം ചെയ്യുകയാണ്. ഞാൻ ബഹുമാനപ്പെട്ട മന്ത്രിയെ കണ്ടുസംസാരിച്ചു. ബഹുമാനപ്പെട്ട മന്ത്രി കണ്ണൂരിൽ വന്നപ്പോൾ ഞങ്ങളെയെല്ലാം ഇരുത്തി ചർച്ച ചെയ്തു. ബഹുമാനപ്പെട്ട മന്ത്രി കേരള ബാങ്കിന്റെ അധികാരികളോടും ജില്ലാ ജോയിന്റ് രജിസ്ട്രാറോടും ഇക്കാര്യത്തിൽ പ്രത്യേക താൽപ്പര്യമെടുക്കണമെന്നുപറഞ്ഞു. അവരോട് സംസാരിക്കുമ്പോൾ അവർ എന്താണ് പറയുന്നത്? ഇപ്പോൾ കേരള ബാങ്ക് ഞങ്ങളോട് പറഞ്ഞിരിക്കുന്നത്, ഞങ്ങൾക്ക് ഇക്കാര്യത്തിൽ ഒരു തീരുമാനമെടുക്കാൻ..... ആ ബാങ്കിനെ സഹായിക്കാൻ വേറൊരു ബാങ്ക് ആ ബാങ്കിന്റെ ബാധ്യതകൾ പകുതി ഏറ്റെടുക്കാമെന്ന് പറഞ്ഞു. ഒരു അമാൽഗമേഷന്റെ പ്രോസസാണ്. അവസാനം കേരള ബാങ്ക് പ്രസിഡന്റിനെ ഞാൻ കഴിഞ്ഞദിവസം വിളിച്ചപ്പോഴും അവർക്ക്

മുകളിൽനിന്നും നിയന്ത്രണമുണ്ടെന്നാണ് പറഞ്ഞത്. റിസർവ് ബാങ്കിന്റെ നിയന്ത്രണമുണ്ട്. കേരള ബാങ്കിന്റെ ഭരണസമിതിയുടെ (ബോർഡ് ഓഫ് ഡയറക്ടേഴ്സ്) മുകളിൽ വേറൊരു മാനേജിംഗ് കമ്മിറ്റിയുണ്ട്. റിട്ടയേർഡ് റിസർവ് ബാങ്ക് ഉദ്യോഗസ്ഥന്മാരുള്ള ഒരു മാനേജിംഗ് കമ്മിറ്റിയാണ് കേരള ബാങ്കിന്റെ പോളിസി ഡിസിഷൻ എടുക്കുന്നത്. അവരെ നമുക്ക് സമീപിക്കാം എന്നുപറയുന്ന ഒരു ദുരവസ്ഥയാണ്. ആ സംഘത്തിന്റെ പ്രവർത്തനക്ഷമമല്ലാത്ത സാഹചര്യം കണക്കിലെടുത്തു കൊണ്ട് ഞാൻ ഒരു കാര്യം കൂടി പറയുകയാണ്. നിയമസഭയിൽ ഞാൻ ചോദിച്ച ചോദ്യത്തിന് ബഹുമാനപ്പെട്ട വി. എൻ. വാസവൻ പോസിറ്റീവായി വളരെ മനോഹരമായി ഉത്തരം പറഞ്ഞതാണ്. മുൻമന്ത്രിയോടും ഞാൻ ചോദിച്ചതും എഴുതിക്കൊടുത്തതുമായ ഒരുകാര്യമാണ് ഡെപ്പോസിറ്റ് ഗ്യാരന്റി സ്കീം സംബന്ധിച്ച്. ഡെപ്പോസിറ്റ് ഗ്യാരന്റി സ്കീം എന്നൊരു സ്കീം കേരളത്തിലുണ്ടെന്ന് പറഞ്ഞു. പക്ഷേ ഞാൻ ഇൻഫർമേഷനുവേണ്ടി ബഹുമാനപ്പെട്ട മന്ത്രിയോട് ചോദിക്കുകയാണ് - ആ സ്കീമിന്റെ കോടിക്കണക്കിന് രൂപ സംഘങ്ങൾ അടച്ച പൈസയാണ്. ഓരോ സംഘവും ഡെപ്പോസിറ്റ് സ്വീകരിക്കുമ്പോൾ ആ ഡെപ്പോസിറ്റിന് ഒരു

ബ്ലാങ്കറ്റ് ഗ്യാരന്റി കിട്ടുന്നതിനുവേണ്ടിയാണ് ഈ സ്കീമുണ്ടാക്കിയിരിക്കുന്നത്. സംഘങ്ങൾ അതിനനുസരിച്ച് ഓരോ വർഷത്തെയും നിക്ഷേപത്തിന്റെ ആനുപാതികമായിട്ടുള്ള സംഖ്യ ഡെപ്പോസിറ്റ് ഗ്യാരന്റി സ്കീമിൽ അടയ്ക്കണം. പക്ഷേ, ഈ പൈസ എന്തുചെയ്തു; ആർക്കെങ്കിലും കൊടുത്തോ? സംഘങ്ങളിൽ പണം നിക്ഷേപിച്ച നിക്ഷേപകരുണ്ട്. അവരെ രക്ഷിക്കുന്നതിനുവേണ്ടിയാണ്. നിക്ഷേപകർക്ക് പണം തിരിച്ചുകൊടുക്കാൻ കഴിയാത്ത സംഘങ്ങളുണ്ട്, ഉദാഹരണത്തിന് കരുവന്നൂർ ബാങ്ക്. അവിടെയൊരു സഹോദരി മരണപ്പെട്ടു. ബാങ്കിൽ ലക്ഷക്കണക്കിന് രൂപ നിക്ഷേപിച്ച ഒരു കുടുംബത്തിലെ വീട്ടമ്മ ഗുരുതരമായ രോഗം വന്ന് ചികിത്സയ്ക്ക് പണമില്ലാതെ ആ സഹോദരി മരിച്ചു. ആ സന്ദർഭത്തിൽ അവർക്ക് ചികിത്സാ സഹായം ലഭ്യമാക്കാൻ ബാങ്കിന് സാധിച്ചില്ല. ഡെപ്പോസിറ്റ് ഗ്യാരന്റി സ്കീം നിലനിൽക്കെ ആ സ്കീം ഫലപ്രദമാണെങ്കിൽ, ആ സ്കീമിലെ വ്യവസ്ഥകൾ ഇൻവോക്ക് ചെയ്തിരുന്നെങ്കിൽ, വ്യവസ്ഥകൾ ഉപയോഗപ്പെടുത്താൻ കഴിയുന്ന രീതിയിൽ ഭേദഗതി വരുത്തിയിരുന്നെങ്കിൽ ആ സ്ത്രീക്ക് ചികിത്സയ്ക്ക് പൈസ കൊടുക്കാൻ സാധിക്കുമായിരുന്നു. മരിച്ചതിനുശേഷം ബഹുമാനപ്പെട്ട മന്ത്രിമാരും നേതാക്കന്മാരും

ഉദ്യോഗസ്ഥരും വിവാദ പ്രസ്താവനകൾ നടത്തി കുടുങ്ങിയതിന്റെയടിസ്ഥാനത്തിൽ പിന്നീട് ബഹുമാനപ്പെട്ട മന്ത്രിതന്നെ പോയി അവരുടെ കുടുംബത്തിന് 35 ലക്ഷം രൂപ കൊടുത്തു. മരിച്ചതിനുശേഷമാണ് കൊടുത്തത്. ബഹുമാനപ്പെട്ട മന്ത്രിയുടെ കയ്യിൽനിന്ന് കാശ് കിട്ടാൻ വേണ്ടി ആ സ്ത്രീ മരിക്കേണ്ടി വന്നു. ആ സ്ത്രീക്ക് ചികിത്സ നൽകാൻ ആ കുടുംബത്തിന് സാധിക്കാതെ ദാരുണമായി ആ സ്ത്രീ മരിക്കേണ്ടിവന്നു. ഈ ഭേദഗതിയുടെ ഭാഗമായി ഡെപ്പോസിറ്റ് ഗ്യാരന്റി സ്കീമിൽ രണ്ടുലക്ഷം രൂപ വരെ മാത്രമാണ് ഇപ്പോൾ കൊടുക്കുന്നത്. അതും കൊടുക്കുന്നത് ഈ സംഘം ലിക്വിഡേറ്റ് ചെയ്യുന്ന സമയത്ത് മാത്രമാണ്. ലിക്വിഡേഷൻ നടത്തണം. എന്റെ പോയിന്റ്, ലിക്വിഡേഷൻ ഒഴിവാക്കിക്കൊണ്ട് സംഘത്തെ സംരക്ഷിച്ചുനിർത്താൻ; സംഘത്തിലെ ജീവനക്കാരുടെയോ ഭരണസമിതിയുടെയോ ഗുരുതരമായ വീഴ്ചകൊണ്ടല്ല സംഘത്തിന് സാമ്പത്തിക പ്രതിസന്ധി ഉണ്ടായിട്ടുള്ളതെങ്കിൽ ആ പ്രതിസന്ധിയിൽ നിന്ന് അവരെ കരകയറ്റാൻ, ഒരു കൈത്താങ്ങായി നിൽക്കാൻ ഈ ഡെപ്പോസിറ്റ് ഗ്യാരന്റി സ്കീമിന് സാധിക്കണ്ടേ? അതിന് കേവലം രണ്ടുലക്ഷം രൂപയാണ് കൊടുക്കുന്നത്. രണ്ടുലക്ഷം രൂപ

എന്നുപറഞ്ഞാൽ ഇന്ന് വലിയൊരു സംഖ്യയല്ല. സംഘത്തിൽ ലക്ഷക്കണക്കിന് രൂപ ഡെപ്പോസിറ്റ് ചെയ്യുന്നുണ്ട്. പഞ്ചാബിൽ ജോലി ചെയ്ത അധ്യാപക ദമ്പതിമാർ റിട്ടയർ ചെയ്ത് നാട്ടിൽ വന്നു. ഞാൻ നേരത്തേ പറഞ്ഞ സംഘത്തിലെ ആളുകളെ വിശ്വസിച്ച് മകളുടെ വിവാഹത്തിനായി ഉപയോഗിക്കേണ്ട അവരുടെ റിട്ടയർമെന്റ് ആനുകൂല്യങ്ങളെല്ലാം സംഘത്തിൽ നിക്ഷേപിച്ചു. അവർക്ക് ആ തുക മടക്കിക്കിട്ടുന്നില്ല. സാധാരണക്കാരുടെ പണമാണ് സംഘങ്ങളിൽ നിക്ഷേപിക്കുന്നത്. അവർക്ക് ഡെപ്പോസിറ്റ് ഗ്യാരന്റി സ്കീമിൽനിന്ന് രണ്ടുലക്ഷം രൂപവരെയാണ് കൊടുക്കാൻ വ്യവസ്ഥയുള്ളത്. 5 ലക്ഷം രൂപയാക്കണമെന്ന് പലരും ആവശ്യപ്പെട്ടു. നിക്ഷേപിച്ചിട്ടുള്ള സംഖ്യയുടെ പകുതിയെങ്കിലും മടക്കിക്കൊടുക്കാൻ ഈ സ്കീമിൽ സംവിധാനം വേണ്ടേ; ഈ ആക്ടിൽ വ്യവസ്ഥ വേണ്ടേ? അതുപോലെതന്നെ ലിക്വിഡേഷൻ സമയത്തുമാത്രം കൊടുക്കുന്നതിനുപകരം ലിക്വിഡേഷൻ ഒഴിവാക്കി സംഘത്തെ പ്രവർത്തനക്ഷമമാക്കാൻ സാധിക്കുന്ന തരത്തിൽ സഹായകരമാകണ്ടേ? ഒരു കൺസോർഷ്യത്തിന്റെ പ്രൊപ്പോസലുണ്ട്. കരുവന്നൂരിന്റെ പശ്ചാത്തലത്തിലാണ്. കരുവന്നൂരിനെ സഹായിക്കുക എന്ന ഒരു ലക്ഷ്യം

വച്ചുകൊണ്ട് കൺസോർഷ്യത്തെക്കുറിച്ച് ഒന്നാലോചിച്ചു. പക്ഷേ അത് പാളിപ്പോയി. ഇപ്പോൾ നിയമത്തിൽ പുതിയ ഭേദഗതി വ്യവസ്ഥ ചെയ്തിരിക്കുകയാണ്; കൺസോർഷ്യം എന്നൊരു ആശയം വന്നിരിക്കുകയാണ്. അതിന്റെ പ്രവർത്തനമെങ്ങനെയാണ്? കേവലം കരുവന്നൂരിന്റെ സങ്കുചിതമായിട്ടുള്ള ഒരാവശ്യത്തിനുവേണ്ടി താൽക്കാലികമായി ഉപയോഗപ്പെടുത്തുന്നതിനു പകരം കൺസോർഷ്യത്തിന്റെ പ്രവർത്തനത്തിന് വിപുലീകരിച്ച ഉത്തരവാദിത്വവും സാധ്യതയും ഉണ്ടാക്കിക്കൊണ്ട് അതിലെ പങ്കാളിത്തം ശരിയായ രൂപത്തിൽ ഉറപ്പുവരുത്താനും ഫലപ്രദമായി അതിനെ ഉപയോഗപ്പെടുത്താനും സാധിക്കണം.

ഞാൻ ദീർഘിപ്പിക്കുന്നില്ല. ഒരു കാര്യം ഞാൻ നേരത്തേ പറഞ്ഞു. 28-ാം വകുപ്പിലാണ് ഒട്ടുമിക്കഭേദഗതികളുമുള്ളത്. ചില ഭേദഗതികൾ സ്വീകാര്യമായതും സ്വാഗതാർഹമായതുമായ ഭേദഗതികളാണ്. ഭരണസമിതിയംഗങ്ങളുടെ ടേമിൽ പരിധി നിശ്ചയിക്കുന്നു. 28-ാം വകുപ്പിൽ ഒരു പ്രൊവൈസോ കൊണ്ടുവന്നു. അതിനെ പൊതുവെ സ്വാഗതം ചെയ്യുന്നു. പക്ഷേ അത് രണ്ട് ടേം ആണോ; മൂന്ന് ടേം എങ്കിലും വേണ്ടേ;

നിയമസഭയിൽ 10 ടേം ആയവരും 11 ടേം ആയവരും, ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബിനെപ്പോലെ 11 കൊല്ലം തുടർച്ചയായി വന്നവരുമുണ്ട്. ബഹുമാന്യനായ മുഖ്യമന്ത്രി പല സ്ഥലങ്ങളിൽനിന്നായി പല ടേമിൽ വന്നിട്ടുണ്ട്. പലരും അങ്ങനെ ആവശ്യപ്പെടുന്നു. പ്രതിപക്ഷനേതാവ് തുടർച്ചയായി 5-ാം തവണ ജയിച്ചുനിൽക്കുകയാണ്. നന്നായി സേവനം ചെയ്യുന്നവരും സഹകരണ മേഖലയിലുണ്ട്. അവരെയെല്ലാവരെയും രണ്ടുടേമിൽ മാത്രമൊതുക്കുന്നതിനുപകരം മൂന്ന് ടേം കൊടുക്കാൻ പറ്റുമോ എന്ന ഒരാവശ്യം ചില സഹകാരികൾ തന്നെ ആവശ്യപ്പെടുന്നു. ഈ ബിൽ ഇറങ്ങിയതിനുശേഷം അവർ ഇത് വായിച്ചിട്ടുണ്ട്. ചിലയാളുകൾ സംസാരിച്ചിട്ടുണ്ട്. ഏതായാലും ഈ ബിൽ സെലക്ട് കമ്മിറ്റിക്ക് പോകുന്നതുകൊണ്ട് അക്കാര്യം വിപുലമായി ചർച്ച ചെയ്യപ്പെടും എന്നുള്ളതുകൊണ്ട് ആ ഒരു നിർദ്ദേശംകൂടി മുന്നോട്ടുവയ്ക്കുകയാണ്.

ചെയർപേഴ്സൺ: അങ്ങ് കൺക്ലൂഡ് ചെയ്യണം.

ശ്രീ. സണ്ണി ജോസഫ്: മറ്റൊന്ന്, സംഘങ്ങളെ പിരിച്ചുവിടാനുള്ള ഒരു വ്യഗ്രതയുണ്ട്. സത്യത്തിൽ കരുവന്നൂരിൽ എന്താണ് സംഭവിച്ചത്? ഡിപ്പാർട്ടുമെന്റ് ഇക്കാര്യങ്ങളൊക്കെ നേരത്തേ അറിഞ്ഞു, അവിടെ എല്ലാ

അന്വേഷണവും നടത്തി. ഓഡിറ്റ് വിംഗും ഇൻസ്പെക്ഷൻ വിംഗും കോടികളുടെ തിരിമറി അന്വേഷിച്ചിട്ട് അത് തങ്ങളുടെ കുട്ടിയായതുകൊണ്ട് അവരുടെ പേരിൽ ഡിപ്പാർട്ടുമെന്റ് തലത്തിൽ, ഗവൺമെന്റ് തലത്തിൽ നടപടിയെടുത്തില്ല. അതേസമയം പല സ്ഥലത്തും തെറ്റായ രൂപത്തിൽ 32-ാം വകുപ്പിനെ സൂപ്പർസീഡ് ചെയ്യാനുള്ള നടപടികളുണ്ട്. അതുപോലെ 65-ാം വകുപ്പിൽ എൻക്വയറിയെക്കുറിച്ച് പറയുന്നു. ആ എൻക്വയറി ഇപ്പോൾ എന്താണ്? ഒരു പ്രാഥമിക എൻക്വയറി പോലും നടത്താതെ കേവലമൊരു പരാതിയുടെ അടിസ്ഥാനത്തിൽപോലും S.65 എൻക്വയറിയും അതിന്റെ തുടർനടപടികളും എന്നുവരുമ്പോൾ ചില സംഘങ്ങളിലെങ്കിലും, പ്രതിപക്ഷ കക്ഷികൾ ഭരിക്കുന്ന സംഘങ്ങളിലെങ്കിലും ഡെമോക്ലസിന്റെ വാൾ പോലെ എൻക്വയറിയും പിരിച്ചുവിടൽ നടപടികളും നിൽക്കുകയാണ്. പിരിച്ചുവിടൽ നോട്ടീസ് നിർബന്ധമാക്കണം. പിരിച്ചുവിടൽ ഉണ്ടെങ്കിൽ നോട്ടീസ് നിർബന്ധമാക്കണം. നോട്ടീസിന് മറുപടി കൊടുക്കാനുള്ള കാലാവധിയും നിയമത്തിൽത്തന്നെ വ്യവസ്ഥ ചെയ്യണം. ഞാൻ ദീർഘിപ്പിക്കാൻ ഉദ്ദേശിക്കുന്നില്ലെങ്കിലും, ഏറ്റവും പ്രധാനപ്പെട്ട കാര്യമായ സഹകരണ തത്വങ്ങളെക്കുറിച്ച് പറയേണ്ടിയിരിക്കുന്നു. ചെറുപ്പക്കാലത്ത് ഞാനൊരു

പ്രൈമറി ബാങ്കിന്റെ പ്രസിഡന്റായിരുന്നു. സെമിനാറിനൊക്കെ പോകുമ്പോൾ സഹകരണ തത്വങ്ങളും ആക്ടും ഒന്നോ രണ്ടോ പ്രാവശ്യം വായിച്ചുനോക്കിയിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രി അക്കാര്യങ്ങൾ നന്നായി മനസ്സിലാക്കിയിട്ടുണ്ടെന്ന് ശ്രീ. പി. സി. വിഷ്ണുനാഥ് എന്നോട് പറയുകയായിരുന്നു. സഹകരണ തത്വങ്ങൾ എന്നുപറയുന്നതിലെ മെയിൻ പോയിന്റ് സഹകരണ ജനാധിപത്യമാണ്. സഹകരണ തത്വങ്ങളിലെ ഏറ്റവും അടിസ്ഥാനതത്വം സഹകരണ ജനാധിപത്യവും സംഘങ്ങൾ തമ്മിലുള്ള സഹകരണമുൾപ്പെടെയുള്ളവയുമാണ്. ആ സഹകരണ ജനാധിപത്യം നിങ്ങളുടെ കാലത്ത് ഇവിടെ സുരക്ഷിതമാണോ? നിങ്ങളുടെ പൂർവ്വകാലത്ത് അത് ഭദ്രമായിരുന്നില്ല.

ചെയർപേഴ്സൺ: അങ്ങ് ദയവായി ചുരുക്കണം. അങ്ങ് മാക്സിമം സമയം എടുത്തു.

ശ്രീ. സണ്ണി ജോസഫ്: സർ, ഇക്കാര്യം ഏറ്റവും പ്രധാനപ്പെട്ടതാണ്. സഹകരണ ജനാധിപത്യം ഏറ്റവും പ്രധാനപ്പെട്ടതാണ്. അതിലേക്കാണ് ഞാൻ വരുന്നതെന്ന് എല്ലാവർക്കുമറിയാം. എന്താണ് എ.കെ.ജി.? എ.കെ.ജി. നമ്മളെല്ലാം ബഹുമാനിക്കുന്ന നാമധേയമാണ്. പക്ഷേ ആ

നാമധേയത്തെ എ.കെ.ജി. മോഡൽ എന്നുപറഞ്ഞാൽ കേരളത്തിലെ പബ്ലിക് ഓർമ്മിക്കുന്നത്, കണ്ണൂർ എ.കെ.ജി. ആശുപത്രിയിൽ എം.വി.ആർ.-നെ ചെരുപ്പമാല അണിയിച്ച് ആശുപത്രി പിടിച്ചെടുത്ത സഹകരണ ജനാധിപത്യ ധ്വംസനമാണ്. അതുപോലെയാണ് പരിയാരം മെഡിക്കൽ കോളേജും. എം.വി.ആർ മന്ത്രിയായിരുന്നപ്പോൾ, കെ. കരുണാകരൻ മുഖ്യമന്ത്രിയായിരുന്നപ്പോൾ, പരിയാരം മെഡിക്കൽ കോളേജ് ആരംഭിച്ച സമയത്ത്, അത് ആവശ്യമില്ലെന്ന് പറഞ്ഞയാളുകൾ, പരിയാരം മെഡിക്കൽ കോളേജിന്റെ ഉദ്ഘാടനത്തിന് കേന്ദ്ര ആരോഗ്യമന്ത്രി എ. ആർ. ആന്തുലെ വന്നപ്പോൾ റോഡ് ഉപരോധിച്ചതുമൂലം അദ്ദേഹത്തിന് പരിയാരത്ത് എത്താൻ കഴിഞ്ഞില്ല. കണ്ണൂർ മുതൽ പരിയാരം വരെയുള്ള റോഡിൽ അന്ന് ഉപരോധം ആയിരുന്നു. എങ്ങനെ വന്നുയെന്ന് ശ്രീ. മോഹനന് നന്നായി അറിയാം. ലീഡർ കെ. കരുണാകരൻ എ. ആർ ആന്തുലയെ കോഴിക്കോട് നിന്ന് ഹെലികോപ്റ്ററിൽ ഇരുത്തി പരിയാരം മെഡിക്കൽ കോളേജിന്റെ മുകളിൽ പറന്നിറങ്ങിയിട്ടാണ് ഉദ്ഘാടനത്തിന് വരേണ്ടി വന്നത്. പരിയാരം മെഡിക്കൽ കോളേജ് ഉദ്ഘാടനത്തിന് അന്നത്തെ കേരള മുഖ്യമന്ത്രിക്കും കേന്ദ്രമന്ത്രിക്കും റോഡിലൂടെ എത്താൻ കഴിഞ്ഞില്ല. ഹെലികോപ്ടറിലാണ്

വരേണ്ടി വന്നത്. ആ പരിയാരം മെഡിക്കൽ കോളേജ് പിടിച്ചെടുത്തത് എങ്ങനെയാണ്? അത് പിടിച്ചെടുത്തതും സഹകരണ ജനാധിപത്യത്തെ കശാപ്പ് ചെയ്തിട്ടാണ്. അതുകൊണ്ട് സഹകരണതത്വങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട സഹകരണ ജനാധിപത്യം സംരക്ഷിക്കാൻ പ്രധാനപ്പെട്ട തെരഞ്ഞെടുപ്പുകൾ നീതിപൂർവ്വമാകണം. കഴിഞ്ഞ നവംബർ മാസം 12-ാം തീയതി ഇരിക്കൂറിൽ ശ്രീ. സജീവ് ജോസഫിന്റെ സാന്നിധ്യത്തിലാണ് എരുവേശി സർവ്വീസ് സഹകരണ ബാങ്ക് തെരഞ്ഞെടുപ്പ് നടന്നത്. തെരഞ്ഞെടുപ്പ് നീതിപൂർവ്വമായി നടത്തണം. തെരഞ്ഞെടുപ്പ് ന്യായയുക്തമായി നടന്നാൽ യു.ഡി.എഫ്. -ന്റെ ഒരു പാനൽ അവിടെ ജയിച്ചുവരുമെന്ന് എല്ലാവർക്കും അറിയാം. അവിടുത്തെ പൊളിറ്റിക്സ്, ജനനിലപാട്, ജനവിശ്വാസം ആർക്കാണെന്ന് എല്ലാവർക്കും അറിയാം. പഞ്ചായത്ത് ഭരണം തുടർച്ചയായി കോൺഗ്രസ്സിന്റെയും യു.ഡി.എഫ്.-ന്റെയും കൈവശമാണ്. എരുവേശി സർവ്വീസ് സഹകരണ ബാങ്ക് നിങ്ങൾ ജനാധിപത്യ അട്ടിമറിയിലൂടെ പിടിച്ചെടുത്തു. അവിടെ ഇപ്രാശ്യവും തെരഞ്ഞെടുപ്പുണ്ടായിരുന്നു. യഥാർത്ഥ വോട്ടർമാരെ മാറ്റി വ്യാജവോട്ടർമാർ രാവിലെ തന്നെയെത്തി. അവരെ മാറ്റാൻ പോലീസുകാർ ശ്രമിച്ചുവെങ്കിലും

അവർക്ക് മുകളിൽനിന്നും നിർദ്ദേശം വന്നു. അവിടെ സഹകരണ ജനാധിപത്യം പരാജയപ്പെട്ടു. എനിക്ക് തന്നെ ഒരു അനുഭവമുണ്ട്. ഞാൻ ഉളിക്കൽ സർവ്വീസ് സഹകരണ ബാങ്കിന്റെ പ്രസിഡന്റായിരുന്നപ്പോൾ അവിടെ തെരഞ്ഞെടുപ്പ് നടന്നു. അന്ന് ഇടതുപക്ഷത്തിന്റെ ഭരണ കാലമായിരുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗം, ഇരുപത് മിനിട്ട് കഴിഞ്ഞു. പ്ലീസ്...

ശ്രീ. സണ്ണി ജോസഫ്: സർ, ഇതോടുകൂടി പറഞ്ഞവസാനിപ്പിക്കാം. തെരഞ്ഞെടുപ്പ് നടക്കുന്നതിന്റെ തലേദിവസം വൈകുന്നേരം 6 മണിമുതൽ ഐഡന്റിറ്റി കാർഡുള്ള ആയിരക്കണക്കിന് യഥാർത്ഥ വോട്ടർമാർ ഞാനുൾപ്പെടെ തെരഞ്ഞെടുപ്പ് നടക്കുന്ന സ്കൂളിന്റെ മുമ്പിൽ സ്യൂട്ട്കേസുമായി റോഡിൽ തല വച്ചാണ് കിടന്നുറങ്ങിയത്. അങ്ങനെയാണ് അവിടെ ജനാധിപത്യം സംരക്ഷിക്കേണ്ടി വന്നത്. കണ്ണൂർ ജില്ലയിലെങ്കിലുമുള്ള ഈ ജനാധിപത്യ ധ്വംസനം ഇന്ന് കേരളത്തിലെ മറ്റു സ്ഥലങ്ങളിലേയ്ക്കും വ്യാപിക്കുകയാണ്. അതിനെച്ചെറുക്കാൻകൂടി ഈ നിയമത്തിൽ വ്യവസ്ഥ വേണം. ഇതെല്ലാം ഉൾക്കൊള്ളുന്ന ഒരു സമഗ്രഭേദഗതിയാണാവശ്യം

എന്നുസൂചിപ്പിച്ചുകൊണ്ട് ഞാനെന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, ബഹുമാനപ്പെട്ട സണ്ണി ജോസഫ് ഇവിടെ സൂചിപ്പിച്ച ചില വിഷയങ്ങൾക്ക് മുമ്പുതന്നെ മറുപടി പറഞ്ഞിരുന്നു. ഒന്ന്, നിക്ഷേപ ഗ്യാരണ്ടി സ്കീം - ലിക്വിഡേഷനിൽ പോകുന്ന സംഘത്തിലെ ഒരു നിക്ഷേപകനാണ് 2 ലക്ഷം രൂപ കൊടുക്കുന്നതെങ്കിൽ ആ കാര്യത്തിൽ മാറ്റം വേണമെന്ന് പ്രതിപക്ഷത്തുനിന്നും ഭരണപക്ഷത്തുനിന്നും ചർച്ച വരികയും അതിൽ ബൈലോയിൽ ഭേദഗതി വരുത്തുന്നതിനുള്ള തീരുമാനം എടുത്ത് കഴിഞ്ഞിട്ടുണ്ടെന്ന് അറിയിക്കുകയുമാണ്. രണ്ട്, ഈ വിഷയത്തിൽ ഒരു സഹകരണസംരക്ഷണനിധി രൂപീകരിക്കാൻ തീരുമാനിച്ച കാര്യം ഞാൻ ഈ സഭയിൽ പറഞ്ഞിരുന്നു. അത് ആരെയും ബുദ്ധിമുട്ടിക്കാതെ, മുമ്പ് നമ്മുടെ ബാങ്കുകളിൽനിന്നും കൊടുത്ത ലാഭത്തിലെ ചെറിയൊരു അംശം, 1200 കോടി രൂപയോളം രൂപ ഇപ്പോൾ കേരളബാങ്കിൽ നിക്ഷേപമുണ്ട്. അവർക്ക് 6 ശതമാനം പലിശയാണ്. അത് അവർക്ക് കൊടുത്തുകൊണ്ടുതന്നെ ഒരു സഹകരണസംരക്ഷണനിധി രൂപീകരിച്ച് ഏത് സംഘം നാളെകളിൽ വയബിളായ പ്രോജക്ടുമായി വരുന്നുവോ,

ഏതെങ്കിലും തരത്തിൽ പിന്നോക്കം പോയാൽ അവരെ മുന്നോക്കം കൊണ്ടുവരാൻ സഹായിക്കുന്ന തരത്തിൽ ആ നിധി ഇപ്പോൾ രൂപീകരിച്ച സ്കീം ആയി അതിന്റെ ബാക്കി നടപടിക്രമങ്ങൾ പൂർത്തീകരിച്ചാൽ ഉദ്ഘാടനം നടത്താം. അങ്ങ് ഉദ്ദേശിച്ച രണ്ടു കാര്യങ്ങൾക്ക് ക്രിയാത്മകമായ നീക്കങ്ങൾ സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടുണ്ട്. ഇക്കാര്യം നേരത്തെ തന്നെ സൂചിപ്പിച്ചതാണ്.

മറ്റൊന്ന് അങ്ങ് സൂചിപ്പിച്ചത് കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്കിൽ എടുത്ത നടപടികളുമായി ബന്ധപ്പെട്ട ചില കാര്യങ്ങളാണ്. സമയത്ത് ചികിത്സയ്ക്ക് പൈസ കൊടുത്തില്ല എന്ന് പറഞ്ഞു. യഥാർത്ഥത്തിൽ അവർക്ക് ആദ്യം 4 ലക്ഷം രൂപ കൊടുത്തിരുന്നു. മൂന്നാമത് ചോദിച്ച ഘട്ടത്തിൽ കൊടുക്കാൻ കഴിഞ്ഞില്ലെന്നുള്ളത് ശരിയാണ്. അതിനുശേഷം ആ വിഷയത്തെ സംബന്ധിച്ചിടത്തോളം കൃത്യമായി ഇവരുടെ മുഴുവൻ നിക്ഷേപവും മടക്കിക്കൊടുത്തുവെന്നുമാത്രമല്ല വിനയപൂർവ്വം അങ്ങയെ അറിയിക്കാനുള്ളത് കരുവന്നൂർ സർവ്വീസ് സഹകരണബാങ്ക് ഇപ്പോൾ സാധാരണനിലയിൽ പ്രവർത്തനമാരംഭിച്ചിരിക്കുന്നുവെന്നുള്ളതാണ്. ഈ കഴിഞ്ഞ മാസം 32 ലക്ഷം രൂപയുടെ ഗോൾഡ് ലോൺ കൊടുത്ത്

കഴിഞ്ഞിരിക്കുന്നു. അമ്പത്തിനാലുകോടി അറുപത് ലക്ഷം രൂപ നിക്ഷേപകർക്ക് തിരിച്ചുകൊടുത്തിരിക്കുന്നു. ഇപ്പോൾ നിക്ഷേപം വരാൻ തുടങ്ങിയിരിക്കുന്നു. പത്ത് കോടി അറുപത് ലക്ഷം രൂപ പുതിയ നിക്ഷേപം ആ ബാങ്കിൽ വന്നു. കൂടാതെ മറ്റ് പ്രാദേശിക സംഘങ്ങൾ കൂടി സഹകരിച്ച് അവരുടെ ഒരു കോൺട്രിബ്യൂഷനായി ഇരുപത് കോടിയോളം രൂപയും വന്നിട്ടുണ്ട്. ആ സംഘം സാധാരണനിലയിൽ പ്രവർത്തിക്കുമ്പോൾത്തന്നെ അതിനുത്തരവാദികളായ ആളുകളെയെല്ലാം നിയമത്തിനു മുമ്പിൽ കൊണ്ടുവരുമെന്ന് പറഞ്ഞിരുന്നു. ഞങ്ങൾ ഡിപ്പാർട്ടുമെന്റിലെ 16 ഉദ്യോഗസ്ഥൻമാരെ സസ്പെൻഡ് ചെയ്തു. സംഘത്തിലെ 7 പേരെ സസ്പെൻഡ് ചെയ്തു. ഭരണസമിതിയെ പിരിച്ചുവിട്ടു. അവരുടെ പേരിൽ പോലീസ് കേസെടുത്തു. വിജിലൻസ് കേസെടുത്തു. ഡിപ്പാർട്ടുമെന്റ് എൻക്വയറി നടത്തി, അത് കോടതിയിലെത്തിച്ചു. ഇപ്പോൾ 5 പേരുടെ പേരിൽ വിജിലൻസ് കോടതി 54 കോടി രൂപ വസൂലാക്കാൻ ഉത്തരവിട്ടിരിക്കുന്നു എന്ന സന്തോഷവാർത്ത അറിയിക്കുകയാണ്. സഹകരണ മേഖലയിൽ ഏതെങ്കിലും ക്രമക്കേടുകൾ വന്നാൽ ഒരാളെയും അത് X or Y, എൽ.ഡി.എഫ്. എന്നോ യു.ഡി.എഫ്. എന്നോ നോക്കാതെ

നടപടി സ്വീകരിച്ച് സർക്കാർ മുമ്പോട്ട് നീങ്ങുകയാണ്. ഈക്കാര്യത്തിൽ സ്വീകരിച്ച നടപടിയെല്ലാം ഫലപ്രദമായിരുന്നു. അത് ലക്ഷ്യം കണ്ടു എന്ന കാര്യംകൂടി ഈ സന്ദർഭത്തിൽ സൂചിപ്പിക്കുകയാണ്.

അങ്ങിവിടെ നോട്ട് നിരോധനവുമായി ബന്ധപ്പെട്ട വിഷയം സൂചിപ്പിച്ചു. അതുസംബന്ധിച്ച പ്രശ്നം വന്നപ്പോൾ എൽ.ഡി.എഫ്. എന്നോ യു.ഡി.എഫ്. എന്നോ വ്യത്യാസമില്ലാതെ ഈ സഭ ഐകകണ്ഠ്യേന പ്രമേയം പാസാക്കി. മുമ്പ് കേന്ദ്രം കവർന്നെടുക്കുന്ന അവകാശത്തെ സംബന്ധിച്ച് പ്രമേയം ഐകകണ്ഠ്യേന പാസാക്കി. ഏറ്റവും അവസാനമായി ആർ.ബി.ഐ. യുടെ ഭാഗത്തുനിന്നും നീക്കം വന്നപ്പോഴും യോജിച്ച പ്രക്ഷോഭമായിരുന്നു. അങ്ങനെ സഹകരണ മേഖലയിൽ യോജിച്ചാണ് ഇപ്പോഴും പോയിക്കൊണ്ടിരിക്കുന്നത്. ആ കാര്യത്തിൽ ഒരു തർക്കവുമില്ല. തെരഞ്ഞെടുപ്പ് നടക്കുന്ന ഘട്ടത്തിൽ ഒരു പക്ഷെ അങ്ങോട്ടും ഇങ്ങോട്ടും തർക്കം ഉണ്ടാകാം. അങ്ങ് ഇവിടെ ജനാധിപത്യ ധ്വംസനമുണ്ടെന്ന് പറഞ്ഞത് പഴയ കാലത്തെ സംഭവങ്ങളാണ്. അതു നിങ്ങളുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടുണ്ട്. ഞങ്ങളുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടുണ്ട്. ഇല്ലെന്നു പറയുന്നില്ല. ഈ അടുത്ത കാലത്ത്, തൊടുപുഴയിൽ തെരഞ്ഞെടുപ്പ

നടക്കുമ്പോൾ 1200 കാർഡാണ് ഒരു കോൺഗ്രസുകാരന്റെ വീട്ടിൽനിന്നും പോലീസ് പിടിച്ചെടുത്തത്. തൊടുപുഴ പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്, ആ കേസ് ഇപ്പോഴും നിലനിൽക്കുകയാണ്. അത്തരത്തിലുള്ള പ്രവർത്തനം പണ്ടു കാലത്ത് നടന്നിട്ടുണ്ട്. ഇപ്പോൾ ജനാധിപത്യപരമായ ഉള്ളടക്കത്തോടുകൂടി ആ മേഖല സുതാര്യമായും അതോടൊപ്പം തന്നെ ശാന്തമായും മുമ്പോട്ട് പോകുന്ന ഒരു അവസ്ഥയാണ്. പുതിയ നിയമത്തിൽ കൊണ്ടുവന്നിട്ടുള്ള പ്രൊപ്പോസലുകൾ അത് കൂടുതൽ സുതാര്യമാക്കാൻ സഹായിക്കുന്നതാണ്. പിന്നീട് അങ്ങ് സൂചിപ്പിച്ചത് രണ്ട് ടേൺ എന്നുള്ളത് മൂന്ന് ടേൺ ആക്കണമെന്നാണ്. ഏതായാലും ഈ ബിൽ സെലക്ട് കമ്മിറ്റിക്ക് അയയ്ക്കുകയാണ്. പൊതുവിൽ എല്ലാവരുടെയും അഭിപ്രായം വന്നതിനുശേഷം തീരുമാനിക്കാം. സെലക്ട് കമ്മിറ്റിയിൽ ജീവനക്കാരുടെയും സഹകാരികളുടെയുമെല്ലാം അഭിപ്രായങ്ങൾ കൂടി സ്വീകരിച്ചുകൊണ്ടു മാത്രമേ ഇതു പൂർത്തീകരിക്കൂ. അതുകൊണ്ട് അങ്ങയേക്ക് ഇക്കാര്യത്തിൽ പറയാനുള്ള കൂടുതൽ കാര്യങ്ങൾ സന്ദർഭം വരുമ്പോൾ പറയാൻ അവസരമുണ്ടാകും.

ഒരു കാര്യവുമില്ലാതെ അങ്ങ് ഇവിടെ രാഷ്ട്രീയം വലിച്ചിഴച്ചു. എന്തിനാണങ്ങനെ കൊണ്ടുവന്നത്. ഈ രംഗത്ത് വളരെ

അനുഭവസമ്പത്തുള്ള ഒരു നിയമജ്ഞൻ കൂടിയായ അങ്ങയുടെ ഭാഗത്തുനിന്നും ക്രിയാത്മകമായ നല്ലൊരു ചർച്ചയാണ് പ്രതീക്ഷിച്ചത്. പക്ഷേ തുടങ്ങിവച്ചത് സി.പി.ഐ.(എം.)-ന്റെ പിന്നോക്കാവസ്ഥയും അതുപോലെതന്നെ എവിടെയൊക്കെ പോയിയെന്നുള്ള കാര്യങ്ങളുമൊക്കെയാണ്. ഡോ. മാത്യു കുഴൽനാടൻ വേറൊരു കാര്യം കൂടി പറഞ്ഞിട്ടാണ് പോയത്. യഥാർത്ഥത്തിൽ ക്ഷീണിച്ച സംഭവം പരിശോധിച്ചാൽ, സ്വാതന്ത്ര്യാനന്തര ഭാരതത്തിൽ സൂര്യനസ്തമിക്കാത്ത ബ്രിട്ടീഷ് സാമ്രാജ്യത്തിൽ ഭരണം കൈമാറി കോൺഗ്രസിന്റെ കൈകളിൽ തന്നതാണ്. ഇപ്പോൾ നിങ്ങൾ എവിടെയെത്തി; കുളിപ്പിച്ചു കുളിപ്പിച്ച് കൊച്ചില്ലാതെയായി എന്നു പറഞ്ഞതുപോലെയായി. യഥാർത്ഥത്തിൽ നിങ്ങൾ രാജസ്ഥാനിലും, അതുപോലെ ഹിമാചൽപ്രദേശിൽ കിട്ടിയപ്പോഴോ രണ്ട് ചേരിയായിത്തിരിഞ്ഞ് മുഖ്യമന്ത്രിയുടെ മുന്നിൽ മുദ്രാവാക്യം വിളിക്കുകയാണ്. ഈ ഒരു അവസ്ഥ നിങ്ങളുടെ മുമ്പിൽ വരികയാണ്, ഇതാണ് നിങ്ങളുടെ ഗതികേട്. യഥാർത്ഥത്തിൽ കോൺഗ്രസിന്റെ ഒരു സ്ഥിതി പൊതുവിലെടുത്താൽ, XXX XXX+ നിൽക്കുന്ന അവസ്ഥയിലാണ് കോൺഗ്രസ്സ്, അത്രയേയുള്ളൂ.

---

\+ ബഹുമാനപ്പെട്ട മന്ത്രി പിൻവലിച്ചു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങിത് പറഞ്ഞതുകൊണ്ട് ചോദിക്കുകയാണ്. അങ്ങയുടെ പാർട്ടിക്കെന്തു കിട്ടി. ഞങ്ങൾക്കിത്രയേയുള്ളൂ. ഞാൻ സമ്മതിച്ചു. കാരണം ഞങ്ങൾ ഭരണഘടന ഉണ്ടാക്കിയവരാണ്. ഞങ്ങൾ പ്ലൂറൽ പൊളിറ്റിക്കൽപാർട്ടി അംഗീകരിച്ചവരാണ്. അതുകൊണ്ട് അപ്പുറത്തും ഇപ്പുറത്തുമെല്ലാം വരും, ഒരു സംശയവുമില്ല. അങ്ങയുടെ പാർട്ടിക്ക് അവിടെ ഒരാളുണ്ടായിരുന്നു. അദ്ദേഹത്തിന് എത്രാമത്തെ സ്ഥാനമാണവിടെ കിട്ടിയതെന്ന് ദയവായി അങ്ങ് ഒന്നാലോചിച്ചു നോക്കൂ.

ശ്രീ. വി. എൻ. വാസവൻ: സർ, ഞാൻ പറഞ്ഞുവന്ന രാഷ്ട്രീയത്തിന്റെ കാര്യമൊന്ന് തീർത്തോട്ടെ. നിങ്ങളുടെ വലിപ്പം എവിടെ എത്തിനിൽക്കുന്നു എന്ന് മനസ്സിലാക്കാൻ അത് പരിശോധിച്ചാൽ മതി.

കോൺഗ്രസ് ഇപ്പോൾ അഭിമുഖീകരിക്കുന്ന പ്രശ്നമെന്താണെന്ന് ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണന് അറിയാം. കോളംമിസ്റ്റായ പ്രൊഫസർ മാടവന ബാലകൃഷ്ണപിള്ള പണ്ടൊരു കോളമെഴുതിയത് ഞാനിപ്പോൾ ഓർക്കുന്നു. ലോക മലയാളി സമ്മേളനം അമേരിക്കയിൽ നടക്കുന്നു. അമേരിക്കയിലേയ്ക്ക് കേരളത്തിൽനിന്നും കപ്പൽമാർഗ്ഗം വലിയൊരു കണ്ടെയ്നറിൽ ഞണ്ടിനെ കൊണ്ടുപോകുകയാണ്. നടുക്കടലിൽ

എത്തിയപ്പോൾ കണ്ടെയ്നറിന്റെ അടപ്പ് തുറന്നുപോയി. കപ്പലിലുള്ളവരെല്ലാം ബഹളംകൂട്ടി. ഇത് കയറിവന്നാൽ എല്ലാവരെയും ഇറുക്കും, ആകെ കുഴപ്പത്തിലാകും. അപ്പോൾ മലയാളിയായ കപ്പിത്താൻ പറഞ്ഞു, 'ആരും ഭയപ്പെടേണ്ടതില്ല. ഞണ്ട് പുറത്ത് വരില്ല. മുഴുവൻ ഞണ്ടും മലയാളികളാണ് ' എന്ന്. അതിന്റെ അർത്ഥം, ആര് മുകളിലേയ്ക്ക് കയറുന്നോ, അവരെയെല്ലാം താഴെയുള്ളവർ വലിച്ചുകൊണ്ടിരിക്കും. ഇപ്പോൾ കോൺഗ്രസ്സിൽ നടക്കുന്നതുപോലെ. ശ്രീ. അശോക് ഗെഹ്‌ലോട്ട് മുകളിലേയ്ക്ക് പോയാൽ അപ്പുറത്തുനിന്ന് ശ്രീ. സച്ചിൻ പൈലറ്റ് വലിക്കും. ഇവിടെ ശ്രീ. രമേശ് ചെന്നിത്തല മുന്നോട്ടുവന്നാൽ ഇപ്പുറത്തുനിന്ന് ആര് വലിക്കുമെന്ന് ഞാൻ പറയേണ്ടതില്ലല്ലോ. ഡോ. ശശി തരൂർ ഇപ്പോൾ വേറൊരു വലിയുമായി വരുന്നു. ഇങ്ങനെയുള്ള വലി നടന്നുകൊണ്ടിരിക്കുകയാണ്. ഇതാണ് കോൺഗ്രസ്സിനുള്ളിലെ യഥാർത്ഥ പ്രശ്നം. ഒരെണ്ണത്തിനെയും പോകാൻ സമ്മതിക്കില്ല. യഥാർത്ഥത്തിൽ ആഭ്യന്തര പ്രശ്നം ഒഴിഞ്ഞിട്ടുവേണം നിങ്ങൾക്ക് നാട്ടുനന്നാക്കാൻ. അവനവന്റെ താടി താങ്ങാൻ കഴിയാത്തവർ മറ്റുള്ളവരുടെ അങ്ങാടി എങ്ങനെയാണ് താങ്ങുക? സ്വന്തം പാർട്ടിയിലെ പ്രശ്നങ്ങൾ പരിഹരിച്ചതിനുശേഷമേ നിങ്ങൾക്ക് നാട്ടുകാര്യങ്ങൾ

പരിഹരിക്കാൻ കഴിയുകയുള്ളൂ.

ഈ ബിൽ സെലക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന വിടണമെന്ന പ്രമേയത്തിൽ പ്രധാനമായും നിർദ്ദേശിക്കുവാനുള്ളത്, സർവ്വശ്രീ പി. അബ്ദുൽ ഹമീദ്, ഇ. ചന്ദ്രശേഖരൻ, വി. ജോയി, കോവൂർ കുഞ്ഞുമോൻ, ടി. ഐ. മധുസൂദനൻ, മോൻസ് ജോസഫ്, സെബാസ്റ്റ്യൻ കുളത്തുങ്കൽ, വി. ആർ. സുനിൽ കുമാർ, സണ്ണി ജോസഫ്, കടകംപള്ളി സുരേന്ദ്രൻ, ഡോ. മാത്യു കുഴൽനാടൻ, ശ്രീമതി കെ. കെ രമ, ശ്രീമതി ശാന്തകുമാരി കെ. ....

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, സെലക്ട് കമ്മിറ്റിയെ അനൗൺസ് ചെയ്യേണ്ടത് ചെയറാണ്.

ശ്രീ. വി. എൻ. വാസവൻ: സർ, ഞാൻ അത് ചോദിച്ചിരുന്നു. അപ്പോൾ അവർ പറഞ്ഞു, ഞാൻതന്നെ പറയണമെന്ന്. വകുപ്പുമന്ത്രിയാണ് സെലക്ട് കമ്മിറ്റിയുടെ ചെയർമാൻ.

മി. സ്പീക്കർ: ശ്രീ. പി. നന്ദകുമാർ, 2022-ലെ കേരള സഹകരണ സംഘ (മൂന്നാം ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. പി. നന്ദകുമാർ</u>: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

<u>മി. സ്പീക്കർ</u>: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സണ്ണി ജോസഫ്, 2022-ലെ കേരള സഹകരണ സംഘ (മൂന്നാം ഭേദഗതി) ബിൽ ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. സണ്ണി ജോസഫ്</u>: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

<u>മി. സ്പീക്കർ</u>: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2022-ലെ കേരള സഹകരണ സംഘ (മൂന്നാം ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചിരിക്കുന്നു.

ബഹുമാനപ്പെട്ട സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി, സർവ്വശ്രീ അബ്ദുൽ ഹമീദ് പി., ഇ. ചന്ദ്രശേഖരൻ, വി. ജോയി, കോവൂർ കുഞ്ഞുമോൻ, ടി. ഐ. മധുസൂദനൻ, മോൻസ് ജോസഫ്, സെബാസ്റ്റ്യൻ

കുളത്തുങ്കൽ, വി. ആർ. സുനിൽ കുമാർ, സണ്ണി ജോസഫ്, കടകംപള്ളി സുരേന്ദ്രൻ, തോമസ് കെ. തോമസ്, ഡോ. മാത്യു കുഴൽനാടൻ, ശ്രീമതി കെ. കെ രമ, ശ്രീമതി ശാന്തകുമാരി കെ. എന്നിങ്ങനെ 15 പേരടങ്ങിയ സെലക്ട് കമ്മിറ്റിയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, ശ്രീ. മാത്യു ടി. തോമസിനെയും പ്രസ്തുത സെലക്ട് കമ്മിറ്റിയിൽ അംഗമായി ഉൾപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: അക്കാര്യത്തിൽ ഭരണപക്ഷത്തിന്റെ അഭിപ്രായം ആദ്യമേതന്നെ പറഞ്ഞുതീർക്കേണ്ടതായിരുന്നു.

(2) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും:

(i) 2022-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും (ഭേദഗതി) ബിൽ

(ii) 2021-ലെ കേരള ഭൂപരിഷ്കരണ (ഭേദഗതി) ബിൽ

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2022-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും (ഭേദഗതി) ബിൽ, സബ്ജക്ട്

കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2021-ലെ കേരള ഭൂപരിഷ്കരണ (ഭേദഗതി) ബിൽ എന്നിവ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, അങ്ങ് സംസാരിക്കുന്നുണ്ടോ?

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ചർച്ചയ്ക്കുശേഷം സംസാരിക്കാം.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, 2022-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും (ഭേദഗതി) ബിൽ, 2021-ലെ കേരള ഭൂപരിഷ്കരണ (ഭേദഗതി) ബിൽ എന്നിവയിൽ ഞാനെന്റെ വിയോജനക്കുറിപ്പ് രേഖപ്പെടുത്തുന്നു. ഈ ബില്ലിന് വിയോജനക്കുറിപ്പ് നൽകിയിട്ടുള്ള ഒരാളെന്ന നിലയിൽ ഇവിടെ സംസാരിക്കുമ്പോൾ എനിക്ക് ഓർമ്മ വരുന്നത്, ഞാനെന്റെ മണ്ഡലത്തിൽ ശുചിത്വ മിഷന്റെ ആഭിമുഖ്യത്തിൽ നടന്ന കുറേ പരിപാടികളിൽ പങ്കെടുത്തിരുന്നതാണ്. പുഴയിലെ മാലിന്യങ്ങൾ നീക്കം ചെയ്ത് പുഴകളൊക്കെ സംരക്ഷിക്കുന്ന

പരിപാടിയാണ്. അവിടെയുള്ള ചില ബാനറുകളിൽ നദികൾ നമ്മളോട് പറയുന്നതുപോലെയാണ് എഴുതി വച്ചിരിക്കുന്നത്. നദികൾ നമ്മളോട് കേണപേക്ഷിക്കുകയാണ്, "ഞാനൊന്ന് ഒഴുകട്ടെ. എന്നെയൊന്ന് ഒഴുകാൻ വിടൂ" എന്ന്. നദികളെ സംരക്ഷിക്കാൻ സർക്കാരും മന്ത്രിയും സ്വീകരിക്കുന്ന എല്ലാ നടപടികൾക്കും മുഴുവൻ കേരളീയ സമൂഹത്തിന്റെയും പിന്തുണയുണ്ടാകുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല.

സംരക്ഷണത്തിന്റെ ശക്തനായ വക്താവും പ്രയോക്താവുമായ മന്ത്രി എം.എൽ.എ.-മാരെ സംരക്ഷിക്കുന്ന കാര്യത്തിലും താൽപര്യം കാണിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്. ഞാനിത് പറയുവാനുണ്ടായ കാരണം ഇന്നലെ നിയമസഭാ സമ്മേളനത്തിനായി വരുമ്പോൾ ട്രെയിനിൽ ഞങ്ങൾക്കെല്ലാവർക്കുമുണ്ടായ ദുരനുഭവമാണ്. ഞങ്ങളെല്ലാവരും മാവേലി എക്സ്പ്രസ്സിൽ എ.സി. ത്രീ ടയറിനായിരുന്നു ടിക്കറ്റെടുത്തിരുന്നത്. പക്ഷെ, ഞങ്ങളെല്ലാവരും സ്ലീപ്പർ ക്ലാസിലേയ്ക്ക് എടുത്തെറിയപ്പെട്ടു. അതിൽ വിഷമമൊന്നുമില്ല. നമ്മൾ സ്ലീപ്പർ ക്ലാസ്സിലും ജനറൽ കമ്പാർട്ടുമെന്റിലുമൊക്കെ സഞ്ചരിക്കണം. സ്ലീപ്പർ ക്ലാസ്സിലും ജനറൽ കമ്പാർട്ട്മെന്റിലും സഞ്ചരിക്കുന്ന സാധാരണക്കാരായ എത്രയോ ആളുകളുണ്ട്.

അവരിൽപ്പെട്ട ആളുകൾ തന്നെയാണ് നമ്മളും. പക്ഷെ, എം.എൽ.എ.മാർ ടിക്കറ്റെടുക്കുന്നത് റെയിൽവേ കൂപ്പൺ ഉപയോഗിച്ചാണെന്ന് നമുക്കറിയാം. റെയിൽവേ കൂപ്പൺവച്ച് ടിക്കറ്റെടുത്താൽ എ.സി. ക്ലാസിൽനിന്ന് സ്ലീപ്പറിലേയ്ക്ക് മാറ്റുമ്പോൾ ന്യായമായും നമുക്കതിന്റെ ഡിഫറൻസ് തിരിച്ച് നൽകേണ്ടതാണ്. അത് നൽകുന്നില്ല. കൂപ്പൺ ഉപയോഗിച്ച് ടിക്കറ്റെടുത്താൽ നമുക്കൊരിക്കലും അത് റീഫണ്ട് ചെയ്യാൻ പറ്റുന്നില്ല. നമ്മുടെ യാത്ര ക്യാൻസൽ ചെയ്താൽ പൈസ പോകുകയും ചെയ്യും. എം.എൽ.എ.മാരുടെ സങ്കടം മനസ്സിലാക്കി ഞങ്ങളെയും സംരക്ഷിക്കുന്ന കാര്യത്തിൽ താൽപര്യമെടുക്കണമെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്കാദ്യമായി അഭ്യർത്ഥിക്കുവാനുള്ളത്. ഇക്കാര്യം ബഹുമാനപ്പെട്ട സ്പീക്കർക്കും അറിയാവുന്നതാണ്.

മി. സ്പീക്കർ: അതെ. അതിനെ ഗൗരവത്തോടെ അഡ്രസ് ചെയ്യാം.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, അങ്ങയുടെകൂടി ഫലപ്രദമായ ഇടപെടലുണ്ടാകണം. ഇന്നലെ ഞങ്ങൾ പതിനഞ്ചോളം എം.എൽഎ.-മാർക്കുണ്ടായ തിക്താനുഭവമാണ് ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തിയത്. അങ്ങയുടെ ഫലപ്രദമായ ഇടപെടലുണ്ടാകണമെന്ന് ഞാൻ ഒരിക്കൽക്കൂടി

അഭ്യർത്ഥിക്കുകയാണ്.

2001-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും ആക്റ്റ് (2001-ലെ ആക്ട് -18) വീണ്ടും ഭേദഗതി ചെയ്യുന്നു എന്നാണ് ഇതിൽ പറയുന്നത്. 20, 23 എന്നീ വകുപ്പുകളാണ് ഭേദഗതി ചെയ്യുന്നത്. നിയമത്തിലെ വ്യവസ്ഥകൾ ലംഘിക്കുന്നവർക്കുള്ള പിഴ 25,000 രൂപയിൽനിന്നും 5 ലക്ഷം രൂപയാക്കി മാറ്റുന്നു. നിയമം അനുസരിച്ചില്ലെങ്കിൽ ഓരോ ദിവസവും നൽകേണ്ട 1,000 രൂപ 50,000 രൂപയായി മാറുന്നു. ഇതിനോടൊന്നും ഞാൻ വിയോജിക്കുന്നില്ല. 5 ലക്ഷമല്ല, വേണമെങ്കിൽ 5 കോടി രൂപ വരെയാക്കാമെന്നാണ് എനിക്ക് പറയുവാനുള്ളത്. പുഴയെ സംരക്ഷിക്കുന്നതിനായി 5 ലക്ഷത്തിനെ 5 കോടി രൂപയാക്കിയാലും ആർക്കും അതിനോട് വിയോജിപ്പില്ല. പക്ഷെ, ഇതൊക്കെ ചെയ്താലും നാം ആഗ്രഹിക്കുന്ന മണൽ വാരൽ നിയന്ത്രിക്കാൻ കഴിയുമോ എന്നതിനെ കുറിച്ചാണ് നമ്മൾ പരിശോധിക്കേണ്ടത്. നമ്മൾ തലവേദന വരുമ്പോൾ ഡോക്ടറെ സമീപിക്കുന്നുണ്ട്. ഒരു ഡോക്ടറും തല വെട്ടിക്കളയണമെന്ന് നമ്മോട് പറയാറില്ല. തലവേദന വരുമ്പോൾ ആരും തല വെട്ടിക്കളയാറില്ല. ഇതിനൊരു പ്രതിവിധിയുണ്ടാകണം. എന്തുകൊണ്ട് നമ്മുടെ നാട്ടിൽ

അനധികൃത മണൽക്കടത്ത് ഉണ്ടാകുന്ന എന്നതിനെ കുറിച്ചാണ് നമ്മൾ ചിന്തിക്കേണ്ടത്. ഇപ്പോൾ ആവശ്യത്തിന് മണൽ കിട്ടാതെ വരുമ്പോൾ, ഏതാവശ്യക്കാരും ആരേയും ആശ്രയിക്കും. നമ്മുടെ പ്രവാസികൾ, ഗൾഫ് നാടുകളിൽനിന്നും ഒരു മാസത്തെ അവധിയെടുത്ത് നാട്ടിൽ വരുമ്പോൾ അവർക്ക് പല വിധത്തിലുള്ള ആഗ്രഹങ്ങളും സ്വപ്നങ്ങളുമുണ്ടാകും. മുപ്പതു ദിവസത്തെ അവധിക്കുള്ളിൽ  അവർക്കൊരു വീട് പണിയേണ്ടതുണ്ട്, അതിന് ധാരാളം സാധന സാമഗ്രികൾ ആവശ്യമാണ്. അതിൽ ഏറ്റവും അത്യന്താപേക്ഷിതമായ ഒന്നാണ് മണൽ.  മണൽ കിട്ടാത്ത കാരണത്താൽ വീടെന്ന സ്വപ്നം ഒരിക്കലും സാക്ഷാൽക്കരിക്കപ്പെടാതെ അവധിയും കഴിഞ്ഞ് ഗൾഫിലേയ്ക്ക് നിരാശരായി മടങ്ങിപ്പോകേണ്ടിവരുന്ന എത്രയോ ആളുകൾ നമ്മുടെ നാട്ടിലുണ്ടെന്ന് നമുക്കെല്ലാമറിയാം. അങ്ങനെ വരുമ്പോൾ അവർക്ക് എന്ത് ചെയ്യാൻ കഴിയും? അവരുടെ വീട് നിർമ്മാണം പകുതിയിലാകുമ്പോൾ അത് പൂർത്തിയാക്കുന്നതിന് അനധികൃത മണൽ കടത്തുകാരെ ആശ്രയിക്കും. ഇപ്പോൾ അനധികൃത മണൽക്കടത്ത് പിടികൂടുന്നതിനായി നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥർപോലും അവരുടെ വീടിന്റെ നിർമ്മാണത്തിനായി ഈ അനധികൃത മണൽ കടത്തുകാരെ ആശ്രയിക്കുന്നുണ്ട്. അതിനാൽ

ആവശ്യക്കാർക്ക് മണൽ നൽകാനുള്ള നടപടി സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടായാൽ ഇത്തരത്തിലുള്ള അനധികൃത മണൽക്കടത്ത് തടയാൻ സാധിക്കുമെന്നാണ് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്. ആവശ്യക്കാർക്ക് മണൽ നൽകാൻ സർക്കാരിന് കഴിഞ്ഞാൽ അനധികൃതമായി ഒരു തരി മണൽപോലും കടത്താൻ ആരും തയ്യാറാകില്ല, അതിനാണ് സർക്കാർ ശ്രമിക്കേണ്ടത്. അതുപോലെതന്നെ സർക്കാർ തലത്തിൽ നിർമ്മാണത്തിനുവേണ്ട മണൽ ലഭ്യത ഉറപ്പാക്കണം. ഇപ്പോൾ നിർമ്മാണത്തിനുവേണ്ടി ഉപയോഗിക്കുന്നതിന് M-Sand, quartz, feldspar, mica എന്നീ ധാതുക്കളാണുള്ളത്. ക്വാർട്സ് ഒഴികെയുള്ള ഫെൽഡ്സ്പാർ, മൈക്ക എന്നിവ ഗുണരഹിതമാകുംവിധം ഡീഗ്രേഡ് ചെയ്യപ്പെടുകയും കാലപ്പഴക്കത്തിൽ അവ ക്ലേ മെറ്റീരിയലായി രൂപാന്തരപ്പെട്ട് വെള്ളവുമായി ചേർന്ന് വികസിച്ച് കോൺക്രീറ്റിന് വിള്ളൽ വരുത്താൻ സാധ്യതയുണ്ടെന്നാണ് പല വിദഗ്ദ്ധരും പറയുന്നത്. ഇതെല്ലാം കണക്കിലെടുത്ത് ക്വാർട്സ് അതായത് ആറ്റുമണൽ ഉപയോഗിച്ച് നിർമ്മാണം നടത്തുന്നതാണ് അഭികാമ്യം. ഡാമിൽനിന്നും മണൽ ഖനനം ചെയ്യുന്നതിനെക്കുറിച്ചാണ് നമ്മൾ ഇപ്പോൾ ഗൗരവമായി

ചിന്തിച്ചുവരുന്നത്. ഇത് പ്രായോഗികമല്ലെന്നാണ് ചിലരുടെ അഭിപ്രായം. ഡാമിൽ ചെളിയും ക്ലേയും മാത്രമെ ഡെപ്പോസിറ്റ് ചെയ്യപ്പെടാറുള്ളൂ. മണൽ ലഭ്യത നദിയുടെ ഒഴുക്കിന് ആനുപാതികമായി അപ്സ്ട്രീമിൽ മണലും ജലത്തിന്റെ ഒഴുക്കിന്റെ വേഗത കുറയുന്നതനുസരിച്ച് മണൽ, സിൽട്ട്, ക്ലേ എന്നിവയും ഡെപ്പോസിറ്റ് ചെയ്യപ്പെടുന്നു. അതുകൊണ്ടാണ് ഡാമിന്റെ അടിത്തട്ടിൽ മണൽ നിക്ഷേപമില്ലെന്ന് പലരും പറയുന്നത്. ശാസ്ത്രീയമായ രീതിയിൽ സാൻഡ് ഓഡിറ്റിംഗ് നടത്തിയാൽ മാത്രമെ എല്ലാ പുഴകളിലും മണലിന്റെ നിക്ഷേപം എത്രയാണുള്ളതെന്ന് വ്യക്തമായി അറിയാൻ സാധിക്കുകയുള്ളൂ. അടുത്തത് റിവർ മാനേജ്മെന്റ് ഫണ്ടിനെപ്പറ്റിയാണ്; അനധികൃതമായി മണൽ കടത്താനായി ഉപയോഗിക്കുന്ന ലോറികളും മറ്റുവണ്ടികളുമെല്ലാം പിടിച്ചെടുത്ത് ലേലം ചെയ്തുകിട്ടുന്ന പണമുപയോഗിച്ചാണ് റിവർ മാനേജ്മെന്റ് ഫണ്ട് രൂപീകരിക്കുന്നത്. ആ ഫണ്ട് എത്ര ജില്ലകളിൽ കാര്യക്ഷമമായി വിനിയോഗിച്ചിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കിയാൽ നന്നായിരുന്നു. പല ജില്ലകളിലും റിവർ മാനേജ്മെന്റ് ഫണ്ട് (RMF) വിനിയോഗിക്കുന്നില്ലെന്നാണ് മനസ്സിലാക്കുന്നത്. പുഴയുടെ തീരപ്രദേശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടിയാണ് ആ ഫണ്ട്

ഉപയോഗിക്കേണ്ടത്. കാസർഗോഡ് ജില്ലയിൽ, അടുത്ത കാലത്തൊന്നും റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ചിട്ടില്ലെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. Retaining wall പുഴകളുടെ ഇരുകരകളിലും നിർമ്മിക്കുന്നതിനും ഈറ, കൈത തുടങ്ങിയ സസ്യങ്ങൾ നട്ടുവളർത്തി മണ്ണൊലിപ്പ് തടയേണ്ടതിനുമെല്ലാമാണ് റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിക്കേണ്ടത്. മണൽ ലേലത്തെക്കുറിച്ച് വിശദീകരിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല, ബഹുമാനപ്പെട്ട മന്ത്രിക്ക് അതിനെപ്പറ്റി അറിയാവുന്നതാണ്. ഇപ്പോഴത്തെ മണൽ ലേലം അടിമുടി മാറ്റേണ്ടത് അത്യന്താപേക്ഷിതമാണ്. സർക്കാരിന്റെ മേൽനോട്ടത്തിൽ മണൽ സംഭരിച്ച്, നിർമ്മാണ മേഖലകൾക്ക് നൽകാനുള്ള നടപടിയെടുത്താൽ നമ്മൾ ആഗ്രഹിക്കുന്ന രീതിയിൽ കാര്യങ്ങൾ നീങ്ങുമെന്നാണ് എനിക്ക് പറയാനുള്ളത്. മറ്റൊരുകാര്യം, സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിൽ കെട്ടിക്കിടക്കുന്ന വാഹനങ്ങളെപ്പറ്റിയാണ്; ഇതുമായി ബന്ധപ്പെട്ട് 2017-ൽ സഭയിൽ ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഒരു ചോദ്യം ഉന്നയിച്ചിരുന്നു: "നിയമലംഘനത്തിന്റെ പേരിൽ പിടിച്ചെടുത്ത എത്ര വാഹനങ്ങൾ പോലീസ്സ്റ്റേഷൻ വളപ്പുകളിലുണ്ടെന്നും അവ എത്രകാലമായി

സൂക്ഷിച്ചിട്ടുണ്ടെന്നുമുള്ള ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ?" എന്നതായിരുന്നു ആ ചോദ്യം. അതിനുലഭിച്ച മറുപടി; "പോലീസ് പിടിച്ചെടുത്ത 36,768 വാഹനങ്ങൾ പോലീസ്സ്റ്റേഷൻ വളപ്പുകളിലുണ്ട്" എന്നാണ്. ഞാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനാഗ്രഹിക്കുന്ന ഒരു കാര്യം....

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗം, താങ്കൾ സമയ പരിധിക്കുള്ളിൽ സംസാരം അവസാനിപ്പിക്കണം.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, രണ്ട് മിനിട്ടിനുള്ളിൽ എന്റെ പ്രസംഗം അവസാനിപ്പിക്കാം. പോലീസ് സ്റ്റേഷനുകളിൽ കെട്ടിക്കിടക്കുന്ന വാഹനങ്ങൾ ലേലം ചെയ്തുനൽകാനോ അല്ലെങ്കിൽ അതിന്റെ ഉടമകൾക്ക് പിഴയടച്ച് അവ സ്വന്തമാക്കാനോ അവസരം കൊടുത്താൽ ഒരുപക്ഷെ ആരുംതന്നെ വരികയില്ല; കാരണം ആ വാഹനങ്ങൾ അവരുടെ പേരിൽ രജിസ്റ്റർ ചെയ്തവയായിരിക്കില്ല. അങ്ങനെയുള്ള വാഹനങ്ങളുടെ യഥാർത്ഥ ഉടമയെ ഒരിക്കലും കണ്ടെത്താൻ സാധിക്കില്ല. ഈ ബില്ലുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട അംഗം, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ പറഞ്ഞത്; നമ്മുടെ എല്ലാ ജോലികളും ജില്ലാകളക്ടർമാരെ

ഏൽപ്പിച്ചാൽ കളക്ടർമാർ കുടുങ്ങുമെന്ന കാര്യത്തിൽ യാതൊരു സംശയവും വേണ്ട എന്നാണ്. ഇപ്പോൾത്തന്നെ ഓരോ ജില്ലയിലേയും കളക്ടർമാർക്ക് ഭാരിച്ച ഉത്തരവാദിത്വമാണുള്ളത്. ധാരാളം കമ്മിറ്റികളുടെ തലപ്പത്ത് കളക്ടർമാരെയാണ് നിയോഗിച്ചിരിക്കുന്നത്. അവർ ചെയർമാൻമാരായിട്ടുള്ള കമ്മിറ്റികളുടെ യോഗം വിളിക്കുന്നതിനുതന്നെ സമയമില്ല. ഈ സാഹചര്യത്തിൽ അവരെ വീണ്ടും പുതിയ ഉത്തരവാദിത്വങ്ങൾ ഏൽപ്പിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി ഈ ബിൽ കൊണ്ടുവന്നതുതന്നെ എല്ലാ നടപടികളും ത്വരിതപ്പെടുത്തുന്നതിനുവേണ്ടിയാണ്. അപ്പോൾ ഇതിന്റെ ഉത്തരവാദിത്വവും ജില്ലാകളക്ടർമാരെ ഏൽപ്പിച്ചാൽ, കാര്യങ്ങൾ ദ്രുതഗതിയിൽ നടക്കുകയില്ലെന്ന കാര്യം ബഹുമാനപ്പെട്ട മന്ത്രിയെ ഓർമ്മപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. മറ്റൊന്ന്, അനധികൃത കടത്തുനടത്തുന്ന തോണികൾ, അതുപോലെതന്നെ മണൽ കടത്താൻ ഉപയോഗിക്കുന്ന വണ്ടികൾ, ഇവയൊക്കെ ഫൈൻ ഈടാക്കി തിരിച്ച് നൽകേണ്ടതാണ്. എന്നാൽ ചില ഉദ്യോഗസ്ഥർ അനധികൃതമായി പിടിച്ചെടുത്ത തോണികൾ ഒരു നിയമത്തിന്റെയും പിൻബലമില്ലാതെ അതത് സ്ഥലത്തുതന്നെ നശിപ്പിക്കുകയാണ് ചെയ്യുന്നത്. ഇത്തരം പ്രവൃത്തികൾ

നിയമാനുസൃതമായിട്ടാണോ ചെയ്യുന്നതെന്ന് ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കണമെന്നാണ് ഈ അവസരത്തിൽ എനിക്ക് പറയാനുള്ളത്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗം താങ്കളുടെ സമയം കഴിഞ്ഞു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഞാൻ ഒരു മിനിട്ടിനുള്ളിൽ അവസാനിപ്പിക്കാം.

മി. സ്പീക്കർ: അങ്ങനെ പറഞ്ഞ് ഇപ്പോൾ മൂന്ന് മിനിറ്റോളമായി.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഞാൻ ഉടൻ അവസാനിപ്പിക്കാം. ബഹുമാനപ്പെട്ട മന്ത്രിയോട് പറയാനുള്ളത്, വീട് നിർമ്മിക്കുന്നവർക്ക് സർക്കാർതന്നെ മണൽലഭ്യത ഉറപ്പാക്കേണ്ടത് ആവശ്യമാണ്. നിർമ്മാണത്തിനാവശ്യമായ മണൽ ലഭ്യമാകാതെ എത്രയോ സർക്കാർ പ്രവർത്തികൾതന്നെ മുടങ്ങിക്കിടക്കുകയാണ്. മണലിന്റെ ലഭ്യത സർക്കാർതന്നെ ഉറപ്പാക്കിയാൽ ആരുംതന്നെ മണൽ കള്ളക്കടത്തിന് തയ്യാറാകില്ല. ആവശ്യക്കാരെ ചൂഷണം ചെയ്യാൻവേണ്ടിയാണ് ഇവർ മുന്നോട്ടുവരുന്നത്. കള്ളക്കടത്ത് നടത്തിക്കൊണ്ടുവരുന്ന മണൽ വാങ്ങാൻ ആരുമില്ലെന്ന് മനസ്സിലായാൽ ഈ പണിക്ക് ആരും തയ്യാറാകില്ല. സർക്കാരിന്റെ നിർമ്മാണ പ്രവൃത്തികൾക്കായാലും സ്വകാര്യവ്യക്തികളുടെ

ആവശ്യങ്ങൾക്കായാലും അതത് സമയത്ത് അവർക്കാവശ്യമുള്ള മണൽ എത്തിക്കാനുള്ള നടപടികൾ സർക്കാർതന്നെ സ്വീകരിച്ചാൽ നമുക്ക് നമ്മുടെ പുഴകളെയും തീരങ്ങളെയും സംരക്ഷിക്കാനും അനധികൃത മണൽ കടത്ത് സംസ്ഥാനത്ത് നടക്കുന്നില്ലെന്ന് ഉറപ്പാക്കാനും കഴിയും. അതിനനുസരിച്ചുള്ള നടപടികൾ നടപ്പാക്കാൻ ബഹുമാനപ്പെട്ട മന്ത്രി മുൻകയ്യെടുക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ഡോ. എം. കെ. മുനീർ ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. നജീബ് കാന്തപുരം): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ഇന്ന് പ്രകൃതിയെക്കുറിച്ചും കാടിനെക്കുറിച്ചും നദികളെക്കുറിച്ചുമെല്ലാം സംസാരിക്കുന്നവരെ പരിസ്ഥിതി തീവ്രവാദി എന്ന് മുദ്രചാർത്തി കുറ്റപ്പെടുത്തുന്ന കാലമാണ്. അതുകൊണ്ടുതന്നെ വളരെ ഗൗരവമായിട്ടുള്ള നാളത്തെ ജനതയുടെ ജീവിതവുമായി ബന്ധപ്പെട്ട സുപ്രധാനമായ ഒരു ചർച്ചയാണ് ഇവിടെ നടക്കേണ്ടതെന്ന് ആമുഖമായി ഞാൻ സൂചിപ്പിക്കുകയാണ്. മണ്ണും പുഴയും

ആകാശവും മലിനീകരിക്കപ്പെടുകയും യാതൊരു തത്വദീക്ഷയുമില്ലാതെ പ്രകൃതി ചൂഷണം നിർബാധം തുടരുകയും ചെയ്യുന്ന ഒരു കാലഘട്ടത്തിൽ നദികൾക്ക് മരണമണി മുഴങ്ങുന്നുവെന്നു പറയാൻ ശ്രമിക്കുന്ന ആരെങ്കിലും ഇവിടെ വേണ്ടേ? ഇക്കഴിഞ്ഞ ദിവസം നിയമസഭയിൽ വളരെ ദുഃഖകരമായ ഒരു അനുഭവമുണ്ടായി. കെ-റെയിലുമായി ബന്ധപ്പെട്ട ചർച്ചയ്ക്കിടയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി വളരെ ക്ഷുഭിതനായി ഒരു പത്രത്തിനെതിരായി സംസാരിക്കുകയുണ്ടായി. എന്താണ് ആ പത്രം ചെയ്ത കുറ്റം? മാതൃഭൂമി പത്രത്തെക്കുറിച്ചായിരുന്നു ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംസാരമധ്യേ പറഞ്ഞത്. വികസന വിരോധം എന്ന ചാപ്പകുത്തി ഫോർത്ത് എസ്റ്റേറ്റ് നിർവഹിക്കേണ്ട ഉത്തരവാദിത്വം നിർവഹിക്കുമ്പോൾ അതിനെതിരെ അദ്ദേഹം വളരെ രോഷാകുലനായി സംസാരിച്ചത് സത്യത്തിൽ പുതിയ അംഗങ്ങളെന്ന നിലയിൽ ഞങ്ങളെയൊക്കെ അത്ഭുതപ്പെടുത്തി. നാടിന്റെ വികസനം അനിവാര്യമാണ് എന്നതുപോലെതന്നെ പ്രധാനമാണ് നാടിന്റെ പ്രകൃതിസംരക്ഷണം. ഭൂമിയുടേയും ആവാസവ്യവസ്ഥയുടേയും പാരിസ്ഥിതികമായ സംവിധാനങ്ങളുടേയുമെല്ലാം സന്തുലിതാവസ്ഥ തകരാറിലായാൽ എങ്ങനെയാണ് വികസിതരാജ്യമെന്ന സ്വപ്നം കാണാൻ

സാധിക്കുക? ലോകത്തെ വികസിത രാജ്യങ്ങളിലൂടെ സഞ്ചരിക്കുമ്പോൾ നമ്മൾ കാണുന്ന ഏറ്റവും മനോഹരമായ കാഴ്ച; ആ നാട് അവിടുത്തെ വികസനത്തേക്കാൾ പ്രധാനമായി സംരക്ഷിക്കുന്നത് ആ നാടിന്റെ പ്രകൃതിവിഭവങ്ങളായ നദികളെയാണ്. നദികളെന്നു പറയുന്നത് നാടിന്റെ ജീവവ്യവസ്ഥയാണ്. ലോകത്തെവിടെയും സംസ്കാരങ്ങളുണ്ടായത് നദീതടങ്ങളിലാണെന്നാണ് ചരിത്രം പറയുന്നത്. മനുഷ്യന്റെ ജീവൻ പോലെ പ്രധാനമാണ് നദികളുടെ ജീവൻ എന്നതാണ് അതിലേറ്റവും ശ്രദ്ധേയമായ കാര്യം. മനുഷ്യന്റെ ആജീവന-ജീവിതവ്യവസ്ഥകൾ, കൃഷി തുടങ്ങിയ എല്ലാ കാര്യങ്ങളും നദീതടങ്ങളോട് ചേർന്നാണുണ്ടായതെന്ന് നമുക്കറിയാം. എന്നാൽ ഇന്ന് പ്രകൃതിചൂഷണം അരുതെന്ന് പറയുന്നതുപോലും ക്രിമിനൽ കുറ്റമായി കാണുന്ന ഭരണകൂടമാണ് കേരളത്തിലുള്ളത് എന്നത് വളരെ അപമാനകരമായിട്ടുള്ള ഒരു കാര്യമാണ്. ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യത്തിൽ വളരെ ജാഗ്രത പുലർത്തുന്നൊരാളെന്ന നിലയിൽ ഇത് അദ്ദേഹത്തിന്റെ ശ്രദ്ധയിലുണ്ടാകണമെന്ന് ഞാൻ ഓർമ്മിപ്പിക്കുകയാണ്.

കെ-റെയിൽ പദ്ധതി എതിർത്താൽ വികസനവിരോധികൾ; പശ്ചിമഘട്ടത്തെക്കുറിച്ച് പറഞ്ഞാൽ പരിസ്ഥിതി തീവ്രവാദികൾ; നദികളെ

കൊള്ളയടിക്കുന്നതിനെക്കുറിച്ച് സംസാരിച്ചാൽ പിന്തിരിപ്പന്മാർ; ഇതൊന്നും ഒരു ഭരണകൂടത്തിന്റെ നിലപാടായി മാറുന്നത് ശരിയായ കാര്യമല്ല എന്നുകൂടി ഞാൻ ഓർമ്മിപ്പിക്കുന്നു. അതുകൊണ്ടുതന്നെ ഈ നിയമഭേദഗതി ഇവിടെ കൊണ്ടുവരുന്നത് ആത്മാർത്ഥതയോടെയല്ല എന്ന ഒരു ആക്ഷേപംകൂടി എനിക്ക് ഉന്നയിക്കാനുണ്ട്. കാരണം സ്വാഭാവികമായും രണ്ട് കാര്യങ്ങളാണ് ഈ ഭേദഗതി പ്രധാനമായി ഊന്നിപ്പറയുന്നത്. ഒന്നാമത്തെ കാര്യം 20-ാം വകുപ്പിന്റെ ഭേദഗതിയാണ്. 2001-ലെ മൂലനിയമത്തിലാണ് മാറ്റമുണ്ടാക്കാൻ പോകുന്നത്. പ്രധാനപ്പെട്ട ഒരു നിർദ്ദേശം, 20-ാം വകുപ്പിന്റെ ഭേദഗതിയിൽ നേരത്തെയുണ്ടായിരുന്ന പിഴ തുക 25,000 രൂപയിൽ നിന്നും 5 ലക്ഷം രൂപയാക്കുന്നത് വളരെ സ്വാഗതാർഹമായ കാര്യമാണ്. നമ്മുടെ നദികളിലെ മണൽ എന്നു പറയുന്നത് റിവർ ബെഡ് ആണ്. യഥാർത്ഥത്തിൽ ഈ മണൽത്തരികളാണ് നമ്മുടെ നദികളുടെ സംരക്ഷണമേറ്റെടുക്കുന്നത് എന്നത് പ്രധാനപ്പെട്ട കാര്യമാണ്. അതിനാൽ തീർച്ചയായിട്ടും ഈ പിഴ ചുമത്താവുന്നതാണ്. നേരത്തെ ശ്രീ. എൻ. എ. നെല്ലിക്കുന്ന് വളരെ കാവ്യാത്മകമായിട്ടാണ് നദികളുടെ സംരക്ഷണത്തെക്കുറിച്ച് സംസാരിച്ചത്. അപ്പോൾ അദ്ദേഹം അടിവരയിട്ട് പറഞ്ഞൊരു കാര്യമുണ്ട്,

'അല്ലെങ്കിൽത്തന്നെ കൃത്യാന്തര ബാഹുല്യങ്ങൾ കൊണ്ട് വീർപ്പുമുട്ടുന്ന കളക്ടർമാരുടെ തലയിലാണ് പുതിയൊരു ലേലം കൂടി ഏൽപ്പിച്ചുകൊടുക്കുന്നത് എന്നാണ്. എന്തുകൊണ്ട് വില്ലേജ് ഓഫീസർമാർക്ക് ഈ ചുമതല തിരിച്ചു കൊടുത്തുകൂടാ. കാരണം, ഒരു കടവിൽ നടക്കുന്ന ലേലം അല്ലെങ്കിൽ അതുമായി ബന്ധപ്പെട്ട് പിഴ ഇടാക്കുന്ന കാര്യം അതിന്റെ ചുമതല നമുക്ക് അവരെ വിശ്വാസത്തിലെടുത്ത് എന്തുകൊണ്ട് താഴെ തട്ടിലേക്ക് കൈമാറിക്കൂടാ; ഡീസെൻട്രലൈസേഷന്റെ കാലത്ത് ഇതിനെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രിക്ക് ആലോചിക്കാവുന്നതാണ്. കളക്ടർമാർക്ക് നിന്നു തിരിയാൻ സമയമില്ല. അതുകൊണ്ട് തീർച്ചയായും ഈ കാര്യമാലോചിക്കാവുന്നതാണ്.

എന്റെ നിയോജകമണ്ഡലത്തിലൂടെ വളരെ മനോഹരമായൊരു നദി ഒഴുകുന്നുണ്ട്. തുതപ്പുഴ എന്ന് ഞങ്ങൾ വിളിക്കുന്ന കുന്തിപ്പുഴ, സൈലന്റ്‌വാലിയിൽ നിന്നുതുടങ്ങി കിലോമീറ്ററുകളോളം ഒഴുകി ഭാരതപ്പുഴയെ സമ്പന്നമാക്കുന്ന മനോഹരമായ നദിയാണ്. പക്ഷേ, ഇന്ന് ആ നദിയുടെ സ്ഥിതി വളരെ ദുഃഖകരമാണ്. എനിക്കൊരു അപേക്ഷ കൂടി ഈ ചർച്ചയിൽ പറയാനുള്ളത് ഓരോ നിയോജകമണ്ഡലത്തിലും എം.എൽ.എ.മാർക്ക്.........

<u>ശ്രീമതി കെ. കെ. രമ</u>: സർ, മണൽത്തൊഴിലാളികൾ ആരുടെ കീഴിലാണെന്നും അവരുടെ മേലധികാരികൾ ആരാണ് എന്നതിനെ സംബന്ധിച്ചുമുള്ള ഒരു തർക്കം അവരുടെ ഇടയിലുണ്ട്. തുറമുഖവകുപ്പിന്റെ കീഴിലാണോ അതോ മുനിസിപ്പാലിറ്റിയുടെ കീഴിലാണോ? എന്റെ നിയോജകമണ്ഡലത്തിൽ പുതുപ്പണം കറുകപ്പാലത്ത് മണൽവാരുന്ന ധാരാളം തൊഴിലാളികളുണ്ട്. കഴിഞ്ഞ ദിവസം അവരുടെ ഒരു പരാതി ലഭിച്ചു. ഒരു ലോഡ് മണലിന് ആനുപാതികമായ തുക (മുന്നൂറ് രൂപയോളം) മുനിസിപ്പാലിറ്റിക്ക് അടയ്ക്കുന്നുണ്ട്. മുനിസിപ്പാലിറ്റിയാണ് കൂലിയും മറ്റാനുകൂല്യങ്ങളും നൽകുന്നത്. പക്ഷേ, 2018-ന് ശേഷം അവരുടെ കൂലിയിലും മറ്റും ഒരു വർദ്ധനയും ഉണ്ടായിട്ടില്ലെന്നതും നേരത്തെ ഉണ്ടായിരുന്ന ബോണസ്, ഇൻഷുറൻസ് ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ ഇപ്പോൾ തൊഴിലാളികൾക്ക് കിട്ടുന്നില്ല എന്നുള്ളതും അവരുടെയൊരു പരാതിയാണ്. ഇത് ഗവൺമെന്റിന്റെ ശ്രദ്ധയിലുണ്ടോ; ഇത് അങ്ങയുടെ ശ്രദ്ധയിലുണ്ടോ? എന്നുള്ളതാണ് എന്റെ ചോദ്യം.

<u>ശ്രീ. നജീബ് കാന്തപുരം</u>: സർ, പൊതുവിൽ മണലുമായി ബന്ധപ്പെട്ട നിരവധി പ്രശ്നങ്ങൾ നിലനിൽക്കുകയാണ്. അതിനെ ഈ ബില്ലുമായി

ബന്ധപ്പെടുത്തി സംസാരിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ബഹുമാന്യയായ അംഗം ഉന്നയിച്ച ഈ കാര്യം തീർച്ചയായിട്ടും ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽക്കൂടി ഉണ്ടാകുമെന്നാണ് ഞാൻ കരുതുന്നത്. 44 പ്രധാന നദികളും ഏതാണ്ട് തൊള്ളായിരത്തോളം ചെറിയ പുഴകളുമൊഴുകുന്നൊരു മനോഹരമായ സ്ഥലമാണ് കേരളം. എന്റെ നിയോജകമണ്ഡലത്തിലെ ഉൗതപ്പുഴയുടെ ഇന്നത്തെ അവസ്ഥ ഏറ്റവും ദയനീയമായിട്ടുള്ള ഒരു കാര്യമാണ്. ഒരുപാട് കാലം മനുഷ്യർ ഏറ്റവും കൂടുതൽ നദീതടങ്ങളിൽ കൃഷിയും നമ്മുടെ സംവിധാനങ്ങളുമെല്ലാം ഉണ്ടായി എന്നതു മാത്രമല്ല; എത്രപേർ നദികളിൽ കുളിക്കാൻ പോകുന്നുണ്ട്? അത് ജീവിതവുമായി ബന്ധപ്പെട്ട കാര്യമാണ്. പുഴകൾ മനുഷ്യന്റെ ജീവിതം നിലനിർത്തുന്ന കാര്യമാണ്. ഞാൻ പറയുന്നത് ഒരു നിയോജകമണ്ഡലത്തിൽ ഒരു നദിയെങ്കിലും ഒരു എം. എൽ. എ. യ്ക്ക് ചുമതല കൊടുത്ത് പ്രത്യേകമായി ഒരു ഫണ്ട് അനുവദിച്ച് ആ നദി മനോഹരമാക്കാനുള്ളൊരു നിർദ്ദേശം കൂടി വയ്ക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുകയാണ്. എം. എൽ. എ. ഫണ്ടിൽ നിന്നല്ല; പ്രത്യേകമായിട്ട് മറ്റൊരു ഫണ്ട് കൂടി അനുവദിക്കണമെന്നാണ്

ഞാൻ പറയുന്നത്. കാരണം നദികൾ നമ്മുടെ ഏറ്റവും മനോഹര കാഴ്ചയാണ്. നമ്മുടെ സാഹിത്യവും നമ്മുടെ കലയുമെല്ലാം ചേർന്നു നിൽക്കുന്നത്. ഞാൻ നേരത്തെ ജില്ല പഞ്ചായത്ത് മെമ്പറായിരുന്ന കാലത്ത്; എന്റെ ഡിവിഷനകത്ത് ഉത്ഭവിക്കുന്ന 15 കി.മീ. ദൂരമുള്ള പൂന്തൂർപ്പുഴ വീണ്ടെടുക്കുന്നതിനുവേണ്ടി ഒരാഴ്ചക്കാലം ഞങ്ങൾ ജോലി ചെയ്തിട്ടുണ്ട്. അത്ര മനോഹരമായി ആ പുഴ നിലനിർത്താൻ സാധിച്ചിട്ടുണ്ട്. നമ്മൾ മുൻകയ്യെടുക്കുകയാണെങ്കിൽ കേരളത്തിലെ എല്ലാ നദികളെയും നമുക്ക് ഇത്തരത്തിൽ മാറ്റിയെടുക്കാൻ സാധിക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. കാരണം, നാളെ നമ്മുടെയെല്ലാം കുട്ടികൾക്ക് ജീവിക്കേണ്ട ഭൂമിയെ സംരക്ഷിച്ച് നിർത്തേണ്ട ഉത്തരവാദിത്വം നമുക്കുണ്ട്. മണൽ വാരൽ തീർച്ചയായിട്ടും നിയന്ത്രിക്കപ്പെടണം. നിർമ്മാണമേഖലയിൽ ഇന്ന് ഒരു നവീകരണവും നടക്കുന്നില്ലെന്നതാണ് പ്രധാനപ്പെട്ട ഒരു കാര്യം. എന്തുകൊണ്ട് മണലും സിമന്റും മാത്രമുപയോഗിച്ചുള്ള നിർമ്മാണത്തിനുപകരമായി നമുക്ക് മറ്റൊന്ന് ആലോചിച്ചുകൂടാ? അത്തരത്തിലുള്ളൊരു ഗവേഷണവും മാറ്റവും നമ്മുടെ നാട്ടിൽ നടക്കേണ്ടത് അനിവാര്യമാണ്. 1971 മുതലാണ് മണൽ വാരൽ സാർവ്വത്രികമാകാൻ

തുടങ്ങിയത്. ആയിരക്കണക്കിന് വർഷങ്ങൾകൊണ്ട് അടിഞ്ഞുകൂടിയ മണലാണ് പതിറ്റാണ്ടുകൾ കൊണ്ട് കോരിക്കൊണ്ട് പോയത്; ഇനി വാരിക്കൊണ്ട് പോകാൻ മണലില്ല. അതുകൊണ്ട് മണലിനു പകരമായിട്ടുള്ള നിർമ്മാണ സംവിധാനങ്ങളെക്കുറിച്ച് ആലോചിച്ചില്ലെങ്കിൽ തീർച്ചയായും ഈ നാട് ഊഷരമായി പോകുന്നൊരു സാഹചര്യമുണ്ടാകുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അതുപോലെതന്നെ വളരെ പ്രധാനമാണ്, അനിയന്ത്രിതമായും അശാസ്ത്രീയമായും മണൽ ഖനനം നടക്കുന്നതുവഴി നദികളുടെ അടിത്തട്ട് പോകുന്നുവെന്നുള്ളത്. വലിയ വെള്ളപ്പൊക്കമുണ്ടാകുമ്പോൾ അടിഞ്ഞുകൂടിയ മണലെല്ലാം വാരിയാൽമാത്രമെ വെള്ളം അവിടെത്തന്നെ നിൽക്കുകയുള്ളൂ എന്നാണ് പല ആളുകളും പറയുന്നത്; അബദ്ധജഡിലമാണത്. ആളുകൾക്ക് ശാസ്ത്രീയ അവബോധമില്ലാത്തതിന്റെ പ്രശ്നമാണ്. ഇത് വാരിക്കൊണ്ട് പോയതുകൊണ്ട് യാതൊരു ബുദ്ധിമുട്ടുമുണ്ടാകില്ല എന്നത് തെറ്റായ കാര്യമാണ്. കാരണം, മണൽത്തരികളാണ് യഥാർത്ഥത്തിൽ വെള്ളത്തെ സംഭരിച്ച് നിർത്തുന്നത്. ഇന്ന് നമ്മുടെ വൃഷ്ടിപ്രദേശങ്ങളിൽ മലമുകളിലെ വനമേഖലയെല്ലാം നഷ്ടമായപ്പോൾ അവിടെ വരുന്ന വലിയ പാരിസ്ഥിതികമായ മാറ്റമുണ്ട്.

ഇതെല്ലാം ഉൾക്കൊള്ളാൻ നമുക്ക് സാധിക്കണം. കേരളത്തിലെ പുഴകളിലൂടെ ഏകദേശം എഴുപതിനായിരം ദശലക്ഷം ഘനമീറ്റർ ജലം ഒഴുകുന്നുണ്ട്. അതിൽ നാം മനസ്സിലാക്കേണ്ട ഏറ്റവും പ്രധാനപ്പെട്ട രസകരമായ കാര്യം, നാൽപ്പത്തിരണ്ടായിരം ദശലക്ഷം ഘനമീറ്റർ വെള്ളം മാത്രമാണ് നമുക്കുപയോഗിക്കാൻ സാധിക്കുന്നത്.

മി. സ്പീക്കർ: യെസ്, പ്ലീസ് കൺക്ലൂഡ്.

ശ്രീ. നജീബ് കാന്തപുരം: സർ, മറ്റൊരു പ്രധാനപ്പെട്ട കാര്യം, ഇത് എല്ലാവരേയും ബാധിക്കുന്ന കാര്യമാണ്.

മി. സ്പീക്കർ: നമ്മൾ പൊതുവിലൊരു ധാരണയുണ്ട് .

ശ്രീ. നജീബ് കാന്തപുരം: സർ അങ്ങ് മയ്യഴിപ്പുഴയുടെ തീരങ്ങളിലുള്ള ആളല്ലേ?

മി. സ്പീക്കർ: യെസ്, സമയപരിമിതി കൊണ്ടാണ്. അതുകൊണ്ട് നമുക്ക് ഫ്ലോറിന്റെ പുറത്ത് വിശദമായി ചർച്ച ചെയ്യാം.

ശ്രീ. നജീബ് കാന്തപുരം: സർ, ഞാൻ അവസാനിപ്പിക്കുകയാണ്. നമ്മുടെ ഭൂഗർഭജലമെന്ന് പറയുന്നത് വളരെ കുറവാണ്. നാം ഇന്ന് ഉപയോഗിക്കുന്ന 85 ശതമാനം കുടിവെള്ളവും നദികളിൽ നിന്ന്

ലഭിക്കുന്നതാണ്. ഭൂഗർഭജലം 15 ശതമാനംപോലും നമ്മൾ ഉപയോഗിക്കുന്നില്ല. അത്രയേറെ നദികളാലും കായലുകളാലും സമ്പന്നമായ ഒരു നാടാണ് കേരളം. ഈ 85 ശതമാനം കുടിവെള്ളത്തിനുമായി ആശ്രയിക്കുന്ന നദികളുടെ കാര്യത്തിൽ നമുക്ക് എന്ത് ശ്രദ്ധയാണുള്ളത് എന്നത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. നദികളിലെല്ലാം നല്ല നീരൊഴുക്ക് ഉണ്ടായിരുന്നു. ഇന്ന് ആ നദികളുടെ അവസ്ഥ എന്താണ്? അതാണ് ഞാൻ നേരത്തെ സൂചിപ്പിച്ചത്. എന്റെ നിയോജകമണ്ഡലത്തിലെ തൂതപ്പുഴയുടെ കാര്യം; നീരൊഴുക്ക് പൂർണ്ണമായും നിലയ്ക്കുകയാണ്. ഈ നീരൊഴുക്ക് ഉണ്ടാക്കാൻ നമ്മൾ കേവലം മണൽ വാരൽ നിയമം സമഗ്രമായിക്കൊണ്ടുവന്ന് ഒരു നദീസംരക്ഷണ നിയമമാക്കി മാറ്റാവുന്നതായിരുന്നു എന്നു പറയുകയാണ്.

<u>മി. സ്പീക്കർ</u>: യെസ്, യെസ്, പ്ലീസ് കൺക്ലൂഡ്.

<u>ശ്രീ. നജീബ് കാന്തപുരം</u>: സർ, ഞാൻ ഒരു പോയിന്റുകൂടി പറഞ്ഞ് അവസാനിപ്പിക്കുകയാണ്, സാധാരണ പല രാജ്യങ്ങളിലും ആളുകൾ കൊല്ലപ്പെടുമ്പോൾ അവരുടെ കുടുംബങ്ങൾക്ക് നഷ്ടപരിഹാരമായി Blood money കൊടുക്കാറുണ്ട്. ഞാൻ ഇവിടൊരു നിർദ്ദേശം വയ്ക്കുകയാണ്; ഓരോ

നദിയിൽ നിന്നും മണൽ വാരുമ്പോൾ അവിടെ പിഴ ചുമത്തുന്ന തുക ആ നദിക്ക് Blood money ആയി കൊടുക്കണം. കാരണം ആ നദി സംരക്ഷിക്കുന്നതിനും ബ്യൂട്ടിഫിക്കേഷൻ നടത്തുന്നതിനും ആ തുക ഉപയോഗിക്കാം. നാട്ടിൻപുറങ്ങളിലൂടെ ഒഴുകുന്ന നദികളുടെ രണ്ടുകരയിലും അതിമനോഹരമായ പൂന്തോട്ടങ്ങൾ നിർമ്മിച്ച് ഭംഗിയാക്കി, നമ്മുടെ നാട്ടിലെ പ്രായമായ ആളുകൾക്ക് നദിക്കരയിൽ വന്നിരിക്കുന്നതിന് സാഹചര്യമുണ്ടാക്കിയാൽ നന്നായിരിക്കും. മണലല്ലാതെ മറ്റൊരു വസ്തുവും നിർമ്മാണ പ്രവർത്തനങ്ങൾക്ക് നമുക്ക് ലഭ്യമാകാത്തതുകൊണ്ടാണ് വാണിജ്യാടിസ്ഥാനത്തിലുള്ള മണൽ വാരൽ നടക്കുന്നതിനുകാരണം. സർക്കാർ അക്കാര്യത്തിൽ ശ്രദ്ധപുലർത്തി അത്തരത്തിലൊരു നിർമ്മാണപ്രവർത്തനത്തെക്കുറിച്ചും, അതിന് സമാന്തരമായൊരു കാര്യത്തെക്കുറിച്ചും ആലോചിക്കേണ്ടതുണ്ട്. ശ്രീ. എൻ. എ. നെല്ലിക്കുന്ന് നേരത്തെ ഇവിടെ പറഞ്ഞതുപോലെ സാൻഡ് ഓഡിറ്റിംഗ് ചെയ്യാതെ ഒരു പുഴയിൽ നിന്നും മണൽ വാരാൻ അനുവാദമുണ്ടാകരുത്. അതുകൊണ്ട് ഓരോ നദിയിലും വാരാനുള്ള മണൽ ഉണ്ടോയെന്നത് സാൻഡ് ഓഡിറ്റിംഗ് വഴിമാത്രം നിശ്ചയിക്കാൻ കഴിയുന്ന കാര്യമാണ്. നമുക്കെല്ലാവർക്കും

അറിയുന്നതുപോലെ കാലാവസ്ഥാപ്രതിസന്ധി വളരെ രൂക്ഷമാകുകയാണ്. കുടിവെള്ളമാണ് ഇന്നത്തെ ഏറ്റവും വലിയ പ്രതിസന്ധി. ഇത്രയേറെ ജലാശയങ്ങൾ ദൈവം കനിഞ്ഞരുളിയിട്ടും ആ ജലാശയങ്ങളെ സംരക്ഷിക്കുന്നതിന് ഒരു ഭരണകൂടത്തിന് കഴിഞ്ഞില്ലെങ്കിൽ അത് വലിയ പരാജയമായിരിക്കും. വളരെ ധിഷണാശാലിയായ ഒരു മന്ത്രിയാണ് നമ്മുടെ റവന്യൂ വകുപ്പിനുള്ളത്, അദ്ദേഹത്തിന് ദീർഘദൃഷ്ടിയോടുകൂടി ഇക്കാര്യങ്ങൾ കാണാൻ സാധിക്കും. ഇത് എന്റേയും നിങ്ങളുടേയും ജീവിതത്തിന്റെ മാത്രം പ്രശ്നമല്ല, ഇനി ഈ മലയാളക്കരയിൽ ജനിക്കാൻ പോകുന്ന കുഞ്ഞുങ്ങൾക്കുകൂടിവേണ്ടിയുള്ള ഒരു സംഭാഷണമാണെന്ന് ഞാൻ മനസ്സിലാക്കുന്നു. തീർച്ചയായിട്ടും ഈ ഭേദഗതിയോട് വിയോജിപ്പ് രേഖപ്പെടുത്തിക്കൊണ്ട് ഒരു സമഗ്രമായ നിയമ നിർമ്മാണത്തിന് മുൻകയ്യെടുക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. കെ. വി. സുമേഷ് ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. പി. മമ്മിക്കുട്ടി: സർ, 2022-ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും (ഭേദഗതി) ബിൽ വീണ്ടും സബ്ജക്ട് കമ്മിറ്റിക്ക് അയക്കണമെന്ന 2(ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ഈ

ബിൽ പാസ്സാക്കണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്. അതുമായി ബന്ധപ്പെട്ടുള്ള വിശദാംശങ്ങളിലേക്ക് കടക്കുന്നില്ല. ഒരു ബിൽ ഭേദഗതിക്ക് വരുന്നതുതന്നെ ആ ബിൽ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ടുകൊണ്ടുള്ള അനുഭവത്തിന്റെ അടിസ്ഥാനത്തിൽ പ്രായോഗികമായി നേരിടുന്ന വിഷമങ്ങളും ബുദ്ധിമുട്ടുകളും പരിഹരിക്കുന്നത് സംബന്ധിച്ച് ആലോചിച്ചുകൊണ്ടാണ്. ഈ ഭേദഗതി ബിൽ കൊണ്ടുവന്നിട്ടുള്ളത് 2001-ലെ നിയമവുമായി ബന്ധപ്പെട്ടാണ്. അതിനുശേഷം പിന്നീട് 2010-ൽ യു.ഡി.എഫ്. ഗവൺമെന്റ് ഒരു ഭേദഗതി കൊണ്ടുവന്നു, പക്ഷെ അതൊന്നും ഇവിടെ പ്രായോഗികമായി പ്രാവർത്തികമാക്കാൻ കഴിയാത്തതിന്റെ അനുഭവത്തിന്റെ അടിസ്ഥാനത്തിലാണ് 2001-ലെ നിയമവുമായി ബന്ധപ്പെട്ടുകൊണ്ട് ഭേദഗതി വരുന്നത്. അന്നത്തെ നിയമത്തിലുണ്ടായിരുന്നത്; അനധികൃതമായിട്ടുള്ള മണൽ കണ്ടുകെട്ടിയാൽ 25000 രൂപ പിഴയോ അതുപോലെ 2 കൊല്ലം തടവുശിക്ഷയോ അനുഭവിക്കണമെന്നാണ് അന്ന് വ്യവസ്ഥയുണ്ടായിരുന്നത്. മേൽപ്പറഞ്ഞ പിഴതുക 25000 രൂപയിൽ നിന്ന് 5 ലക്ഷം രൂപവരെയാക്കാമെന്നും, ലംഘനം തുടരുന്ന ദിവസങ്ങളിൽ പിഴത്തുക ആയിരം രൂപയ്ക്കുപകരം

അൻപതിനായിരം രൂപയാക്കാമെന്നുമാണ് ഈ നിർദ്ദേശത്തിലുള്ളത്. ഈ നിയമം കർക്കശമായി നടപ്പിലാക്കുന്നത് നിയമം അനുസരിക്കുന്നതിനും നിയമവിരുദ്ധമായ പ്രവർത്തനങ്ങൾ ചെയ്യുന്നവരെ അതിൽനിന്നും പിൻതിരിപ്പിക്കുന്നതിനും വേണ്ടിയാണ്. ഇത്രയും വലിയൊരു തുക പിഴയും അതുപോലെ ശിക്ഷയും ലഭിക്കുമെന്ന് മനസ്സിലാക്കിയും കള്ളരീതിയിൽ പ്രവർത്തിക്കാനും, അനധികൃതമായി മണൽ കൈവശപ്പെടുത്താനും മണൽ വാരുന്നതിനുമുള്ള ശ്രമത്തിൽനിന്നും ആളുകളെ പിൻതിരിപ്പിക്കുക എന്നതാണ് ഈ ബില്ലിന്റെ പരമപ്രധാനമായ ഉദ്ദേശ്യം. ലഹരി വിരുദ്ധ ക്യാമ്പയിനുമായി ബന്ധപ്പെട്ട് കടുത്ത ശിക്ഷ നമ്മൾ വിഭാവന ചെയ്തിട്ടുണ്ട്; അതുപോലെതന്നെയാണ് മണൽവാരലുമായി ബന്ധപ്പെട്ടും പുഴ സംരക്ഷണവുമായി ബന്ധപ്പെട്ടുമുള്ള പിഴതുകയും ശിക്ഷയും വർദ്ധിപ്പിക്കാൻ വേണ്ടിയുള്ള തീരുമാനം ശരിയാണെന്നാണ് എന്റെ അഭിപ്രായം.

രണ്ടാമത്തെ നിയമഭേദഗതി 23 എ വകുപ്പിലെ 6-ാം ഉപവകുപ്പിലാണ്; "കണ്ടുകെട്ടുന്ന മണൽ പൊതുമരാമത്ത് വകുപ്പ് കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന നിരക്കിൽ നിർമ്മിതി കേന്ദ്രത്തിന് അഥവാ 'കലവറയ്ക്ക്' വിൽക്കേണ്ടതും"; കണ്ടുകെട്ടുന്ന മണൽ സ്വരൂപിച്ചുകൊണ്ട്, അത് ലേലം

ചെയ്തുവിൽക്കുന്നതിനാണ് പി.ഡബ്ല്യൂ.ഡി. നിശ്ചയിക്കുന്ന നിരക്കിൽ നിർമ്മിതി കേന്ദ്രത്തിനോ, കലവറയ്ക്കോ വിൽക്കേണ്ടതാണെന്നാണ് നേരത്തെയുള്ള വ്യവസ്ഥ. ഈ വ്യവസ്ഥമാറ്റി "കണ്ടുകെട്ടിയ മണലിന്റെ മതിപ്പുവില സർക്കാർ കാലാകാലങ്ങളിൽ നിർദ്ദേശിക്കുന്നതിനനുസരിച്ച്, ജില്ലാ കളക്ടർ നിശ്ചയിക്കേണ്ടതും, നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് വിവിധ സ്ഥാപനങ്ങൾക്കോ വ്യക്തികൾക്കോ ലേലത്തിലൂടെ വിൽപ്പന നടത്തേണ്ടതും" എന്നുമാണ് പുതിയ ഭേദഗതി. നേരത്തെയുണ്ടായിരുന്ന വ്യവസ്ഥപ്രകാരം പ്രയാസങ്ങളും ബുദ്ധിമുട്ടുകളും അനുഭവിക്കുന്നുണ്ട്. ശ്രീ. എൻ. എ. നെല്ലിക്കുന്ന് സൂചിപ്പിച്ചതുപോലെ, സാധാരണക്കാരായ ജനങ്ങളുടെ ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിന് മണൽ ലഭ്യമാകുന്നതിന് പ്രയാസമുണ്ടാകുന്നുവെന്ന് മനസ്സിലാക്കിയാണ്, ആ വ്യവസ്ഥയിൽ ഇളവുവരുത്തിക്കൊണ്ട് പ്രയാസംകൂടാതെ സുതാര്യമായ രീതിയിൽ കാര്യങ്ങൾ ലഭ്യമാക്കുന്നതിന് ഈ ഭേദഗതി കൊണ്ടുവന്നത്. ശ്രീ. എൻ. എ. നെല്ലിക്കുന്ന് ഭിന്നാഭിപ്രായം രേഖപ്പെടുത്തി; അദ്ദേഹം ഇതിനോടെല്ലാം യോജിക്കുകയാണ്. ഫൈൻ സംഖ്യ 5 ലക്ഷമെന്നുള്ളത് വേണമെങ്കിൽ വർദ്ധിപ്പിക്കാം, 5 കോടി രൂപവരെയാക്കാമെന്ന് ശ്രീ. നജീബ് കാന്തപുരം

നിർദ്ദേശിച്ചു. അതുകേൾക്കുമ്പോൾതന്നെ ആളുകൾ ഞെട്ടിപ്പോകും, 5 ലക്ഷം രൂപ തന്നെ നടപ്പിലാക്കാൻ സാധിക്കുമോയെന്നാണ് ശ്രീ. എൻ. എ. നെല്ലിക്കുന്ന് ആശങ്ക രേഖപ്പെടുത്തിയത്. ആത്മാർത്ഥമായി ഇതൊക്കെ നടപ്പിലാക്കാൻ കഴിയുമോ? അതുസംബന്ധിച്ച് നമ്മൾ തന്നെയാണ് ഗ്യാരന്റി. ഈ ഗവൺമെന്റ് അതുമായി ബന്ധപ്പെട്ട് നിയമവും വ്യവസ്ഥയും ഉണ്ടാക്കിക്കഴിഞ്ഞാൽ അതുനടപ്പിലാക്കാൻ, ചാഞ്ചാട്ടമില്ലാതെ നമ്മൾ ഇതിന്റെ പിന്നിൽ നിന്നുപ്രവർത്തിക്കണം. സംശയം സ്വാഭാവികമാണ്; 2013-ലെ നിയമവുമായി ബന്ധപ്പെട്ടുകൊണ്ട് മണൽ മാഫിയക്കെതിരായ ശക്തമായ നിലപാട് സ്വീകരിച്ചപ്പോൾ കോഴിക്കോട് ജില്ലാ കളക്ടർക്കുണ്ടായ അനുഭവമുണ്ടല്ലോ? അങ്ങനെയൊരു അനുഭവമൊന്നും 2016-നുശേഷം 2021 വരെയും 2021-നു ശേഷം ഇതുവരെയും ഉണ്ടായിട്ടില്ല. ജില്ലാ കളക്ടർ മണൽവണ്ടി പിടിക്കുന്നതുമായി ബന്ധപ്പെട്ടുണ്ടായ അനുഭവം, ഞാൻ അത് വിശദീകരിക്കുന്നില്ല. അതുപോലെ കൊല്ലം ജില്ലയിൽ പോലീസ് കമ്മീഷണർ മണൽ പിടിക്കുന്നതുമായി ബന്ധപ്പെട്ട് പോകുമ്പോൾ അദ്ദേഹത്തിനെ വഴി തിരിച്ചുവിട്ടതുമായി ബന്ധപ്പെട്ട പ്രശ്നങ്ങളുണ്ടായിട്ടുണ്ട്. ഇക്കാര്യങ്ങൾ അന്ന് കൈകാര്യം ചെയ്തത് പോലീസുമല്ല, കളക്ടറുമല്ല; മണൽ

മാഫിയാക്കാരായിരുന്നു. അങ്ങനെയൊരു നിലപാട് സ്വീകരിച്ച അനുഭവത്തിൽ നിന്നാകും ശ്രീ. എൻ. എ. നെല്ലിക്കുന്ന് ഈ ആശങ്ക പ്രകടിപ്പിച്ചത്. നമ്മളെല്ലാം കൂട്ടായി യോജിച്ചുനിന്നുകൊണ്ട് ഇക്കാര്യങ്ങൾ നിർവ്വഹിക്കാൻ തയ്യാറായാൽ അതുനടപ്പിലാക്കാൻ സാധിക്കും; അതിലുള്ള ലൂപ്പ്ഹോൾ നമ്മൾ ഉപയോഗപ്പെടുത്താതിരുന്നാൽ മതി. നിയമം എന്നത് അനുസരിക്കാൻ വേണ്ടിയാണ്; നാടിന്റെ രക്ഷയ്ക്കും സമൂഹത്തിന്റെ രക്ഷയ്ക്കുംവേണ്ടിയാണ് ഈ നിയമങ്ങളൊക്കെയുണ്ടാക്കുന്നത്. ആ നിയമമുണ്ടാക്കി പിന്നീട് പ്രാവർത്തികമാക്കുമ്പോൾ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ മാറ്റങ്ങളുണ്ടാകുമല്ലോ; അത് സ്വാഭാവികമല്ലേ? ആ മാറ്റങ്ങൾ കണ്ടുകൊണ്ട്, അതിനനുസരിച്ച് ബില്ലിലെ വ്യവസ്ഥകൾ മാറ്റാനുള്ള തുറന്ന സമീപനമാണ് എൽ.ഡി.എഫ്. ഗവൺമെന്റിനുള്ളതെന്നാണ് സൂചിപ്പിക്കാനുള്ളത്. നമ്മുടെ സംസ്ഥാനം വളരെ ചെറിയ സംസ്ഥാനമാണ്. 44 നദികളും അനുബന്ധമായുള്ള കൈച്ചാലുകളും തോടുകളും ഉൾപ്പെടെ മറ്റുജലാശയങ്ങളുമുണ്ട്. ഈ 44 നദികളിൽ 3 നദികളാണ് കിഴക്കോട്ടൊഴുകി കാവേരിയിൽ ചേരുന്നത്. ബാക്കിയുള്ള 41 നദികളും പടിഞ്ഞാറോട്ടൊഴുകി അറബിക്കടലിൽ ചേരുന്നു.

നദികൾ കൊണ്ട് സമ്പന്നമായ സംസ്ഥാനമാണ് കേരളം; അതിൽ യാതൊരു തർക്കവുമില്ല. അങ്ങനെ സമ്പന്നമായ കേരളത്തിൽ ജലവൈദ്യുതി ഉല്പാദനവും കൃഷിയുമായി ബന്ധപ്പെട്ട ഇറിഗേഷൻ പ്രവർത്തനങ്ങളും കുടിവെള്ള വിതരണവും ഈ ഡാമുകളേയും പുഴകളേയും ആശ്രയിച്ചാണ് നടക്കുന്നത്. നദികൾ കൊണ്ട് സമ്പന്നമായ കേരള സംസ്ഥാനത്ത് നദികളിൽ വരുന്ന ഏതൊരു ചെറിയ ചലനങ്ങളും, ആ ചലനങ്ങളുടെ ഭാഗമായി ഉണ്ടാകുന്ന പ്രത്യാഘാതങ്ങളും ഉണ്ടാകുമെന്ന കാര്യത്തിൽ തർക്കമില്ല, അതിൽ പോസിറ്റീവും, നെഗറ്റീവുമുണ്ട്; നെഗറ്റീവായ പ്രത്യാഘാതങ്ങളാണ് കൂടുതലായി വരുന്നതെന്നർത്ഥം. 2018-ലെയും 2019-ലെയും പ്രളയങ്ങളെക്കുറിച്ച് നമുക്കറിയാം; അതുമായി ബന്ധപ്പെട്ട ഭവിഷ്യത്തുകൾ, ദുരിതങ്ങൾ, കഷ്ടപ്പാടുകൾ, പ്രയാസങ്ങൾ, ഇവ ചർച്ച ചെയ്യുമ്പോൾ മറുഭാഗത്ത് വരൾച്ചയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളുമുണ്ട്. വരൾച്ച വരുമ്പോഴുള്ള സ്വാഭാവികമായ പ്രശ്നങ്ങൾ, കൃഷിയുമായി ബന്ധപ്പെട്ട് ഇറിഗേഷന്റെ പ്രവർത്തനം, കുടിവെള്ളവുമായി ബന്ധപ്പെട്ട് ജലവിതരണവുമായുള്ള പ്രശ്നങ്ങൾ, വൈദ്യുതിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ എന്നിവയാണവ. ഇതിന്റെ പോസിറ്റീവും നെഗറ്റീവുമായ പ്രശ്നങ്ങളെക്കുറിച്ച്

ആലോചിക്കുമ്പോൾ ഏറ്റവും കൂടുതൽ നെഗറ്റീവായ വശങ്ങളാണ് ഇതുമായി ബന്ധപ്പെട്ടുവരുന്നത്. കാലാവസ്ഥയിൽ വരുന്ന വ്യതിയാനം, പ്രളയം, വരൾച്ച തുടങ്ങിയ പ്രശ്നങ്ങളുമായി ബന്ധപ്പെട്ടുവരുന്ന സംഭവങ്ങൾ നമ്മുടെ ആവാസ വ്യവസ്ഥയെത്തന്നെ പ്രതികൂലമായി ബാധിക്കുന്ന സ്ഥിതിയാണ്. നദികളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ആവാസവ്യവസ്ഥയെ ആകെത്തന്നെ പ്രതികൂലമായി ബാധിക്കും. നദികളെ സംരക്ഷിക്കുന്നതിന് ഒട്ടേറെ ചർച്ചകൾ നമ്മുടെ നാട്ടിൽ നടക്കുന്നുണ്ട്. ദേശീയ തലത്തിലും സംസ്ഥാനതലത്തിലും പ്രകൃതി സ്നേഹികളുടെ സംഘടനകളും പരിസ്ഥിതി വാദികളായ ആളുകളും ശാസ്ത്രസാഹിത്യപരിഷത്തുപോലുള്ള സംഘടനകളും ചർച്ചകൾ നടത്തുന്നുണ്ട്. എല്ലാവരും വിഷയങ്ങൾ അവതരിപ്പിച്ച് ചർച്ച നടത്തുകയെന്നു പറയുമ്പോൾത്തന്നെ, ഇവിടെ പരിസ്ഥിതിയെ സംരക്ഷിക്കുകയും അതോടൊപ്പം വികസനവും നടത്തണമെന്നർത്ഥം. പരിസ്ഥിതിയെ ആകെ ചവിട്ടിമെതിച്ചുകൊണ്ട്, പുഴയാകെ വറ്റിച്ചുകൊണ്ട് ഇവിടെ വൻ വികസനം നടക്കണമെന്ന് അഭിപ്രായമില്ല. എന്നാൽ ഇതുമായി ബന്ധപ്പെട്ട് വികസനമേ നടക്കാൻ പാടില്ലെന്ന സമീപനം സ്വീകരിക്കാൻ സാധിക്കില്ല. വികസന കാര്യത്തിൽ ഒരു മിഡ്‌വേ കണ്ടെത്തിക്കൊണ്ട് ഇക്കാര്യങ്ങൾ

മുന്നോട്ടുകൊണ്ടുപോകാനുള്ള ശ്രമങ്ങൾ നടത്തണം. പുഴയുമായി ബന്ധപ്പെട്ട കാര്യം ചർച്ച ചെയ്യുമ്പോൾ മണലുമായും പുഴയുടെ നീരൊഴുക്കുമായും പുഴയിൽ മാലിന്യങ്ങൾ അടിഞ്ഞുകൂടുന്നതുമായ പ്രശ്നങ്ങളുണ്ട്. തൂതപ്പുഴയുടെ വക്കത്താണ് താമസിക്കുന്നതെന്ന് ശ്രീ. നജീബ് കാന്തപുരം പറഞ്ഞതുപോലെ, ഞാൻ താമസിക്കുന്നതിന് ഒരു ഭാഗത്ത് ഭാരതപ്പുഴയും മറുഭാഗത്ത് തൂതപ്പുഴയുമാണ്. ഈ രണ്ട് പുഴകളും അതിർത്തി പങ്കിടുന്ന ഒരു മണ്ഡലമാണ് എന്റേത്. മാത്രമല്ല, ഞാൻ താമസിക്കുന്നത് ഭാരതപ്പുഴയും തൂതപ്പുഴയും ഒന്നുചേരുന്ന കൂട്ടക്കടവ് എന്ന പ്രദേശത്താണ്. ചെറിയ രീതിയിൽ മഴയോ അധിവർഷമോ വന്നാൽ, എന്തിനധികം പറയുന്നു, മലമ്പുഴ ഡാമിൽ നിന്നും അഞ്ച് സെന്റീമീറ്റർ വെള്ളം തുറന്നുവിട്ടാൽപോലും വെള്ളം പരന്നൊഴുകി ഞങ്ങളുടെ പ്രദേശങ്ങളൊക്കെ മുങ്ങിപ്പോകും. പുഴയുടെ പലഭാഗങ്ങളും സമതലവുമായി ബന്ധപ്പെട്ട് അതിർത്തി പങ്കിടുന്നുണ്ട്. അത്തരത്തിൽ അതിർത്തി പങ്കിടുന്ന ധാരാളം പ്രദേശങ്ങളുണ്ട്. എന്നാൽ കാടുകളും കുന്നുകളുംപോലെ പ്രകൃതിദത്തമായ അതിർത്തികൾ പങ്കുവയ്ക്കുന്ന പ്രദേശങ്ങളുമുണ്ട്. അങ്ങനെ ഉയരംകൂടിയ പ്രദേശങ്ങളിൽ മഴവെള്ളപ്പാച്ചിലുണ്ടാകുമ്പോൾ പുഴയിലേയ്ക്ക് മണ്ണിടിഞ്ഞുപോകുകയാണ്.

കൃഷിക്കാരുടെ തോട്ടങ്ങളും പറമ്പും ഇടിഞ്ഞ് പുഴയിലേയ്ക്ക് പോകുന്നു. അത് കുണ്ടുള്ളതും ഉയരമുള്ള പ്രദേശങ്ങളുമാകാം. എന്നാൽ സമതല പ്രദേശത്തേയ്ക്ക് വെള്ളം ഒഴുകിയെത്തി കൃഷിക്കാരൻ പുഴയിലേയ്ക്ക് ഇറങ്ങുന്ന സ്ഥിതിയുമുണ്ട്. രണ്ടുഭാഗത്തെയും സംബന്ധിച്ച് സമഗ്രമായ ഒരു സർവ്വേ നടത്തി പുഴയുടെ തീരപ്രദേശങ്ങൾ സംരക്ഷിക്കുന്നതിനുള്ള ശ്രമം നടത്തണം. ഇപ്പോൾ ശ്രമം നടത്തുന്നില്ലെന്നല്ല, പക്ഷേ പുഴയുടെ അതിർത്തികൾ എവിടെയൊക്കെയാണെന്നതുസംബന്ധിച്ച് സമഗ്രമായ പഠനം നടത്തണം. പട്ടാളഭൂമി എന്നുപറഞ്ഞ ഫോറസ്റ്റ് ഭൂമിയിൽ ആർക്കും കയറാൻ കഴിയില്ലല്ലോ; അതുപോലെ ഈ പുഴയോരവുവുമായി ബന്ധപ്പെട്ടുകൊണ്ട് നദീതടങ്ങൾ, തീരപ്രദേശങ്ങൾ തുടങ്ങിയവയുമായി ബന്ധപ്പെട്ട് നിർണ്ണയം നടത്തിക്കഴിഞ്ഞാൽ വളരെ ശക്തമായ രീതിയിൽ, മാനസികമായിത്തന്നെ ആളുകൾക്ക് അത് പുഴയുടെ ഭൂമിയാണ്, അതിലേയ്ക്ക് പ്രവേശിക്കാൻ കഴിയില്ല എന്ന നിലപാടിലേയ്ക്ക് എത്താൻ കഴിയും. അതുപോലെത്തന്നെ പുഴയിലേയ്ക്ക് ഇടിഞ്ഞുപോയ ഭൂമി തിരികെ കൊടുക്കാനാവശ്യമായ നടപടി സ്വീകരിക്കണം. എന്റെ മണ്ഡലത്തിലെ, 2016-ൽ നിർമ്മിച്ച മാന്നനൂരിലുള്ള ഉരുക്ക് തടയണ 2018-ലെ വെള്ളപ്പൊക്കത്തിൽ തകർന്നുപോയി. അത്

ഉയരംകൂടിയ പ്രദേശമായതിനാൽ ആ വെള്ളപ്പൊക്കത്തിൽ ധാരാളം കൃഷിക്കാരുടെ ഭൂമിയും പുഴയിലേയ്ക്ക് ഇടിഞ്ഞുപോയിട്ടുണ്ട്. ഈ രീതിയിൽ പുഴയുമായും നദിയുമായും നദീതീരവുമായും ബന്ധപ്പെട്ട് ഒട്ടേറെ പ്രശ്നങ്ങൾ ചർച്ച ചെയ്യുമ്പോഴും ഇരുതലമൂർച്ചയുള്ള ഒരു പ്രശ്നമാണ് ഇതെന്ന് മനസ്സിലാക്കിക്കൊണ്ട് അതുമായി ബന്ധപ്പെട്ടുകൊണ്ടുള്ള ജനങ്ങൾക്ക്, കൃഷിക്കാർക്ക്, തൊഴിലാളികൾക്ക്, മണലാവശ്യക്കാർക്ക് ലഭ്യമാക്കാനാവശ്യമായ നടപടി കുറേക്കൂടി സുതാര്യമാക്കണം. എന്നാലും നിലവിലുള്ള വ്യവസ്ഥ വച്ചുകൊണ്ട് ഈ നിയമത്തെ ദുരുപയോഗം ചെയ്യുന്നവർക്കെതിരായി ശക്തമായ നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി 5 ലക്ഷം രൂപയും കൂടാതെ ഓരോ ദിവസവും ആയിരം രൂപ എന്നതിനുപകരം 50000 രൂപ എന്ന സംഖ്യ നിശ്ചയിച്ചുകൊണ്ട് സർക്കാരിനുവേണ്ടി അവതരിപ്പിക്കപ്പെട്ട ബില്ലിനെ ഞാൻ പിന്തുണച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. ജി. എസ്. ജയലാൽ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. ഇ. കെ. വിജയൻ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള ഭൂപരിഷ്കരണ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി ഞാൻ

അവതരിപ്പിക്കുന്നു.

വളരെ ചെറിയ ഒരു ഭേദഗതിയാണ് ഇതിലുള്ളത്, "1963-ലെ കേരള ഭൂപരിഷ്കരണ ആക്ടിന്റെ ...... 106-ാം വകുപ്പോ, 106 എ വകുപ്പോ പ്രകാരമുള്ള ലാന്റ് ട്രൈബ്യൂണലിന്റെ ഏതെങ്കിലും ഉത്തരവുമൂലം സങ്കടമനുഭവിക്കുന്ന ഏതെങ്കിലും ആൾക്കോ അങ്ങനെയുള്ള ഉത്തരവിനെതിരായി നിർണ്ണയിക്കപ്പെടാവുന്ന സമയത്തിനകം അപ്പീൽ അധികാരസ്ഥാനത്തിന്റെ അടുക്കൽ അപ്പീൽ ബോധിപ്പിക്കാവുന്നതാണ്." എന്ന് പറഞ്ഞെങ്കിലും

2. 106 ബി എന്ന വകുപ്പുപ്രകാരമുള്ള ലാന്റ് ട്രൈബ്യൂണലിന്റെ ഒരു ഉത്തരവിനെതിരെ നിലവിൽ അപ്പീൽ ബോധിപ്പിക്കുന്നതിന് വ്യവസ്ഥയില്ല. 7 ഇ വകുപ്പിൻകീഴിൽ ഒരു കുടിയാനായി കരുതപ്പെടേണ്ടതാണെന്ന് അവകാശവാദം ഉന്നയിക്കുന്ന ഒരാൾക്ക്, ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് നൽകുന്നതുമായി ബന്ധപ്പെട്ട ലാന്റ് ട്രൈബ്യൂണലിന്റെ 106 ബി എന്ന വകുപ്പ് പ്രകാരമുള്ള ഉത്തരവിനെതിരെ അപ്പീലിനുള്ള ഒരു വ്യവസ്ഥ ഉൾപ്പെടുത്തുന്നതിന് ഇപ്പോൾ സർക്കാർ തീരുമാനിച്ചു.

3. മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്

ഈ ബിൽ".

നമുക്കറിയാം, 1957-ലെ കേരളത്തിലെ പ്രഥമ ഗവൺമെന്റ് സുദീർഘമായ കാലത്തെ പോരാട്ടത്തിലൂടെ ഉന്നയിച്ച മുദ്യാവാക്യം എന്ന നിലയ്ക്കാണ് ഭൂപരിഷ്കരണ നിയമം നമ്മുടെ സംസ്ഥാനത്ത് കൊണ്ടുവന്നത്. പക്ഷേ ജനാധിപത്യ വിരുദ്ധമായി ആ ഗവൺമെന്റിനെ പിരിച്ചുവിട്ടതിനെത്തുടർന്ന് 1970-ലാണ് ഭൂപരിഷ്കരണ നിയമം നടപ്പിലാക്കാൻ കഴിഞ്ഞത്. ഇതിനിടയ്ക്ക് വിവിധ ഗവൺമെന്റുകൾ വന്നെങ്കിലും അത് നടപ്പിലാക്കാൻ പല കാരണങ്ങൾകൊണ്ട് കഴിഞ്ഞില്ല. എന്നാൽ ഇന്നും ഭൂമിയുമായി ബന്ധപ്പെട്ട കേസുകൾ, ലാൻഡ് ട്രൈബ്യൂണലിന്റേതായാലും മറ്റിതര കേസുകളായാലും സംസ്ഥാനത്ത് നടക്കുന്നുവെന്നതാണ് സവിശേഷത. അതിൽ ശാശ്വത പരിഹാരമുണ്ടാക്കേണ്ടത് അനിവാര്യമാണ്. അതിനിടയ്ക്കാണ് ചിലർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾക്ക്, പ്രശ്നങ്ങൾക്ക് പരിഹാരം കാണണമെന്ന ഉദ്ദേശ്യത്തോടെ കേരളത്തിലെ ഗവൺമെന്റിനുവേണ്ടി ബഹുമാന്യനായ റവന്യൂ വകുപ്പുമന്ത്രി ഇത്തരമൊരു ഭേദഗതി മുന്നോട്ടുവച്ചിട്ടുള്ളത്, അതിനെ ഞാൻ സ്വാഗതം ചെയ്യുന്നു. എന്നാൽ സ്വാതന്ത്ര്യത്തിനുമുമ്പുതന്നെ വിദേശ

കമ്പനികൾ വിലയ്ക്കുവാങ്ങിയതും അതുപോലെ പാട്ടത്തിനെടുത്തതുമായ പതിനായിരക്കണക്കിന് ഏക്കർ ഭൂമിയുണ്ട്. എന്നാൽ സ്വാതന്ത്ര്യം ലഭിച്ചതോടെ ഈ ഭൂമി യഥാർത്ഥത്തിൽ സർക്കാരിൽ നിക്ഷിപ്തമാകേണ്ടതാണ്. എന്നാൽ ഇതിൽനിന്നും രക്ഷനേടുന്നതിനുവേണ്ടി വിദേശകമ്പനികൾ ഇന്ത്യൻ കമ്പനികളുമായി ലയിച്ച് ഭൂമി അനധികൃതമായി കൈവശം വച്ചുവരികയാണെന്ന കാര്യം നമുക്കറിയാം. ഇത്തരം ഭൂമി ഭൂസംരക്ഷണ നിയമപ്രകാരം ഏറ്റെടുക്കുന്നതിനുവേണ്ടി കഴിഞ്ഞ ഗവൺമെന്റ് ശ്രീ. രാജമാണിക്യം ഐ.എ.എസ്.-നെ സ്പെഷ്യൽ ഓഫീസറായി നിയമിച്ചു. എന്നാൽ ഭൂമിയുടെ ഉടമസ്ഥത സിവിൽ കോടതിയിലൂടെ തെളിയിക്കണമെന്നാണ് ഹൈക്കോടതി തീർപ്പാക്കിയത്. സിവിൽ കോടതിയിലെ കേസിനെക്കുറിച്ച് നമുക്കറിയാം. ഭൂമിയുമായി ബന്ധപ്പെട്ട കേസുകൾ പൂർത്തീകരിക്കണമെങ്കിൽ വർഷങ്ങൾ വേണ്ടിവരും. ഹൈക്കോടതിയിൽ ഇപ്പോൾ അത് ഉറപ്പുവരുത്തണമെങ്കിൽ സിവിൽ കോടതിയിൽനിന്നും ഗവൺമെന്റ് അതിന് ഉടമസ്ഥാവകാശം ഉറപ്പുവരുത്തണമെന്നാണ് ആവശ്യപ്പെട്ടിട്ടുള്ളത്. ഞാൻ സൂചിപ്പിച്ചതുപോലെ അനിശ്ചിതമായി നീണ്ടുപോകുമെന്നല്ലാതെ അതിനൊരു പരിഹാരം

കാണാൻ കഴിയില്ല. അതിന് സഹായകരമായി ഒരു നിയമനിർമ്മാണം നടത്താൻ ബഹുമാനപ്പെട്ട വകുപ്പുമന്ത്രി താത്പര്യമെടുക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ലക്ഷക്കണക്കിന് ഏക്കർ ഭൂമിയാണ് കേരളത്തിൽ അനധികൃതമായി വിവിധ നിയമത്തിന്റെ ലൂപ്പ്ഹോൾ ഉപയോഗപ്പെടുത്തി കൈവശം വച്ചിട്ടുള്ളത്. 7 ഇ വകുപ്പ് 2005-ൽ ഉൾപ്പെടുത്തിയപ്പോഴാണ് ഒരു മാറ്റം വന്നത്. പക്ഷേ 2005-നുശേഷം മിച്ചഭൂമി വിൽപ്പന നടന്നുവരുന്നുവെന്നത് നമുക്ക് കാണാൻ കഴിയും. അതിന്റെ അടിസ്ഥാനത്തിൽ ഹൈക്കോടതി പറയുന്ന രീതിയാണ് വരുന്നതെങ്കിൽ പുതിയതായി ഒരു 7 ഇ വകുപ്പ് കൊണ്ടുവരേണ്ട സാഹചര്യമാണ് ഇന്ന് കേരളത്തിലുള്ളതെന്ന് ഓർക്കണം. ഭൂപരിഷ്കരണ നിയമം അട്ടിമറിക്കാനുള്ള ഒരു നടപടിയാണ് യഥാർത്ഥത്തിൽ അതിന്റെ പിന്നിലുള്ളതെന്നും കാണേണ്ടതാണ്. അതിന് ശാശ്വത പരിഹാരമുണ്ടാക്കാൻ അത്തരമൊരു നിയമനിർമ്മാണം അനിവാര്യമാണെന്നാണ് ഇതുമായി ബന്ധപ്പെട്ട് സൂചിപ്പിക്കാനുള്ളത്. ഏതായാലും കേരളത്തിൽ ഭൂപരിഷ്കരണ നിയമത്തെത്തുടർന്ന് കാലാനുസൃതമായ മാറ്റം വരുത്താനുള്ള വിപുലമായ പദ്ധതികളാണ് സർക്കാർ ആവിഷ്കരിച്ചിരിക്കുന്നതെന്നത്

സന്തോഷകരമാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 54535 പേർക്ക് പട്ടയം നൽകിയിട്ടുണ്ട്. ഡിജിറ്റൽ സർവ്വേയും ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. അതിന്റെ ഔപചാരികമായ ഉദ്ഘാടനം കേരളത്തിന്റെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി 01-11-2022-ന് നടത്തിക്കഴിഞ്ഞു. അതോടുകൂടി റവന്യൂ വകുപ്പിന്റെ ഭൂമിയുമായി ബന്ധപ്പെടുത്തിക്കൊണ്ട്, മിച്ചഭൂമിയുൾപ്പെടെ ഭൂമിയുടെ യഥാർത്ഥ ഉടമസ്ഥാവകാശം തിട്ടപ്പെടുത്തികൊണ്ടുള്ള പ്രവർത്തനം നടത്താൻ കഴിയും. കഴിഞ്ഞ ബില്ലിന്റെ ചർച്ചയുടെ ഭാഗമായി നദീതടങ്ങളുമായി ബന്ധപ്പെട്ട് യഥാർത്ഥ പുഴകളും നദികളും എത്രമാത്രമാണെന്ന് തിട്ടപ്പെടുത്തി അതിന്റെയും മിച്ച ഭൂമി കണ്ടെത്താൻ കഴിയും. അതോടൊപ്പം ചേർത്ത് പറയാനുള്ളത്, പുറമ്പോക്കുകളായി നിൽക്കുന്ന ഭൂമി ഇതുപോലെ അന്യാധീനപ്പെട്ടുപോകുന്ന സാഹചര്യമുണ്ട്. അതിന് ഒന്നുകിൽ ലോക്കൽ ബോഡികളോ മറ്റേതെങ്കിലും ഏജൻസികളോ ആകാം. അവർ വക്കീലുകളെ വയ്ക്കുമെന്നല്ലാതെ അതിനെക്കുറിച്ച് പിന്നീട് ഒരന്വേഷണം നടത്തുകയില്ല. അതിന്റെ അടിസ്ഥാനത്തിൽ കക്ഷികളിൽ, അന്യായം കൊടുക്കുന്നത് ഞാനാണെങ്കിൽ അടുത്ത് നിൽക്കുന്ന ഒരാളുമായി ബന്ധപ്പെടുത്തികൊണ്ടോ

അല്ലെങ്കിൽ കുടുബത്തിലൊരാളുമായി ബന്ധപ്പെടുത്തികൊണ്ടോ ആണ് കേസ് നടത്തുക. യഥാർത്ഥ ഭൂമി മറ്റൊരാളുടേതാണ്, അതായത് സർക്കാർ ഏജൻസിയുടേതാണ്. അതിൽ സുവോമോട്ടോ എനിക്ക് ഭൂമിക്കുള്ള അംഗീകാരം കോടതി തരികയാണെങ്കിൽ, ആ രീതിയിൽ ഭൂമി തട്ടിപ്പ് നടത്തുന്നൊരു വലിയ പദ്ധതി കേരളത്തിൽ നടക്കുന്നുണ്ട്. ഞാൻ സൂചിപ്പിച്ചത് റവന്യൂവുമായി ബന്ധപ്പെട്ട, പുറമ്പോക്ക് ഭൂമിയുൾപ്പെടെയുള്ള ഇത്തരം കേസ്സുകൾ നടത്തുന്നതിന് ഒരു മോണിറ്ററിംഗ് സിസ്റ്റം നമ്മുടെ കീഴ്ക്കോടതികളും ഹൈക്കോടതികളുമായി ഉണ്ടാക്കിയെടുക്കുന്നതിനുള്ള നിലപാട് ഇതിന്റെ ഭാഗമായുണ്ടാകണം. കോടതികളെ തെറ്റിദ്ധരിപ്പിച്ച് ഭൂമി കൈവശപ്പെടുത്തുന്ന സമീപനങ്ങളുമുണ്ട്. അതോടൊപ്പം യൂണിക് തണ്ടപ്പേര് വരുന്നത് വലിയ പ്രശ്നമാണ്. ഭൂപരിഷ്കരണ നിയമത്തിനുമുമ്പുള്ള ദേവസ്വത്തിന്റെയും മറ്റാളുകളുടെയും പേരിലുള്ള തണ്ടപ്പേരാണ് ഇപ്പോഴും പല ഓഫീസുകളിലും നിരൂപിച്ചുകൊണ്ടിരുന്നത്. അതിനെ മാറ്റി യൂണിക് തണ്ടപ്പേർ വരുന്ന സംവിധാനം റവന്യൂ വകുപ്പ് നടപ്പിലാക്കുന്നത് സന്തോഷകരമാണ്. റവന്യൂ കോൾ സെന്റർ രൂപീകരിച്ചുകഴിഞ്ഞു.

വില്ലേജ്തല ജനകീയസമിതികൾ ഒരു പുതിയ സംരംഭമാണ്.

തീർച്ചയായും ഒട്ടേറെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയുന്നതാണത്. വില്ലേജ് ഓഫീസുകളിൽ കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്ന നടപടികൾ ആരംഭിച്ചിട്ടുണ്ട്. അതിനായി എം.എൽ.എ.-മാരുടെ സഹായം മന്ത്രി തേടിയിട്ടുണ്ട്, അത് നടക്കുന്നുണ്ട്. കെട്ടിക്കിടക്കുന്ന 2,12,169 അപേക്ഷകളിൽ 2,06,062 തരംമാറ്റൽ അപേക്ഷകൾ തീർപ്പാക്കി അധിക തസ്തികകൾ സൃഷ്ടിച്ച് അതിന്റെ പ്രവർത്തനത്തെ മുന്നോട്ട് കൊണ്ടുപോവുകയാണ്. വാഹനസൗകര്യം ഏർപ്പെടുത്തുന്നു, അനുബന്ധ ഉപകരണങ്ങൾ വാങ്ങി ഈ സംവിധാനം ആറു മാസത്തേയ്ക്കുകൂടി ദീർഘിപ്പിച്ച് ശേഷിക്കുന്ന അപേക്ഷകൾകൂടി തീർപ്പാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. 1244 തസ്തികകൾ സ്ഥിരം തസ്തികകളാക്കി മാറ്റിയിട്ടുണ്ട്. സ്മാർട്ട് വില്ലേജ് ഓഫീസുകൾ ആരംഭിച്ചു. ഈ വർഷം എൺപത് വില്ലേജ് ഓഫീസുകൾക്കുകൂടി അനുമതി നൽകി, നേരത്തെ അനുവദിച്ചതുൾപ്പെടെ 92 എണ്ണത്തിന്റെ പണി പൂർത്തീകരിച്ചിട്ടുമുണ്ട്. അടിയന്തര ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി വില്ലേജ് ഓഫീസർമാർക്ക് 25,000/- രൂപ വരെ ചെലവഴിക്കുന്നതിനുള്ള അധികാരം നൽകി. വില്ലേജ് ഓഫീസ് സേവനം നിർബന്ധമാക്കുന്നതിനുള്ള നിയമ ഭേദഗതി വരുത്തി. റവന്യൂ അവാർഡ്

പ്രഖ്യാപിച്ച് ഈ രംഗത്ത് പ്രവർത്തിക്കുന്നവരെയെല്ലാം പ്രോത്സാഹിപ്പിക്കുന്ന നിലപാട് സ്വീകരിച്ചിട്ടുണ്ട്. പട്ടയവിതരണത്തിന് തടസ്സമായി നിൽക്കുന്ന പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും ഓരോ വില്ലേജിലെയും ഭൂരഹിതരുടെ എണ്ണം, ഭൂമിയുടെ ലഭ്യത, പട്ടയവിതരണത്തിനുള്ള തടസ്സം എന്നിവ കണ്ടെത്തി രേഖപ്പെടുത്തി സൂക്ഷിക്കുന്നതിനുള്ള ഡാഷ് ബോർഡ് നിലവിൽ വന്നു. വില്ലേജ് ഓഫീസുകളിൽ നേരിട്ടുപോകാതെ സ്മാർട്ട് ഫോൺ ഉപയോഗിച്ച് മൊബൈൽ ആപ്ലിക്കേഷൻവഴി ഭൂനികുതി ഒടുക്കുവാനുള്ള സംവിധാനങ്ങളും കൊണ്ടുവന്നിട്ടുണ്ട്. എം.എൽ.എ.-മാർക്കുള്ള ഡാഷ് ബോർഡ് - ജില്ലാ റവന്യൂ അസംബ്ലിയിൽ എം.എൽ.എ.-മാർ ഉന്നയിക്കുന്ന പരാതികളും ആവശ്യങ്ങളും രേഖപ്പെടുത്തി സൂക്ഷിക്കുന്നതിനും സമയബന്ധിതമായി പരിഹാരം കാണുന്നതിനുമായി ഒരു ഡാഷ് ബോർഡ് രൂപീകരിച്ചുണ്ട്. ഇത്തരം ജനകീയപ്രശ്നങ്ങൾ എം.എൽ.എ.-മാർ കൊണ്ടുവരുമ്പോൾ അത് പരിഹരിക്കാനുള്ള സംവിധാനം പ്രത്യേകമായെടുക്കുന്നുവെന്നുള്ളത് തീർച്ചയായും റവന്യൂ വകുപ്പിന്റെ കീഴിലൊരു വിപ്ലവകരമായ മാറ്റമായിരിക്കും. പിന്തുടർച്ചാവകാശ സർട്ടിഫിക്കറ്റിന് ഓൺലൈൻ മോഡ്യൂൾ കൊണ്ടുവന്നു.

അങ്ങനെ വിവിധ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്. എല്ലാ വില്ലേജ് ഓഫീസുകളിലും വെബ്സൈറ്റ്, എല്ലാ സേവനങ്ങളും വിരൽത്തുമ്പിൽ ലഭ്യമാക്കുക, വില്ലേജ് ഓഫീസുകളിൽ ലഭ്യമാകുന്ന എല്ലാ സേവനങ്ങളുമുൾക്കൊള്ളിച്ച് രൂപകൽപ്പന ചെയ്തിട്ടുള്ളതാണ് വെബ്സൈറ്റ്. അങ്ങനെ ഭൂപരിഷ്കരണം നടപ്പിലാക്കിയ സംസ്ഥാനത്ത് ജനങ്ങൾക്ക് സഹായകരമായ നിലപാട് സ്വീകരിച്ചുകൊണ്ട് വളരെ വേഗതയിൽ റവന്യൂ വകുപ്പ് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് മുന്നോട്ടുപോകുന്നുണ്ട്.

കഴിഞ്ഞ പ്രളയത്തിൽ തകർന്നുപോയ വീടുകൾ സംരക്ഷിക്കാനുള്ള പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. എന്റെ മണ്ഡലത്തിൽത്തന്നെ 67 പേർക്ക് നഷ്ടപ്പെട്ടുപോയ ഭൂമി നൽകാനും അവർക്ക് പുതിയതായി വീട് വച്ച് നൽകാനുമുള്ള പ്രവർത്തനങ്ങൾ നടക്കുകയാണ്. അതുപോലെ ഉരുൾപൊട്ടിയാൽ വീടുകൾ നഷ്ടപ്പെടാൻ സാധ്യതയുള്ള സ്ഥലങ്ങളിൽ താമസിക്കുന്ന ആദിവാസികളെ മാറ്റിപാർപ്പിക്കാനുള്ളൊരു പുനഃസംവിധാന പരിപാടി ഒരുക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് സൂചിപ്പിച്ചുകൊണ്ട് ഈ ഭേദഗതികളെ അംഗീകരിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ചുമതലപ്പെടുത്തിയതുപ്രകാരം

ശ്രീ. പി. ഉബൈദുള്ള: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള ഭൂപരിഷ്കരണ ഭേദഗതി ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന 2(ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

കേരള ഭൂപരിഷ്കരണ നിയമത്തിലെ 7 ഇ വകുപ്പ് പ്രകാരം കുടിയാനായി കരുതപ്പെടേണ്ടതാണെന്ന് അവകാശവാദം ഉന്നയിക്കുന്നാൾക്ക് ഉടമസ്ഥാവാകാശ സർട്ടിഫിക്കറ്റ് നൽകുന്നതുമായി ബന്ധപ്പെട്ട Land Tribunal-ന്റെ 106 ബി വകുപ്പ് പ്രകാരമുള്ള ഉത്തരവിനെതിരെ അപ്പീൽ നൽകുന്ന വ്യവസ്ഥയെ ഉൾപ്പെടുത്തികൊണ്ട് 1963-ലെ കേരള ഭൂപരിഷ്കരണ ആക്ട് ഭേദഗതി ചെയ്യുന്നതിനുവേണ്ടിയുള്ള ഈ ബില്ലിന്റെ വ്യവസ്ഥകളോട് ഞാൻ യോജിക്കുകയാണ്. എന്നാൽ പാട്ടക്കാലാവധി പൂർത്തിയാക്കുകയോ പാട്ടക്കരാർ ലംഘനം നടത്തുകയോ ചെയ്ത വൻകിട എസ്റ്റേറ്റുകളിൽ നിന്നും ഭൂമിയെറ്റടുത്ത് ഭൂരഹിതർക്ക് വിതരണം ചെയ്യാൻ സർക്കാർ നടപടി സ്വീകരിക്കാത്ത നിലപാടിനോട്, ഇതോടൊപ്പം ഞാൻ വിയോജിക്കുകയാണ്. നമ്മുടെ സംസ്ഥാനത്ത് ഭൂരഹിതരായ

ലക്ഷക്കണക്കിന് ആളുകളെ ഭവുടമകളാക്കി മാറ്റിയ സുപ്രധാനമായ നിയമനിർമ്മാണമായിരുന്ന 1970 ജനവരി മാസത്തിൽ സഖാവ് സി. അച്യുതമേനോൻ കേരളത്തിലെ മുഖ്യമന്ത്രിയായിരുന്നപ്പോൾ ഐക്യമുന്നണി സർക്കാർ ഭരിക്കുന്ന കാലഘട്ടത്തിൽ നടപ്പാക്കിയ ഭൂപരിഷ്കരണ നിയമം. കയറിക്കിടക്കാൻ ഒരു തുണ്ട് ഭൂമിപോലുമില്ലാതിരുന്ന ജനലക്ഷങ്ങളെ ഭൂ ഉടമകളാക്കി മാറ്റിയ അതിവിപ്ലവകരമായ ആ നിയമം നടപ്പാക്കുന്നതിൽ പങ്കാളികളാകാൻ കഴിഞ്ഞതിൽ ഞങ്ങൾക്ക് അഭിമാനവും ചാരിതാർത്ഥ്യവുമുണ്ട്. 1966-67-ൽ കേരളത്തിലെ ഭൂവുടമകളുടെ എണ്ണം 28.22 ലക്ഷമായിരുന്നെങ്കിൽ 1970-ൽ ഭൂപരിഷ്കരണ നിയമം പ്രാബല്യത്തിൽ വന്നതിനുശേഷം 1976-77-ൽ ഭൂവുടമകളുടെ എണ്ണം 41.83 ലക്ഷമായി ഉയരുകയുണ്ടായി. ഏകദേശം 28 ലക്ഷംപേർക്ക് ഭൂമിയുടെ ഉടമസ്ഥാവകാശം ലഭിച്ചു. 5.3 ലക്ഷം കുടികിടപ്പുകാർക്ക് കുടികിടപ്പവകാശവും ഇതിന്റെ ഭാഗമായി ലഭിക്കുകയുണ്ടായി. അതിനുശേഷം ഭൂപരിഷ്കരണ നിയമത്തിൽ പല ഭേദഗതികളും പലപ്പോഴായി നമ്മൾ കൊണ്ടുവന്നെങ്കിലും ഭൂരഹിതരായ മുഴുവൻ ആളുകൾക്കും ഭൂമി നൽകാൻ ഇതുവരെയും സാധ്യമായിട്ടില്ല. കേരളത്തിലെ മൊത്തം ജനസംഖ്യയുടെ 10% വരുന്ന

ജനങ്ങൾ ഭൂരഹിതരാണെന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്. ഇന്ന് രാവിലെ ശ്രദ്ധക്ഷണിക്കലിന് ബഹുമാന്യനായ മന്ത്രി ഇരുപതിനായിരത്തിൽപ്പരം ആളുകൾക്ക് ഭൂമി നൽകാനുണ്ടെന്ന് സൂചിപ്പിക്കുകയുണ്ടായി.

റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് ഉണ്ടായികൊണ്ടിരിക്കുന്ന പ്രശ്നങ്ങളെ സംബന്ധിച്ച് ഇവിടെ സൂചിപ്പിച്ചു. 2018-ലും 2019-ലും ഉണ്ടായ പ്രളയത്തിൽപ്പെട്ട് വീട് തകർന്നുപോയ എത്രയോ കുടുംബങ്ങൾ ഇപ്പോഴും വീട് നിർമ്മിക്കാൻ കഴിയാതെ നിൽക്കുകയാണ്. പല നദിയുടെ തീരങ്ങളിലും ഭീഷണി തുടരുകയാണ്. ഒരു വലിയ മഴ പെയ്താൽ ഏതു നദിയുടെ കരയും ഇടിഞ്ഞ്, അതിനടുത്ത് താമസിക്കുന്ന വീടുകളെല്ലാം അപകടഭീഷണിയിൽ കഴിയുകയാണ്. പ്രളയം വന്ന് തകർന്നതിനുശേഷം വീട് പുനർനിർമ്മിക്കാനല്ലാതെ, അതിനുമുമ്പ് പ്രളയത്തിൽപ്പെടാൻ, അപകടസാധ്യതയുള്ള വീടുകളുടെ പുനരധിവാസം ഉറപ്പുവരുത്താനുള്ള നടപടികൂടി റവന്യൂ വകുപ്പിന്റെ ഭാഗത്തുനിന്നുണ്ടാകണം എന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. മലപ്പുറം ജില്ലയിൽ ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിൽ വിതരണം ചെയ്യുന്നതിനായി ഭൂപരിഷ്കരണ നിയമപ്രകാരം

ഏറ്റെടുത്ത 3 സെന്റ് വീതമുള്ള 121 പ്ലോട്ടുകൾ നിലവിലുണ്ടെന്നാണ് എന്റെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4367-ന് 09-08-2021-ൽ ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി നൽകിയിട്ടുള്ള മറുപടി. ഈ 121 പ്ലോട്ടുകൾ ബന്ധപ്പെട്ട ഗുണഭോക്താക്കൾക്ക് എത്രയുംവേഗം വിതരണം ചെയ്യാനും അവർക്ക് പട്ടയം നൽകാനുമുള്ള നടപടി സ്വീകരിക്കണമെന്നുകൂടി ഞാൻ ആവശ്യപ്പെടുകയാണ്. സംസ്ഥാനത്ത് ഭൂരഹിതരുടെ വിവരശേഖരണം നടത്തിയിട്ടുണ്ടോ; എങ്കിൽ ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കുമോയെന്ന 30-08-2022-ലെ ശ്രീ. അനൂപ് ജേക്കബിന്റെ ചോദ്യത്തിനുത്തരമായി ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി പറഞ്ഞത് "സംസ്ഥാനത്തെ ഭൂരഹിതരുടെ വിവരശേഖരണം റവന്യൂ വകുപ്പ് നടത്തി കണക്കുകൾ ശേഖരിച്ചിട്ടില്ലാത്തതാണ്. എന്നാൽ സംസ്ഥാനത്ത് ഭൂരഹിതരുടെ വിവരശേഖരണം ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടത്തി വരുന്നു." എന്നാണ്. റവന്യൂ വകുപ്പിന്റെ കൈവശം സംസ്ഥാനത്ത് എത്ര ഭൂരഹിതരുണ്ടെന്നും എന്നൊക്കെ അവർക്ക് ഭൂമി നൽകാൻ കഴിയുമെന്നതിനെക്കുറിച്ചുള്ള വ്യക്തമായ ഒരു കണക്കും എല്ലാ വിവരങ്ങളും ഉണ്ടാകേണ്ടതുണ്ട്. എന്നാൽ റവന്യൂ വകുപ്പിന്റെ കൈവശം

ഇതുസംബന്ധിച്ച് വിവരമില്ലെന്നാണ് 30-08-2022-ൽ ബഹുമാനപ്പെട്ട മന്ത്രിതന്നെ നൽകിയിട്ടുള്ള കണക്കിൽ പറയുന്നത്. ഭൂപരിഷ്കരണ നിയമത്തിന്റെ ഭാഗമായി നടന്നിട്ടുള്ള, ഭൂരഹിതരായവരുടെയുൾപ്പെടെ നിരവധി പ്രശ്നങ്ങൾ നിലനിൽക്കുകയാണ്. സാധാരണക്കാരായവർ ഏറ്റവും കൂടുതലായി ബന്ധപ്പെടുന്നത് റവന്യൂ വകുപ്പാണ്. ആ വകുപ്പിനെ നന്നാക്കി എടുക്കാനുള്ള ശ്രമം ബഹുമാനപ്പെട്ട മന്ത്രി നടത്തുന്നുണ്ടെങ്കിൽപോലും ഇപ്പോഴും അതിന് കാര്യമായ മാറ്റങ്ങളൊന്നും ഉണ്ടാകുന്നില്ല എന്നതൊരു യാഥാർത്ഥ്യമാണ്. ഭൂമിയുടെ തരംമാറ്റാനായി ഒരാൾ അപേക്ഷ കൊടുത്താൽ അതിന് വർഷങ്ങളോളം കാത്തിരിക്കേണ്ടി വരികയാണ്. ഒരു പട്ടയത്തിനുവേണ്ടി അപേക്ഷ കൊടുത്താൽ കുറേ വർഷം കഴിയുമ്പോൾ പട്ടയമേള നടത്തുകയാണ്. എന്തിനാണ് പട്ടയമേളയിൽ പട്ടയം കൊടുക്കാനായി കാത്ത് നിൽക്കുന്നത്. പട്ടയമേള നടത്താൻ ഇടനൽകാത്ത വിധം ഓരോ ഘട്ടങ്ങളിലും ലഭിക്കുന്ന അപേക്ഷകളിന്മേൽ അപ്പപ്പോൾ തീർപ്പ് കൽപ്പിക്കുകയാണെങ്കിൽ ഇതിനെല്ലാം ഒരു പരിഹാരമുണ്ടാക്കാൻ കഴിയും. ചിലയാളുകൾ ഭൂമി കൈവശം വയ്ക്കുന്നതുപോലെയാണ് നമ്മുടെ റവന്യൂ വകുപ്പും, ഭൂമി മൊത്തത്തിൽ കൈവശം വച്ചിരിക്കുകയാണ്.

സർക്കാരിന്റെ മറ്റേതെങ്കിലും ഡിപ്പാർട്ട്മെന്റിന് ഒരു കെട്ടിടം നിർമ്മിക്കാനോ അവർക്ക് മറ്റെന്തെങ്കിലും സൗകര്യമൊരുക്കാനോ വേണ്ടി ഫണ്ട് പാസ്സായാൽപ്പോലും നൽകാൻ ഭൂമിയുണ്ടാകില്ല. രണ്ട് വർഷംമുമ്പ് ബഡ്ജറ്റിൽ ഉൾപ്പെടുത്തി എന്റെ മണ്ഡലത്തിലേയ്ക്ക് അനുവദിച്ചുതന്ന മലപ്പുറം ആർ.ടി. ഓഫീസിന് കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ടിയാണ് 20 ശതമാനം തുക വകയിരുത്തിയത്. എന്നാൽ ബഡ്ജറ്റിൽ വകയിരുത്തിയ പണം വിനിയോഗിക്കാൻ കഴിയുന്നില്ല. കാരണം ഭൂമി റവന്യൂ വകുപ്പിന്റേതാണ്. റവന്യൂ വകുപ്പിന്റെ ഭൂമി വിട്ടുകൊടുക്കാൻ വകുപ്പ് തയ്യാറാകുന്നില്ല. ഇതുമായി ബന്ധപ്പെട്ട് ഭൂമി വിട്ടുകിട്ടണമെന്ന് ആവശ്യപ്പെട്ട് ആർ.ടി.ഒ. നൽകിയിട്ടുള്ള കത്തിന് മറുപടിയായി റവന്യൂ വകുപ്പ് നൽകിയ മറുപടി, "മലപ്പുറം സിവിൽ സ്റ്റേഷൻ കോമ്പൗണ്ടിൽ 100 വർഷത്തിലേറെ പഴക്കമുള്ള ഒരു കെട്ടിടത്തിൽ പരിമിതമായ സൗകര്യത്തിലാണ് ആർ.ടി. ഓഫീസ് പ്രവർത്തിച്ചുവരുന്നതെന്നും കെട്ടിടത്തിന്റെ കാലപ്പഴക്കംകൊണ്ടും ജീർണ്ണാവസ്ഥകൊണ്ടും സ്ഥലപരിമിതിമൂലവും ജീവനക്കാരും പലവിധ സേവനങ്ങൾക്കായി എത്തുന്ന പൊതുജനങ്ങളും വളരെയേറെ പ്രയാസം അനുഭവപ്പെടുന്നുവെന്നും ആകയാൽ കെട്ടിടം സ്ഥിതി ചെയ്യുന്ന സ്ഥലം

ഉൾപ്പെടെ 50 സെന്റ് ഭൂമി കൈമാറി നൽകണമെന്നും അഭ്യർത്ഥിച്ച് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ റിക്വസ്റ്റ് സമർപ്പിച്ചിട്ടുണ്ട്. മലപ്പുറം ജില്ലയിൽ ഏറനാട് താലൂക്കിൽ മലപ്പുറം വില്ലേജിൽ കളക്ടറേറ്റും മറ്റ് വിവിധ ഓഫീസുകളും പ്രവർത്തിച്ചുവരുന്ന റീ സർവ്വെ 430/1 (എ) 3 (എ) 1-ൽപ്പെട്ട 45 ഏക്കർ ഭൂമിയിൽ ഒന്നര സെന്റ് ഒട്ടളവുള്ള സ്ഥലം സ്ഥിതിചെയ്യുന്നതും മുമ്പ് മിലിട്ടറി ആവശ്യത്തിന് ഉപയോഗിച്ചിരുന്നതുമായ രണ്ട് പഴയ ഓടിട്ട കെട്ടിടങ്ങൾ ഉൾപ്പെടെ ആർ.ടി. ഓഫീസിന് 50 സെന്റ് ഭൂമിയാണുള്ളത്. സമാന ഭൂമിയുടെ ന്യായവില ആർ 1-ന് അഞ്ച് ലക്ഷം രൂപയാണ്. വില നിർണ്ണയിക്കേണ്ട ഭൂമിയുടെ ന്യായവില ആർ -1 ന് പത്ത് ലക്ഷം രൂപയാണ്. വില നിർണ്ണയിക്കേണ്ട അമ്പത് സെന്റിന്റെ വില രണ്ട്കോടി രണ്ട് ലക്ഷത്തി നാല്പത്തി രണ്ടായിരത്തി തൊള്ളായിരത്തി പതിനഞ്ച് രൂപ മാത്രമാണ്. വില നിശ്ചയിച്ച് രണ്ട് സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി, കൈമാറ്റ വ്യവസ്ഥകൾക്കും നിബന്ധനകൾക്കും വിധേയമായി കൈമാറി നൽകുന്നതാണ്. സിവിൽ സ്റ്റേഷനകത്ത് ട്രാൻസ്പോർട്ട് ഡിപ്പാർട്ട്മെന്റിന് ആർ.ടി. ഓഫീസ് കെട്ടിടം പണിയാൻ റവന്യൂ ഡിപ്പാർട്ട്മെന്റ് രണ്ട് കോടി രൂപ വില നിശ്ചയിച്ചിരിക്കുകയാണ്. അപ്പോൾ ഇത് റവന്യൂവകുപ്പിന്റെ

കൈവശമാണ് പോകുന്നത്. എന്റെ മണ്ഡലത്തിന് കിട്ടിയ ഫണ്ട് ജില്ലാ ആസ്ഥാനത്ത്, സിവിൽ സ്റ്റേഷൻ കോമ്പൗണ്ടിലെ ആർ.ടി. ഓഫീസിന് കൊടുക്കാൻ തീരുമാനിച്ചത് എന്റെ വിശാല മനസ്കതകൊണ്ടുമാത്രമാണ്, അല്ലെങ്കിൽ വേറെ റോഡിനോ പാലത്തിനോ കൊടുക്കാമായിരുന്നു. അങ്ങനെ കൊടുത്ത ഫണ്ട് അവിടെ ചെലവഴിക്കാൻ പറ്റാത്ത സാഹചര്യം നിലനിൽക്കുകയാണ്. അതുകൊണ്ട് ഈ കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രിയുടെ അടിയന്തരമായ ഇടപെടൽ ഉണ്ടാകണമെന്നാണ് എനിക്ക് ഇതുമായി ബന്ധപ്പെട്ട് പറയാനുള്ളത്. സാധാരണക്കാർ നേരിട്ട് ഇടപെടുന്നൊരു വകുപ്പാണ് റവന്യൂ. ആ വകുപ്പിൽ കാലോചിതമായ മാറ്റം വേണം. മുമ്പെന്നോ ഉണ്ടായിട്ടുള്ള വില്ലേജുകൾ ഇപ്പോൾ നിലനിൽക്കുകയാണ്.

<u>മി. സ്പീക്കർ</u>: പ്ലീസ് കൺക്ലൂഡ്.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, ജനസംഖ്യാനുപാതികമായി അതുപോലെ ഭൂവിസ്തൃതിയുടെ അടിസ്ഥാനത്തിൽ വിഭജിക്കപ്പെടേണ്ട വില്ലേജുകൾ വിഭജിക്കണം. അതുപോലെ പുതിയ താലൂക്കുകൾ രൂപീകരിക്കണം. ഭരണ സംബന്ധമായ കാര്യങ്ങൾക്ക് ഇതാവശ്യമാണ്. മലപ്പുറം ജില്ലാ

ആസ്ഥാനമായി ഒരു പുതിയ താലൂക്ക് വേണമെന്ന ആവശ്യം വർഷങ്ങളായി നിലനിൽക്കുന്നതാണ്. ഇതിന് അനുകൂലമായ റിപ്പോർട്ടുകൾ മലപ്പുറം ജില്ലയിലെ വിവിധ തഹസിൽദാർമാരിൽനിന്ന് ജില്ലാ കളക്ടർ ശേഖരിച്ചു. ഏറനാട്, പെരിന്തൽമണ്ണ, തിരൂർ, തിരൂരങ്ങാടി തുടങ്ങിയ താലൂക്കുകളിലെ തഹസിൽദാർമാർ ചേർന്ന് മലപ്പുറം ആസ്ഥാനമായി ഒരു താലൂക്ക് രൂപീകരിക്കുന്നത് ഭരണപരമായ കാര്യങ്ങൾക്ക് ഏറെ പ്രയോജനപ്പെടുമെന്ന് ശിപാർശ ചെയ്തിരിക്കുകയാണ്. അപ്പോൾ ഉദ്യോഗസ്ഥ തലത്തിൽതന്നെ ശിപാർശ വന്നിട്ടുള്ളതാണ്. ഒരു ശിപാർശകൂടി ഞാൻ വായിക്കുകയാണ്. "ഇവിടെ പട്ടിക 1-ൽപ്പെട്ട വില്ലേജുകൾ..." വില്ലേജുകളുടെ പേരുകൾ ഞാൻ വായിക്കുന്നില്ല. "....ഉൾപ്പെടുത്തി മലപ്പുറം ആസ്ഥാനമായി പുതിയ താലൂക്ക് രൂപീകരിക്കുന്നതുവഴി ഏറനാട്, പെരിന്തൽമണ്ണ, തിരൂർ, തിരൂരങ്ങാടി, മലപ്പുറം താലൂക്കുകൾക്ക് ഭരണപരമായും പൊതുജനങ്ങൾക്ക് വിവിധ ആവശ്യങ്ങൾക്കുമായി താലൂക്ക് ആസ്ഥാനത്തേയ്ക്ക് എത്തിച്ചേരുന്നതിനും സേവനങ്ങൾ യഥാസമയം ലഭ്യമാക്കുന്നതിനും ഏറെ ഗുണകരമാകുന്നതാണ്. കൂടാതെ പ്രകൃതിക്ഷോഭം, ഇലക്ഷൻ, സെൻസസ് തുടങ്ങിയ സമയബന്ധിത ജോലികളിൽ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും കൂടുതൽ

സൗകര്യപ്രദമാകുന്നതാണ്. മേൽ സാഹചര്യത്തിൽ സൂചന 3, 7-ഉം റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ പട്ടിക ഒന്ന് പ്രകാരം മലപ്പുറം ആസ്ഥാനമായി പുതിയ താലൂക്ക് രൂപീകരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നത് ഉചിതമായിരിക്കും" എന്നുകൂടി ബഹുമാനപ്പെട്ട ജില്ലാകളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ റിപ്പോർട്ടിന്റെ പിൻബലത്തിൽ മലപ്പുറം താലൂക്ക് പ്രഖ്യാപിക്കാൻകൂടി ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഏതാണ്ട് ഒരു മണിക്കൂറോളം നീണ്ടുനിന്ന രണ്ട് ഗൗരവമായ വിഷയങ്ങളെ സംബന്ധിച്ചുള്ള ചർച്ച നടന്നതുകൊണ്ട് ചില കാര്യങ്ങൾ പറയാൻ അങ്ങ് അവസരം നൽകണമെന്ന് അഭ്യർത്ഥിക്കുകയാണ്. അങ്ങയുടെ നിഷ്കർഷതയും സമയവും നല്ലതുപോലെ പാലിക്കുകയും ചെയ്യും. നമ്മൾ ഒന്നാമതായി ചർച്ച ചെയ്തത് കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും ആക്ടുമായി ബന്ധപ്പെട്ട കാര്യങ്ങളാണ്. വളരെ ചെറിയ രണ്ട് ഭേദഗതികളാണുള്ളതെന്ന് ഉന്നയിച്ചവർതന്നെ സൂചിപ്പിച്ചു. രണ്ട് ഭേദഗതിയുടെയും തടസ്സവാദങ്ങൾ നിർബന്ധമുള്ളതുകൊണ്ടാണ്

പറഞ്ഞതെന്ന് ബോധ്യപ്പെടുന്ന വിധത്തിലാണ് രണ്ട് എം.എൽ.എ.-മാരും അവതരിപ്പിച്ചത്. അവർതന്നെ അതിനുള്ള മറുപടിയും ബന്ധപ്പെട്ട ഘട്ടങ്ങളിൽ പറയുകയും ചെയ്തു. എല്ലാ എം.എൽ.എ.-മാരും വളരെ കൃത്യതയോടുകൂടി, അക്കാദമികമായി ഈ വിഷയം പഠിക്കുകയും പൊതുസമൂഹത്തിന് വളരെയേറെ ശ്രദ്ധിക്കപ്പെടേണ്ട ഒന്നാണ് ഇതെന്ന ധാരണയിൽ അവർ അവതരിപ്പിക്കുകയും ചെയ്തു. ഏറ്റവും സന്തോഷകരമായൊരു കാര്യം എല്ലാപേരും സമ്മതിക്കുന്നത്, കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും ആക്ട്, 2001-ഉം അതുമായി ബന്ധപ്പെട്ട് പുറത്തിറങ്ങിയ ചട്ടവും സാമാന്യം നല്ലതുപോലെ ഈ പ്രശ്നങ്ങളെ അഡ്രസ് ചെയ്യാൻ കഴിയുന്നതാണ് എന്ന കാര്യത്തിലാണ്. അങ്ങേയ്ക്ക് അറിയാമെങ്കിലും അങ്ങയിലൂടെ ബന്ധപ്പെട്ട അംഗങ്ങളെ അറിയിക്കേണ്ട ഒരു പ്രധാനപ്പെട്ടകാര്യം, ഇതിന്റെ ആമുഖത്തിൽത്തന്നെ പീഠികയിൽതന്നെ അത് സൂചിപ്പിച്ചിട്ടുണ്ട്. നദികളിൽനിന്ന് വിവേചനരഹിതവും അനിയന്ത്രിതവുമായ മണൽവാരൽ നദീതീരങ്ങളിൽ വൻതോതിൽ മണ്ണിടിച്ചിലിനും വസ്തുക്കളുടെ നാശനഷ്ടത്തിനും കാരണമാകുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനാലും ആറ്റുമണൽ

വൻതോതിൽ കുഴിച്ചുവാരുന്നത് നദിയുടെ ജൈവ-ഭൗതിക പരിസ്ഥിതി വ്യവസ്ഥയെ വ്യത്യസ്ത അളവുകളിൽ തകരാറിലാക്കുന്നതിനാലും ഭരണപരമായി നിയന്ത്രണ ഉത്തരവുകൾ നിലവിലിരിക്കുന്നതുമായ കാരണത്താൽ നിയന്ത്രണ നിർമ്മാണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ സംബന്ധിച്ച പരാതികൾ ലഭിച്ചിട്ടുള്ളതിനാലും പൊതുതാല്പര്യം, നദീതീര സംരക്ഷണത്തിനും നദികളിൽനിന്ന് മണൽ വാരുന്നത് നിയന്ത്രിക്കുന്നതിനുമുള്ള നടപടികൾ വ്യവസ്ഥ ചെയ്യേണ്ടത് യുക്തമായിരിക്കുന്നതിനാലും" - ഈ നാല് പ്രധാനപ്പെട്ട കാര്യങ്ങൾ സംസാരിച്ചാലും നമ്മുടെ ആക്ടുമായി ബന്ധപ്പെട്ട് ഇവിടെ എം.എൽ.എ.-മാർ ഉന്നയിക്കപ്പെട്ട പ്രധാനപ്പെട്ട ആശയങ്ങളെല്ലാം അതിനകത്തുണ്ടെന്ന് നമുക്ക് ബോധ്യപ്പെടാൻ കഴിയും.

ബഹുമാനപ്പെട്ട ശ്രീ. എൻ. എ. നെല്ലിക്കുന്ന് ഇവിടെ അഞ്ച് ലക്ഷം രൂപ എന്നുള്ള തുക അഞ്ച് കോടി രൂപയാക്കണമെന്ന് രേഖപ്പെടുത്തി. ശ്രീ. കുറുക്കോളി മൊയ്തീൻ ഈ സദസിൽ ഇല്ലാതിരുന്നത് ഭാഗ്യമെന്നേ കരുതേണ്ടതുള്ളൂ. കാരണം ഈ ആക്ടിന്റെ ചർച്ച ആരംഭിച്ച്, ബിൽ സബ്ജക്ട് കമ്മിറ്റിക്ക് വിടുമ്പോൾ അദ്ദേഹം മാത്രമല്ല, ഞാൻ ഓരോരുത്തരെയായി

പറയുന്നതല്ല, പൊതുവിലുണ്ടായ ആശയത്തിലും, ഇവിടെ ഇന്ന് ഖണ്ഡം തിരിച്ചുള്ള മാറ്റങ്ങളിൽ ഉൾപ്പെടുത്തണമെന്ന് നാം കരുതിയതിൽ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം അഞ്ച് ലക്ഷം രൂപ ആക്കരുതെന്ന മുറവിളികൾ കൂടിയാണ്. അങ്ങയുടെ മഹാമനസ്കതയെയും അനധികൃതമായ മണൽവാരലിനെതിരെ അങ്ങ്, ഉയർത്തിപ്പിടിച്ച സർക്കാരിന് തുല്യമായി, ഒരു പടയാളിയുടേതായ മാനസികാവസ്ഥയെ ഞാൻ സർക്കാരിനുവേണ്ടി അഭിനന്ദിക്കുകയാണ്. ഇതിൽ കൂടുതലായി ഒന്നും പറയാനില്ലാത്തതുകൊണ്ടാണ്, അങ്ങ് ഇതൊക്കെ നടപ്പാക്കാൻവേണ്ടി, വാശിയോടുകൂടി നിൽക്കുന്ന ഒരാളാണെന്ന് എനിക്കറിയാം. അങ്ങയുടെ ആ താൽപ്പര്യത്തെ ഞാൻ അംഗീകരിക്കുന്നു. അതിനെ പ്രത്യേകമായി മറ്റൊന്നായി കാണേണ്ടതില്ല. ഈ കാര്യത്തിൽ അങ്ങ് ഇവിടെ സൂചിപ്പിക്കപ്പെട്ടതുപോലെ മണൽവാരലിനെക്കുറിച്ച് നേരത്തെ ബഹുമാനപ്പെട്ട നജീബ് കാന്തപുരം സംസാരിച്ചപ്പോഴും ഇത് സൂചിപ്പിക്കുന്നതുകേട്ടു. അനധികൃത മണൽവാരലിനെക്കുറിച്ചുമാത്രമല്ല ഈ നിയമം പറയുന്നത്, കൃത്യതയോടുകൂടി ഏറ്റവും ഔപചാരികമായി മണൽവാരുന്നതിന് വേണ്ടിയുള്ള നടപടിക്രമങ്ങളെക്കുറിച്ചും പറയുന്നുണ്ട്.

സാൻഡ് ഓഡിറ്റിംഗ് വേണമെന്ന് ബഹുമാനപ്പെട്ട നജീബ് കാന്തപുരം സൂചിപ്പിച്ചു. സാൻഡ് ഓഡിറ്റിംഗില്ലാതെ സാൻഡ് മൈനിംഗ് സാദ്ധ്യമല്ല, അത് ഗവൺമെന്റിന്റെ നയമാണ്. 40 നദികളിൽ 30 പ്രധാനപ്പെട്ട നദികളിലും 5 പോഷകനദികളിലും മണൽ മാനദണ്ഡങ്ങൾക്കനുസരിച്ച് സാൻഡ് ഓഡിറ്റിംഗ് ഇതിനകം നടത്തിക്കഴിഞ്ഞിട്ടുണ്ട്. 28 പ്രധാന നദികളും 4 പോഷകനദികളുമടക്കം 32 നദികളുടെ സാൻഡ് ഓഡിറ്റിംഗ് ഇതിനകം സർക്കാർ അംഗീകരിച്ചു. മണൽ നിക്ഷേപങ്ങൾ നടത്തപ്പെട്ടിട്ടുള്ള 14 നദികളിൽ സാൻഡ് മൈനിംഗിന്റെ ഭാഗമായി DSR തയ്യാറാക്കുകയാണ്. ഞാൻ നേരത്തെ പറഞ്ഞതുപോലെ, National Accreditation Board for Education and Training (NABET)-യുടെ അക്രഡിറ്റഡ് ഏജൻസിയായിട്ടുള്ള National Institute for Interdisciplinary Science and Technology (NIIST) ആണ് നദികളിലെ DSR തയ്യാറാക്കുന്നതിനുവേണ്ടിയുള്ള ധാരണയുണ്ടാക്കുന്നത്. ബഹുമാനപ്പെട്ട ലാൻഡ് റവന്യൂ കമ്മീഷണർ 29-04-2022-ന് NIIST-യുമായി DSR തയ്യാറാക്കുന്നതിനുള്ള ധാരണയുണ്ടാക്കി കഴിഞ്ഞു. ഇതനുസരിച്ച് തൃശ്ശൂർ, പാലക്കാട്, മലപ്പുറം ജില്ലകളിലെ DSR 2022 ഡിസംബറിലും കോഴിക്കോട്,

കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ DSR ജൂൺ 2023-ലും ഇടുക്കി, എറണാകുളം ജില്ലകളിലെ DSR ആഗസ്റ്റ് 2023-ലും പത്തനംതിട്ട, കോട്ടയം ജില്ലകളിലെ DSR ഡിസംബർ 2023-ലും തയ്യാറാക്കി നൽകുമെന്ന് അവർ ഉറപ്പുനൽകിയിട്ടുണ്ട്. എന്നാൽ അത് പോര, കുറേക്കൂടി വേഗതയിലാക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ചേർന്ന യോഗത്തിൽ തീരുമാനിക്കുകയുണ്ടായി. അങ്ങനെ കിട്ടിയ മണൽ എങ്ങനെയെല്ലാമാണ് വിതരണം ചെയ്യേണ്ടതെന്ന് 12, 13, 14, 15 സെക്ഷനുകളിലായി വളരെ കൃത്യതയോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ചുമതല നൽകിക്കൊണ്ട് ഏൽപ്പിക്കുകയും അതിന്റെ നടപടികൾ ഉറപ്പുവരുത്തുകയും ചെയ്യുന്ന ബില്ലാണ് നമ്മുടെ മുമ്പിലുള്ളത്. അതുകൊണ്ട് അക്കാര്യത്തിലൊരു പേടിയും ഉണ്ടാകേണ്ട കാര്യമില്ല. മാത്രമല്ല, മണൽ ലഭ്യത ഉറപ്പാക്കുന്നതിന്റെ ഭാഗമായി കടവുകളിൽ മണൽ ലേലം ചെയ്യുന്നതുൾപ്പെടെയുള്ള നടപടികളെക്കുറിച്ച് ഇതിൽ വിവരിച്ചിട്ടുണ്ട്. സെക്ഷൻ 20, 23(എ) എന്നിവയിലുള്ള ഭേദഗതികളിൽ ഇവിടെ നടന്ന ചർച്ചകളിൽ പ്രധാനമായി വന്ന കാര്യം എന്തുകൊണ്ടാണ് കളക്ടറെ ഈ ചുമതല ഏൽപ്പിക്കുന്നത് എന്നാണ്. കളക്ടർ ഡിസ്ട്രിക്ട് എക്സ്പേർട്ട് കമ്മിറ്റി

(ഡി.ഇ.സി.)-യുടെ ചെയർമാനാണ്. മാത്രമല്ല, എല്ലാ കടവുകളിലും കളക്ടർ പോയി ലേലം നടത്തേണ്ട കാര്യമില്ല. കടവുകളിൽ ലേലം നടത്തേണ്ടത് അവിടെ രൂപീകരിക്കപ്പെട്ട കടവ് കമ്മിറ്റികളാണ്. അതിൽ എല്ലാ വകുപ്പുകളുടെയും പ്രതിനിധികളുണ്ട്. ബഹുമാനപ്പെട്ട വടകര അംഗം ഇവിടെ സൂചിപ്പിച്ചതുപോലെ, തൊഴിലാളി സംഘടനകളുടെ ഔപചാരികമായ 3 പ്രതിനിധികളുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും പൊതുമരാമത്ത്, ജലവിഭവ വകുപ്പുകളുടെയും ബന്ധപ്പെട്ട പ്രതിനിധികൾ കടവ് കമ്മിറ്റിയിലുണ്ട്. അവരാണ് മണൽ ലേലം ചെയ്ത് വിൽക്കേണ്ടത്. അനധികൃതമായി പിടിച്ചെടുത്ത മണൽ എന്തുചെയ്യണമെന്നാണ് ഭേദഗതിയിൽ പറഞ്ഞിരിക്കുന്നത്. അങ്ങനെ പിടിച്ചെടുത്ത മണൽ കളക്ടറുടെ നേതൃത്വത്തിൽതന്നെ ലേലം ചെയ്യണം. കളക്ടർക്ക് വളരെ തിരക്കുള്ളതുകൊണ്ട് അദ്ദേഹത്തെ ഈ പണി ഏൽപ്പിക്കരുതെന്നും ഓരോ പുഴവച്ച് ഓരോ എം.എൽ.എ.-യും ഏറ്റെടുക്കാമെന്നുള്ള അഭിപ്രായപ്രകടനമാണ് ശ്രീ. നജീബ് കാന്തപുരം തടസ്സവാദത്തിൽ ഉന്നയിച്ചത്. കളക്ടർക്ക് ധാരാളം ചുമതലകളുള്ളതുകൊണ്ട് എം.എൽ.എ. പുഴ ഏറ്റെടുക്കാമെന്ന് പറഞ്ഞാൽ..., ബഹുമാനപ്പെട്ട

ചെയറിന്റെ നേതൃത്വത്തിലുള്ള ഈ സഭയിലെ എം.എൽ.എ.-മാർക്ക് ചെയ്തുതീർക്കാൻ ധാരാളം ജോലികളുണ്ട്. എനിക്ക് വിരോധമുണ്ടായിട്ടല്ല. ഒരു പുഴയെ സംരക്ഷിക്കാൻ ഒരു എം.എൽ.എ. അതിന്റെ ചുമതല ഏറ്റെടുക്കാൻ തയ്യാറായാൽ അത് സ്വാഗതാർഹമാണ്. പക്ഷേ ഒരു നിയമത്തിന് ചുമതലപ്പെടുത്താൻ കഴിയുന്ന ഏറ്റവും ഉന്നതമായ ഏജൻസി കളക്ടറാണെന്നതുകൊണ്ടും ഒരു കാരണവശാലും അത് വേറൊരുതലത്തിൽ പോകരുതെന്നുള്ളതുകൊണ്ടുമാണ് കളക്ടറെതന്നെ ഇതിന്റെ ചുമതല ഏൽപ്പിക്കാൻ തീരുമാനിച്ചത്.

പിഴ ശിക്ഷ ഇത്ര മതിയോ എന്ന് ചില ബഹുമാനപ്പെട്ട അംഗങ്ങൾ ചോദിക്കുകയുണ്ടായി. എന്തുകൊണ്ടാണ് ഇങ്ങനെയൊരു പിഴ ശിക്ഷ നിശ്ചയിക്കണമെന്ന് തീരുമാനിച്ചത്? 2015-ലെ കേരള മൈനർ മിനറൽ കൺസഷൻ റൂൾസിലെ 108-ാം വകുപ്പുപ്രകാരം പ്രസ്തുത ചട്ടത്തിലെ വ്യവസ്ഥകൾ ലംഘിക്കുകയാണെങ്കിൽ രണ്ട് വർഷം വരെയുള്ള തടവുശിക്ഷയോ 5 ലക്ഷം വരെ പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ ശിക്ഷിക്കാവുന്നതും കൂടാതെ ലംഘനം തുടരുന്ന ഓരോ ദിവസത്തിനും അമ്പതിനായിരം രൂപവരെ അധിക പിഴ ഈടാക്കാമെന്ന വ്യവസ്ഥ

108 (എ)-യിൽ പറഞ്ഞിരിക്കുകയാണ്. 2015-ലെ കേരള മൈനർ മിനറൽ കൺസഷൻ റൂൾസിലെ 108-ാം വകുപ്പിൽ പറയുന്ന ശിക്ഷ ഇതുമായി ബന്ധപ്പെട്ട് കൂട്ടിയോജിപ്പിക്കുകയാണ്. അതിനൊരു തുല്യത വരുത്തുകയാണ്. അതുകൊണ്ടാണ് 2015-ലെ കേരള മൈനർ മിനറൽ കൺസഷൻ റൂൾസിലെ 108-ാം വകുപ്പിന് അനുസൃതമായി നദീതീര സംരക്ഷണ നിയമത്തിലും ശിക്ഷ വർദ്ധിപ്പിക്കാൻ തീരുമാനിച്ചത്. പിഴ ഇരുപത്തി അയ്യായിരം രൂപ അഞ്ച് ലക്ഷം രൂപയാക്കി വർദ്ധിപ്പിക്കുന്നു. എന്നാൽ എന്തുകൊണ്ടാണ് ശിക്ഷാ കാലാവധി രണ്ട് വർഷത്തിൽനിന്ന് കൂട്ടാതിരിക്കുന്നതെന്ന് ഇവിടെ ചോദ്യവും ചർച്ചയുമുണ്ടായി. തുകയുടെ മൂല്യം കുറയുന്നതനുസരിച്ച് ശിക്ഷയുടെ തുക വർദ്ധിപ്പിക്കാം. എന്നാൽ ശിക്ഷയുടെ തുക വർദ്ധിപ്പിക്കുന്നതിനനുസരിച്ച് ശിക്ഷാ കാലാവധി കൂട്ടിയാൽ ഏതാണ്ട് പതിനഞ്ച് കൊല്ലം കഴിയുമ്പോഴേയ്ക്കും തൂക്ക് ശിക്ഷയിലേയ്ക്ക് വരാവുന്ന വിധത്തിൽ ഇത് കൂട്ടേണ്ടി വരും. അതുകൊണ്ട് കൃത്യതയോടുകൂടി 2015-ലെ കേരള മൈനർ മിനറൽ കൺസഷൻ റൂൾസിലെ 108-ാം വകുപ്പുമായി കൂട്ടിയോജിപ്പിക്കാവുന്ന വിധത്തിലുള്ള നടപടിക്രമങ്ങളാണ് മുന്നോട്ടുകൊണ്ടുപോയിട്ടുള്ളത്. കുറ്റകൃത്യത്തിന് ആനുപാതികമായിട്ടാകണം

ശിക്ഷയും എന്നത് criminal jurisprudence-ന്റെ അടിസ്ഥാനതത്വമാണ്. അതുകൊണ്ട് 1957-ലെ Mines And Minerals (Development and Regulation) Act-ന്റെ ചട്ടമായിട്ടുള്ള 2015-ലെ കേരള മൈനർ മിനറൽ കൺസഷൻ റൂൾസ് പ്രകാരമുള്ള തുകയിലേയ്ക്ക് ഈ പ്രവർത്തനത്തെ കൊണ്ടുവരികയാണ്. ഈ ബിൽ അവതരിപ്പിച്ചപ്പോൾ ബഹുമാനപ്പെട്ട ഒരു അംഗം ചോദിച്ചത് 5 ലക്ഷം രൂപ പിഴയും 2 വർഷത്തെ തടവും അധികമല്ലേ എന്നാണ്. ഒരു തൊഴിലാളി പുഴയിൽനിന്ന് ചാക്കിൽ മണൽ കടത്തിക്കൊണ്ടുപോകുന്ന സ്ഥിതിയുണ്ടായാൽ ഇതേ നടപടിതന്നെ അയാൾക്ക് വിധേയമാകുമോ? അങ്ങനെയല്ല. ഐ.പി.സി. സെക്ഷൻ 326 'imprisonment for life' ആണ് മാക്സിമം കാലാവധിയായി വരുന്നത്. 326-ാം വകുപ്പുപ്രകാരം പിടിക്കപ്പെടുന്ന എല്ലാ കേസ്സുകൾക്കും ജീവപര്യന്തം ശിക്ഷ പ്രഖ്യാപിക്കില്ലല്ലോ; ഇവിടെ പറയുന്ന 5 ലക്ഷം രൂപവരെ പിഴയോ 2 വർഷംവരെ തടവോ എന്നത് ഇതിന്റെ ഗൗരവം വർദ്ധിപ്പിക്കാനുള്ള നടപടിയാണ്. ഞാൻ കൂടുതൽ വിശദാംശങ്ങളിലേയ്ക്ക് പോകണമെന്ന് ആഗ്രഹിക്കുന്നില്ല. പരിസ്ഥിതിയെ സംരക്ഷിക്കണമെങ്കിൽ പുഴകളെ സംരക്ഷിക്കണം. ഒരു മണിക്കൂർ നീണ്ട ചർച്ചയായതുകൊണ്ടും ധാരാളം

പ്രശ്നങ്ങൾ ചർച്ച ചെയ്തതുകൊണ്ടും ചിലതെങ്കിലും പറയാതെ പോയാൽ പ്രയാസമാകുമെന്നുള്ളതുകൊണ്ടാണ് ഞാൻ ഇത്രയും പറയുന്നത്.

ശ്രീ. പി. ടി. എ. റഹീം: സർ, നേരത്തെ ശ്രീ. എൻ. എ. നെല്ലിക്കുന്ന് പറഞ്ഞതുപോലെ നിയമവിരുദ്ധ പ്രവർത്തനം നടത്തുന്ന വാഹനങ്ങൾ ഉടമസ്ഥരില്ലാത്തതാണ്. നമ്പറോ ഉടമസ്ഥരോ ഒന്നും ശരിയല്ലാത്തതുകൊണ്ട് ഈ വാഹനങ്ങൾ ആരും കൊണ്ടുപോകുന്നില്ല. അത് ഡിസ്പോസ് ചെയ്യാൻ എന്തെങ്കിലും സംവിധാനമുണ്ടാക്കുമോ?

ശ്രീ. കെ. രാജൻ: അങ്ങ് പറഞ്ഞ കാര്യത്തിലേയ്ക്കാണ് ഞാൻ വരുന്നത്. സെക്ഷൻ 20 മുതൽ 24 വരെ അവസാനിക്കുന്ന വിധത്തിലാണ് ഈ അദ്ധ്യായത്തിന്റെ 5-ൽ കുറ്റങ്ങൾ നിശ്ചയിച്ചിട്ടുള്ളത്. സെക്ഷൻ 20 ഭേദഗതി ചെയ്യുന്നതിനെക്കുറിച്ചാണ് ആദ്യം സൂചിപ്പിച്ചത്. എന്നാൽ സെക്ഷൻ 21 പ്രകാരം ഉദ്യോഗസ്ഥനോ ജനപ്രതിനിധിയോ പ്രേരിപ്പിച്ചാൽപോലും സെക്ഷൻ 20 അനുസരിച്ചുള്ള ശിക്ഷ കിട്ടും. മണൽ വാരിക്കൊണ്ടുപോകുന്നതിന് മാത്രമല്ല, മണൽ വാരിക്കൊണ്ടുപോകാൻ പ്രേരിപ്പിച്ചാലും സെക്ഷൻ 21 അനുസരിച്ചുള്ള ശിക്ഷ നിയമം ഉറപ്പുവരുത്തുന്നുണ്ട്. ഈ ശിക്ഷ കുറവായോ എന്ന് ചോദിക്കുന്നുണ്ടല്ലോ;

ഇതിനുപുറമെ സാധാരണ നിലയിൽ പറയുന്ന ആക്റ്റിന്റെ ഭാഗമായിട്ടുള്ള നടപടിക്രമങ്ങൾ നടത്തുമ്പോൾത്തന്നെ സെക്ഷൻ 22 പ്രകാരം മറ്റ് വകുപ്പുകൾ പ്രകാരമുള്ള ശിക്ഷകൂടി ഇതിൽ ഉൾപ്പെടുത്താവുന്നതാണ്. സ്ഥിരമായി മണൽ കടത്തിക്കൊണ്ടുപോകുന്ന ശീലമുണ്ടാകുക, അത് ഒരേ ആളുകൾ തന്നെയാവുക, അങ്ങനെയുള്ള പ്രത്യേക കേസ്സിൽ ഐ.പി.സി. 379, 380 എന്നിവ ചുമത്താം. കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണത്തിന്റെയും സെക്ഷൻ 20 മാത്രമല്ല കേരളത്തിലെ പോലീസിന് ഐ.പി.സി. 379 ഉപയോഗിച്ച് Punishment for theft അവരുടെമേൽ എടുക്കാം. വളരെ ഫലപ്രദവും ശക്തവുമായിട്ടുള്ള നിയമമാണ് ഉണ്ടാകാൻ പോകുന്നത്. പിടിച്ചെടുക്കുന്ന വാഹനങ്ങൾ എന്തുചെയ്യാൻ കഴിയുമെന്ന് ബഹുമാനപ്പെട്ട പി.ടി.എ. റഹീമും ചർച്ചയിൽ പങ്കെടുത്ത ചിലയംഗങ്ങളും ചോദിക്കുകയുണ്ടായി. അതൊരു പ്രധാനപ്പെട്ട പ്രശ്നമാണ്. സെക്ഷൻ 23-ന്റെ ഉപചട്ടം 23(എ)-യുടെ ഉപചട്ടം 4 പ്രകാരം പിടിച്ചെടുക്കുന്ന വാഹനങ്ങളുടെ ഉത്തരവാദിത്തപ്പെട്ട ആളുകൾ വന്നില്ലെങ്കിൽ ആ വാഹനങ്ങൾ സർക്കാരിലേയ്ക്ക് കണ്ടുകെട്ടാനുള്ള അനുവാദം കൊടുത്തിട്ടുണ്ട്. മണൽ അടക്കം മണൽ കടത്തിന് ഉപയോഗിക്കുന്ന വാഹനങ്ങൾ ഉൾപ്പെടെയുള്ള

ഏത് ഉപകരണങ്ങളും പിടിച്ചെടുക്കാനും ബന്ധപ്പെട്ട രേഖകളുമായി ആളുകൾ വന്നില്ലെങ്കിൽ ആ വാഹനം കണ്ടുകെട്ടാനുമുള്ള അനുവാദം കൊടുക്കുന്നുണ്ട്. ആ നടപടികൾ കുറേക്കൂടി വേഗതയിലാക്കണമെന്ന് സഭയ്ക്ക് താൽപ്പര്യമുള്ള സാഹചര്യത്തിൽ ആ നടപടിക്രമങ്ങൾക്ക് വേഗത വർദ്ധിപ്പിക്കാനാകും. ആ നടപടിക്രമങ്ങൾ നല്ലതുപോലെ മുന്നോട്ടുപോകുന്നുണ്ടെന്നാണ് മനസ്സിലാക്കാൻ കഴിയുന്ന ഒരു പ്രധാനപ്പെട്ട കാര്യം. കളക്ടറെ ചുമതലപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട ഏറ്റവും പ്രധാനപ്പെട്ട കാര്യം, ഏതെങ്കിലും സ്ഥിതിയിൽ പിടിച്ചെടുക്കപ്പെടുന്ന വാഹനങ്ങൾ കൊണ്ടുപോകുകയും മണൽ അവിടെ ഉപേക്ഷിക്കപ്പെടുകയും ചെയ്താൽ വില്ലേജ് ഓഫീസറെ ചുമതലപ്പെടുത്തിക്കൊണ്ട് ഏതെങ്കിലും വിധത്തിലുള്ള നടപടികൾ സ്വീകരിക്കാൻ സാധിക്കില്ല. അത് കൂടുതൽ പ്രയാസങ്ങൾ സൃഷ്ടിക്കും. ഈ നിയമം വന്നതിനുശേഷം ഈ കാലയളവിനകം 12685 കേസ്സുകളിൽ നടപടി സ്വീകരിച്ചിട്ടുണ്ട്. അനധികൃത മണൽ കടത്തിനുപയോഗിക്കുന്ന വാഹനങ്ങൾക്കെതിരെ ചുമത്തിയ പിഴ 1.70 കോടി രൂപയാണ്. അതുൾപ്പെടെ റിവർ മാനേജ്മെന്റ് ഫണ്ടിലേയ്ക്ക് വന്ന ആകെ തുക 2.94 കോടി രൂപയാണ്. ആയതിനാൽ ഇതിന്റെ

ശിക്ഷാനടപടികൾ നല്ലരീതിയിൽ നടപ്പിലാക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തിയിട്ടുണ്ട്. അതുകൊണ്ട് ഈ ഭേദഗതി ഏതുസാഹചര്യത്തിലും നമ്മുടെ പ്രവർത്തനങ്ങളെ പ്രത്യേകിച്ച്, മണ്ണിനെയും നദിയെയും സംരക്ഷിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് വേഗത വർദ്ധിപ്പിക്കാൻ കഴിയുന്ന ഒന്നാണെന്ന കാര്യത്തിൽ ഒരു സംശയവും ആർക്കുംവേണ്ട. ആ നിലവാരത്തിൽത്തന്നെയാണ് ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. കേരളത്തിലെ നദികളെ സംരക്ഷിക്കുന്നതിനുള്ള താല്പര്യം ഗവൺമെന്റിനില്ലെന്ന് അങ്ങ് പറയരുത്. കാരണം നദികളെ സംരക്ഷിക്കാനുള്ള വലിയ പരിശ്രമത്തിന്റെ ഭാഗമായാണ് കേരളത്തിലെ ഗവൺമെന്റ് ആവിഷ്കരിച്ച നാല് മിഷനുകളിൽ ഏറ്റവും പ്രധാനപ്പെട്ട 'ഹരിതകേരളം മിഷൻ' നടപ്പാക്കാൻ തീരുമാനിച്ചത്. വരട്ടാർ അതിന് ഉദാഹരണമാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കേരളത്തിലെ എത്രയോ നദികളെയാണ് ആ മിഷന്റെ ഭാഗമായി രക്ഷപ്പെടുത്താൻ സാധിച്ചത്. ബഹുമാനപ്പെട്ട നജീബ് കാന്തപുരം വളരെ ഗംഭീരമായി ഈ വിഷയത്തെ അവതരിപ്പിക്കാൻ ശ്രമിച്ചു. സംസ്ഥാനത്ത് ഒഴുകിക്കൊണ്ടിരിക്കുന്ന നദികളെ സംരക്ഷിക്കാനുള്ള നടപടികൾ

ഉണ്ടാകണമെന്നതാണ് സർക്കാരിന്റെപക്ഷം. സാൻഡ് ആഡിറ്റിംഗിനുശേഷം മാത്രമേ മണൽ ഖനനം നടത്തുകയുള്ളൂ. സാൻഡ് ആഡിറ്റിംഗ് നടത്തുമ്പോൾ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ വിധിയനുസരിച്ച് National Institute for Interdisciplinary Science and Technology (NIIST) തയ്യാറാക്കുന്ന DSR അനുസരിച്ചുമാത്രമേ ആ നടപടികളിലേയ്ക്ക് പോകുകയുള്ളൂ. അത് വേഗതയിലാക്കാനുള്ള സംവിധാനമുണ്ടാകണം. സംസ്ഥാനത്തെ പുഴകളെ സംരക്ഷിക്കാൻ ആധികാരികമായ ചർച്ചകളിലൂടെ സഭ കടന്നുപോയതിൽ സന്തോഷമുണ്ട്. കേരളത്തിലെ പരിസ്ഥിതിയെ സംരക്ഷിക്കുന്നവരെയൊന്നും പരിസ്ഥിതി തീവ്രവാദി എന്നുവിളിക്കുമെന്ന അഭിപ്രായക്കാരനല്ല ഞാനും ഈ ഗവൺമെന്റും. സുസ്ഥിര വികസനത്തിനുവേണ്ടി, മണ്ണും മനുഷ്യനും ഒരുപോലെ ചർച്ച ചെയ്യാൻ സാധിക്കുന്നതാണ്. പ്രകൃതിയും മനുഷ്യനും കേന്ദ്രബിന്ദുവാകുന്ന സുസ്ഥിര വികസനമാണ് കേരളത്തിന് ആവശ്യമെന്ന അഭിപ്രായക്കാരനാണ് ഞാൻ. ബഹുമാനപ്പെട്ട ചെയർ നന്നായി വായിക്കുന്ന ആളാണ്. ഇത്തരത്തിൽ ഗൗരവമായ ചർച്ച നടക്കുമ്പോൾ, കാവ്യാത്മകമായ ഒരാലോചനയിലൂടെ കടന്നുപോയപ്പോൾ കവി ആലങ്കോട് ലീലാകൃഷ്ണന്റെ

'പുഴയക്ഷരം' എന്ന കവിത അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്.

"ഇനിയെനിക്കു ഋതുക്കൾ കുറിച്ചിട്ട ലിപികളില്ലാതിരുട്ടു വായിക്കുവാൻ

പുഴ തരുന്നുണ്ട് കാണാത്തൊരക്ഷരം എഴുതുവാൻ നീല രാവിന്റെ

കൈവിരൽ

ഇരുളു മാത്രമേ സത്യമെന്നാകിലും നിഴലുകൾ വെട്ടവും മരിച്ചെങ്കിലും

പുഴയിലുണ്ട് നിലയ്ക്കാത്ത ജീവിതം അഴലുകൾക്ക് കണ്ണീരിന്റെ

സാന്ത്വനം"

യഥാർത്ഥത്തിൽ നമ്മുടെ നാട് പുഴകളെ സംരക്ഷിക്കുന്നതിനുവേണ്ടി കൂട്ടായാലോചന നടത്തണം. അതിന്റെ ഭാഗമാണ് ഈ നടപടി. ഈ നിയമം റവന്യൂ വകുപ്പുമന്ത്രി ചെയർമാനായ ഹൈ ലെവൽ കമ്മിറ്റിയും ജില്ലാതലത്തിൽ കളക്ടർമാർ ചെയർമാനായിട്ടുള്ള ജില്ലാതല എക്സ്പെർട്ട് കമ്മിറ്റിയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമായ അനുപാതം നൽകുന്ന കടവ് കമ്മിറ്റികളുമെല്ലാം ചേർന്ന് വളരെ ഭദ്രമായി നദികളെയും അതിന്റെ നീരുറവയെയും സംരക്ഷിക്കാൻ സാധിക്കുന്നവിധത്തിൽ ശ്രദ്ധേയമായ നടപടികളുമായി മുന്നോട്ടുപോകുകയാണ്. അക്കാര്യത്തിൽ

ബഹുമാനപ്പെട്ട അംഗങ്ങളോട് അഭ്യർത്ഥിക്കാനുള്ളത്, ഏത് അർത്ഥത്തിൽ നിയമസഭ ചർച്ച ചെയ്താലും അനധികൃതമായി മണൽ വാരുന്നവരെ സംരക്ഷിക്കാനുള്ള ശ്രമങ്ങൾക്കെതിരായി, അനധികൃതമായി മണൽ ഖനനം ചെയ്യുന്നത് മണ്ണിന്റെ മാറാണ് പിളർത്തുന്നത് എന്ന തിരിച്ചറിവോടെ ഈ പ്രശ്നത്തിൽ കൂട്ടായുള്ള ഇടപെടൽ സഭയുടെ ഭാഗത്തുനിന്നുണ്ടാകണം.

നിലവിലുള്ള ഭൂപരിഷ്കരണ നിയമത്തിൽ ഒരു ഭേദഗതി വരുത്തുന്നതാണ് കേരള ഭൂപരിഷ്കരണ (ഭേദഗതി) ബിൽ. നേരത്തെ പറഞ്ഞതിന്റെ ഉത്തരവും ആ ഭേദഗതിയിലുണ്ട്. അതിലെ പ്രധാനപ്പെട്ട കാര്യം പുഴകളുടെ അളവ് കുറഞ്ഞുവരുന്നുവെന്നതാണ്. ഭൂപരിഷ്കരണ നിയമ ഭേദഗതി ബില്ലുമായി ബന്ധപ്പെട്ട് ചർച്ച ചെയ്തവർ സൂചിപ്പിച്ചതുപോലെ, കേരളത്തിൽ ഇപ്പോൾ ഡിജിറ്റൽ റീസർവ്വേ നടക്കുകയാണ്. ഈ സഭയ്ക്ക് രാഷ്ട്രീയ വ്യത്യാസമില്ലാതെ പ്രതിപക്ഷം നൽകുന്ന വലിയ പിന്തുണയ്ക്ക് ഞാൻ നന്ദി രേഖപ്പെടുത്തുന്നു. കേരളത്തിൽ ആരംഭിച്ച ഡിജിറ്റൽ റീസർവ്വേ ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ കേരളത്തെ സാങ്കേതികമായി നാല് വർഷംകൊണ്ട് അളക്കാൻ സാധിക്കുന്നവിധത്തിൽ ശ്രദ്ധേയമായ ഇടപെടലുമായി സർക്കാർ മുന്നോട്ടുപോകുകയാണ്. ഈ സഭയ്ക്ക്

ഉറപ്പുതന്നതുപോലെ 1550 വില്ലേജുകൾ നാല് വർഷക്കാലംകൊണ്ട് പൂർത്തീകരിക്കാൻ കഴിയുന്നവിധത്തിൽ 28 COR സ്റ്റേഷനുകളും 1000-ത്തോളം RTK Rover മെഷീനുകളും 700 RTS മെഷീനുകളും 1700 പുതിയ ടാബുകളുമൊക്കെയായി 4700 പുതിയ ജീവനക്കാരുടെ താൽക്കാലിക സഹായമുൾപ്പെടെ എല്ലാവിധ ആധുനിക സങ്കേതങ്ങളുമായി ഗവൺമെന്റ് മുന്നോട്ടുപോകുമ്പോൾ കേരളത്തിലൊരു topographical സർവ്വേകൂടി നടക്കും. കേരളത്തിന്റെ ഭൂവിഭവങ്ങളെ പൊതുസമൂഹത്തിന്റെ മുമ്പിൽ, അതിൽ പുഴകളെയും കുളങ്ങളെയും പ്രകൃതി സമ്പത്തിനെയും കനാലുകളെയും അളക്കും. കേരളത്തിൽ സജ്ജമായിട്ടുള്ള കേവലം വ്യക്തിയുടെ ഭൂമിയോ സർക്കാരിന്റെ ഭൂമിയോ അന്യാധീനപ്പെട്ട ഭൂമിയോ മാത്രമല്ല കേരളത്തിലെ പ്രകൃതി വിഭവങ്ങളെ സമ്പൂർണ്ണമായും കൃത്യമായും അളക്കുന്നതിനുവേണ്ടി 'എന്റെ ഭൂമി' എന്ന പോർട്ടലിന് നേതൃത്വം നൽകുകയാണ്. ഭൂപരിഷ്കരണ ഭേദഗതി ബില്ലുമായി ബന്ധപ്പെട്ട് ബിൽ അതരിപ്പിച്ച സമയത്ത് സംസാരിച്ചതുകൊണ്ട് വിശദീകരിക്കുന്നില്ല. പ്രധാനമായും ഇതിൽ ഒരു സെക്ഷനിലാണ് ഭേദഗതി വരുത്തുന്നത്. 1963-ലെ നിയമത്തിന്റെ 84-ാം വകുപ്പുപ്രകാരം ഏതെങ്കിലും വിധത്തിൽ മിച്ചഭൂമിയായി രജിസ്റ്റർ ചെയ്യപ്പെട്ട

ഭൂമി വിൽക്കപ്പെടാനുള്ള ഒരു സാധ്യതയുമില്ല. മിച്ചഭൂമി വിൽപ്പന നടത്തിയാൽ ആ ട്രാൻസാക്ഷൻ അസാധുവാകുമെന്നാണ് 84-ാം വകുപ്പിൽ പറയുന്നത്. യഥാർത്ഥത്തിൽ അത് വളരെ നിർണ്ണായകമായ കാര്യമാണെന്നതിൽ ഒരു സംശയവുമില്ല. 1963 മാത്രമല്ല, കേരളത്തിൽ 1957-ൽ ആദ്യത്തെ കമ്മ്യൂണിസ്റ്റ് ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ അക്ഷരാർത്ഥത്തിൽ മണ്ണില്ലാത്ത മനുഷ്യന്റെ ദീനരോദനങ്ങൾക്ക് ഇടയുണ്ടായിരുന്ന ഒരുകാലമായിരുന്നു. പൊതുവഴികളിലൂടെ നടക്കാനും പൊതുകുളങ്ങളിൽ കുളിക്കാനും ആരാധന നടത്താനും മരിച്ചാൽ കുഴിച്ചിടാനും ഭൂമിയില്ലാത്ത കേരളത്തിൽ, വിപ്ലവകരമായ മാറ്റംകൊണ്ടുവന്ന 1959-ലെ കാർഷികബന്ധ നിയമവും 1963-ലെ നിയമവും 1967-ൽ അതിനെ സമഗ്രമാക്കിയുള്ള ഇടപെടലും 1970-ലെ അതിന്റെ നടപ്പാക്കലുമുൾപ്പെടെ കേരളം ലോകത്തിന്റെ മുമ്പിൽ ദൈവത്തിന്റെ സ്വന്തം നാടായി അറിയപ്പെടുന്നതിൽ ഏറ്റവും നിർണ്ണായക പങ്കുവഹിച്ച മാറ്റങ്ങളുടെ ഒരു വലിയ ഒഴുക്കാണ് ഭൂപരിഷ്കരണ നിയമവുമായി ബന്ധപ്പെട്ട് കേരളത്തിൽ നാം ചർച്ച ചെയ്യുന്നത്. ഇടക്കാലത്ത് 84-ലെ വകുപ്പ് അറിയാതെ ഭൂമി വാങ്ങിയ നിരവധി ആളുകളുടെ പ്രശ്നം ഒരു സാമൂഹിക പ്രശ്നമായി കേരളത്തിൽ വന്നു.

1963-ലെ ആക്ടിൽ 2005-ൽ ഒരു ഭേദഗതി കൊണ്ടുവന്നു. ഇങ്ങനെ വാങ്ങിയവരെ deemed tenant ആയി കണക്കാക്കി അവർക്ക് ഏതെങ്കിലും വിധത്തിലുള്ള അവകാശം ലഭ്യമാകണമെങ്കിൽ സെക്ഷൻ 106 പ്രകാരം കേരളത്തിലെ ലാൻഡ് ട്രിബ്യൂണലുകളിൽ അത് കൊണ്ടുവരാമെന്ന ധാരണയുണ്ടാക്കി. 1963-ലെ ഭൂപരിഷ്കരണ നിയമം നടപ്പിലാക്കിയ 01-04-1964-ലും ഈ ഭേദഗതി രംഗത്തുവന്ന 18-10-2006-നുമിടയിലുള്ള കാലയളവിൽ ഇങ്ങനെ വന്ന ഭൂമിയിലുള്ള ആളുകളിൽനിന്ന് 2005-ലെ ധാരണയനുസരിച്ച് 4 ഹെക്ടർ വരെ (2014-ൽ അത് 4 ഏക്കറായി കുറച്ചു) പ്രതിഫലം നൽകി വാങ്ങുകയോ മറ്റുവിധത്തിൽ ആർജ്ജിക്കുകയോ ചെയ്ത ആളിനെ പ്രസ്തുത ഭൂമിയുടെ deemed tenant ആണെന്ന് കണക്കാക്കാൻ കഴിയുന്ന നിയമം കൊണ്ടുവന്നതോടെ 7(e) പ്രകാരം അർഹരായവരുടെ ഒരു പൊതുധാരയുണ്ടായി. നാല് വഴികളിലൂടെയാണ് അത് നേടാൻ കഴിയുക. 01-04-1964-നും 18-10-2006-നുമിടയിൽ പണം കൊടുത്തോ മറ്റേതെങ്കിലും വിധത്തിലോ ആർജ്ജിക്കുന്നയാളിന് അതിന് സാധിക്കും. സീലിംഗ് ആക്ട് ഏരിയയിൽകൂടുതൽ ഭൂമിയുള്ളവരിൽനിന്ന് വാങ്ങിയതായിരിക്കണം, പ്രതിഫലം നേടിയോ മറ്റേതെങ്കിലും വിധത്തിലോ ആർജ്ജിച്ചതാകണം,

അത് നാല് ഏക്കറിൽ കൂടാനും പാടില്ല.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മിനിസ്റ്റർ, അങ്ങേയ്ക്ക് ഇനി എത്ര സമയം വേണ്ടിവരും?

<u>ശ്രീ. കെ. രാജൻ</u>: സർ, എനിക്ക് പത്ത് മിനിറ്റുകൂടി വേണ്ടിവരും. ഒരു മണിക്കൂർ ചർച്ച ചെയ്താൽ അരമണിക്കൂറെങ്കിലും സംസാരിക്കേണ്ടതല്ലേ. അല്ലെങ്കിൽ ചോദിക്കുന്ന ചോദ്യങ്ങളിൽ കുറവുണ്ടാകണമായിരുന്നു. അങ്ങയുടെ ആവശ്യവും അങ്ങുന്നയിച്ച കാര്യവും പരിഗണിച്ചുകൊണ്ടുതന്നെ സഭയിലെ ഉത്തരവാദിത്തപ്പെട്ട അംഗമെന്ന നിലയിൽ എന്റെ വാക്കുകൾ ചുരുക്കാം. ഇടപെടലുകൾ കുറച്ചാൽ ഞാൻ പ്രസംഗം പെട്ടെന്ന് അവസാനിപ്പിക്കാം. വകുപ്പ് 106(b) പ്രകാരം 7(e) അവകാശവാദമുന്നയിക്കുന്നവർ ലാൻഡ് ട്രിബ്യൂണലിൽ ഇതിന്റെ പെറ്റീഷൻ കൊടുത്താൽ മാത്രമേ ക്രയസർട്ടിഫിക്കറ്റ് ആർജ്ജിക്കാൻ കഴിയുകയുള്ളൂ. 106(b)-ക്ക് ഒരു ചട്ടം നേരത്തെ രൂപപ്പെടുത്തിയിട്ടുണ്ട്. അതനുസരിച്ച് 1963-ലെ കുടിയായ്മ സംബന്ധിച്ച ലാൻഡ് ട്രിബ്യൂണൽ കേസുകളിൽ ലാൻഡ് ട്രിബ്യൂണൽ (എൽ.ടി.) പുറപ്പെടുവിക്കുന്ന ഉത്തരവുകൾക്കെതിരെ ഏതെങ്കിലും വിധത്തിൽ പരാതി കൊടുക്കാൻ നിലവിൽ ഒരു സംവിധാനവുമില്ല. ഈ

സംവിധാനം അവർക്കുകൂടി ബാധകമാകുന്ന വിധത്തിൽ എങ്ങനെ കൊണ്ടുവരാമെന്ന ചിന്തയിലാണ് ഈ ഭേദഗതി കൊണ്ടുവരാൻ ഗവൺമെന്റ് ലക്ഷ്യമിട്ടിട്ടുള്ളത്. വിവിധ ആവശ്യങ്ങളുന്നയിക്കുന്നവർക്ക് 102-ാം വകുപ്പുപ്രകാരം അപ്പീൽ കൊടുക്കാം. കുടിയാന് കൈവശഭൂമിക്ക് അവകാശം നൽകുന്ന നടപടി സംബന്ധിച്ചോ ജന്മിക്ക് ഭൂമി കുടിയാനിൽനിന്ന് വീണ്ടെടുക്കുന്നത് സംബന്ധിച്ചോ ജന്മിക്ക് കുടിയാൻ നൽകുന്ന പാട്ടക്കുടിശ്ശിക സംബന്ധിച്ചോ ജന്മിക്ക് നൽകേണ്ട മര്യാദപ്പാട്ടം സംബന്ധിച്ച ഉത്തരവോ എന്നിവയിൽ 102-ാം വകുപ്പുപ്രകാരം അപ്പീൽ കൊടുക്കാം. ഇങ്ങനെ ഭൂമിയുടെ വിവിധ സാധ്യതകളനുസരിച്ച് ഈ വകുപ്പുപ്രകാരം അപ്പീൽ കൊടുക്കാൻ കഴിയും. പക്ഷേ 7(e) പ്രകാരമുള്ളവർക്ക് അപ്പലേറ്റ് അതോറിറ്റിയിൽ ഒരു സാധ്യതയുമില്ല. അതുകൊണ്ടാണ് ഇങ്ങനെയൊരു സൗകര്യമൊരുക്കണമെന്ന് ആലോചിച്ചത്. 1963-ലെ കേരള ഭൂപരിഷ്കരണ നിയമം സെക്ഷൻ 125 പ്രകാരം സിവിൽ കോടതിയിൽ വിചാരണയ്ക്കുള്ള സാധ്യതയും നിലവിലില്ല. ഈ പ്രശ്നങ്ങളെല്ലാം കണക്കിലെടുത്തുകൊണ്ട്, 7(e) പ്രകാരം ഏതെങ്കിലും വിധത്തിൽ ലാൻഡ് ട്രിബ്യൂണലുകളിൽനിന്ന് തള്ളപ്പെടുന്ന കുടിയാനോ ജന്മിക്കോ സർക്കാരിനോ അപ്പീൽ പോകാൻ

102-ാം വകുപ്പനുസരിച്ച് അവകാശം കൊടുക്കുക എന്നൊരു ചെറിയ ഭേദഗതി മാത്രമാണ് ഇക്കാര്യത്തിൽ ഉന്നയിക്കാൻ നിശ്ചയിച്ചിട്ടുള്ളത്. ഇവിടെ ഇക്കാര്യത്തിൽ ചില ചർച്ചകളുണ്ടായി. അതിനുകൂടി മറുപടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്. ബഹുമാനപ്പെട്ട പി. ഉബൈദുള്ള വായിച്ച ഉത്തരത്തിൽത്തന്നെ അതിന്റെ കാരണവും വ്യക്തമാണ്. അദ്ദേഹം ഇക്കാര്യങ്ങൾ നല്ലതുപോലെ പഠിക്കുന്ന ഒരാളാണ്. മലപ്പുറം റവന്യൂ ഡിവിഷണൽ ഓഫീസിന് സ്ഥലം കിട്ടിയിട്ടില്ലെന്ന് അദ്ദേഹം പറഞ്ഞു. വില നിശ്ചയിച്ചു എന്ന് ആ ഉത്തരവ് വായിച്ചപ്പോൾ അദ്ദേഹം പറയുകയുണ്ടായി. ആറ്റിൽ കളഞ്ഞാലും അളന്ന് കളയണമെന്നൊരു ചൊല്ലുണ്ട്. ഈ ഭൂമിയുടെ വില നിശ്ചയിക്കാൻ മറ്റാരാണ് തയ്യാറാകുന്നത്. കേരളത്തിലെ ഗവൺമെന്റ് ഒരു കാര്യം അങ്ങേയ്ക്ക് നൽകുമ്പോൾ അതിന്റെ വാല്യൂ എത്രയെന്ന് പറയാനുള്ള അവകാശമുണ്ടല്ലോ; ആ ഉത്തരവ് ഒന്നുകൂടി വായിച്ചാൽ അങ്ങേയ്ക്കുതന്നെ ഉത്തരം കിട്ടും. എന്നെക്കൊണ്ട് പറയിപ്പിക്കേണ്ട കാര്യമുണ്ടായിരുന്നില്ല. ഒരുമിനിറ്റ് സമയം ലാഭിക്കാമായിരുന്നു. രണ്ടരക്കോടി രൂപയോ മറ്റോ ചെലവുള്ള ഭൂമിയാണ് ഇപ്പോൾ കൊടുക്കുന്നത് എന്ന് അങ്ങ് പറഞ്ഞു. സേവന വകുപ്പുകൾ തമ്മിൽ കൈമാറുന്ന വ്യവസ്ഥയ്ക്കനുസൃതമായി

ഭൂമി കൊടുക്കാമെന്നാണ് അങ്ങ് ആ കത്തിന്റെ അവസാനം വായിച്ചത്. കൊടുക്കില്ലെന്ന് പറഞ്ഞില്ലല്ലോ; ആളുകൾ അനധികൃതമായി ഭൂമി പിടിച്ചുവച്ചതുപോലെ റവന്യൂ വകുപ്പും മറ്റൊരു വകുപ്പിനും ഭൂമി കൊടുക്കാതെ പിടിച്ചുവച്ചിരിക്കുകയാണ് എന്ന് അങ്ങ് പറഞ്ഞ തെറ്റ് രേഖയിലുള്ളതുകൊണ്ടാണ് ഞാനത് തിരുത്തുന്നത്. റവന്യൂ വകുപ്പ് കേരളത്തിലെ ഭൂമിയുടെ കസ്റ്റോഡിയനാണ്. ആരുപറഞ്ഞാലും അതങ്ങനെതന്നെയാണ്. ആർക്കും ഭൂമി കൊടുക്കില്ല എന്നൊരു വാശിയുമില്ല. പക്ഷേ കൃത്യമായ കണക്കില്ലാതെ ഒരാൾക്കും ഏത് തർക്കത്തിന്റെ പേരിലായാലും അനധികൃതമായി ഭൂമി കൊടുക്കാൻ കഴിയില്ല. അങ്ങ് വളരെ ശ്രദ്ധയോടെ ജില്ലാ റവന്യൂ അസംബ്ലിയിൽ പങ്കെടുക്കുന്ന ആളാണ്. അങ്ങ് ഞാൻ ബഹുമാനിക്കുന്ന ആളാണ്. ഭൂമിയുടെ പ്രശ്നങ്ങളിലൊക്കെ അങ്ങ് ഇടപെടുന്നതുകൊണ്ട് ഞാൻ വളരെ ശ്രദ്ധിക്കുന്ന ആളാണ്. ഭൂരഹിതരുടെ കണക്കില്ലെന്ന് ഒരു ചോദ്യത്തിന് ഉത്തരമായി പറഞ്ഞെന്ന് അങ്ങുപറഞ്ഞു. എങ്ങനെയാണ് ഭൂരഹിതരുടെ കണക്കെടുക്കാൻ കഴിയുന്നത്? അങ്ങും ഞാനും പ്രസംഗിക്കുന്ന സമയങ്ങളിൽ, പതിനെട്ട് വർഷക്കാലം കഴിഞ്ഞാൽ ഭൂമിയുടെ അവകാശിയായി മാറാൻ പോകുന്ന ഓരോരുത്തർ ജനിച്ചിട്ടുണ്ടാകും.

നിലവിലുള്ള ഭൂമിയുടെ അവകാശികളുടെ എണ്ണമെത്ര എന്നും ആവശ്യക്കാരെത്ര എന്നും റവന്യൂ വകുപ്പിന് കരുതിവയ്ക്കാൻ കഴിയില്ല. നേരെമറിച്ച്, റവന്യൂ വകുപ്പിനുമുന്നിൽ ഭൂമിയുടെ അവകാശികളാകണമെന്ന് ആഗ്രഹിച്ച് അപേക്ഷ നൽകിയവരുടെ എണ്ണമെത്രയെന്ന് ചോദിച്ചാൽ അക്കാര്യം കൃത്യമായി പറയാൻ കഴിയും. അങ്ങനെയൊരു പ്രശ്നം കേരളത്തിലുള്ളതുകൊണ്ടാണ് ഈ ഗവൺമെന്റിന്റെ കാലയളവിൽ ഭൂമി കൊടുക്കാനുള്ള വിവിധ സാധ്യതകൾ ആലോചിക്കാൻ തീരുമാനിച്ചത്. ഭൂമി കൊടുക്കാൻ നേരത്തേ അപേക്ഷ കൊടുക്കുകയാണ് പതിവ്. കഴിഞ്ഞ വർഷം അങ്ങുകൂടി പങ്കെടുത്ത, മലപ്പുറത്തെ ഉൾപ്പെടെ കേരളത്തിലെ പതിനാല് ജില്ലകളുടെ റവന്യൂ അസംബ്ലി പൂർത്തിയാക്കിയപ്പോൾ കേരളത്തിൽ പട്ടയ ഡാഷ് ബോർഡ് എന്ന ആശയം കൊണ്ടുവന്നു. അത് എന്റെ മിടുക്കല്ല, നമ്മളെല്ലാവരുംകൂടി തീരുമാനിച്ചതാണ്. മലപ്പുറത്ത് പട്ടയ ഡാഷ് ബോർഡുണ്ട്. അങ്ങേയ്ക്ക് അത് നോക്കിയാൽ അറിയാം. ഓരോ മണ്ഡലത്തിലും എം.എൽ.എ.-മാരുടെ നേതൃത്വത്തിൽ ജനപ്രതിനിധികളെ യോജിപ്പിച്ച് നടക്കുന്ന യോഗങ്ങൾക്ക് ഡെപ്യൂട്ടി കളക്ടർ റാങ്കിൽ കുറയാത്ത നോഡൽ ഓഫീസറെ നിയമിച്ച്, അവിടെയെത്തുന്ന പട്ടയ പ്രശ്നങ്ങൾ കോ-

ഓർഡിനേറ്റ് ചെയ്യുന്നതാണ് പട്ടയ ഡാഷ് ബോർഡ്. പട്ടയ ഡാഷ് ബോർഡിൽ കൊടുക്കാൻ കഴിയാത്ത പ്രശ്നമുണ്ടാകും. രാവിലെ ബഹുമാനപ്പെട്ട പുനലൂർ അംഗം പി. എസ്. സുപാൽ വളരെ വിശദമായി ശ്രദ്ധക്ഷണിക്കൽ അവതരിപ്പിച്ചു. അതിന് മറുപടി പറഞ്ഞതിനാൽ ഞാൻ അതിലേയ്ക്ക് പോകുന്നില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെകൂടി നിർദ്ദേശപ്രകാരം, പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ്, വനം, ഇലക്ട്രിസിറ്റി, ജലവിതരണം, പൊതുമരാമത്ത് തുടങ്ങി വിവിധ വകുപ്പുകളുടെ കൈവശമുള്ള തോട്, പുഴ, പാറ പുറമ്പോക്കുകൾ ഉൾപ്പെടെയുള്ള ഭൂമി കൊടുക്കാൻ കഴിയുന്ന മാർഗ്ഗങ്ങളെക്കുറിച്ച് അന്വേഷിക്കുന്നതിനുള്ള യോഗങ്ങൾ നടക്കുകയാണ്. കേരളത്തിലെ പട്ടയ ഡാഷ് ബോർഡിൽ കൊടുക്കാൻ കഴിയുന്നതാണെങ്കിലും അല്ലെങ്കിലും പട്ടയം കൊടുക്കേണ്ട ആളുകളുടെ പ്രശ്നങ്ങൾ ക്രോഡീകരിക്കണം. ഞങ്ങൾ ആഗ്രഹിച്ചത് അങ്ങനെയാണ്. ചിലത് ഇപ്പോൾ കൊടുക്കാൻ കഴിയും, ചിലത് അടുത്ത തലമുറ കൊടുക്കേണ്ടിവരും.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, താലൂക്ക് ലാൻഡ് ബോർഡുണ്ടോ?

ശ്രീ. കെ. രാജൻ: സർ, ഞാൻ അതിലേയ്ക്ക് കടക്കാം. അങ്ങ് ചോദിച്ചത് വളരെ നന്നായി, ഞാൻ ആ വിഷയം വിട്ടുപോയേനെ. ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇക്കാര്യത്തിലൊക്കെ നന്നായി ശ്രദ്ധിക്കുന്ന ആളാണ്. കേരളത്തിൽ നിലവിലുള്ള താലൂക്ക് ലാൻഡ് ബോർഡുകളിൽ 1342 മിച്ചഭൂമി കേസുകളുണ്ട്. അതിന് പുറമെയാണ് എൽ.ടി. കേസുകൾ. 77 എൽ.ടി.-യും 27 താലൂക്ക് ലാൻഡ് ബോർഡുമുണ്ട്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, വൈത്തിരി ലാൻഡ് ബോർഡിൽ എത്ര ലക്ഷം ഏക്കർ സ്ഥലത്തിന്റെ കേസാണുള്ളത്? വൈത്തിരി ലാൻഡ് ബോർഡ് തീരുമാനമെടുത്തിരുന്നെങ്കിൽ കേരളത്തിലെ ഭൂപ്രശ്നം പരിഹരിക്കാൻ കഴിയുമായിരുന്നു. പലയിടത്തും പട്ടയം കൊടുക്കണമെങ്കിൽ താലൂക്ക് ലാൻഡ് ബോർഡിലെ അംഗത്വം പൂർണ്ണമാകണം. അത് പൂർണ്ണമാകാത്തതുകൊണ്ടാണ് ലാൻഡ് ബോർഡുകൾക്ക് ഈ തീരുമാനമെടുക്കാൻ കഴിയാത്തത്. ഇക്കാര്യങ്ങൾ സംബന്ധിച്ച് അങ്ങ് ഈ സഭയെ അറിയിക്കുമോ?

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ, അങ്ങ് ആവശ്യപ്പെട്ട സമയം ഏതാണ്ടായി.

<u>ശ്രീ. കെ. രാജൻ</u>: സർ, ഞാൻ പെട്ടെന്ന് അവസാനിപ്പിക്കാം. ബോധ്യപ്പെടുത്തേണ്ട പ്രശ്നം മാത്രമേയുള്ളൂ. ഏറ്റവും കൂടുതൽ ലാൻഡ് ബോർഡ് പ്രശ്നങ്ങളുള്ളത് വൈത്തിരിയിലല്ല. അവിടെ (പാരിസൺസ് എസ്റ്റേറ്റ്സ് ആൻഡ് ഇൻഡസ്ട്രീസ് പ്രൈവറ്റ് ലിമിറ്റഡ്) പാരിസണിന്റെ ഉൾപ്പെടെ ഭൂമി പിടിച്ചെടുത്ത് രജിസ്റ്റർ ചെയ്ത് രണ്ടായിരം പേർക്ക് ഈയടുത്ത സമയത്ത് കൊടുത്തു. ഏറ്റവും കൂടുതൽ ലാൻഡ് ബോർഡ് കേസുകളുള്ളത് വെള്ളരിക്കുണ്ടാണ്. 1342 മിച്ചഭൂമി കേസുകളുണ്ട്. ഈ പ്രശ്നങ്ങൾ പരിഹരിച്ച് എല്ലാ ഘടകങ്ങളും അനുകൂലമായില്ലെങ്കിൽപ്പോലും ഇരുപതിനായിരം ഏക്കർ ഭൂമി കൊടുക്കാം. എന്തുകൊണ്ടാണ് ഈ നടപടികൾ വൈകുന്നത്? ബഹുമാനപ്പെട്ട ചെയർകുടി അറിയേണ്ട കാര്യമാണിത്. ഡെപ്യൂട്ടി കളക്ടർമാരാണ് താലൂക്ക് ലാൻഡ് ബോർഡുകളുടെ ചെയർമാൻമാർ. സമുദ്ര നിരപ്പിനേക്കാൾ താഴെ സ്ഥിതിചെയ്യുന്ന ആലപ്പുഴ ജില്ലയിൽ ഒരു ലാൻഡ് ബോർഡ് ചെയർമാൻ ഡി.എം. (ഡിസാസ്റ്റർ മാനേജ്മെന്റ്)-ന്റെ ഡെപ്യൂട്ടി കളക്ടറാണ്. എപ്പോഴും പ്രശ്നങ്ങളുള്ള ഒരു ജില്ലയിൽ ഡി.എം.-ന്റെ ഡെപ്യൂട്ടി കളക്ടർക്ക് ലാൻഡ് ബോർഡ് പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സമയം ലഭിക്കാറില്ല. കൂടുതൽ ചുമതലയുള്ള ബോർഡിന്റെ ചെയർമാനായിരിക്കുകയും

അതിനേക്കാൾ ഭീകരമായ മറ്റ് ചുമതലകളുമുള്ള ഒരാളാണ് അദ്ദേഹം. താലൂക്ക് ലാൻഡ് ബോർഡുകളിൽ നാം പല ആവശ്യങ്ങൾക്കായി സമീപിക്കാറുണ്ട്. അവിടെ പലപ്പോഴും കേസ് മാറ്റിവയ്ക്കുകയാണ് ചെയ്യുന്നത്. കേരളത്തിലുണ്ടായ വികസനമാണ് ഞാൻ പറഞ്ഞത്. കേരളത്തിൽ നാല് താലൂക്ക് ലാൻഡ് ബോർഡ് ചെയർമാൻമാർ അതാത് ഡെപ്യൂട്ടി കളക്ടർ എന്ന ആശയത്തിൽനിന്ന് വിഭിന്നമായി, അങ്ങുൾപ്പെടെയുള്ളവർ പറഞ്ഞതനുസരിച്ച്, തിരുവനന്തപുരം മുതൽ കോട്ടയം വരെയുള്ള ജില്ലകൾ ചേർത്ത് ഒരു സോൺ (ജില്ലകളുടെ പേര് പറഞ്ഞാൽ വൈകുമെന്നുള്ളതുകൊണ്ട് പറയുന്നില്ല), എറണാകുളം, പാലക്കാട്, തൃശ്ശൂർ ജില്ലകൾ ചേർത്ത് ഒരു സോൺ, മലപ്പുറം, കോഴിക്കോട്, വയനാട് ജില്ലകൾ ചേർത്ത് ഒരു സോൺ, കണ്ണൂർ, കാസർഗോഡ് ജില്ലകൾ ചേർത്ത് ഒരു സോൺ - അങ്ങനെ നാല് സോണുകളിലായി നാല് താലൂക്ക് ലാൻഡ് ബോർഡ് ചെയർമാൻമാരെ നിയമിച്ചിരിക്കുകയാണ്. അവർക്ക് ഒരു മാസത്തിലും ഒരു വർഷത്തിലും പൂർത്തീകരിക്കേണ്ട പ്രവർത്തനങ്ങളുടെ ക്വാട്ട നൽകി അതിനനുസരിച്ച് പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകാൻ ശ്രമിക്കുകയാണ്. ഇതിനായി നല്ല പരിശ്രമം നടക്കുന്നുണ്ട്. ഇതിന്

നിങ്ങളുടെയെല്ലാം പിന്തുണയുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ ലാൻഡ് ട്രിബ്യൂണലുകളിൽ 125000 കേസുകളുണ്ടായിരുന്നത് ഇപ്പോൾ 82000 ആയി ചുരുങ്ങി. ഈ വർഷം നല്ല രീതിയിൽ പ്രവർത്തനം നടത്തിയാൽ അത് അറുപതിനായിരത്തിലേയ്ക്കെത്തിക്കാൻ കഴിയുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു. പക്ഷേ പലതലങ്ങളിലും പുതുതായി കേസുകൾ വന്നുകൊണ്ടിരിക്കുകയാണ്. ആ പ്രശ്നങ്ങൾ പരിഹരിക്കാൻ കൂട്ടായ പരിശ്രമമുണ്ടാകണം. നാദാപുരം അംഗം ബഹുമാനപ്പെട്ട ഇ. കെ. വിജയൻ വളരെ പ്രസക്തമായ ചോദ്യമാണ് ചോദിച്ചത്. ഞാനിവിടെ വിശദീകരിച്ചതുപോലെ രാജഭരണ കാലം മുതൽ സ്വാതന്ത്ര്യത്തിനുമുമ്പുവരെ നമ്മുടെ കയ്യിലുണ്ടായിരുന്ന സ്ഥലങ്ങൾ സ്വാതന്ത്ര്യത്തിനുശേഷം പല കമ്പനികളുമായി ബന്ധപ്പെടുത്തി ഉപയോഗിക്കുകയാണ്. അതിനുള്ള പരിശ്രമം മാറിമാറി വന്ന ഗവൺമെന്റുകൾ നടത്തി. പക്ഷേ അതിനിടയിൽ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ഇടപെടലുണ്ടായി. സാധാരണനിലയിൽ ഈ പ്രശ്നങ്ങളെക്കുറിച്ച്, 'Burden of proof as to ownership' എന്ന ധാരണയാണുണ്ടാകുക. പക്ഷേ ടൈറ്റിലിന്റെ അവകാശം തെളിയിക്കാൻ സർക്കാരിനാണ് ഉത്തരവാദിത്വം. അതിന് സിവിൽ

കോടതിയിൽ പോകണമെന്ന് കോടതി പറഞ്ഞു. രാജമാണിക്യം കമ്മിറ്റി ശിപാർശ ചെയ്ത 68 കേസുകളിൽ എട്ട് കേസുകൾ കോടതിയുടെ പരിഗണനയിലാണ്. അങ്ങയുടെ ജില്ലക്കാരൻ കൂടിയായ അഡ്വ. സജി കൊടുവത്തിനെ പ്രത്യേക ഓഫീസറായി നിയമിച്ചു. ഈ 68 കേസുകൾ നിയന്ത്രിക്കാനും ജില്ലാ കോടതികളിലെ അഭിഭാഷകർക്കാവശ്യമായ ഉപദേശങ്ങൾ കൊടുക്കുന്നതിനുമാവശ്യമായ നിയമനിർമ്മാണം തയ്യാറാക്കലുമാണ് അഡ്വ. സജി കൊടുവത്ത് അടക്കമുള്ള ആളുകളുടെ പ്രധാനപ്പെട്ട ചുമതലയായി നിർദ്ദേശിച്ചിട്ടുള്ളത്. ഇവിടെ ബഹുമാനപ്പെട്ട നാദാപുരം അംഗം ചോദിച്ച ചോദ്യം വളരെ വ്യക്തമാണ്. അങ്ങത് ചോദിക്കുമെന്ന് ഞാൻ നേരത്തെ പ്രതീക്ഷിച്ചിരുന്നു. കാരണം അങ്ങ് ആ കാര്യത്തിൽ നല്ല ശ്രദ്ധയുള്ള ആളാണ്. 2005 വരെയുള്ള വിഷയങ്ങൾ അവസാനിപ്പിക്കാനായി 7(e) എന്ന ഭേദഗതി കൊണ്ടുവന്നു. 2005-ലെ ഭേദഗതി കമെൻസ്മെന്റാകുന്ന 2006 വരെയുള്ളവരെ മാത്രമെ 7(e) പ്രകാരം ഡീംഡ് ടെനന്റായി കരുതുകയുള്ളൂ എന്ന് പറഞ്ഞിരുന്നു. ഇനിയൊരു 7(e) സാഹചര്യം കേരളത്തിൽ സൃഷ്ടിക്കുന്ന പ്രശ്നമേ ഉദിക്കുന്നില്ലെന്ന് ഞാൻ ഈ സഭയ്ക്ക് ഉറപ്പുതരുന്നു. അതിനുശേഷം മിച്ചഭൂമി കൈവശപ്പെടുത്തിയവർ എത്ര

ഉന്നതനാണെങ്കിലും കർശന നടപടിയുമായി മുന്നോട്ടുപോകും. രാജമാണിക്യം കമ്മിറ്റി റിപ്പോർട്ടുകളുടെ ഭാഗമായി ഹാരിസൺ ഉൾപ്പെടെയുള്ള 68 തോട്ടങ്ങളിൽ ഇതുമായി ബന്ധപ്പെട്ട് നടപടികൾ നിലനിൽക്കുന്ന സാഹചര്യത്തിൽ ആവശ്യമെങ്കിൽ നിയമനിർമ്മാണം നടത്തിയാണെങ്കിലും ഭൂമി പിടിച്ചെടുത്ത് ഈ നാട്ടിലെ ഭൂരഹിതർക്ക് കൊടുക്കുകയെന്നതാണ് ഗവൺമെന്റിന്റെ ലക്ഷ്യം. അങ്ങയുടെ അഭിപ്രായത്തെ ഞാൻ മാനിക്കുന്നു. ഭൂരഹിതരായ മനുഷ്യരോട് പക്ഷപാതിത്വമുള്ള ഗവൺമെന്റായിരിക്കും ഇത്. കേവലം കൈവശക്കാർക്ക് മാത്രമല്ല, സാധാരണനിലയിൽ ഭൂരഹിതരായ മനുഷ്യർക്ക് ഭൂമി കൊടുക്കാൻ കഴിയുന്നവിധത്തിലുള്ള നടപടികളുണ്ടാകും. കേരളത്തിന്റെ ചരിത്രത്തിൽ ആദ്യമായി യൂണീക് തണ്ടപ്പേർ നടപ്പിലാക്കാൻ പോകുകയാണ്. അങ്ങേയ്ക്ക് ഉൾപ്പെടെ അഭിമാനിക്കാം. ഇന്ത്യയിൽ ആദ്യമായി തണ്ടപ്പേരും ആധാറും ബന്ധപ്പെടുത്തുന്ന സംസ്ഥാനം കേരളമാണ്. അനധികൃതമായി സൂക്ഷിച്ച ഭൂമിയൊക്കെ നാട്ടിലെ സാധാരണക്കാർക്ക് കൊടുക്കും. കൈവശക്കാർക്ക് മാത്രമല്ല, പിറന്ന മണ്ണിലൊരു തണ്ടപ്പേരിനുപോലും അവകാശമില്ലാത്ത പ്രാക്തന ഗോത്രവർഗ്ഗങ്ങളുൾപ്പെടെയുള്ള മനുഷ്യർക്ക് ആ ഭൂമി

കൊടുക്കുകതന്നെയാണ് ഈ ഗവൺമെന്റിന്റെ ലക്ഷ്യം. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള ഈ ഭേദഗതി ബിൽ അംഗീകരിക്കണമെന്ന് സവിനയം സഭയോട് ഞാൻ അഭ്യർത്ഥിക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, അങ്ങ് ഞാൻ ആ ഒരു പക്ഷത്തായിരിക്കുമെന്ന് പറഞ്ഞു. അദ്ദേഹം സത്യപ്രതിജ്ഞ ചെയ്തിട്ടുള്ളത് നിഷ്പക്ഷമായ രീതിയിൽ ആയിരിക്കുമെന്നാണ്.

മി. സ്പീക്കർ: യെസ്....യെസ്.....

ശ്രീ. നജീബ് കാന്തപുരം, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2022-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന അങ്ങയുടെ 1(എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

(അംഗം സീറ്റിലില്ലാത്തതിനാൽ പ്രസ്സ് ചെയ്യപ്പെട്ടില്ല)

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

മി. സ്പീക്കർ: ശ്രീ. പി. മമ്മിക്കുട്ടി, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2022-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ

പരിഗണനയ്ക്ക് അയയ്ക്കണമെന്ന അങ്ങയുടെ 2(ബി) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. പി. മമ്മിക്കുട്ടി: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഇ. കെ. വിജയൻ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2021-ലെ കേരള ഭൂപരിഷ്കരണ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന അങ്ങയുടെ 1(എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. ഇ. കെ. വിജയൻ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2022-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന അങ്ങയുടെ 2(ബി) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

(അംഗം സീറ്റിലില്ലാത്തതിനാൽ പ്രസ്സ് ചെയ്യപ്പെട്ടില്ല)

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

മി. സ്പീക്കർ:സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും (ഭേദഗതി) ബിൽ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള ഭൂപരിഷ്കരണ (ഭേദഗതി) ബിൽ എന്നിവ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബില്ലുകൾ പരിഗണനയ്ക്കെടുക്കുന്നു.

(i) 2022-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും (ഭേദഗതി) ബിൽ

രണ്ടാം വകുപ്പ്

ശ്രീ. എം. വിൻസെന്റ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

171. ഖണ്ഡം 2 പ്രകാരം ഭേദഗതി ചെയ്യാൻ ഉദ്ദേശിച്ച പ്രധാന ആക്റ്റിലെ വകുപ്പ് 20-ൽ "അമ്പതിനായിരം" എന്നതിന് പകരം "എഴുപതിനായിരം" എന്ന് ചേർക്കുക.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി

അവതരിപ്പിക്കുന്നു.

175. ഖണ്ഡം 2 പ്രകാരം ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 20-ൽ "അമ്പതിനായിരം" എന്നതിന് പകരം "തൊണ്ണൂറായിരം" എന്ന് ചേർക്കുക.

മി. സ്പീക്കർ: മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 171-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അവതരിപ്പിച്ച 175-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മൂന്നാം വകുപ്പ്

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

184. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്ന വകുപ്പ് 23 എ(6)-ൽ "മണലിന്റെ" എന്നതിന് ശേഷം "മതിപ്പ് " എന്ന് ചേർക്കുക.

195. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്ന വകുപ്പ് 23 എ (6)-ൽ " നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട്" എന്നതിന് പകരം " നടപടിക്രമങ്ങൾക്ക് അനുസൃതമായി" എന്ന് ചേർക്കുക.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

199. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്ന വകുപ്പ് 23 എ (6) -ൽ "പാലിച്ചുകൊണ്ട്" എന്നതിന് പകരം "പൂർത്തിയാക്കി" എന്ന് ചേർക്കുക.

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

206. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന

വകുപ്പ് 23(എ)(6)-ൽ "വ്യക്തികൾക്കോ" എന്നതിന് ശേഷം "ഓരോ മാസത്തിലെയും മുൻനിശ്ചയിക്കപ്പെട്ട ഒരു ദിവസം" എന്ന് ചേർക്കുക.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

214. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 23 എ(6)-ൽ "എന്ന വാക്കുകൾ ചേർക്കേണ്ടതാണ്" എന്നതിന് പകരം "എന്ന വാക്കുകളും ചിഹ്നങ്ങളും ചേർക്കേണ്ടതാണ്" എന്ന് ചേർക്കുക.

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

216. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 23 എ(6)-ന് ചുവടെ ചേർക്കുന്ന ക്ലിപ്തനിബന്ധന ചേർക്കുക.

"എന്നാൽ (4)-ാം ഉപവകുപ്പിലെ വ്യവസ്ഥപ്രകാരം കണ്ടുകെട്ടിയ മണൽ, സ്ഥാപനങ്ങൾക്കോ വ്യക്തികൾക്കോ ലേലത്തിലൂടെ വില്പന നടത്തുമ്പോൾ ഓരോ സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും ഒരു കലണ്ടർ വർഷത്തിൽ പരമാവധി ലേലം കൊള്ളാവുന്ന മണലിന്റെ അളവ് എത്രയെന്ന് നിർണയിക്കപ്പെടാവുന്ന രീതിയിൽ നിശ്ചയിക്കേണ്ടതാണ്"

ലേലം കൊള്ളാവുന്ന മണലിന്റെ അളവ്

നിർണ്ണയിക്കപ്പെടണമെന്നുള്ളതാണ് എന്റെ ഭേദഗതി. ഇതില്ലെങ്കിൽ ചില വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും കൈകളിലേയ്ക്ക് ഇത് പൂർണ്ണമായും അകപ്പെട്ടുപോകുകയും അത് ഭാവിയിൽ വലിയ അഴിമതിക്കും ക്രമക്കേടിനും ഇടവരുത്തുകയും ചെയ്യും. ആയതിനാൽ ഈയൊരു ഭേദഗതി അതിന്റെ ആ അർത്ഥത്തിൽ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സുതാര്യതയെക്കുറിച്ചാണ് ഏറ്റവും കൂടുതൽ സംസാരിച്ചത്. അത് പൂർണ്ണമാകുവാൻ ഈ ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: 185 മുതൽ 187 വരെയുള്ള ഭേദഗതികൾ 184-ാം നമ്പർ ഭേദഗതിക്കും 200 മുതൽ 202 വരെയുള്ള ഭേദഗതികൾ 199-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 184, 195 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ് അവതരിപ്പിച്ച 199-ാം നമ്പർ ഭേദഗതി

സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 206-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 214-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 216-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

112. പീഠികയിൽ "ഇതിനുശേഷം കാണുന്ന" എന്നതിനുപകരം "താഴെപ്പറഞ്ഞിരിക്കുന്ന" എന്ന് ചേർക്കുക.

മി. സ്പീക്കർ: മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 112-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, 2022-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും

(ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2022-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.......

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പാസ്സായിരിക്കുന്നു.

(ii) 2021-ലെ കേരള ഭൂപരിഷ്കരണ (ഭേദഗതി) ബിൽ

രണ്ടാം വകുപ്പ്

(ഭേദഗതിയില്ല)

മി. സ്പീക്കർ: രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും

(ഭേദഗതികൾ അവതരിപ്പിച്ചില്ല.)

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ശ്രീ. പി. കെ. ബഷീറിന്റെ 128-ാം നമ്പർ ഭേദഗതി ഞാൻ ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

128. In the enacting formula, for the words and symbol "Seventy-second" the words and symbol "Seventy-third" shall be substituted.

മി. സ്പീക്കർ: മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.

ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, 2021-ലെ കേരള ഭൂപരിഷ്കരണ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2021-ലെ കേരള ഭൂപരിഷ്കരണ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പാസ്സായിരിക്കുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഒരു കാര്യം മെൻഷൻ ചെയ്യാനുണ്ട്. നേരത്തെ സഹകരണ സംഘ ബില്ലിന്റെ ചർച്ചയ്ക്കുള്ള മറുപടി പറയവേ ബഹുമാനപ്പെട്ട സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി ഒരു പരാമർശം നടത്തുകയുണ്ടായി. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിനെക്കുറിച്ച് പറഞ്ഞപ്പോൾ, ****+ അതിലൊരു ബോഡി ഷെയിമിംഗുണ്ട്. Politically incorrect ആയിട്ടുള്ള ഒരു സ്റ്റേറ്റ്മെന്റാണത്. സാംസ്കാരിക വകുപ്പുമന്ത്രികൂടിയായ അദ്ദേഹം ആ പ്രസ്താവന പിൻവലിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഉന്നയിച്ച വിഷയവുമായി ബന്ധപ്പെട്ട് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രിയുടെ പ്രസംഗത്തിലെ പ്രസ്തുത ഭാഗം പിൻവലിക്കുകയാണെന്ന് പറഞ്ഞ് മന്ത്രിതന്നെ സ്പീക്കർക്ക് കത്ത് തന്നിട്ടുണ്ട്. അത് അംഗീകരിക്കുന്നു. ആ പ്രയോഗം സഭാരേഖയിൽനിന്ന് ഒഴിവാക്കണമെന്ന് അദ്ദേഹംതന്നെ അഭ്യർത്ഥിച്ചിട്ടുണ്ട്.

പി. 12-12-2022

+ ബഹുമാനപ്പെട്ട മന്ത്രി പ്രസ്തുത പരാമർശം പിൻവലിച്ചു.

(iii) <u>2022-ലെ കേരള അബ്കാരിത്തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബില്‍</u>

(iv) <u>2022-ലെ കേരള മോട്ടോര്‍ ട്രാന്‍സ്പോര്‍ട്ട് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബില്‍</u>

പൊതുവിദ്യാഭ്യാസ-തൊഴില്‍ വകുപ്പുമന്ത്രി (<u>ശ്രീ. വി. ശിവന്‍കുട്ടി</u>): സര്‍, സബ്ജക്ട് കമ്മിറ്റി റിപ്പോര്‍ട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള അബ്കാരിത്തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബില്‍, 2022-ലെ കേരള മോട്ടോര്‍ ട്രാന്‍സ്പോര്‍ട്ട് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബില്‍ എന്നിവ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാന്‍ അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിര്‍മ്മാണ വകുപ്പുമന്ത്രി (<u>ശ്രീ. കെ. രാജന്‍</u>): സര്‍, ഞാന്‍ പ്രമേയത്തെ പിന്താങ്ങുന്നു.

<u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: സര്‍, ഞാന്‍ വിയോജിപ്പ് രേഖപ്പെടുത്തുന്നു. സംസ്ഥാനത്തെ ഓട്ടോറിക്ഷാ തൊഴിലാളികള്‍ക്കും ഓട്ടോമൊബൈല്‍ വര്‍ക്ക്ഷോപ്പ് തൊഴിലാളികള്‍ക്കും രണ്ട് തരത്തിലുള്ള ക്ഷേമ പദ്ധതികള്‍ നിലവിലുള്ളതിനാല്‍, ക്ഷേമനിധി ആനുകൂല്യങ്ങളിലും മറ്റും ഏകീകൃത സ്വഭാവമുണ്ടാക്കുന്നതിനും എല്ലാ തൊഴിലാളികള്‍ക്കും ഒരേ പദ്ധതിക്കുകീഴില്‍ ഒരേ രീതിയിലുള്ള ആനുകൂല്യങ്ങള്‍ നല്‍കുന്നതിനുമായി,

യഥാക്രമം 1991-ലെ കേരള ഓട്ടോറിക്ഷ തൊഴിലാളി ക്ഷേമനിധി പദ്ധതിയെയും 2004-ലെ കേരള ഓട്ടോമൊബൈൽ ക്ഷേമനിധി പദ്ധതിയെയും 1985-ലെ കേരള മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളി ക്ഷേമനിധി പദ്ധതിയുമായി ലയിപ്പിക്കുന്നതിനാണ് ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. തൊഴിലാളികളുടെ ആനുകൂല്യങ്ങൾ ഏകീകരിക്കുന്നതിനായി വ്യവസ്ഥ ചെയ്ത് പുതിയ ക്ഷേമനിധി പദ്ധതി രൂപീകരിക്കുമ്പോൾ മുമ്പ് തൊഴിലാളികൾക്ക് ലഭിച്ചിരുന്ന അർഹതപ്പെട്ട എല്ലാ ആനുകൂല്യങ്ങളുടെയും തുടർച്ച ഉറപ്പാക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടില്ലാത്തതിനാൽ ഈ ബില്ലിനോട് വിയോജിപ്പ് രേഖപ്പെടുത്തുന്നു.

ഇരുപത് ലക്ഷത്തിലധികം വരുന്ന തൊഴിലാളികളും അവരുടെ കുടുംബാംഗങ്ങളും ഈ മേഖലയിലുൾപ്പെടുന്നുണ്ട്. സർക്കാരിന് ഒരു രൂപപോലും മുതൽമുടക്കില്ലാതെ കെട്ടുതാലി പണയപ്പെടുത്തിയും കിടപ്പാടം വിറ്റും വാങ്ങുന്ന വാഹനങ്ങളുടെ ആർ.സി. ബുക്ക് പണയപ്പെടുത്തിയുമൊക്കെ കടം വാങ്ങി വളരെ പ്രയാസപ്പെട്ട് ജീവിക്കുന്ന 80 ശതമാനത്തോളം വരുന്ന ഉടമസ്ഥരായ തൊഴിലാളികളാണ് ഈ മേഖലയിലുള്ളത്. കോവിഡ് കാലം എല്ലാ മേഖലയിലും കടുത്ത പ്രതിസന്ധിയും പ്രയാസവും സൃഷ്ടിച്ച കാര്യം

നമുക്കെല്ലാവർക്കുമറിയാം. കോവിഡ് കാലഘട്ടത്തിൽ ഏറ്റവും പ്രയാസമനുഭവിച്ച ഒരു വിഭാഗമാണ് മോട്ടോർ തൊഴിലാളി മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവർ. കോവിഡ് കാലത്ത് ക്ഷേമനിധിയുമായി ബന്ധപ്പെട്ട് 1,000 രൂപാ വീതം നാല് പ്രാവശ്യം ഓട്ടോറിക്ഷാ തൊഴിലാളികൾക്ക് നൽകിയിരുന്നു. ലൈറ്റ് മോട്ടോർ വെഹിക്കിൾ വിഭാഗത്തിൽപ്പെട്ടവർക്ക് 3,500 രൂപ, ബസ് തൊഴിലാളികൾക്ക് 5,000 രൂപ, ഓട്ടോറിക്ഷ തൊഴാലികൾക്ക് 2,500/- രൂപ എന്നിങ്ങനെ വേർതിരിച്ച് ധനസഹായം വിതരണം ചെയ്ത കാര്യം ഞാൻ ഈ സന്ദർഭത്തിൽ ഓർക്കുകയാണ്. ഓട്ടോറിക്ഷാ തൊഴിലാളികളുടെ നിലവിലുള്ള ഏറ്റവും വലിയ പ്രശ്നം അവർക്ക് ചാർജ്ജ് മീറ്റർ ഘടിപ്പിക്കണമെന്നുള്ള ഒരു നിർദ്ദേശം നൽകിയിരിക്കുന്നതാണ്. ചാർജ്ജ് മീറ്റർ വാങ്ങിക്കാൻ രണ്ടായിരത്തോളം രൂപ ചെലവ് വരുന്നുണ്ട്. അതിൽ വീഴ്ച വരുത്തുന്നവർക്ക് 2,000 രൂപയുടെ പിഴക്കുടി ചുമത്തുന്നുണ്ട്. അത് ഓട്ടോറിക്ഷാ തൊഴിലാളികളുടെ ദയനീയമായ സങ്കടാവസ്ഥയാണ്. സ്വാഭാവികമായും 3,500 കോടി രൂപയോളം ആസ്തിയുള്ള ക്ഷേമനിധി ബോർഡിന് ഈ സൊസൈറ്റിയിൽ ഏറ്റവും സാധാരണക്കാരായ, പ്രയാസമനുഭവിക്കുന്ന,

മികച്ച സേവനം ചെയ്യുന്ന ഓട്ടോറിക്ഷാ തൊഴിലാളികൾക്ക് ചാർജ്ജ് മീറ്റർ സബ്സിഡി നൽകിക്കൊണ്ട് അവരെ സഹായിക്കണമെന്നുള്ള നിർദ്ദേശംകൂടി ഞാൻ ഇവിടെ സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. അതോടൊപ്പം ക്ഷേമനിധിയിലേയ്ക്ക് സാക്ഷ്യപത്രം നൽകണമെന്നതാണ് പ്രയാസകരമായ മറ്റൊരു കാര്യം. ഒരു ടൂറിസ്റ്റ്/പ്രൈവറ്റ് ബസ്സിൽ കണ്ടക്ടർ, ക്ലീനർ, ചെക്കർ, ഡ്രൈവർ എന്നിങ്ങനെ നാല് ആളുകളാണ് ജോലി ചെയ്യുന്നത്. ഇപ്പോഴുള്ള ഉത്തരവുപ്രകാരം ക്ഷേമനിധിയിൽ അവരെ ചേർക്കുമ്പോൾ ബസ്സിന്റെ മുതലാളി സാക്ഷ്യപത്രം നൽകേണ്ടതാണ്. സാധാരണയായി അവരത് നൽകാൻ തയ്യാറാകുന്നില്ല. വളഞ്ഞവഴിയിലൂടെ അവരുടെ ബന്ധുക്കളെയൊക്കെ ഡ്രൈവർ, ചെക്കർ, കണ്ടക്ടർ എന്നിവരായി കാണിച്ച് ഈ ആനുകൂല്യം കൈപ്പറ്റാൻ ശ്രമിക്കുന്നുവെന്നുള്ളത് ഒരു വസ്തുതയാണ്. കേരളത്തിൽ ഏറ്റവും മികച്ച രീതിയിൽ തൊഴിലാളികളെ സംഘടിപ്പിച്ചുകൊണ്ട് പ്രവർത്തിക്കുന്ന ധാരാളം തൊഴിലാളി സംഘടനകളുണ്ട്. അവർ ഒരു സാക്ഷ്യപത്രം നൽകികൊണ്ട് ഇവർക്ക് ക്ഷേമനിധിയിൽ ചേരാനുള്ള അവസരം ഒരുക്കണമെന്നുള്ള കാര്യംകൂടി ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുകയാണ്.

അതോടൊപ്പം വാഹനങ്ങൾക്ക് ജി.പി.എസ്. ഘടിപ്പിക്കാനുള്ള തീരുമാനവുമുണ്ട്. ജി.പി.എസ്. വാങ്ങണമെങ്കിലും 8,000 രൂപ ചെലവ് വരും. നിലവിൽ പുറമെനിന്ന് കൂടുതൽ വില നൽകിയാണ് കമ്പനികൾ ഇത് വാങ്ങുന്നത്. പൊതുമേഖലയിലെ ഏറ്റവും മികച്ച കമ്പനിയായ കെൽട്രോൺ തന്നെ ജി.പി.എസ്. നിർമ്മിച്ചുനൽകുകയും ക്ഷേമനിധി ബോർഡിന്റെ സഹായത്തോടുകൂടി മികച്ച സബ്സിഡിയോടുകൂടി ജി.പി.എസ്. വാങ്ങാനും അവരുടെ പ്രതിസന്ധിയകറ്റാനും കഴിയുമെന്നുമാണ് ഈ സന്ദർഭത്തിൽ സൂചിപ്പിക്കാനുള്ളത്.

ഈ മേഖലയെ മുച്ചൂട്ടും തകർക്കാൻ 2017-ൽ സെൻട്രൽ ഗവൺമെന്റ് കൊണ്ടുവന്ന ബില്ലായിരുന്ന മോട്ടോർ വെഹിക്കിൾസ് (അമെന്റ്മെന്റ്) ബിൽ. അതുമായി ബന്ധപ്പെട്ട് തൊഴിലാളികൾ നിരവധി പ്രയാസങ്ങൾ അനുഭവിക്കുന്നുണ്ടെന്ന കാര്യം നമുക്കറിയാം. ആ മേഖലയിൽ പ്രവർത്തിക്കുന്ന ആളുകൾക്ക് ചെറിയൊരു വീഴ്ചപറ്റിയാൽ 100 ഇരട്ടി പിഴ അധികം ചുമത്തുന്ന സ്ഥിതിയുണ്ട്. അതിന്റെ പേരിൽ പ്രയാസപ്പെടുന്ന ആളുകളെ പൊതുപ്രവർത്തകരായ നമ്മൾ സാധാരണയായി കാണുന്നതാണ്. അതിനിടയിലാണ് 15 വർഷം കാലാവധി കഴിഞ്ഞ

വാഹനം പൊളിച്ചുമാറ്റാനുള്ള തീരുമാനം. ഒരു ഓട്ടോറിക്ഷാ/കാർ/ജീപ്പ് ഓടിക്കുന്നയാൾ എല്ലാ വർഷവും വാഹനത്തിന് മെയിന്റനൻസ് നടത്തുകയും ഇൻഷ്വറൻസും ടാക്സും അടയ്ക്കുകയും ചെയ്യുന്നു. പതിനാലാമത്തെ വർഷവും പതിനഞ്ചാമത്തെ വർഷവും അദ്ദേഹം ടാക്സ് അടയ്ക്കുന്നുണ്ട്. പതിനഞ്ചാമത്തെ വർഷമാകുമ്പോൾ പെട്ടെന്നാണ് ആ വ്യക്തിയോട് നാളെ മുതൽ നിങ്ങളുടെ വാഹനം നിരത്തിലിറക്കാൻ കഴിയില്ലെന്ന് പറയുന്നത്. അത്തരമൊരു ഉത്തരവിന്റെ ഭാഗമായി നിസ്സഹായനായി വാഹനമില്ലാതെ നിൽക്കുന്ന ഒരവസ്ഥ വരികയാണ്. ആ സന്ദർഭത്തിൽ ക്ഷേമനിധി ബോർഡ് പത്ത് ലക്ഷം രൂപ പുതിയ വാഹനം വാങ്ങാൻ പലിശരഹിത വായ്പ നൽകി സഹായിച്ചാൽ അത് സഹായകരമായിരിക്കും. കേന്ദ്ര ഗവൺമെന്റ് കൊണ്ടുവന്ന ഭീകരമായ ഒരു ആക്ടിന്റെ ഫലമായി 15 വർഷം ഓടിച്ച വാഹനം നിരത്തിലിറക്കാൻ സാധിക്കാതെ നിസ്സഹായനായി നിൽക്കുന്ന അവസരത്തിൽ ഇത്തരത്തിലുള്ള ഒരു ഇടപെടൽ ബോർഡിന്റെ ഭാഗത്തുനിന്നുണ്ടായാൽ അത് ഗുണകരമായി മാറുമെന്നുള്ള കാര്യത്തിൽ തർക്കമില്ല.

3,500 കോടി രൂപയിലധികം ആസ്തിയുള്ള ക്ഷേമനിധി ബോർഡിന്റെ

ആസ്ഥാനം കൊല്ലത്താണ്. എന്റെ ജില്ലയിലടക്കം പല ജില്ലകളിലും രണ്ടാം നിലയിലോ മൂന്നാം നിലയിലോ ആണ് ക്ഷേമനിധി ബോർഡിന്റെ ഓഫീസുകൾ പ്രവർത്തിക്കുന്നത്. പതിനാല് ജില്ലകളിലും സ്വന്തമായി ഓഫീസ് സമുച്ചയം നിർമ്മിച്ചാൽ ആ മേഖലയിലുള്ള ആളുകൾക്ക് വലിയ രീതിയിൽ ഗുണം ലഭിക്കുമെന്നാണ് ഈ വിഷയവുമായി ബന്ധപ്പെട്ട് സൂചിപ്പിക്കാനുള്ളത്. ഈ സർക്കാർ കൊണ്ടുവന്ന ഏറ്റവും മികച്ചൊരു പദ്ധതിയെക്കുറിച്ചാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. അന്താരാഷ്ട്ര കമ്പനികൾ കൊണ്ടുവന്ന യൂബർ പോലെയുള്ള വാഹനങ്ങളുടെ വരവോടെ വലിയ പ്രയാസം അനുഭവിക്കുന്നൊരു ഘട്ടത്തിലാണ് സംസ്ഥാന ഗവൺമെന്റ് 'കേരള സവാരി' എന്ന ഓൺലൈൻ നൂതന പദ്ധതി കൊണ്ടുവന്നത്. കേരള സവാരി എന്ന പദ്ധതി ആരംഭിച്ചുവെന്നല്ലാതെ അത് കൃത്യമായി താഴെത്തട്ടിലെത്തിക്കാൻ കഴിഞ്ഞില്ല. മോഡൽ പ്രോജക്ട് എന്ന നിലയ്ക്ക് തിരുവനന്തപുരത്താണ് അത് നടപ്പിലാക്കിയത്. കേരള സവാരി പതിനാല് ജില്ലകളിലും നടപ്പിലാക്കാൻ കഴിയേണ്ടതുണ്ട്. ഗതാഗതക്കുരുക്ക് രൂക്ഷമായ സന്ദർഭത്തിൽ ഈ മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് ഓൺലൈനായി മത്സരിച്ച് നല്ല രീതിയിൽ

വരുമാനമുണ്ടാക്കാൻ കഴിയും. കേരള സവാരി എന്ന പദ്ധതിയെ കൂടുതൽ ജനകീയവൽക്കരിക്കണമെന്നുള്ള നിർദ്ദേശമാണ് ഈ സന്ദർഭത്തിൽ ചൂണ്ടിക്കാണിക്കാനുള്ളത്. ഈ ബില്ലുമായി ബന്ധപ്പെട്ട എന്റെ നിർദ്ദേശങ്ങൾ സമർപ്പിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. പി. പി. ചിത്തരഞ്ജൻ ചുമതലപ്പെടുത്തിയതനുസരിച്ച് (ശ്രീ. എം. രാജഗോപാലൻ): സർ, 2022-ലെ കേരള അബ്കാരിത്തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. നിലവിലെ അബ്കാരി തൊഴിലാളി ക്ഷേമനിധി ആക്റ്റ് പ്രകാരം തൊഴിലുടമ അടവാക്കേണ്ട അംശദായം തൊഴിലാളിയുടെ പ്രതിമാസവേതനത്തിന്റെ 15 ശതമാനമാണ്; അതായത് പി.എഫ്. 10 ശതമാനവും ഗ്രാറ്റുവിറ്റി 5 ശതമാനവുമാണ്. എന്നാൽ ഭേദഗതി പ്രകാരം ഗ്രാറ്റുവിറ്റി 5 ശതമാനം എന്നുള്ളത് 7 ശതമാനമായി വർദ്ധിക്കുന്നതിനാൽ തൊഴിലുടമ അടയ്ക്കേണ്ടി വരുന്നത് 17 ശതമാനമാണ്. ഇപ്രകാരം തൊഴിലുടമയുടെ അംശദായത്തിൽ ഭേദഗതിപ്രകാരം രണ്ട് ശതമാനമാണ് വർദ്ധനവ് വരുന്നത്. അബ്കാരി തൊഴിലാളികളുടെ നിലവിലെ അംശദായം പ്രതിമാസ

വേതനത്തിന്റെ 10 ശതമാനമെന്നത് ഭേദഗതിപ്രകാരം തൊഴിലാളി അടയ്ക്കേണ്ടി വരുന്നത് 11.5 ശതമാനമാണ്. തൊഴിലാളിയുടെ അംശദായത്തിൽ 1.5 ശതമാനം മാത്രമാണ് വർദ്ധനവുണ്ടാകുന്നത്. വർദ്ധിച്ചുവരുന്ന ഭരണച്ചെലവ് ഉൾപ്പെടെയുള്ളവയുടെ സാമ്പത്തിക ബാദ്ധ്യതയെല്ലാം തൊഴിലാളി ക്ഷേമനിധി ബോർഡ് തൊഴിലാളികളുമേൽ അടിച്ചേൽപ്പിക്കുന്ന സമീപനം സ്വീകരിക്കുന്നുവെന്നാണ് ഇതുമായി ബന്ധപ്പെട്ട് പ്രതിപക്ഷാംഗങ്ങളുടെ വിയോജിപ്പ്. അതുകൊണ്ടാണ് ഈ ബില്ലിനെ എതിർക്കുന്നതെന്നതാണ് പ്രതിപക്ഷത്തിന്റെ വാദഗതി. തൊഴിലാളി ക്ഷേമത്തെക്കൂടി കണക്കിലെടുത്തുകൊണ്ടുള്ള ഒരു ഭേദഗതിയാണിതെന്ന് പറയാൻ കാരണം, ഭേദഗതി നിർദ്ദേശപ്രകാരം അബ്കാരി തൊഴിലാളിയുടെ അംശദായത്തിനുള്ള അടവ് പ്രതിമാസ വേതനത്തിന്റെ 11.5 ശതമാനമായി വർദ്ധിപ്പിക്കുന്നുവെന്നുള്ളതാണ്. ഈ വർദ്ധനവിലൂടെ ലഭ്യമാകുന്ന തുക ബോർഡിലെ അംഗങ്ങൾക്ക് നിലവിലില്ലാത്ത ആനുകൂല്യങ്ങളായ വിവാഹ ധനസഹായം, പ്രസവാനുകൂല്യം എന്നിവ ലഭ്യമാക്കുന്നതിന് പ്രയോജനപ്പെടുത്തുക എന്നുള്ളതും നിലവിൽ നൽകുന്ന മരണാനന്തര ആനുകൂല്യമായ 3,000 രൂപ

10,000 രൂപയായി വർദ്ധിപ്പിക്കുന്നതിന് വിനിയോഗിക്കുക എന്നുള്ളതുമാണ് ഉദ്ദേശിക്കുന്നത്. അതുകൊണ്ട് തീർച്ചയായും ഒരു തൊഴിലാളി സൗഹൃദമായ സമീപനമാണ് സർക്കാർ ഈ ഭേദഗതിയിലൂടെ ലക്ഷ്യമിട്ടിരിക്കുന്നത്.

കേരളത്തിന് നിരവധി പ്രത്യേകതകളുണ്ട്. തൊഴിലിനെ ബഹുമാനിക്കുകയും അതുവഴി തൊഴിലാളിയെ ബഹുമാനിക്കുകയും ചെയ്യുന്ന ഒരു സംസ്കാരം ശാക്തീകരിക്കപ്പെട്ടുകൊണ്ടിരിക്കുന്ന സംസ്ഥാനമാണ് നമ്മുടെ കൊച്ചുകേരളം. തൊഴിലാളിയുടെ സാമൂഹ്യപദവി, തൊഴിൽ സുരക്ഷ, അവകാശ സംരക്ഷണം എന്നിവയും ഉറപ്പുവരുത്തുന്നു. കൂടാതെ ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിലെ തൊഴിലാളികൾക്ക് ലഭിക്കുന്ന മിനിമം വേതനം 200-ഉം 300-ഉം രൂപയാണെങ്കിൽ കേരളത്തിൽ അത് 800 രൂപയാണ്. ഏറ്റവും കൂടുതൽ മിനിമം വേതനം ലഭിക്കുന്ന സംസ്ഥാനമാണ് കേരളം. തൊഴിലാളിയുടെ സാമ്പത്തിക സുരക്ഷയോടൊപ്പം ഒരു പരിധിവരെ കേരളത്തിന് ഇതര സംസ്ഥാനങ്ങളിൽനിന്ന് വ്യത്യസ്തമായി തൊഴിലാളി-തൊഴിലുടമ ബന്ധം ദൃഢീകരിക്കപ്പെടാനും ശാക്തീകരിക്കപ്പെടാനും സൗഹൃദപരമായിട്ടുള്ള നിലപാട് സ്വീകരിക്കാനും കഴിയുന്നു. ഇതെല്ലാം ഉറപ്പാക്കാൻ സഹായകരമായ നയവും സമീപനവും സ്വീകരിക്കുന്ന

സർക്കാരാണ് ഇന്ന് കേരളം ഭരിക്കുന്ന ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ.

ഇത് വൈജ്ഞാനിക യുഗമായതിനാൽ വൈജ്ഞാനിക സമ്പദ്‌വ്യവസ്ഥയെക്കുറിച്ചാണ് നമ്മൾ ചർച്ച ചെയ്യുന്നത്. കാലത്തിനോടൊപ്പം സഞ്ചരിക്കുകയും നവകേരള സൃഷ്ടിക്കായി പ്രവർത്തിക്കുകയും ചെയ്യുന്ന സർക്കാരാണ് കേരളത്തിലേത്. അതുകൊണ്ട് നൂതന കാഴ്ചപ്പാടുകളും സാങ്കേതികവിദ്യയും സമന്വയിപ്പിച്ചുകൊണ്ടുള്ള ഒരു ഭരണനിർവ്വഹണമാണ് സംസ്ഥാന തൊഴിൽ വകുപ്പിന്റെ ഭാഗത്തുനിന്നും ഉണ്ടായിക്കൊണ്ടിരിക്കുന്നതെന്ന് നമുക്ക് അഭിമാനത്തോടെ പറയാൻ കഴിയും. കേരളത്തിലെ പതിനാറോളം ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനങ്ങൾക്കായി ഏർപ്പെടുത്തിയിട്ടുള്ള പൊതു സോഫ്റ്റ്‌വെയർ സംവിധാനമാണ് Advanced Information Interface System. തൊഴിലാളികൾക്ക് ഓൺലൈനായി അംശദായം അടയ്ക്കാനും ആനുകൂല്യങ്ങൾക്ക് ഓൺലൈനായി അപേക്ഷിക്കാനുമുള്ള സൗകര്യങ്ങളൊരുക്കുകയും ആനുകൂല്യ വിതരണം DBT (Direct Benefit Transfer) മുഖേനയുമാക്കിയതിനാൽ ഇതിനെല്ലാമുള്ള കാലതാമസം

ഒഴിവാക്കാൻ കഴിഞ്ഞു. തൊഴിലാളികളുടെ ക്ഷേമത്തിനും അവരുടെ ആവശ്യങ്ങൾ കൃത്യമായി നിറവേറ്റുന്നതിനും നൂതന ശാസ്ത്ര സാങ്കേതികവിദ്യകൾ സഹായകമായ രീതിയിൽ പ്രയോജനപ്പെടുത്താൻ കഴിയുന്നുണ്ട്. ക്ഷേമനിധി ബോർഡുകളുടെ എണ്ണത്തിലല്ല, മറിച്ച് അതിന്റെ കാര്യനിർവ്വഹണവും പ്രവർത്തനക്ഷമതയുമാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. ക്ഷേമനിധി ബോർഡുകളുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർമാരുടെ അവലോകന യോഗത്തിൽ തൊഴിലാളികളുടെ ക്ഷേമത്തിനായി രൂപീകരിച്ച ബോർഡുകളുടെ പ്രവർത്തനത്തിൽ വീഴ്ച വരുത്തുന്നവർക്കെതിരെ ശക്തമായ നടപടികൾ കൈക്കൊള്ളുമെന്നും അവരുടെ ആനുകൂല്യങ്ങൾ വൈകിപ്പിക്കുന്ന സമീപനം ഒരു കാരണവശാലും കേരളത്തിൽ അംഗീകരിക്കാൻ കഴിയില്ലെന്നും ഓഫീസുകളുടെ പ്രവർത്തനം ഇനിയും കാര്യക്ഷമമാക്കേണ്ടതുണ്ടെന്നും ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കിയിട്ടുണ്ട്. ഇതെല്ലാം കേരളത്തിലെ ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം വരുംനാളുകളിൽ കാര്യക്ഷമമാകുമെന്നുള്ളതിന്റെ ഗ്യാരന്റി കൂടിയായിട്ടാണ് നോക്കിക്കാണുന്നത്.

1989-ലെ കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി നിയമവും

1990-ലെ കേരള അബ്കാരി തൊഴിലാളി ക്ഷേമപദ്ധതിയും 1990 ജനവരി മുതലാണ് പ്രാബല്യത്തിൽ വന്നത്. നമ്മുടെ സംസ്ഥാനത്തെ അബ്കാരി തൊഴിലാളികൾക്കും അവരുടെ കുടുംബത്തിനും ആശ്വാസം നൽകുന്നതിനും അവരുടെ ക്ഷേമം അഭിവൃദ്ധിപ്പെടുത്തുന്നതിനും പെൻഷൻ നൽകുന്നതിനും വേണ്ടി രൂപീകൃതമായതാണ് ഈ ബോർഡ്. നിലവിൽ കെ.എസ്.ബി.സി. (Kerala State Beverages Corporation), കൺസ്യൂമർ ഫെഡ്, ബാർ മേഖല എന്നിവിടങ്ങളിൽ നിന്നുള്ള 2338 അബ്കാരി തൊഴിലാളികൾക്ക് ഇതിൽ അംഗത്വമുണ്ട്. കേരളത്തിലെ കള്ള് വ്യവസായമൊഴികെയുള്ള അബ്കാരി സ്ഥാപനങ്ങളിൽ ജോലിചെയ്യുന്ന തൊഴിലാളികളാണ് ഈ നിയമത്തിന്റെ പരിധിയിൽ വരുന്നത്. ചാരായം, വിദേശമദ്യം എന്നിവയുടെ സംഭരണം, വില്പന, കുപ്പിയിൽ നിറയ്ക്കൽ, ഒരു സ്ഥലത്തുനിന്നും മറ്റൊരു സ്ഥലത്തേയ്ക്കെത്തിക്കൽ, വിപണനം എന്നിവയുമായി ബന്ധപ്പെട്ട് ഏതെങ്കിലും അബ്കാരി സ്ഥാപനങ്ങളിൽ മൂന്ന് മാസത്തിൽ കുറയാതെ ജോലി ചെയ്തിട്ടുള്ള തൊഴിലാളികൾക്ക് ഈ ക്ഷേമനിധിയിൽ അംഗങ്ങളാകാൻ അർഹതയുണ്ട്. ചാരായ വിപണന നിരോധനം 01-04-1996 മുതൽ നിലവിൽ വന്നതോടെ ക്ഷേമനിധിയിൽ രജിസ്റ്റർ ചെയ്തിരുന്ന

12958 ചാരായ തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടുന്ന സാഹചര്യം കേരളത്തിലുണ്ടായിരുന്നു. അന്ന് അവരെ ചേർത്തുപിടിച്ചുകൊണ്ട് തൊഴിലാളികൾക്ക് അർഹതപ്പെട്ട ആനുകൂല്യങ്ങൾ ബോർഡിൽനിന്നും വിതരണം ചെയ്തിട്ടുണ്ടെന്ന കാര്യവും വളരെ ശ്രദ്ധേയമാണ്. എന്നാൽ ഈ ഭേദഗതിയിലൂടെ നാമമാത്രമായ തുക വർദ്ധിപ്പിക്കുമ്പോഴാണ് അതിനെതിരെ പ്രതികരണവും പ്രതിഷേധവുമായി രംഗത്ത് വരുന്നത്. ഈ ബോർഡിൽനിന്നും നിലവിൽ അനുവദിച്ചുനൽകുന്ന ധനസഹായങ്ങളായ എക്സ്ഗ്രേഷ്യ, അപകടം, മരണം, തീരാവ്യാധി, ജോലിയിൽ തുടരാൻ കഴിയാത്തവിധം സ്ഥിരമായ അവശത തുടങ്ങിയ സാഹചര്യത്തിൽ ക്ഷേമനിധിയിലെ ഒരംഗത്തിനോ അയാളുടെ ആശ്രിതനോ പരമാവധി 50,000/- രൂപ വരെ നൽകുന്ന സ്കീമുണ്ട്. നിലവിൽ മരണാനന്തര സഹായമായി നൽകുന്ന 3,000/- രൂപ 10,000/- രൂപയായി വർദ്ധിപ്പിക്കണമെന്നതാണ് സർക്കാർ ഈ ഭേദഗതിയിലൂടെ വിഭാവനം ചെയ്യുന്നത്. ആശുപത്രി രേഖകളുടെ അടിസ്ഥാനത്തിൽ ചികിത്സാ സഹായം 10,000/- രൂപയോ ചികിത്സാ ചെലവോ ഏതാണോ കുറവ് ആയത് തവണകളായി പരമാവധി 10,000/- രൂപവരെ അനുവദിക്കാവുന്ന

പദ്ധതിയുണ്ട്. മാരകരോഗങ്ങൾക്കുള്ള ചികിത്സാ ധനസഹായം നൽകുന്നതിനുള്ള പദ്ധതികളും ഇതുമായി ബന്ധപ്പെട്ട് കൊണ്ടുവരുന്നുണ്ട്. ക്ഷേമനിധിയിൽ അംഗങ്ങളായവരുടെ പ്ലസ് ടു മുതൽ പ്രൊഫഷണൽ കോഴ്സ് വരെ പഠിക്കുന്ന മക്കൾക്ക് യോഗ്യതാപരീക്ഷയുടെ മാനദണ്ഡങ്ങളനുസരിച്ച് മാർക്കിന്റെ അടിസ്ഥാനത്തിൽ സ്കോളർഷിപ്പ് നൽകുന്ന സംവിധാനവുമുണ്ട്. കലാ-കായിക-സാംസ്കാരിക രംഗത്തും ശാസ്ത്രരംഗത്തും ആർട്സായാലും സ്പോർട്സായാലും കലോത്സവങ്ങൾ, ശാസ്ത്രമേളകൾ എന്നിവയിൽ സംസ്ഥാനതലത്തിലും സർവ്വകലാശാലാതലത്തിലും ഉന്നതവിജയം കരസ്ഥമാക്കിയിട്ടുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് കൊടുക്കുന്നതടക്കമുള്ള വളരെ ശ്രദ്ധേയമായ ഇടപെടലുകളാണ് ഇന്ന് കേരളത്തിലുള്ളത്.

അംഗത്തിന്റെ പി.എഫ്. അക്കൗണ്ടിൽ നീക്കിയിരിപ്പുള്ള തുകയുടെ അമ്പതുശതമാനം വരെ മക്കളുടെ കല്യാണത്തിന് അഡ്വാൻസ് നൽകാൻ ബോർഡ് തയ്യാറാകുന്നു. രോഗചികിത്സയ്ക്കും വിദ്യാഭ്യാസത്തിനുമുള്ള അഡ്വാൻസ് നൽകുന്നതിനുള്ള സംവിധാനവും ബോർഡിനുണ്ട്. വിരമിക്കൽ ആനുകൂല്യങ്ങൾ അതായത് പി.എഫ്., ഗ്രാറ്റുവിറ്റി, പെൻഷൻ ഉൾപ്പെടെയുള്ള

കാര്യങ്ങൾ പരിശോധിച്ചാൽ ഈ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളിയെ സംബന്ധിച്ച് അവരുടെ ഭൗതിക ജീവിതനിലവാരം മെച്ചപ്പെടുത്താനും തൊഴിൽസുരക്ഷ ഉറപ്പുവരുത്താനും അവരുടെ കുടുംബത്തെ ഉൾപ്പെടെ സംരക്ഷിക്കുന്നതിനാവശ്യമായ ഏറ്റവും ശ്രദ്ധേയവും ഫലപ്രദവുമായ ഇടപെടലുകളുമാണ് ഇതുമായി ബന്ധപ്പെട്ട് സ്വീകരിച്ചുവരുന്നതെന്ന് കാണാൻ സാധിക്കും.

ഒരംഗത്തിന് ഏകദേശം രണ്ടര ലക്ഷം രൂപ വരെ നൽകുന്ന സ്കീമാണ് ബോർഡ് നടപ്പിലാക്കുന്ന 'സുരക്ഷാ സ്വയംതൊഴിൽ പദ്ധതി'. ഇരുപത്താറോളം ആളുകൾക്ക് അതിന്റെ ഒന്നാം ഗഡുവും പന്ത്രണ്ടോളം പേർക്ക് രണ്ടാം ഗഡുവും നൽകിക്കഴിഞ്ഞിരിക്കുകയാണ്. കേരളം നടപ്പിലാക്കിയിട്ടുള്ള ഇത്തരം തൊഴിൽ നിയമങ്ങളും തൊഴിലാളി ക്ഷേമപദ്ധതികളും കേരളത്തിലെ തൊഴിൽ ശക്തിയെ ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഉയർന്നതലത്തിൽ എത്തിക്കുന്നുവെന്ന അംഗീകരിക്കപ്പെട്ട വസ്തുതയാണ് ചൂണ്ടിക്കാണിക്കാൻ കഴിയുന്നത്.

തൊഴിൽവകുപ്പും പുതിയമേഖലയിലെ തൊഴിലാളിക്ഷേമം മുൻനിർത്തിയുള്ള ഇടപെടലുകളിലേയ്ക്കാണ് പോകുന്നത്.

ഭക്ഷണമുൾപ്പെടെയുള്ള സാധന-വിതരണ രംഗത്ത് പ്രവർത്തിക്കുന്ന ഗിഗ് വർക്കേഴ്സിന്റെ ക്ഷേമം ഉറപ്പുവരുത്താനുള്ള പദ്ധതിയെക്കുറിച്ചാണ് ഈ സർക്കാർ ആലോചിക്കുന്നത്. ഗാർഹിക തൊഴിൽരംഗത്ത് സേവനവും വേതനവും നിയതമാക്കുന്നതിന് ഒരു പുതിയ ബിൽ രൂപീകരിക്കുന്നതിനും ആയത് കൊണ്ടുവരുന്നതിനുമുള്ള നയപരമായ തീരുമാനം സർക്കാർ കൈക്കൊണ്ടിരിക്കുകയാണ്. ഏറ്റവും ശ്രദ്ധേയമായ ഇടപെടലുകളാണ് ഇക്കാര്യങ്ങളിലെല്ലാം എൽ.ഡി.എഫ്. സർക്കാർ നടത്തുന്നത്. ഇത്തരം സമീപനങ്ങളിലൂടെ കേരളത്തിലെ തൊഴിലാളികളെ ചേർത്തുപിടിച്ചുകൊണ്ട് നടത്തുന്ന ഉജ്ജ്വലമായിട്ടുള്ള ഇടപെടലുകളുമായി എൽ.ഡി.എഫ്. ഗവൺമെന്റ് മുന്നോട്ടുപോകുമ്പോഴാണ് കേന്ദ്ര ഗവൺമെന്റ് അനുവർത്തിച്ചുവരുന്ന തെറ്റായ ജനവിരുദ്ധവും തൊഴിലാളി വിരുദ്ധവും ജനാധിപത്യവിരുദ്ധവുമായിട്ടുള്ള തൊഴിലാളി നിയമങ്ങളുടെ പ്രത്യാഘാതങ്ങൾ അനുഭവപ്പെട്ടുകൊണ്ടിരിക്കുന്നത്. അതിനെതിരെ വലിയ വിവാദങ്ങളും പ്രതിഷേധങ്ങളും പ്രക്ഷോഭങ്ങളും പ്രതിരോധങ്ങളുമെല്ലാം ഇന്ത്യയിൽ ദേശീയതലത്തിൽ നടന്നുകൊണ്ടിരിക്കുകയാണ്. കേരളത്തിൽ ലേബർ കോഡുകളുടെ ചട്ടരൂപീകരണവുമായി ബന്ധപ്പെട്ട് ചർച്ച നടന്നപ്പോൾ

ഒരു തീരുമാനമെടുത്തു. അതുസംബന്ധിച്ച് ഒരു ശില്പശാല ഈ അടുത്ത ദിവസം നടത്തുകയുമുണ്ടായി. തൊഴിലാളികളുടെ ന്യായമായ അവകാശങ്ങൾ ലംഘിക്കുന്ന രീതിയിലാണ് കേന്ദ്രസർക്കാരിന്റെ ഈ ലേബർ കോഡുകൾ തയ്യാറാക്കിയിട്ടുള്ളതെന്ന് നമുക്കെല്ലാവർക്കുമറിയാം, തൊഴിലാളി യൂണിയനിലുള്ള ആളുകളും ഈ സഭയിലുണ്ട്. അതിൽ ഒട്ടേറെ കാര്യങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഉദാഹരണമായി ഷെഡ്യൂൾഡ് എംപ്ലോയ്മെന്റ് അടിസ്ഥാനമാക്കി മിനിമം വേതനം നിശ്ചയിക്കുന്നതിനുപകരം വൈദഗ്ദ്യത്തിന്റെ അടിസ്ഥാനത്തിൽ ഹൈലി സ്കിൽഡ്, സ്കിൽഡ്, സെമിസ്കിൽഡ്, അൺസ്കിൽഡ് എന്നീ വിഭാഗങ്ങളായി തിരിച്ച് മിനിമം വേതനം നിശ്ചയിക്കുന്ന രീതിയാണ് പുതിയ കോഡ് ഓൺ വേജസിലുള്ളത്. ഇപ്രകാരം വേതനം നിർണ്ണയിക്കുമ്പോൾ നമ്മുടെ സംസ്ഥാനത്ത് വലിയ പ്രശ്നങ്ങളുണ്ടാകും. ഇവിടെ നിലവിലുള്ള എല്ലാ തൊഴിൽ മേഖലകളിലും മിനിമം വേതന നിർണ്ണയം സങ്കീർണ്ണമാകാൻ സാദ്ധ്യതയുണ്ട്. നിലവിൽ സംസ്ഥാനത്ത് 87 തൊഴിൽ മേഖലകൾ മിനിമം വേതന ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അങ്ങനെയുള്ളൊരു സംസ്ഥാനത്ത് കേന്ദ്രഗവൺമെന്റിന്റെ പുതിയ കോഡ് നടപ്പിലാക്കുന്ന സ്ഥിതിവിശേഷം

വരുമ്പോൾ സംസ്ഥാനത്തെ തൊഴിലാളികൾ ഉജ്ജ്വലമായ സമരങ്ങളിലൂടെ നേടിയെടുത്ത നേട്ടങ്ങൾ തമസ്കരിക്കപ്പെടാനുള്ള സാഹചര്യംകൂടി രൂപപ്പെട്ടുവരുമെന്നതാണ് മറ്റൊരുകാര്യം. അതുപോലെ നിലവിലുള്ള ബോണസ് ആക്ട് പ്രകാരം പത്തിൽകൂടുതൽ തൊഴിലാളികൾ ജോലിചെയ്യുന്ന സ്ഥാപനങ്ങൾക്ക് ബോണസ് നൽകാനുള്ള വ്യവസ്ഥയുണ്ടായിരുന്നു. പുതിയ കോഡ് ഓൺ വേജസ് വന്നാൽ അത് പൂർണ്ണമായും ഒഴിവാക്കുന്ന സ്ഥിതിയാണ് അതുമായി ബന്ധപ്പെട്ടുള്ളത്. കേരള ഉപജീവനബത്ത നൽകൽ നിയമപ്രകാരം 180 ദിവസത്തിനുശേഷവും സസ്പെൻഷനിൽ കഴിയുന്നൊരു തൊഴിലാളിക്ക് മുഴുവൻ വേതനത്തിനും അവകാശമുണ്ടായിരുന്നു. എന്നാൽ ഇൻഡസ്ട്രിയൽ റിലേഷൻസ് കോഡിന്റെ വകുപ്പ് 36(3) പ്രകാരം പരമാവധി ലഭിക്കാവുന്ന ഉപജീവനബത്ത ആകെ വേതനത്തിന്റെ 75 ശതമാനമായി നിജപ്പെടുത്തിയിരിക്കുകയാണ്. ഇതും കേരളത്തിൽ വലിയ പ്രത്യാഘാതമുണ്ടാക്കാനാണ് പോകുന്നത്. സോഷ്യൽ സെക്യൂരിറ്റി കോഡിനും ഒക്കുപേഷണൽ സേഫ്റ്റി കോഡിനും തൊഴിലാളി വിരുദ്ധ വ്യവസ്ഥകളാണ് ഭൂരിഭാഗവുമുള്ളത്. ട്രേഡ് യൂണിയൻ രൂപീകരിക്കാനും കൂട്ടായ വിലപേശൽ നടത്താനുമുള്ള അവകാശങ്ങൾതന്നെ

ഹനിക്കപ്പെടുന്നു. ദേശീയപ്രസ്ഥാനത്തിന്റെ കാലഘട്ടം മുതൽ തൊഴിലാളിയായാലും കൃഷിക്കാരായാലും മറ്റ് അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങളായാലും അവർക്ക് സംഘടിക്കാനുള്ള അവകാശമുണ്ടായിരുന്നു. ആ അവകാശത്തെപ്പോലും ചോദ്യം ചെയ്യുന്ന, തൊഴിലാളിയുടെ അവകാശ നിഷേധം നടത്തുന്ന രീതിയിലേയ്ക്കുള്ള കാര്യങ്ങളാണ് വന്നുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് നിഷേധിക്കപ്പെട്ട അവകാശങ്ങൾ നേടിയെടുക്കുന്നതിനുവേണ്ടിയുള്ള വലിയ സമര പരമ്പരതന്നെ, കേവലം ഒരു തൊഴിലാളിയുടെ മാത്രം ദൗത്യമല്ല തൊഴിലാളികൾ ഉൾപ്പെടുന്ന സമൂഹത്തിന്റെകൂടി പ്രഥമവും പ്രധാനവുമായ കർത്തവ്യമായി ഏറ്റെടുക്കേണ്ട ഒരു സന്ദർഭത്തിലാണ് നമ്മൾ ഈ ക്ഷേമനിധി ബില്ലിനെക്കുറിച്ചും അതിന്റെ ഭേദഗതിയെക്കുറിച്ചും ചർച്ച നടത്തുന്നതെന്നുകൂടി വളരെ ശ്രദ്ധേയമായ കാര്യമാണ്. തീർച്ചയായും തൊഴിലാളി ക്ഷേമരംഗത്ത് ഏറ്റവും ശ്രദ്ധേയമായ ഇടപെടലാണ് ഈ ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്. കേരളത്തിലെ വിവിധ തൊഴിൽ മേഖലകളിൽ ആരോഗ്യകരമായ തൊഴിൽ സംസ്കാരം പരിപോഷിപ്പിക്കുന്നതിന് തൊഴിലാളി-തൊഴിലുടമ ബന്ധം ഇനിയും

ഊട്ടിയുറപ്പിക്കേണ്ടത് അനിവാര്യമാണ്. തൊഴിലും തൊഴിൽ അവകാശങ്ങളും സംരക്ഷിച്ചും സാമൂഹ്യസുരക്ഷിതത്വം ഉറപ്പുവരുത്തിയും തൊഴിലാളികൾക്കൊപ്പം നിൽക്കുന്ന സർക്കാരാണ് കേരളത്തിലെ പിണറായി സർക്കാർ. അതുകൊണ്ട് കേരളം ഇതരസംസ്ഥാനങ്ങളെ അപേക്ഷിച്ച് ഒരു തൊഴിൽ സംരംഭക സൗഹൃദ സംസ്ഥാനമായി മാറിക്കൊണ്ടിരിക്കുകയാണ്. എല്ലാതലത്തിലും കേരളത്തിന്റെ സമഗ്രമായ വളർച്ചയ്ക്കും വികാസത്തിനും മുന്നേറ്റത്തിനും അനുകൂലമായ അടിസ്ഥാനസൗകര്യ വികസനങ്ങൾകൂടി ഉറപ്പുവരുത്തിക്കൊണ്ടാണ് മുന്നോട്ടുപോകുന്നത്. സംതൃപ്തവും സദാപ്രവർത്തനനിരതവുമായ തൊഴിൽമേഖല സംസ്ഥാനത്തിന്റെ സാമൂഹിക സാമ്പത്തിക വളർച്ചയുടെയും സമഗ്രവികസനത്തിന്റെയും നിർണ്ണായക ഘടകങ്ങളിൽ ഒന്നാകുമെന്നുള്ള കാര്യത്തിൽ തർക്കമില്ല. ഈ ലക്ഷ്യം കൈവരിക്കാനായി ഒരു പുതിയ തൊഴിൽനയം കേരളത്തിലെ ഇടതുപക്ഷ ഗവൺമെന്റ് വിഭാവനം ചെയ്യുന്നുവെന്നത് ഏറെ പ്രശംസനീയമാണ്. തൊഴിലാളികളുടെയും തൊഴിൽ ഉടമകളുടെയും യോജിച്ച മുന്നേറ്റത്തിലൂടെ തൊഴിൽസൗഹൃദ അന്തരീക്ഷം ശക്തിപ്പെടുത്തിയും സംസ്ഥാനത്തിന്റെ സ്ഥായിയായ വികസനമാണ്

തൊഴിൽനയത്തിലൂടെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് വിഭാവനം ചെയ്യുന്നത്. ആ ഒരു ഘട്ടത്തിൽ കേരളത്തിലെ ഈ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ ക്ഷേമത്തെ മുൻനിർത്തി പുതിയ ആനുകൂല്യങ്ങൾ ഉറപ്പുവരുത്തുന്നതിന് സഹായകരമായ ചെറിയൊരു ഭേദഗതിയാണ് നിലവിലുള്ള നിയമത്തിൽ വരുത്തിയിട്ടുള്ളത്. അതുകൊണ്ട് തീർച്ചയായും ഈ ഭേദഗതി ഒരിക്കൽക്കൂടി പിന്തുണയ്ക്കുകയാണ്.

ശ്രീ. സനീഷ്കുമാർ ജോസഫ് ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. ടി. സിദ്ദിഖ്): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള അബ്കാരിത്തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2(ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

1989-ലെ കേരള അബ്കാരിത്തൊഴിലാളി ക്ഷേമനിധി ആക്ടിലെ 4 (1)-ന്റെ ഭേദഗതിയാണ് ഗവൺമെന്റ് തലത്തിൽ അവതരിപ്പിക്കുന്നത്. 'നിധിയിലേയ്ക്ക് തൊഴിലുടമ നൽകേണ്ട അംശദായം ഓരോ അബ്കാരിത്തൊഴിലാളിക്കും നൽകുന്ന വേതനത്തിന്റെ പത്തുശതമാനമായിരിക്കേണ്ടതും അബ്കാരിത്തൊഴിലാളിയുടെ അംശദായം

തൊഴിലുടമ നൽകുന്ന അംശദായത്തിന് തുല്യമായിരിക്കേണ്ടതും' ഇതാണ് ഒറിജിനൽ ആക്ടിലെ ഏറ്റവും പ്രധാനപ്പെട്ട ഭാഗം. ഭേദഗതിയിൽ പറയുന്നത്, 'അബ്കാരിത്തൊഴിലാളിയുടെ അംശദായം പ്രതിമാസ വേതനത്തിന്റെ 11.5 ശതമാനമായി ഉയർത്തുന്നു' എന്നാണ്. ഇതിലൊരു പ്രധാനപ്പെട്ട കാര്യമുണ്ട്, തൊഴിലാളിയുടെ വേതനമാണ് ഇവിടെ ഉയർത്തുന്നത്. നേരത്തെ എല്ലാ ക്ഷേമനിധികളിലും തൊഴിലുടമയും തൊഴിലാളിയും തുല്യമായി അംശദായം നൽകുന്നൊരു സ്ഥിതിവിശേഷമാണുണ്ടായിരുന്നത്. അതിൽനിന്നും തികച്ചും വ്യത്യസ്തമായൊരു സമീപനം, ഇതിന്റെ കാര്യത്തിൽ മാത്രമല്ല, എല്ലാ ക്ഷേമനിധികളിലും അമെന്റ്മെന്റുകൾ സർക്കാർ തലത്തിൽ മൂവ് ചെയ്തുകൊണ്ടിരിക്കുകയാണ്. തൊഴിലാളികളുടെ അംശദായത്തിന്റെ വിഹിതം കൂട്ടാനുള്ള ബില്ലുകളാണ് നമ്മുടെ മുമ്പിലേയ്ക്ക് കടന്നുവരുന്ന ഓരോ ബില്ലുമെന്നത് വളരെ ഗൗരവത്തോടുകൂടി ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. ഇതിൽ ഒന്നുരണ്ടു കാര്യങ്ങൾ ചൂണ്ടിക്കാണിക്കാനുണ്ട്. കേരള ഷോപ്പ് ആൻഡ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ 2017-18 വർഷത്തെ വാർഷിക റിപ്പോർട്ടും ആഡിറ്റ് സ്റ്റേറ്റ്മെന്റും 2021 ഒക്ടോബറിൽ നിയമസഭയുടെ മേശപ്പുറത്തുവച്ചു.

പ്രസ്തുത വാർഷിക റിപ്പോർട്ടും ആഡിറ്റ് സ്റ്റേറ്റ്മെന്റും പരിശോധിച്ചാൽ നമുക്കൊരുകാര്യം ബോദ്ധ്യപ്പെടും. അതായത് ആക്ടിലെ 6(8)-ൽ ബോർഡിലേയ്ക്ക് ഓരോ വർഷവും അംശദായമായി പിരിഞ്ഞുകിട്ടുന്ന തുകയുടെ ഏഴുശതമാനം മാത്രമേ..... സർക്കാർ നിശ്ചയിക്കുന്ന തുകയോ ബോർഡിലെ സ്റ്റാഫിന്റെ ശമ്പളത്തിനും മറ്റ് ചെലവകൾക്കുംവേണ്ടി ചെലവഴിക്കാവൂ എന്നതാണ്. കേരള ഷോപ്പ് ആൻഡ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ എസ്റ്റാബ്ലിഷ്മെന്റ് കോസ്റ്റും തൊഴിലാളികൾ അടയ്ക്കുന്ന അംശദായത്തിന്റെ കോസ്റ്റും പരിശോധിക്കണം. 2017-18-ലെ ഓഡിറ്റ് റിപ്പോർട്ട് പ്രകാരം അംശദായമായി പിരിഞ്ഞുകിട്ടിയ തുക 18,03,59,986/- രൂപയും ഭരണചെലവ് 3,36,38,686/- രൂപയുമാണ്. അതിന്റെയർത്ഥം 7 ശതമാനമായി നിജപ്പെടുത്തണമെന്ന് പറഞ്ഞിടത്ത് 18 ശതമാനമായി ഭരണചെലവ് മാറിയെന്നതാണ് ഏറ്റവും ഗൗരവതരമായ കാര്യം. ഞാനൊരു കണക്കുകൂടി പറയാം. മൂന്നുകോടി മുപ്പത്തിയാറ് ലക്ഷത്തിൽപ്പരം രൂപ ഒരുവർഷത്തെ ഭരണചെലവിനായി വിനിയോഗിക്കുന്ന ക്ഷേമനിധി ബോർഡ് ആ വർഷം 1,72,00,000 രൂപയുടെ ആനുകൂല്യമാണ് വിതരണം ചെയ്തത്. അതിനർത്ഥം

ക്ഷേമനിധിയിൽനിന്നും ഒരുരൂപ ചെലവഴിക്കാൻ അതിന്റെ ഭരണചെലവിനുവേണ്ടി രണ്ടുരൂപ വിനിയോഗിക്കുന്നുവെന്നതാണ്. ഇത് വെള്ളാനയായി മാറുകയാണ്. ഈ ഭരണ ചെലവ് മുഴുവൻ തൊഴിലാളിയുടെ മേൽ അടിച്ചേൽപ്പിക്കുകയാണ്. അതിന്റെ അടിസ്ഥാനത്തിലാണ് അംശദായത്തിന്റെ വർദ്ധനവ് വരുന്നത്. അത് ഗൗരവതരമായ കാര്യമാണ്. ഷോപ്പ് ആൻഡ് എസ്റ്റാബ്ലിഷ്മെന്റിന്റെ കാര്യത്തിൽ മാത്രമല്ല അബ്കാരിത്തൊഴിലാളിയുടെ കാര്യത്തിലും എല്ലാകാര്യത്തിലും ഇവിടെ അതുണ്ടാകുന്നുവെന്നുള്ളത് ഏറെ ഗൗരവതരമായ ഒരുകാര്യമാണ്. അതുകൊണ്ട് തൊഴിലുടമയുടെ സർക്കാർ ഗ്രാന്റ് വർദ്ധിപ്പിക്കുന്നില്ല. ഞാൻ അന്നത്തെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ചു. 2017-18 കാലയളവിൽ സർക്കാരിന്റെ ഗ്രാന്റ് ഒരു നയാപൈസ കൂട്ടിയിട്ടില്ല. ആകെ കൂട്ടുന്നത് തൊഴിലാളികളുടെ അംശദായത്തിന്റെ വർദ്ധനവ് മാത്രമാണ്. അബ്കാരികളുമായി ബന്ധപ്പെട്ട കാര്യമായതുകൊണ്ട് സ്വാഭാവികമായും ഇവിടെ മദ്യം ചർച്ച ചെയ്യപ്പെടും. 2016-ലെ എൽ.ഡി.എഫ്.-ന്റെ ഇലക്ഷൻ മാനിഫെസ്റ്റോ ഞാൻ പരിശോധിച്ചു. അതിൽ മദ്യനയം സംബന്ധിച്ച് 552-ാമത്തെ പാരഗ്രാഫിൽ, കേരളത്തിൽ ഗുരുതരമായ സാമൂഹിക

വിപത്തായി മദ്യം മാറിയിട്ടുണ്ടെന്നും മദ്യത്തിന്റെ ലഭ്യതയും ഉപയോഗവും പടിപടിയായി കുറയ്ക്കാൻ സഹായകകരമായ നിലപാടാണ് ഇടതുപക്ഷ സർക്കാർ സ്വീകരിക്കുകായെന്നും മദ്യവർജ്ജനത്തെ പ്രോത്സാഹിപ്പിക്കുന്നതിന് നിലവിലുള്ളതിനെക്കാൾ കൂടുതൽ ശക്തമായ ഇടപെടൽ സർക്കാർ നടത്തുന്നതാണെന്നും ഇതിനായി സാക്ഷരതാ പ്രസ്ഥാനത്തിന്റെ മോഡലിൽ ഞങ്ങൾ ജനകീയ ബോധവൽക്കരണ പ്രസ്ഥാനത്തിന് രൂപം നൽകുന്നതാണെന്നുമാണ് പറഞ്ഞിരിക്കുന്നത്. 2021-ലെ ഇലക്ഷൻ മാനിഫെസ്റ്റോ പരിശോധിച്ചപ്പോൾ അതിൽ ഇതുസംബന്ധിച്ച കാര്യങ്ങൾ കൃത്യമായി പറഞ്ഞിട്ടില്ല. അതിനർത്ഥം നേരത്തെയുള്ള മാനിഫെസ്റ്റോതന്നെ തുടരുന്നുവെന്നതാണ്. ഈ രണ്ട് മാനിഫെസ്റ്റോയും എന്റെ കയ്യിലുണ്ട്. ഒന്നാം പിണറായി സർക്കാർ അധികാരത്തിൽ വന്നസമയത്ത് പൂട്ടിക്കിടന്ന FL-3 ലൈസൻസുള്ള 407 ബാറുകൾ വീണ്ടും തുറക്കുന്നതിന് അനുവാദം നൽകുകയും 200 ബാർ ഹോട്ടലുകൾക്ക് ലൈസൻസ് നൽകുകയും ചെയ്തിട്ടുണ്ട്. രണ്ടാം പിണറായി സർക്കാർ ഇതുവരെ 24 ബാർഹോട്ടലുകൾക്ക് ലൈസൻസ് കൊടുത്തു. മദ്യവർജ്ജന നയവും മദ്യം കുറയ്ക്കുന്നതിനുള്ള നയവും സ്വീകരിക്കാതെ കേരളത്തിനെ

ലഹരിയുടെ കയ്യിലേയ്ക്ക് ഏൽപ്പിച്ചുകൊടുക്കുന്ന നയമാണ് ഇടതുപക്ഷ സർക്കാർ സ്വീകരിച്ചിരിക്കുന്നതെന്നത് സാന്ദർഭികമായി ചൂണ്ടികാണിക്കാൻ ആഗ്രഹിക്കുകയാണ്. 2021-ലെ പ്രകടന പത്രികയുടെ ആമുഖത്തിൽ പറഞ്ഞിരിക്കുന്ന വാചകം, "നവകേരള നിർമ്മിതിയുടെ പുതിയൊരു ഘട്ടത്തിലേയ്ക്ക് നമ്മൾ കടക്കുകയാണെന്നാണ്." എന്നാൽ കേരളത്തിൽ നവകേരള നിർമ്മിതിയല്ല നടക്കുന്നത്. ലഹരികൊണ്ട് നിർമ്മിതമായൊരു കേരളത്തിലാണ് നാം ഉള്ളതെന്ന ഗൗരവതരമായ യാഥാർത്ഥ്യം നമ്മുടെ മുമ്പിലുണ്ട്. ബഹുമാനപ്പെട്ട മന്ത്രിയോട് ഒരു കാര്യത്തിൽ നന്ദി പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. നർക്കോട്ടിക്ക് ലോബിയുടെ കയ്യിൽ അകപ്പെട്ട, ഗുരുതര സാഹചര്യത്തിൽ കഴിയുന്ന അഴിയൂരിലെ കുട്ടിയുടെ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് ഇവിടെ സംസാരിച്ചപ്പോൾ, ആ കുട്ടിയെ വേണമെങ്കിൽ മാറ്റാമെന്നും അപേക്ഷ നൽകിയാൽ വേണ്ടകാര്യങ്ങൾ ചെയ്യാമെന്നും വളരെ അനുഭാവപൂർവ്വം ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. അദ്ദേഹത്തിന്റെ നിശ്ചയദാർഢ്യത്തെയും ആ സമീപനത്തെയും ഈ സമയം പ്രത്യേകമെടുത്തുപറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. കഴിഞ്ഞ ശനിയാഴ്ച അർദ്ധരാത്രി പന്ത്രണ്ടര മണിക്ക്

ഞാനും ഭാര്യയും ആ കുട്ടിയെ പോയികണ്ടു. ആ കുട്ടി ഇപ്പോൾ താമസിക്കുന്നത് കണ്ണൂർ ജില്ലയിലാണ്. നേരത്തെ ചോമ്പാലയിലാണ് താമസിച്ചിരുന്നത്. ഞങ്ങളുടെ കൂടെ വേറൊരാളുമുണ്ടായിരുന്നു. ഞങ്ങൾ ആ കുടുംബവുമായും ആ കുട്ടിയുമായും സംസാരിച്ചു. ആ കുട്ടി അനുഭവിച്ച ഗൗരവതരമായ സാഹചര്യം......, അങ്ങ് വിദ്യാഭ്യാസ വകുപ്പുമന്ത്രികൂടിയാണ്. അങ്ങയുടെ മുമ്പിൽ ഏറെ വേദനയോടുകൂടി, ഇതിൽ എന്തെങ്കിലും ഗൗരവതരമായ കാര്യം അങ്ങ് ചെയ്യുമെന്ന പ്രതീക്ഷയോടുകൂടിയാണ് അവതരിപ്പിക്കുന്നത്. ആ കുട്ടിയുടെ കയ്യിലെ നടുവിരളിന് നഖമില്ല. ആ നഖം പറിച്ചെടുത്തതിനുശേഷം അതിൽവന്ന രക്തത്തിൽ അവർ വെളുത്ത പൗഡറുകൾ വിതറി. അതിൽനിന്നും ലഹരിയിലേയ്ക്ക് ഈ കുട്ടിയെ കൊണ്ടുപോയി. ആ കുട്ടിയുടെ കൈ തണ്ടയിൽ അവർ സ്ക്രാച്ച് ചെയ്തിട്ടുണ്ട്. ആ സ്ക്രാച്ചിലും അവർ ഈ പൗഡർ വിതറുകയാണ്. കുട്ടിയെ അവർ ഇഞ്ചക്ഷൻ വച്ചു. അത് വച്ചുകഴിഞ്ഞാൽ പിന്നെ ഒന്നുമറിയില്ല. അങ്ങനെ അവസാനം നല്ല ചൂട് അനുഭവപ്പെട്ട്, ആകെ വിയർത്തൊലിച്ച്, വലിയ വിഭ്രാന്തിയോടുകൂടി ആ കുട്ടി ബാത്ത്റൂമിലേയ്ക്ക് ഓടിക്കയറി തലയിൽ വെള്ളമൊഴിച്ചു. കുട്ടി

ബാത്ത്റൂമിൽനിന്നും പുറത്ത് വരാത്തതിനെതുടർന്ന് ഒരു അദ്ധ്യാപിക പോയിനോക്കുമ്പോൾ ആകെ നനഞ്ഞൊലിച്ച നിൽക്കുന്ന കുട്ടിയെയാണ് കണ്ടത്. ആ കുട്ടിയുടെ കാലിൽ ഒരു ക്രോസ് മാർക്കെഴുതി ക്യാരിയറായി തലശ്ശേരിയിലെ ഡൗൺ ടൗൺ മാളിലേയ്ക്ക് കൊണ്ടുപോയി. ആ പ്രത്യേക ക്രോസ് മാർക്ക് കണ്ട് അവിടെ മുടി നീട്ടിവളർത്തിയ ഒരു അപരിചിതൻ ഈ സാധനം വാങ്ങാൻ കടന്നുവന്നു. എട്ടാം ക്ലാസ്സിൽ പഠിക്കുന്ന ഈ കുട്ടി എസ്.പി.സി.-യിലെ മിടുക്കിയാണ്. നന്നായി കബഡി കളിക്കുകയും ചിത്രം വരയ്ക്കുകയും ചെയ്യുന്ന കുട്ടിയാണ്. ആ കുട്ടിയോട് ഓരോ കാര്യങ്ങളും ഞങ്ങൾ ചോദിച്ചറിഞ്ഞു. ഈ ബിസ്കറ്റ് കഴിച്ചാൽ നിനക്ക് ഇതിനെക്കാൾ നന്നായി കളിക്കാൻ സാധിക്കുമെന്ന് ആ കുട്ടിയോട് ഒരു അപരിചിത വന്ന് പറയുകയാണ്. ആ ബിസ്കറ്റാണ് ഈ പ്രശ്നത്തിനൊക്കെ കാരണമായി വന്നത്. ഏറ്റവും ഗൗരവതരമായ ഒരു സാഹചര്യമാണ്. കുട്ടിയെ പോലീസ് സ്റ്റേഷനിലേയ്ക്ക് വിളിച്ചുവരുത്തിയതിന്റെ കാര്യങ്ങളൊക്കെ നമ്മൾ ഇവിടെ ചർച്ച ചെയ്തുകൊണ്ട് ഞാൻ വിവാദങ്ങളിലേയ്ക്കോ അഭിപ്രായ വ്യത്യാസങ്ങളിലേയ്ക്കോ കടക്കാൻ ആഗ്രഹിക്കുന്നില്ല. നമ്മുടെ വീട്ടിലെ കുട്ടികൾ സ്കൂളിലേയ്ക്ക് പോകുമ്പോൾ കേരളത്തിന്റെ എല്ലാ തലങ്ങളിലേയ്ക്കും

ഒളിഞ്ഞും തെളിഞ്ഞും ഈ ലഹരി മാഫിയ കടക്കുന്നുവെന്നുള്ളത് ഗൗരവ സ്വഭാവത്തിൽ നമ്മൾ മനസ്സിലാക്കണം. കേരളത്തിലെ വിദ്യാഭ്യാസ വകുപ്പുമന്ത്രിയോട് ഒരു അഭ്യർത്ഥനയുള്ളത്, കേരളത്തിൽ ഇന്നും ചുറ്റുമതിലില്ലാത്ത നിരവധി സ്കൂളുകളുണ്ട്. ആ സ്കൂളുകളിൽ യഥേഷ്ടം കയറിയിറങ്ങാൻ ഈ ലോബിക്ക് സൗകര്യമുണ്ട്. അതുകൊണ്ട് ഗൗരവമായി എല്ലാ സ്കൂളുകളിലും ചുറ്റുമതിൽകെട്ടി സംരക്ഷണത്തിനാവശ്യമായ അടിയന്തര നടപടികൾക്ക് നേതൃത്വം നൽകണം. ഇവിടെ സർക്കാർ തലത്തിൽ ലഹരിക്കെതിരായി കുറെകാര്യങ്ങൾ ചെയ്യുന്നുണ്ട്. ഒന്നും ചെയ്യുന്നില്ലെന്ന് ഞാൻ പറയുന്നില്ല. ഡോ. മാത്യു കുഴൽനാടന്റെ അടിയന്തര പ്രമേയത്തിൽ കുറെകാര്യങ്ങൾ പറഞ്ഞു. പെരിഫെറലായി അല്ല വളരെ ഡെപ്ത്തിലേയ്ക്കുതന്നെ നമ്മൾ ഇറങ്ങിവരണം. നവകേരളത്തെ സൃഷ്ടിക്കുകയെന്നതാണ് നമ്മുടെ മുദ്രാവാക്യമെങ്കിൽ കേരളത്തിലെ പുതുതലമുറയെ സൃഷ്ടിക്കാനാണ് നമ്മുടെ ഉദ്ദേശ്യമെങ്കിൽ ഭാവിയുടെ വിധാതാക്കളെ അവരുടെ നന്മയെ ലക്ഷ്യമാക്കിയാണ് നമുക്ക് പോകാൻ താൽപര്യമെങ്കിൽ ആ പുതിയ തലമുറയെ സംരക്ഷിക്കാൻ വലിയൊരു ദൗത്യം നമ്മൾ നിർവ്വഹിക്കേണ്ടതുണ്ട്. നമ്മുടെ മുമ്പിലൂടെയും പുറകിലൂടെയും നമ്മുടെ

വീട്ടിലേയ്ക്കുവരെ ലഹരിയെത്തിയെന്നുള്ളത് ആ കുട്ടിയുടെ ഉമ്മ ഏറെ വേദനയോടുകൂടി പറയുകയാണ്. കരഞ്ഞ് കലങ്ങിയ കണ്ണുകളുമായാണ് ഞങ്ങൾക്ക് അവിടെനിന്നും മടങ്ങാൻ സാധിച്ചത്. ലഹരിയുടെ നീരാളി പിടിത്തത്തിലാണ് നമ്മുടെ സംസ്ഥാനം. രാഷ്ട്രീയത്തിനപ്പുറം എല്ലാം മറന്ന് ഒറ്റക്കെട്ടായി ചെറുത്തുതോൽപ്പിക്കേണ്ട ഗൗരവതരമായ സാഹചര്യമാണുള്ളത്. കഴിഞ്ഞ ദിവസം കോഴിക്കോട് യാത്ര ചെയ്യുമ്പോൾ നെല്ലിക്കോടുള്ള ഒരു അമ്മ വിളിച്ച് പറഞ്ഞത് വീട്ടിൽ ലഹരിക്ക് അടിമപ്പെട്ട മകൻ തന്നെ ദ്രോഹിക്കുകയാണെന്നും മകന്റെ ചവിട്ട് നാഭിക്കേറ്റ് പിടഞ്ഞ് നിലവിളിച്ചുകൊണ്ട് അടുത്ത വീട്ടിലേയ്ക്ക് ഓടി എന്നുമാണ്. കോഴിക്കോട് മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷനിലെ സി.ഐ.-യെ വിളിച്ച് ഈ മകനെ ആശുപത്രിയിലാക്കാൻ അവർ പറയുകയാണ്. ഇത് പറയുന്നത് അവന്റെ പെറ്റമ്മയാണ്. പത്ത് മാസം വയറ്റിൽ ചുമന്ന്, നൊന്ത് പ്രസവിച്ച്, വളർത്തി വലുതാക്കിയ മകന്റെ നാവിൻ തുമ്പിലേയ്ക്ക് ആദ്യത്തെ അമൃതകുംഭം വച്ച് നൽകാൻ നേതൃത്വം കൊടുത്ത പെറ്റമ്മയുടെ പൊക്കിൾക്കൊടി മാറാത്ത ഹൃദയബന്ധത്തിന്റെ ഏറ്റവും വലിയ ശേഷിപ്പ്, അവിടേയ്ക്ക് അടിക്കാനും തൊഴിക്കാനും നേതൃത്വം നൽകുകയാണ്. വളരെ ഗൗരവതരമായ

വഴിയിലൂടെയാണ് പുതുതലമുറ കടന്നുപോകുന്നത്. അതുകൊണ്ട് ഈ സാഹചര്യം മാറേണ്ടതുണ്ട്. ഒരുകാര്യംകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്. ജോർജ്ജ് വർഗ്ഗീസ് ഇല്ലത്തുപറമ്പിൽ, അറ്റുമാനൂർ -എന്ന വ്യക്തി ഒരു ഫേസ് ബുക്ക് പോസ്റ്റിട്ടു. ഞാൻ ബഹുമാനപ്പെട്ട മന്ത്രിക്ക് അതിന്റെ ലിങ്കും മറ്റും നേരിട്ട് നൽകാം. അദ്ദേഹം അയർലൻഡിൽ കുക്കറി കോഴ്സ് പഠിച്ച് നാട്ടിൽ കാറ്ററിംഗ് നടത്തിവരികയാണ്. അദ്ദേഹം ഏറ്റുമാനൂർ-നീണ്ടൂർ റോഡിൽ 3.5 കി.മീ. ദൂരത്തിൽ ഒരു ഷാപ്പ് റസ്റ്റോറന്റ്, മൂക്കൻസ് മീൻചട്ടി തുടങ്ങിയ രണ്ട് സ്ഥാപനങ്ങൾ നടത്തുന്നുണ്ട്. അവിടെ പതിനെട്ടോളം ജീവനക്കാരും നാല് ഇന്റർനാഷണൽ ഷെഫുകളുമുണ്ട്. അതിരമ്പുഴ കോട്ടമുറി കോളനിയിലെ കഞ്ചാവ് മാഫിയ കൂട്ടമായി ഹോട്ടലിലേയ്ക്ക് വന്ന് മൊത്തം അടിച്ചു തകർക്കുകയും തെറിവിളിക്കുകയും ചെയ്യുന്നതുമൂലം അവിടെ കസ്റ്റമേഴ്സിന് വരാൻപോലും കഴിയാത്ത സാഹചര്യമുണ്ട്. അതുകൊണ്ട് ഞാൻ എന്റെ ഇന്ത്യൻ സിറ്റിസൺഷിപ്പ് ഒഴിവാക്കി അയർലൻഡിലെ സിറ്റിസൺഷിപ്പിലേയ്ക്ക് പോകുകയാണെന്നും ഒരു കാര്യം ചെയ്യാൻ ഞാൻ ഇവിടെ മടങ്ങിവരുമെന്നും അത് എന്റെ ഇന്ത്യൻ പാസ്പോർട്ടിന്റെ പകുതി ഭാഗം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ

വീടിനുമുമ്പിലും പകുതി ഭാഗം ബഹുമാനപ്പെട്ട പ്രധാനമന്ത്രിയുടെ വീടിനുമുമ്പിലും കൊണ്ടുപോയി കത്തിക്കാനാണെന്നുമാണ് അദ്ദേഹം പറയുന്നത്. എനിക്കുണ്ടായ നഷ്ടം മുഴുവൻ ഞാൻ സഹിക്കാം. ഇനി രക്ഷയില്ലായെന്ന് ഒരു സംരംഭകനാണ് കേരളത്തിലെ കഞ്ചാവ് മാഫിയയുടെ പ്രവർത്തനത്തിന്റെ ഭാഗമായി പറയുന്നത്. കേരളം പോകുന്നത് ഗുരുതരമായ ഒരു സാഹചര്യത്തിലൂടെയാണ്. ഇതിനെ പ്രതിരോധിക്കാൻ കൂട്ടായ പ്രവർത്തനങ്ങളും അതിനനുസരിച്ചുള്ള നടപടികളുമുണ്ടാകണം. പെരിഫറലായ നടപടികൾക്കപ്പുറം ദൗത്യമായി ഒന്നിച്ചിറങ്ങി കേരളത്തെ ലഹരിയുടെ മാഫിയയിൽനിന്ന് വീണ്ടെടുക്കാനുള്ള വലിയ പരിശ്രമങ്ങൾക്ക് നേതൃത്വം കൊടുക്കാൻ കഴിയണം. അതോടൊപ്പം ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ഈ ബില്ലിലൂടെ തൊഴിലാളികളുടെ തലയിലേയ്ക്ക് എല്ലാ ഭാരവും വച്ചുകെട്ടുന്നതായ നടപടിയിൽനിന്നും സർക്കാർ പിന്തിരിയണമെന്നാവശ്യപ്പെട്ടുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ഡോ. കെ. ടി. ജലീൽ ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. ടി. ഐ. മധുസൂദനൻ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ

കേരള മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1(എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ജീവിത പ്രാരാബ്ധങ്ങൾക്കിടയിൽ നാടിന്റെ പൊതുവായിട്ടുള്ള കാര്യങ്ങളിലെല്ലാം ഏറ്റവും താൽപര്യത്തോടുകൂടി ഇടപെട്ടുവരുന്ന തൊഴിലാളി വിഭാഗമാണ് മോട്ടോർ രംഗത്തെ തൊഴിലാളികൾ. കേരളത്തിൽ ഇരുപത് ലക്ഷത്തോളം തൊഴിലാളികളുണ്ടെന്നാണ് കണക്കാക്കുന്നത്. ഈ തൊഴിലാളികളുടെ പ്രശ്നങ്ങളോട് ഏറ്റവും ക്രിയാത്മകമായി പ്രതികരിച്ചുകൊണ്ടാണ് നമ്മുടെ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. കഴിഞ്ഞ തെരഞ്ഞെടുപ്പിനുമുമ്പ് നമ്മുടെ മുഖ്യമന്ത്രി കേരളത്തിലെ എല്ലാ ജില്ലകളിലും പൊതുവായി ഭാവികേരളം എങ്ങനെ രൂപപെടുത്തണമെന്നതിൽ അഭിപ്രായം തേടുന്നതിനുവേണ്ടിയുള്ള കേരള പര്യടനം നടത്തുകയുണ്ടായി. സമൂഹത്തിന്റെ നാനാ തുറകളിൽപ്പെട്ടവരുമായി അന്ന് മുഖ്യമന്ത്രി ആശയവിനിമയം നടത്തി. ഇങ്ങനെയൊരു ബിൽ നിയമസഭയിൽ വരുന്നതിന്റെ പശ്ചാത്തലത്തിൽ, ചില തൊഴിലാളി സുഹൃത്തുക്കൾ ഞങ്ങളെ കണ്ടപ്പോൾ പറഞ്ഞത്, അന്ന്

മുഖ്യമന്ത്രിയെക്കാണാൻ കഴിഞ്ഞ സാഹചര്യവും അന്നുണ്ടായിട്ടുള്ള അനുഭവങ്ങളുമാണ്. ഈ ഒരു നിയമ നിർമ്മാണത്തിലേയ്ക്കെത്തുമ്പോൾ അവരിലുണ്ടാക്കുന്ന പ്രതികരണം വളരെ പ്രധാനമാണെന്നാണ് ഞങ്ങൾ കരുതുന്നത്. അന്ന് മുഖ്യമന്ത്രി ഓട്ടോറിക്ഷാ/മോട്ടോർ രംഗത്തെ തൊഴിലാളികളുമായി ആശയ വിനിമയം നടത്തിയപ്പോൾ മുഖ്യമന്ത്രിയോട് അവർ ആവശ്യപ്പെട്ടത് ഓട്ടോ/വർക്ക്ഷോപ്പ് തൊഴിലാളികളുടെ ക്ഷേമനിധികൾ മോട്ടോർ തൊഴിലാളി ക്ഷേമനിധിയിൽ ലയിപ്പിച്ചുകൊണ്ട് കുറെക്കൂടി വിപുലമായിട്ടുള്ള കാര്യങ്ങൾ തൊഴിലാളികൾക്ക് ലഭ്യമാക്കാൻ കഴിയുന്ന രീതിയിലുള്ള സംവിധാനത്തിലേയ്ക്ക് കേരളം പോകണമെന്ന നിലയിലാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അത് പരിഗണിക്കാമെന്നാണ് അന്ന് പറഞ്ഞത്. സ്വാഭാവികമായിട്ടും നമ്മുടെ ഭരണനേതൃത്വങ്ങൾ, രാഷ്ട്രീയ നേതൃത്വങ്ങൾ പലരീതിയിലുള്ള വാഗ്ദാനങ്ങളും തെരഞ്ഞെടുപ്പ് ഘട്ടത്തിൽ ജനങ്ങളുടെ മുന്നിൽവയ്ക്കാറുണ്ട്. എന്നാൽ നമ്മുടെ മുഖ്യമന്ത്രി പരിഗണിക്കാമെന്ന് പറഞ്ഞത് വെറുംവാക്കല്ലെന്ന് അടിവരയിട്ട് ബോദ്ധ്യപ്പെടുത്തുന്ന നിയമ നിർമ്മാണത്തിലേയ്ക്കാണ് നമ്മുടെ സഭ കടന്നുപോകുന്നത്. 20 ലക്ഷത്തോളം വരുന്ന ഈ നാടിന്റെ ഹൃദയമിടിപ്പായി

നിൽക്കുന്ന ഗ്രാമങ്ങളിലെയും നഗരങ്ങളിലെയും ഏറ്റവും പ്രിയപ്പെട്ടവരായിട്ടുള്ള തൊഴിലാളികളുടെ, തൊഴിലുടമകളായിട്ടുള്ള സാധാരണക്കാരുടെ ജീവിത പ്രശ്നങ്ങളിൽ ഒരു സർക്കാരിന്/ക്ഷേമനിധിക്ക് ചെയ്യാൻ പറ്റുന്ന കാര്യങ്ങൾ അതിന്റെ പരമാവധി ചെയ്തുകൊടുക്കുന്നതിനുവേണ്ടിയിട്ടുള്ളൊരു തലത്തിലേയ്ക്ക് ഇന്ന് ഈ ഭേദഗതി നമ്മുടെ മുന്നിലേയ്ക്ക് വരുമ്പോൾ അത്തരമൊരു വഴിയാണ് തുറന്നുവയ്ക്കുന്നതെന്ന് നമുക്ക് അഭിമാനത്തോടുകൂടി പറയാൻ സാധിക്കേണ്ടതുണ്ട്. ഇവിടെ നമുക്കറിയാം വാഗ്ദാനങ്ങൾ പലതും തെരഞ്ഞെടുപ്പ് ഘട്ടത്തിൽ യു.ഡി.എഫ്. മുന്നോട്ടുവയ്ക്കാറുണ്ട്. അത് നടപ്പിലാക്കാറില്ലെന്നുള്ളത് നമ്മുടെ അനുഭവമാണ്. ബി.ജെ.പി.-ക്കാർ തെരഞ്ഞെടുപ്പ് കമ്മീഷൻ മുഖേന ഇന്ത്യയുടെ രാഷ്ട്രീയ പാർട്ടികളുടെ മുന്നിൽ വച്ചിട്ടുള്ളൊരു കാര്യം, തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ടുകൊണ്ട് ഒരു വാഗ്ദാനവും ജനങ്ങൾക്ക് നൽകാൻ പാടില്ലെന്നാണ്. ഇവിടെ കേരളത്തിലെ ഗവൺമെന്റ് ജനങ്ങൾക്ക് വാക്കുകൊടുക്കുന്നു, അത് കൃത്യമായി നടപ്പാക്കി ജനങ്ങളുടെ താൽപ്പര്യങ്ങൾ സഫലീകരിച്ച് മുന്നോട്ടുപോകുന്ന അഭിമാനകരമായിട്ടുള്ളൊരു അന്തരീക്ഷമുണ്ടെന്നുള്ളത് നമ്മൾ

തിരിച്ചറിയുകയാണ്. നിലവിലുള്ള ക്ഷേമനിധിയുടെ പ്രയോഗം സംബന്ധിച്ച് ചില കാര്യങ്ങൾ ഇവിടെ സൂചിപ്പിച്ചിട്ടുണ്ട്. നേരത്തെ ക്ഷേമനിധിയുടെ ഉള്ളടക്കമായി പത്ത് ആനുകൂല്യങ്ങൾ തൊഴിലാളികൾക്ക് നൽകുന്നതിനുവേണ്ടിയിട്ടുള്ള കാര്യങ്ങളാണുണ്ടായിരുന്നത്. ഇന്നിപ്പോൾ 13 ഇനങ്ങളിൽ തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ ലഭ്യമാകുന്നുണ്ട്. സമീപകാലത്ത് നേരത്തെയുണ്ടായിരുന്നതിൽ ഉപരിയായിട്ടുള്ള തുക തൊഴിലാളികൾക്ക് ലഭ്യമാകുന്ന രീതിയിൽ ഈ ആനുകൂല്യങ്ങളുടെ നിരക്ക് വർദ്ധിപ്പിച്ചിട്ടുണ്ടെന്നുള്ളതും നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്നൊരു കാര്യമാണ്. ഗവൺമെന്റ്, തൊഴിലാളികൾക്ക് പെൻഷൻ, അവശതാ പെൻഷൻ, മരണാനന്തര ധനസഹായം, അപകട മരണാനന്തര ധനസഹായം, വിവാഹ ധനസഹായം, ചികിത്സാ ധനസഹായം, പ്രസവ ധനസഹായം, സ്കോളർഷിപ്പ്, ശവസംസ്കാര ചടങ്ങിനുള്ള ധനസഹായം, കുടുംബ പെൻഷൻ ഇങ്ങനെയെല്ലാമായി 48 കോടിയിലധികം രൂപ തൊഴിലാളികൾക്ക് ക്ഷേമനിധിയിലൂടെ ഇപ്പോൾ വിതരണം ചെയ്തുകഴിഞ്ഞിട്ടുണ്ട്. ഓട്ടോറിക്ഷ തൊഴിലാളികളും മറ്റ് മേഖലയിലെ വർക്ക് ഷോപ്പ് തൊഴിലാളികളുമുൾപ്പെടെയുള്ള തൊഴിലാളികൾ ഇതിന്റെ

പരിധിയിലേയ്ക്ക് വരുമ്പോൾ ഏറ്റവും കൂടുതൽ തൊഴിലാളി അംഗത്വമുള്ള ക്ഷേമനിധികളിലൊന്നായി മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് മാറുമെന്നുള്ളത് നമുക്ക് മനസ്സിലാക്കാൻ കഴിയുന്നൊരു കാര്യമാണ്. സ്വാഭാവികമായും അതിവിപുലമായിട്ടുള്ള ഒരു തൊഴിലാളി വിഭാഗത്തിന് ഏറ്റവും ആശ്വാസകരമായിട്ടുള്ള കാര്യങ്ങൾ ചെയ്യുന്നതിന് ഈ ക്ഷേമനിധി ഭേദഗതി വഴി സാധിക്കുമെന്നുള്ളതാണ് നമുക്ക് കാണാനാകുന്നത്. തൊഴിലാളികൾ ഈ ബില്ലിനെ സംബന്ധിച്ചും ഇതിന്റെ പൊതുവായിട്ടുള്ള കാര്യങ്ങളെ സംബന്ധിച്ചും പല നിലയിലുമുള്ള നിർദ്ദേശങ്ങൾ ഗവൺമെന്റിന്റെ മുന്നിൽ നേരത്തെതന്നെ സമർപ്പിച്ചിട്ടുണ്ട്. അവർ പറയുന്നൊരു കാര്യം, ഓട്ടോ തൊഴിലാളികൾ കൂടി വരുന്നതോടുകൂടി അംഗങ്ങളുടെ ബാഹുല്യം വരും. അവരുടെയെല്ലാം പ്രശ്നങ്ങൾ സമയബന്ധിതമായി കാണുന്നതിനുവേണ്ടി കഴിയത്തക്കനിലയിൽ ഇതിന്റെ കേന്ദ്ര ഓഫീസിലും ജില്ലാ ക്ഷേമനിധി ഓഫീസുകളിലും ആവശ്യമായിട്ടുള്ള ജീവനക്കാരെയും അതുപോലെ കമ്പ്യൂട്ടർ ഉൾപ്പെടെയുള്ള സംവിധാനങ്ങൾ ഒരുക്കുന്നതിനുവേണ്ടി അടിയന്തര നടപടികൾ സ്വീകരിക്കുന്നതിന് ക്ഷേമനിധി ബോർഡ് സന്നദ്ധമാകണമെന്ന ആവശ്യം ഇന്ന്

തൊഴിലാളികൾ മുന്നോട്ടുവയ്ക്കുന്നുണ്ട്. അതോടൊപ്പം തന്നെ 60 വയസ് പൂർത്തിയായി ക്ഷേമനിധി ഓഫീസിൽ പെൻഷൻ അപേക്ഷ സമർപ്പിക്കുന്ന തീയതി മുതൽ പെൻഷൻ അനുവദിക്കുന്ന സ്ഥിതിയല്ല നിലനിൽക്കുന്നത്. കഴിഞ്ഞ ആറ് മാസക്കാലമായി ഈ നിലയ്ക്ക് പെൻഷൻ അനുവദിക്കുന്നില്ല. ജില്ലാ ഓഫീസർ എന്നാണോ അപേക്ഷയിൽ ഒപ്പിടുന്നത് അന്നുമുതലാണ് പെൻഷൻ നൽകുന്നത്. തൊഴിലാളികളുടെ ന്യായമായിട്ടുള്ള ആവശ്യം ബഹുമാനപ്പെട്ട മന്ത്രിയുടെ പരിഗണനയിലുണ്ടാകുമെന്ന് തന്നെയാണ് ഞങ്ങൾ കരുതുന്നത്. അർഹതയുള്ളതുകൊണ്ടാണ് അപേക്ഷ നൽകുന്നത്. എപ്പോഴാണോ അപേക്ഷ നൽകുന്നത്, ആ അപേക്ഷ ലഭിച്ച അന്നുമുതൽ തന്നെ അംഗീകരിച്ച് പെൻഷൻ കൊടുക്കുന്നതിനുവേണ്ടിയിട്ടുള്ള നടപടികൾ സ്വീകരിക്കുന്നതിന് സംവിധാനമുണ്ടാകണമെന്നത് സ്വാഭാവികമായും ഇവിടെ ഉയർന്നുവരുന്നൊരാവശ്യമാണ്. പുതിയ വാഹനം വാങ്ങുമ്പോൾ ഒട്ടോറിക്ഷാ രംഗത്ത് അഞ്ച് വർഷത്തെ ടാക്സും ലൈറ്റ് മോട്ടോർ രംഗത്ത് 15 വർഷത്തെ ടാക്സും ഒരുമിച്ചടയ്ക്കുന്നതുമൂലം തൊഴിലാളികൾക്ക് ഉടമ വിഹിതവും തൊഴിലാളി വിഹിതവും കൃത്യമായി അടയ്ക്കുവാൻ സാധിക്കാത്ത സ്ഥിതി നിലനിൽക്കുന്നു. അതുപോലെ ഇതിന്റെ സോഫ്റ്റ്‌വെയറിന്റെ തകരാറുമൂലം

ഉടമവിഹിതം അടയ്ക്കുന്നതോടൊപ്പം തൊഴിലാളി വിഹിതം അടയ്ക്കാൻ സാധിക്കാത്ത നിലയും നിലനിൽക്കുന്നുണ്ടെന്നുള്ളത് ഗൗരവപൂർവ്വമായ പരിഗണനയ്ക്ക് വിഷയീഭവിക്കേണ്ടൊരു കാര്യമാണ്. ബഹുമാനപ്പെട്ട മഞ്ചേശ്വരം എം.എൽ.എ. സൂചിപ്പിച്ചതുപോലെ ക്ഷേമനിധി ബോർഡ് മുൻകയ്യെടുത്ത് കേരള സഫാരി എന്ന പേരിൽ അതിവിപുലമായ നിലയിലുള്ളൊരു കാഴ്ചപ്പാടോടുകൂടിയാണ് ഓൺലൈൻ ടാക്സി സംവിധാനം ഏർപ്പെടുത്തിയത്. തിരുവനന്തപുരം ജില്ലയിൽ ഇപ്പോൾ കേരള സഫാരി അതിന്റെ കാര്യങ്ങൾ നിർവ്വഹിച്ചുവരുന്നുണ്ട്. എല്ലാ ജില്ലകളിലേയ്ക്കും ഇത് വ്യാപിപ്പിക്കുന്നുണ്ടെങ്കിൽ ടാക്സികൾ അനധികൃതമായി ഓടുന്നതും അതുപോലെ സാധാരണ തൊഴിലാളികൾക്ക് കിട്ടേണ്ട ആനുകൂല്യങ്ങളും അവരുടെ തൊഴിൽ സാഹചര്യങ്ങൾ നഷ്ടപ്പെട്ടുപോകാത്തൊരു അന്തരീക്ഷവും ഒരുക്കുന്നതിന് കഴിയും. അതുകൊണ്ട് കേരള സഫാരി കേരളത്തിലെ എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കുന്നതിനുവേണ്ടിയിട്ടുള്ള നടപടിയുണ്ടാകണമെന്നത് ന്യായമായിട്ടും ഈ ക്ഷേമനിധി ബില്ലിന്റെ ഭേദഗതി വരുമ്പോൾ പരിഗണിക്കേണ്ടൊരു വിഷയമാണ്. 15 വർഷം കഴിഞ്ഞ വാഹനങ്ങൾ പൊളിക്കണമെന്ന കേന്ദ്രഗവൺമെന്റ് തീരുമാനം

ഇവിടെ നേരത്തെ സൂചിപ്പിച്ചു. ആ തീരുമാനം ഇവിടത്തെ പാരിസ്ഥിതികമായിട്ടുള്ള പ്രശ്നങ്ങളും കാര്യങ്ങളുമൊക്കെ വച്ചുകൊണ്ട് അത് അങ്ങനെയാണ് ചെയ്യേണ്ടതെന്ന അഭിപ്രായം ഈ ബില്ലിന്റെ ചർച്ചയിൽ ചില അംഗങ്ങൾ ഉന്നയിക്കുന്നത് നമ്മളെല്ലാവരും കേട്ടതാണ്. ഇവിടെ ഞങ്ങൾക്ക് വയ്ക്കാനുള്ളൊരു നിർദ്ദേശം, ഇന്ത്യയിലെ മറ്റ് ചില സംസ്ഥാനങ്ങളിൽ ഇതിൽ ചില ഭേദഗതികളൊക്കെ കൊണ്ടുവന്നിട്ടുണ്ടെന്നാണ് മനസ്സിലാകുന്നത്. 15 വർഷമെന്നുള്ളത് വാഹനങ്ങളുടെ സ്ഥിതിനോക്കി 20 വർഷത്തേയ്ക്ക് മാറ്റി നൽകാൻ കഴിയുമോ എന്നുള്ളത് ന്യായമായിട്ടും പരിഗണിക്കേണ്ടൊരു വിഷയമായി തോന്നുകയാണ്. അതോടൊപ്പം തന്നെ ക്ഷേമനിധിയിൽ അംഗമാകുമ്പോഴുള്ള ഓട്ടോറിക്ഷയുടെ കാലപ്പഴക്കം ഒഴിവാക്കി, പുതിയ ഓട്ടോറിക്ഷയിന്മേൽ ക്ഷേമനിധി അടച്ചുവരുന്നൊരാൾക്ക് അവർക്ക് കിട്ടുന്ന ആനുകൂല്യങ്ങൾ, അത് അപേക്ഷിക്കുമ്പോൾ പലപ്പോഴുമുണ്ടാകുന്ന സാങ്കേതിക പ്രശ്നം, പണ്ടെപ്പോഴോ വിറ്റുപോയിട്ടുള്ള വാഹനങ്ങളുടെ റിക്കാർഡുകൾ ആവശ്യപ്പെട്ടുകൊണ്ട് ആനുകൂല്യങ്ങൾക്ക് തടസ്സമാകുന്ന രീതിയിലുള്ള ചില ഇടപെടലുകളുണ്ടാകുന്നുവെന്നുള്ളത് ഇന്ന്

ഉയർന്നുവന്നിട്ടുള്ളൊരു കാര്യമാണ്. അത്തരം കാര്യങ്ങൾ ഇന്ന് ആധുനിക വൽക്കരിക്കപ്പെട്ടിട്ടുള്ളൊരു ഓഫീസ് സംവിധാനമുണ്ട്. കമ്പ്യൂട്ടർ വഴികളിലൂടെ കാര്യങ്ങൾ നമുക്ക് കൃത്യമായി പരിഹരിച്ച് പോകാൻ കഴിയുന്നൊരു കാര്യമാണ്. എത്രയോ വർഷങ്ങൾക്ക് മുമ്പ് വിറ്റുപോയിട്ടുള്ള വാഹനങ്ങളുടെ രേഖകൾകൂടി സമർപ്പിക്കണമെന്ന് പറയുന്നൊരു കാര്യമൊഴിവാക്കിക്കൊണ്ട് കുറേക്കൂടി ചിട്ടയായി അക്കാര്യങ്ങൾ നിർവ്വഹിച്ചു പോകുന്നതിനുവേണ്ടിയിട്ടുള്ള സമീപനങ്ങൾ സ്വീകരിക്കണമെന്നുള്ളത് തൊഴിലാളികളുടെ ന്യായമായിട്ടുള്ളൊരു പ്രശ്നമെന്ന നിലയ്ക്ക് കാണാൻ സാധിക്കേണ്ടൊരു കാര്യമാണ്. ഓട്ടോറിക്ഷാ തൊഴിലാളികളുടെ ക്ഷേമനിധി പദ്ധതി 1991-ലാണ് നിലവിൽ വന്നത്. ആ പദ്ധതിയിൽ ലക്ഷക്കണക്കിന് തൊഴിലാളികൾക്ക് അംഗത്വമുണ്ട്. ഏതാണ്ട് 7.5 ലക്ഷത്തോളം ഓട്ടോറിക്ഷകൾ കേരളത്തിലുണ്ടെന്നാണ് കണക്ക്. അതിലെല്ലാം പണിയെടുക്കുന്ന ഓട്ടോറിക്ഷാ തൊഴിലാളികൾ ഈ പുതിയ ക്ഷേമനിധിയിലേയ്ക്ക് വരുമ്പോൾ അവരുടെ പെൻഷൻ കണക്കാക്കുമ്പോൾ, പഴയ ക്ഷേമനിധി അംഗത്വത്തിന്റെ കാലപരിധികൂടി പരിഗണിക്കണം. ക്ഷേമനിധിയിലെ കുടിശ്ശിക സംബന്ധിച്ച് തൊഴിലാളികൾക്കനുകൂലമായ

നിലപാട് ഉണ്ടായിട്ടുണ്ട്. നിശ്ചിത പലിശയടച്ച് അത് റെഗുലറൈസ് ചെയ്യാനുള്ള സംവിധാനമുണ്ടാക്കിയിട്ടുണ്ട്. ഏത് അവസരത്തിലും കുടിശ്ശികയടയ്ക്കാൻ തൊഴിലാളികൾക്ക് അനുമതി കൊടുക്കുന്ന രീതിയിൽ ഭേദഗതിയോടുകൂടി കാര്യങ്ങൾ മുന്നോട്ടുകൊണ്ടുപോകുകയാണെങ്കിൽ തൊഴിലാളികൾക്ക് കുറച്ചുകൂടി ഗുണകരമാകും. 2016-ലെ ഉത്തരവുപ്രകാരം 8 വർഷം സർവ്വീസ് കണക്കാക്കി പെൻഷൻ കൊടുക്കുന്ന നിലപാടാണ് സ്വീകരിച്ചുവരുന്നത്. ഏഴരവർഷം വരെയാണ് ഇപ്പോൾ കണക്കാക്കുന്നത്. തൊഴിലാളികൾക്ക് ഗുണപരമായി സ്വീകരിച്ച മാതൃകാപരമായ തീരുമാനമാണത്. മുൻകാല പ്രാബല്യത്തോടുകൂടി ഇത് നടപ്പിലാക്കാൻ കഴിഞ്ഞാൽ, മുമ്പ് ടാക്സിയോ ഓട്ടോറിക്ഷയോ ഓടിച്ചിരുന്ന പ്രായംചെന്നവരും ഇന്ന് തൊഴിലെടുക്കാൻ കഴിയാത്തവരുമായ പരിമിതമായ തൊഴിലാളികൾക്കുകൂടി ആനുകൂല്യങ്ങൾ ലഭ്യമാകുന്ന സ്ഥിതിയിലേയ്ക്ക് കാര്യങ്ങൾ വന്നുചേരും. ചികിത്സാ സഹായം സംബന്ധിച്ച് പറയുമ്പോൾ, ക്ഷേമനിധി വഴി ഏറ്റവും മികച്ച രീതിയിൽ ചികിത്സാ ആനുകൂല്യങ്ങൾ തൊഴിലാളികൾക്ക് ലഭിക്കുന്നു. എന്നാൽ ഇതിൽ ഉൾപ്പെട്ടിട്ടുള്ള ആശുപത്രികളുടെ ജില്ലതിരിച്ചുള്ള കണക്കെടുക്കുമ്പോൾ വളരെ

പരിമിതമാണ്. കണ്ണൂർ ജില്ലയിൽ ഇരുപതും കാസർഗോഡ് ജില്ലയിൽ ഏതാണ്ട് 19 ആശുപത്രികളുമാണ് ചികിത്സാ ആനുകൂല്യം ലഭിക്കുന്നവയുടെ പട്ടികയിൽ ഉൾപ്പെട്ടിരിക്കുന്നത്. അത് കുറച്ചുകൂടി വിപുലീകരിച്ച് പുതിയ ആശുപത്രികളെ ഉൾപ്പെടുത്തിയാൽ തൊഴിലാളികൾക്ക് കൂടുതൽ ഗുണപരമായി കാര്യങ്ങൾ ഉപയോഗപ്പെടുത്താൻ സാധിക്കും. കേരളത്തിന്റെ അതിർത്തി പ്രദേശങ്ങളായ കണ്ണൂർ, കാസർഗോഡ് ജില്ലകളിലുള്ളവർ ഗുരുതരമായ രോഗങ്ങളുടെ ചികിത്സയ്ക്ക് മംഗലാപുരത്തെ പ്രധാന ആശുപത്രികളെയാണ് ആശ്രയിക്കുന്നത്. ഇത്തരം ആശുപത്രികളെയും അതുപോലെ പാലക്കാട് ജില്ലാതിർത്തിയിലുള്ള കോയമ്പത്തൂർ മേഖലയിലെ ആശുപത്രികളേയുംകൂടി പ്രസ്തുത പട്ടികയിൽ ഉൾപ്പെടുത്തണം. ഇക്കാര്യങ്ങൾകൂടി സജീവമായ പരിഗണനയിലുണ്ടാകണമെന്ന നിർദ്ദേശം പൊതുവായി ഉന്നയിക്കുന്നു.

ക്ഷേമനിധി സംബന്ധിച്ച ബിൽ അവതരിപ്പിക്കുമ്പോൾ അഭിമാനകരമായ കാര്യം, കേരളത്തിലെ ഗവൺമെന്റ് തൊഴിലാളികളോടൊപ്പം നിൽക്കുന്നൊരു സർക്കാരാണെന്ന് ഇവിടെ അസന്ദിഗ്ദ്ധമായി പ്രഖ്യാപിക്കുന്നുവെന്നതാണ്. 1917-ലെ നിയമത്തെ

സംബന്ധിച്ചും 2017-ലെ ചില ഭേദഗതികളെക്കുറിച്ചും ഇവിടെ സൂചിപ്പിക്കുകയുണ്ടായി. കേന്ദ്രസർക്കാർ സ്വീകരിക്കുന്ന തൊഴിലാളി വിരുദ്ധ നിലപാടുകളുണ്ട്. ഏറ്റവും അവസാനം, കേന്ദ്രസർക്കാർ എല്ലാ തൊഴിൽ നിയമങ്ങളും തൊഴിലാളികൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങളും അരച്ചുകലക്കി നാല് ലേബർ കോഡുകളാക്കി. കൂലി അടിമത്തത്തിന്റെ മാർഗ്ഗരേഖയായി ലേബർ കോഡുകൾ മാറുന്ന രീതിയിലേയ്ക്ക് കാര്യങ്ങൾ എത്തിയിട്ടുണ്ട്. തൊഴിലാളികളുടെ മുഴുവൻ അവകാശങ്ങളും നിഷേധിക്കുന്ന രീതിയിൽ കേന്ദ്രസർക്കാർ മുന്നോട്ടുപോകുമ്പോൾ, കൃത്യമായി അത് ചോദ്യം ചെയ്യുന്നതിന് സഹായകരമാകുന്ന നിലയിൽ ബി.ജെ.പി.-യുടെ തൊഴിലാളി വിഭാഗം ഒഴികെ ബാക്കി എല്ലാ തൊഴിലാളി വിഭാഗങ്ങളും ഒറ്റക്കെട്ടായി മുന്നോട്ട് വരുമ്പോൾ, അത്തരമൊരു വലിയ പോരാട്ടത്തിന് ഊർജ്ജവും ഉത്തേജനവും നല്കുന്ന തരത്തിലുള്ള നിലപാട് കേരള ഗവൺമെന്റ് പ്രായോഗികമായി സ്വീകരിക്കുന്നുവെന്നതാണ് തൊഴിലാളി ക്ഷേമത്തിൽ അധിഷ്ഠിതമായ ബില്ലുകളിൽനിന്നും നമുക്ക് വ്യക്തമാകുന്നത്. ഇന്നത്തെ സാഹചര്യത്തിൽ പ്രസ്തുത നിയമങ്ങൾ/ബില്ലുകൾ തൊഴിലാളികൾക്ക് ഏറ്റവും ഗുണകരമാംവിധം അവരുടെ താല്പര്യം സംരക്ഷിക്കുന്ന ഒരു സർക്കാരിന്റെ

മുഖമുദ്രയായി മാറുന്നു. അതുകൊണ്ടുതന്നെ ഈ ബില്ലിലെ ഭേദഗതികളെ സർവ്വാത്മനാ അംഗീകരിക്കേണ്ടതാണ്. സഭയാകെ ഈ ബില്ലിനെ സ്വീകരിച്ചുകൊണ്ട് അംഗീകരിക്കുമെന്ന് തന്നെയാണ് ഞങ്ങൾ പ്രതീക്ഷിക്കുന്നത്.

ശ്രീ. എ. പി. അനിൽ കുമാർ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള കേരള മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2 (ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

കേരള മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളി ക്ഷേമനിധി ബില്ലുമായി ബന്ധപ്പെട്ട് എനിക്കുമുമ്പ് സംസാരിച്ച ബഹുമാനപ്പെട്ട പയ്യന്നൂർ അംഗം ഒരുപാട് നല്ല നിർദ്ദേശങ്ങൾ സൂചിപ്പിക്കുകയുണ്ടായി. തൊഴിലാളികളുടെ ക്ഷേമം മുൻനിർത്തി, അതെല്ലാം സർക്കാർ അനുഭാവപൂർവ്വം പരിഗണിച്ചാൽ തൊഴിലാളികളെ സംബന്ധിച്ച് അത് വളരെ ഗുണകരമായ ഒന്നായിത്തീരും. ഇവിടെ സൂചിപ്പിച്ചതുപോലെ നിലവിലുള്ള ക്ഷേമനിധി ബോർഡുകൾ ഒന്നായി ലയിപ്പിച്ച് ഒരൊറ്റ കുടക്കീഴിൽ കൊണ്ടുവരുന്നതുവഴി അതിന്റേതായ നേട്ടങ്ങളുണ്ടാകും. ക്ഷേമനിധി ബോർഡുകളുടെ എണ്ണത്തേക്കാളും അതിന്റെ

പ്രവർത്തനമികവാണ് അംഗങ്ങളെ സംബന്ധിച്ച് ആശ്വാസകരമായ കാര്യം. ഇവിടെ പ്രധാനമായും തൊഴിലാളികളുടെ കാര്യമാണ് പറയുന്നത്. പക്ഷെ തൊഴിലാളികൾ നിലനില്ക്കണമെങ്കിൽ വ്യവസായം നിലനില്ക്കണം. യഥാർത്ഥത്തിൽ ഇന്ന് ഏറ്റവും വലിയ പ്രതിസന്ധി നേരിടുന്ന വ്യവസായങ്ങളിലൊന്നാണ് മോട്ടോർ വാഹന വ്യവസായം എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അതിലോരോന്നായി പരിശോധിച്ചാൽ നമുക്ക് മനസ്സിലാക്കാൻ സാധിക്കും. ഒരു കാലഘട്ടത്തിൽ ഏറ്റവും സജീവമായിരുന്ന ഒന്നായിരുന്നു ബസ് മേഖല. മലബാറിലായാലും കോഴിക്കോടായാലും മലപ്പുറത്തായാലും സ്വകാര്യ ബസ് ഉടമകൾക്ക് പത്തും പതിനഞ്ചും ബസ്സുകളുണ്ടായിരുന്നു. ഏത് മേഖലയിലും ഏത് സമയത്തും ലഭ്യമാകുന്ന സാഹചര്യമായിരുന്നു. യാത്രക്കാരെ സംബന്ധിച്ച് വാഹനങ്ങൾ ലഭ്യമാകുന്നതിൽ ബുദ്ധിമുട്ട് അനുഭവപ്പെടാത്ത സന്ദർഭമായിരുന്നു. പക്ഷെ ഇന്ന് അത്തരത്തിലുള്ള വാഹന ഉടമകളുടെ എണ്ണം കുറഞ്ഞുവരികയാണ്. പതിനഞ്ച് ബസുകൾ ഉണ്ടായിരുന്നത് പത്തും അഞ്ചുമായി കുറഞ്ഞ് ഇന്ന് ഒന്നും രണ്ടും ബസ്സുകളുമായി മുന്നോട്ടുപോകുന്നവരുണ്ട്. ആ രംഗത്ത് നിലനിൽക്കുന്നത് ഏറ്റവും പ്രയാസകരമായ സാഹചര്യമായി മാറിക്കഴിഞ്ഞു

എന്നുള്ളതുകൊണ്ട് ബസ് വ്യവസായ രംഗത്തുനിന്നും പൂർണ്ണമായും പിൻവാങ്ങിയവരുണ്ട്. ഇന്ന് ബസ് വ്യവസായം ഏറ്റവും വലിയ പ്രതിസന്ധി നേരിടുകയാണ്. സ്വാഭാവികമായും ഒരു വ്യവസായം പ്രതിസന്ധി നേരിടുമ്പോൾ അത് ആ വ്യവസായത്തെയും അതിന്റെ ഉടമസ്ഥരെയും സംബന്ധിച്ച് മാത്രമല്ല, അതിൽ തൊഴിൽ ചെയ്യുന്ന തൊഴിലാളികളെ സംബന്ധിച്ചും ഏറ്റവും പ്രയാസകരമായ സാഹചര്യമാണുണ്ടാകുന്നത്. ഇത് തൊഴിലാളികളുടെ ക്ഷേമനിധിയാണല്ലോ; വ്യവസായം തകർന്നാൽ പിന്നീട് തൊഴിലാളികൾ അനുഭവിക്കുന്ന പ്രയാസങ്ങൾ മുൻകൂട്ടിക്കണ്ട് ഈ വ്യവസായം നിലനിർത്താൻ സർക്കാരിന് എന്തൊക്കെ ചെയ്യാൻ കഴിയുമോ അതൊക്കെ ചെയ്യണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ബസ് മേഖലയിലുള്ളവർ അല്ലെങ്കിൽ ഓട്ടോറിക്ഷാ ഓടിക്കുന്നവർ.., ഓട്ടോറിക്ഷാ സ്വന്തമായി ഓടിക്കുന്നവരാണ് അധികവും. ചിലർമാത്രമാണ് സ്വന്തമായി ഓടിക്കാതെ ഡ്രൈവർമാരെ വയ്ക്കുന്നത്. അതുപോലെതന്നെയാണ് ടാക്സിയുടെ വിഷയം. ഓൺലൈൻ ടാക്സിയുടെ കാര്യങ്ങളെക്കുറിച്ച് ഇവിടെ പറഞ്ഞു. തിരുവനന്തപുരം, എറണാകുളം പോലെയുള്ള പട്ടണങ്ങളിൽ ടാക്സിക്ക് കൂടുതൽ സൗകര്യങ്ങൾ വന്നുകാണും. പക്ഷെ ഉൾപ്രദേശങ്ങളിൽ

മുൻകാലങ്ങളിൽനിന്ന് വ്യത്യസ്തമായി ഇന്ന് ടാക്സി സ്റ്റാൻഡുകളിൽ രാവിലെ മുതൽ വൈകുന്നേരംവരെ ഒരു ഓട്ടംപോലും ലഭ്യമാകാത്ത എത്രയോ ടാക്സികൾ നമുക്ക് കാണാൻ കഴിയും. ഓട്ടോറിക്ഷകൾ ഭൂരിഭാഗവും സ്വന്തമായി ഓടിക്കുന്നവരാണ്. ഓട്ടോറിക്ഷ വാങ്ങി ഡ്രൈവർമാരെവച്ച് ഓടിക്കുന്നവരും ഉണ്ടാകും. വൈകുന്നേരംവരെ ഓട്ടോറിക്ഷ ഓടിച്ചാൽ 700-800 രൂപയാണ് ലഭിക്കുന്നത്. മോട്ടോർ വ്യവസായ മേഖല ഇന്ന് ഏറ്റവും വലിയ പ്രതിസന്ധി അനുഭവിച്ചുകൊണ്ടിരിക്കുകയാണെന്നാണ് ഞാൻ സൂചിപ്പിച്ചത്. അതുകൊണ്ടുതന്നെ ആ മേഖലയിലുണ്ടാകുന്ന തിരിച്ചടി ഏറ്റവും കൂടുതൽ ബാധിക്കുന്നത് തൊഴിലാളികളെയാണെന്ന കാര്യത്തിൽ സംശയമില്ല. ഇന്നിവിടെ ചർച്ച ചെയ്യുന്നത് തൊഴിലാളി ക്ഷേമനിധി ബോർഡാണെങ്കിലും ആ ചർച്ചയോടൊപ്പംതന്നെ ഈ മേഖല ഏറ്റവും സജീവമായെങ്കിൽ മാത്രമേ തൊഴിലാളികൾക്ക് ആവശ്യമായ തൊഴിലും ജീവിതം മുന്നോട്ടുകൊണ്ടുപോകാനുള്ള സാഹചര്യവും ലഭിക്കുകയുള്ളൂ. അസംഘടിത തൊഴിലാളി ക്ഷേമനിധി ബോർഡ്, കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡ് തുടങ്ങി നിരവധി ക്ഷേമനിധി ബോർഡുകളുണ്ട്. ക്ഷേമനിധിയുമായി ബന്ധപ്പെട്ട് ഞാൻ അന്വേഷിച്ചപ്പോൾ യഥാർത്ഥത്തിൽ

പല ക്ഷേമനിധി ബോർഡുകളിലും മാസങ്ങളായി പെൻഷൻപോലും കൊടുക്കാൻ കഴിയാതെ കുടിശ്ശികയായി നിൽക്കുന്ന സാഹചര്യമുണ്ടെങ്കിലും ഇന്ന് ചർച്ച ചെയ്യുന്ന മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ അത്തരത്തിലുള്ള സാഹചര്യമില്ല. ഈ ബോർഡിന് ഏതാണ്ട് മൂവായിരം കോടി രൂപയോളം ആസ്തിയുണ്ടെന്ന് പറയപ്പെടുന്നു. അതിനേക്കാൾ വലിയ തുകയുണ്ടെന്നാണ് പറഞ്ഞുകേട്ടത്. പക്ഷെ പരിശോധിച്ചപ്പോൾ ഏതാണ്ട് മൂവായിരം കോടി രൂപയുണ്ടെന്നാണ് മനസ്സിലാക്കാൻ സാധിച്ചത്. സ്വാഭാവികമായും മറ്റ് ക്ഷേമനിധി ബോർഡുകളിൽനിന്നും വ്യത്യസ്തമായി ഈ ക്ഷേമനിധി ബോർഡിന് സ്വന്തമായി ആസ്തിയും തൊഴിലാളികളെ സഹായിക്കാനുള്ള സാഹചര്യവുമുണ്ട്. അംഗം പറഞ്ഞത് നൂറുശതമാനവും ശരിയാണ്. അതിൽ എത്ര പേരാണ് ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്? പത്ത് ലക്ഷത്തോളം ആളുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നാണ് ഔദ്യോഗിക കണക്കുകൾ പറയുന്നത്. അതിൽത്തന്നെ, കോവിഡ് കാലത്ത് ഗവൺമെന്റ് നൽകിയ ചെറിയ സാമ്പത്തിക സഹായം വാങ്ങിയ ആളുകളുടെ എണ്ണം രണ്ടരലക്ഷം മാത്രമാണെന്നാണ് കണക്കുകൾ പറയുന്നത്. പത്ത് ലക്ഷംപേർ രജിസ്റ്റർ ചെയ്തിട്ടുള്ളതിൽ രണ്ടരലക്ഷം ആളുകൾ ഏറ്റവും

പ്രധാനപ്പെട്ടൊരു സഹായം വാങ്ങിയിട്ടുണ്ടെന്ന് പറയുമ്പോൾ, ഏഴര ലക്ഷം ആളുകൾ ഒന്നുകിൽ രജിസ്റ്റർ ചെയ്ത് പാതിവഴിയിൽ അവരുടെ അംശദായമടയ്ക്കാതെ പിരിഞ്ഞുപോകുകയോ ചിലർ മരണപ്പെടുകയോ ചെയ്ത സാഹചര്യമുണ്ടാകാം. വലിയ രീതിയിൽ തൊഴിലാളികളുടെ സാന്നിദ്ധ്യമുണ്ടാകേണ്ട ഈ ക്ഷേമനിധി ബോർഡിൽ ഇന്ന് കണക്കുകളിൽ മാത്രമേ അതുള്ളൂ. യഥാർത്ഥത്തിലുള്ള കണക്ക് ഏതാണ്ട് രണ്ടര ലക്ഷത്തോളമാണെന്നാണ് പറയുന്നത്. അതുകൊണ്ട് പരമാവധി തൊഴിലാളികളെ ക്ഷേമനിധി ബോർഡിൽ അംഗങ്ങളാക്കാനുള്ള ശ്രമം തൊഴിലാളി സംഘടനകളുൾപ്പെടെ നടത്തണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. മറ്റ് പല ക്ഷേമനിധി ബോർഡുകളും ഇന്ന് തകർച്ച നേരിടുന്നതിനുള്ള ഒരു കാരണമായി എനിക്ക് തോന്നുന്നത്, ഞാൻ ആരെയും കുറ്റപ്പെടുത്താനായി പറയുന്നതല്ല. കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ യഥാർത്ഥത്തിൽ എത്ര കർഷകത്തൊഴിലാളികളുണ്ടെന്ന് പരിശോധിച്ചുനോക്കിയാൽ, അതിലുള്ളതിൽ അൻപത് ശതമാനംപോലും യഥാർത്ഥ കർഷകത്തൊഴിലാളികളല്ലെന്ന് കാണാൻ കഴിയും. പക്ഷേ, നമ്മളാരും അത് പറയുന്നില്ല. കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ

രജിസ്റ്റർ ചെയ്ത ആളുകളുടെ കണക്കെടുത്ത് നോക്കുകയാണെങ്കിൽ, നമുക്ക് മറ്റെവിടെനിന്നും ഒരു തൊഴിലാളിപോലും വരേണ്ടതില്ല, എല്ലാ മേഖലയിലും തൊഴിലുള്ളതിനേക്കാൾ തൊഴിലാളികളുണ്ട്. എന്നിട്ടും നമ്മൾ ഇതരസംസ്ഥാന തൊഴിലാളികളെയാണ് ആശ്രയിക്കുന്നത്. രജിസ്റ്റർ ചെയ്യുന്ന ആളുകൾ യഥാർത്ഥ കർഷകത്തൊഴിലാളികളാണോയെന്ന് അന്വേഷിക്കേണ്ട സ്ഥിതി വരും. മാത്രമല്ല, യഥാർത്ഥ കർഷകത്തൊഴിലാളികൾക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ ലഭിക്കാൻ പലപ്പോഴും കാലതാമസമുണ്ടാകുന്ന സാഹചര്യവുമുണ്ടാകുന്നു.

അസംഘടിത മേഖലയിലെ തൊഴിലാളികളിൽ പലരും ഉൾപ്പെടുന്നുണ്ട്. അവിടെയും തൊഴിൽ ചെയ്യുന്നവരുടെ എണ്ണം വളരെ പരിമിതമാണെങ്കിലും രജിസ്റ്റർ ചെയ്ത ആളുകളുടെ എണ്ണം വളരെ കൂടുതലാണ്. അതുകൊണ്ട് യഥാർത്ഥ തൊഴിലാളിക്ക് ആനുകൂല്യം ലഭിക്കാത്ത സാഹചര്യമുണ്ട്. ക്ഷേമനിധിയിൽ രജിസ്റ്റർ ചെയ്തവർക്കൊക്കെ പെൻഷനും മറ്റാനുകൂല്യങ്ങളും നൽകുകയാണെങ്കിൽ എല്ലാവർക്കും കൊടുക്കണം. അതൊക്കെ എല്ലാവർക്കും ലഭ്യമാകുമ്പോൾ, യഥാർത്ഥ തൊഴിലാളിക്ക് അത് ലഭ്യമാകാത്ത സാഹചര്യം വരും. ഇവിടെ പോസിറ്റീവായി കണ്ട കാര്യം,

യഥാർത്ഥത്തിലുള്ള തൊഴിലാളികൾപോലും രജിസ്റ്റർ ചെയ്യുന്നില്ല എന്നതാണ് മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡുമായി ബന്ധപ്പെട്ട് നോക്കിയാൽ കാണാൻ കഴിയുന്നത്. നമുക്ക് ആവശ്യത്തിന് ആസ്തിയുണ്ട്. അതിനനുസരിച്ചുള്ള സഹായം ഈ തൊഴിലാളികൾക്ക് നൽകാൻ നമ്മൾ ശ്രമിക്കണം. അത്തരമൊരു ശ്രമം തൊഴിലാളികളുടെ കാര്യത്തിലില്ല. തൊഴിലാളികൾക്ക് സഹായങ്ങൾ കൊടുക്കുന്ന വിവിധ സെക്ടറുകളുടെ എണ്ണം കൂടുന്നുണ്ടെങ്കിലും നാമമാത്രമായ തുകയാണ് നമ്മൾ കൊടുത്തുകൊണ്ടിരുന്നത്. ബസ് തൊഴിലാളികളുമായി ബന്ധപ്പെട്ട് ഇന്ന് രജിസ്റ്റർ ചെയ്യുന്നവരുടെ എണ്ണം കുറയാനുള്ള പ്രധാന കാരണം, ഒരു ബസ് എടുത്തുകഴിഞ്ഞാൽ ആ ബസ്സിലെ തൊഴിലാളികളെ രജിസ്റ്റർ ചെയ്യേണ്ടത് ബസ് ഓണേഴ്സാണ്. എത്ര ബസ് ഓണേഴ്സാണ് രജിസ്റ്റർ ചെയ്യുന്നത്; അഥവാ ചെയ്യുകയാണെങ്കിൽ അവരുടെ ഏറ്റവും ബന്ധപ്പെട്ട ആളുകളെയാണ് രജിസ്റ്റർ ചെയ്യുന്നത്. കാരണം, അല്ലാത്ത തൊഴിലാളികളെ രജിസ്റ്റർ ചെയ്തുകഴിഞ്ഞാൽ ഭാവിയിൽ അവരുടെ എല്ലാകാര്യങ്ങളുടെയും ഉത്തരവാദിത്വം ഏറ്റെടുക്കേണ്ടിവരുന്നുവെന്ന വലിയ ബാധ്യത ബസ് മുതലാളി മുന്നിൽ കാണുകയാണ്. അതിന്

അദ്ദേഹത്തെ കുറ്റപ്പെടുത്താനും കഴിയില്ല. അതുകൊണ്ട്, യഥാർത്ഥ തൊഴിലാളിയെ രജിസ്റ്റർ ചെയ്യാത്തൊരു സാഹചര്യം ഇന്നുണ്ടായിക്കൊണ്ടിരിക്കുന്നു. ഓരോ മേഖലയിലും അതുപോലെയാണ്. യഥാർത്ഥ തൊഴിലാളികൾ ഇന്ന് പുറത്താണ്, അല്ലാത്തവർക്കാണ് രജിസ്ട്രേഷനുള്ളത്. അങ്ങനെ വരാനുള്ള കാരണം, ഓരോരുത്തരും അവരുടെ നിലനിൽപ്പും പ്രയാസങ്ങളും ഇതുമായി ബന്ധപ്പെട്ട് മുന്നിൽ കാണുകയാണ്. അതുകൊണ്ട് ബസ് വ്യവസായത്തെ നമ്മൾ തകർക്കാതെ ബസ് തൊഴിലാളികളെ സംരക്ഷിക്കുന്നതിന് എന്ത് മാർഗ്ഗമാണ് കണ്ടെത്താൻ കഴിയുകയെന്ന് ഗവൺമെന്റ് ആലോചിക്കണം. അതല്ലെങ്കിൽ യഥാർത്ഥ തൊഴിലാളികൾ പലപ്പോഴും പുറത്തായിരിക്കും. ടാക്സി/ഓട്ടോറിക്ഷ തൊഴിലാളികളുടെ കാര്യത്തിലും ഇതുതന്നെയാണ് രീതി. ഞാൻ ഓട്ടോറിക്ഷയുടെ കാര്യം പറഞ്ഞല്ലോ; ഒരു ദിവസം ഓട്ടോറിക്ഷ ഓടിയാൽ 700 മുതൽ 800 രൂപ വരെയാണ് ലഭിക്കുന്നത്. ഇന്ധനവില വളരെ കൂടുതലാണ്. മാസത്തിലൊരിക്കൽ മെയിന്റനൻസ് വരും, വർഷത്തിലൊരിക്കൽ ഇൻഷ്വറൻസ് വരും, മീറ്റർ ഘടിപ്പിക്കണം തുടങ്ങിയ കാര്യങ്ങളൊക്കെ ചെയ്തുകഴിഞ്ഞതിനുശേഷം ഒരു ഓട്ടോറിക്ഷ ഡ്രൈവർക്ക്

ലഭിക്കുന്നത് എന്താണ്? ഞങ്ങൾ ഐ.എൻ.ടി.യു.സി. മീറ്റിംഗിൽ പങ്കെടുത്തപ്പോൾ ഒരു ഓട്ടോറിക്ഷ തൊഴിലാളി പറഞ്ഞത്, രണ്ടുദിവസം ഓട്ടോ ഓടിച്ചാൽ മാത്രമെ അവർക്ക് ഒരുകിലോ ആട്ടിറച്ചി വാങ്ങാൻ കഴിയൂവെന്നാണ്. ഒരുകിലോ ആട്ടിറച്ചിക്ക് 500 രൂപ കൊടുക്കണം. രണ്ട് ദിവസം ഒട്ടോ ഓടിച്ച് ലഭിക്കുന്ന കൂലി ഒരുമിച്ച് വച്ചാൽ മാത്രമേ ഒരുകിലോ ഇറച്ചിവാങ്ങാൻ സാധിക്കുകയുള്ളൂവെന്നാണ് അവർ പറഞ്ഞത്. ഞാൻ അപ്പോഴാണ് അതിനെക്കുറിച്ച് ആലോചിച്ചത്. അത് സത്യമാണ്; ഒരു ദിവസം 700 രൂപ ലഭിച്ചാൽ പെട്രോളും ഡീസലുമടിച്ചു കഴിഞ്ഞാൽ ബാക്കിയെന്താണ് കയ്യിലുള്ളത്? രണ്ട് ദിവസം കൊണ്ട് അതിനുള്ള പൈസ ലഭിക്കുമോ? കൊറോണ കാലത്ത് ഏറ്റവും കൂടുതൽ പ്രയാസം അനുഭവിച്ച വിഭാഗങ്ങളെക്കുറിച്ച് നമ്മൾ പറയാറുണ്ട്. പക്ഷേ യഥാർത്ഥത്തിൽ മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളി മേഖലയിൽ പ്രവർത്തിക്കുന്ന ഓട്ടോറിക്ഷ/ബസ് ഡ്രൈവർമാരും ബസ് കണ്ടക്ടർമാരും അനുഭവിച്ചതുപോലെയൊരു പ്രയാസം കൊറോണ കാലത്ത് അനുഭവിച്ച മറ്റൊരു വിഭാഗമുണ്ടാകുമെന്ന് തോന്നുന്നില്ല. ഇതിൽ ഏറ്റക്കുറച്ചിലുണ്ടാകും. എന്നാൽ ഇവർ അത് ഏറ്റവും കൂടുതൽ അനുഭവിച്ചവരാണ്. അവരെ സഹായിക്കുന്ന കാര്യത്തിൽ

പരിമിതികളുണ്ടെങ്കിൽപ്പോലും ഇത്രയും പ്രയാസമനുഭവിച്ച ആളുകൾക്ക് ഗവൺമെന്റ് ചില സഹായങ്ങൾ നൽകി. ഇല്ലെന്ന് ഞാൻ പറയുന്നില്ല. അവരെ കുറച്ചുകൂടി സഹായിക്കാമെന്ന അന്തരീക്ഷം, ആസ്തി നമ്മുടെ ബോർഡിനുണ്ട്. അതുകൊണ്ട് ഇത്തരം ഘട്ടങ്ങൾ വരുമ്പോൾ അവർക്ക് കൂടുതൽ പിന്തുണ നൽകാൻ ഗവൺമെന്റ് പ്രത്യേകം താൽപ്പര്യമെടുക്കണമെന്ന് സൂചിപ്പിക്കുകയാണ്. ഒരുപാട് ആനുകൂല്യങ്ങൾ നൽകുന്നതിനെക്കുറിച്ച് സമയപരിമിതി കാരണം ആവർത്തിച്ച് ഞാൻ പറയുന്നില്ല. ആനുകൂല്യങ്ങൾ കൊടുത്തുവെന്ന് വരുത്താനാണ് ആ ആനുകൂല്യങ്ങളൊക്കെ കൊടുക്കുന്നത്. ഇന്നത്തെ കാലഘട്ടത്തിൽ ആയിരം രൂപ പെൻഷൻ കൊടുത്താൽ എന്താണ് സ്ഥിതി; പെൻഷൻ കൊടുക്കുന്നുവെന്ന് വരുത്താനല്ലാതെ, 1000 രൂപ കൊണ്ട് എന്തിനാണ് കഴിയുക; അതുകൊണ്ട് ഇത്തരത്തിൽ ആസ്തിയുള്ള ബോർഡുകളെങ്കിലും കുറച്ചുകൂടി കൂടുതൽ അവരെ സഹായിക്കാൻ കഴിയണം. അതുകൊണ്ട് അവശതാ പെൻഷന്റെ കാര്യത്തിൽ കുറച്ചുകൂടി വർദ്ധനവുണ്ടാകണം. അതുപോലെ, നമ്മുടെ തൊഴിലാളികളെ സംബന്ധിച്ചിടത്തോളം അവരുടെ പ്രതീക്ഷയെന്താണ്; അവരുടെ കുട്ടികളുടെ വിദ്യാഭ്യാസമാണ്. അതിന്

അവർക്ക് സപ്പോർട്ട് കൊടുക്കേണ്ടതാണ്. ഓട്ടോറിക്ഷ തൊഴിലാളികൾ ആഗ്രഹിക്കുന്നത് അവരുടെ കുട്ടികൾ ഓട്ടോറിക്ഷ ഓടിക്കണമെന്നല്ല, സ്വാഭാവികമായും നമ്മളെല്ലാം ആഗ്രഹിക്കുന്നതുപോലെ, കുട്ടികൾ നല്ലരീതിൽ പഠിക്കണം, വളരണമെന്നുള്ളതാണ്. അതിന് ഇവിടെ വിദ്യാഭ്യാസ ആനുകൂല്യങ്ങളും സപ്പോർട്ടും കൊടുക്കുന്നുണ്ടെങ്കിലും അതിലും ചില നിയന്ത്രണങ്ങളുണ്ട്. അത് 55 ശതമാനം മാർക്കിന് മുകളിലുള്ളവർക്ക് മാത്രമെ ലഭിക്കുന്നുള്ളൂ, മാത്രമല്ല തുക വളരെ നാമമാത്രവുമാണ്. അതൊക്കെ വർദ്ധിപ്പിക്കുന്ന കാര്യത്തിൽ ഗവൺമെന്റ് പ്രത്യേകം താൽപ്പര്യമെടുക്കണം. ഇല്ലാത്ത ബോർഡിന് പണം കൊടുക്കണമെന്ന് പറയുന്നതല്ല. ഗവൺമെന്റിന് അധിക ബാധ്യതയില്ലാതെ നിലവിലുള്ള ബോർഡിൽനിന്നുതന്നെ കൊടുക്കാൻ കഴിയുന്ന ആസ്തി ഇന്ന് ഈ ബോർഡിനുണ്ട് എന്നുള്ളതുകൊണ്ടാണ് അത്തരം കാര്യങ്ങൾ പറയുന്നത്. ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിക്കേണ്ടൊരു കാര്യം, ഒരു അപകടം പറ്റിക്കഴിഞ്ഞാൽ നൽകുന്ന ധനസഹായത്തെക്കുറിച്ചാണ്, അവർ എന്നും വാഹനം ഓടിക്കുന്നവരല്ലേ; ഒരു ദിവസം അപകടം പറ്റി എന്തെങ്കിലും സഹായംകൊടുത്താൽ പിന്നെ പറയുന്നത് 10 കൊല്ലം കഴിഞ്ഞ് അപകടമുണ്ടായാലെ സഹായം

ലഭിക്കുകയുള്ളൂവെന്നാണ്. അത് വാസ്തവമാണോയെന്ന് എനിക്കറിയില്ല. അങ്ങനെയാണെങ്കിൽ മന്ത്രി അക്കാര്യം പരിശോധിക്കണം. അപകടം എപ്പോൾ വേണമെങ്കിലും സംഭവിക്കാം. ഇന്ന് അപകടം വന്നതുകൊണ്ട് അടുത്തമാസം അപകടം വരില്ലെന്നുണ്ടോ; 10 വർഷം കഴിഞ്ഞേ അപകടം വരാവൂ, കാലിന് അപകടം പറ്റി തുക വാങ്ങിയിട്ടുണ്ടെങ്കിൽ പിന്നീട് ആറുമാസം കഴിഞ്ഞ് കാലിന് അപകടം പറ്റിയാൽ തുക കിട്ടില്ല, പിന്നീട് കൈകൾക്ക് അല്ലെങ്കിൽ തലയ്ക്ക് അപകടം പറ്റിയെങ്കിൽ മാത്രമെ തുക ലഭിക്കൂ എന്നൊക്കെ പറയുന്ന വ്യവസ്ഥകൾ ബില്ലിലുണ്ടെന്ന് പറയുന്നു. അങ്ങനെ ഇതിനെ കാണാൻ കഴിയുമോ? അപകടം സംഭവിക്കുന്നത് തലയ്ക്കാണോ കാലിനാണോ കൈകൾക്കാണോ എന്നത്.... ആവർത്തിച്ച് അപകടങ്ങൾ സംഭവിച്ചുകഴിഞ്ഞാൽ അതിന് കാലപരിധിയില്ലാതെ, അവയവങ്ങൾ നോക്കാതെ അവർക്ക് സഹായം കൊടുക്കുന്ന സമീപനം ക്ഷേമനിധി ബോർഡിന്റെ ഭാഗത്തുനിന്നുണ്ടാകണം. എല്ലാ അർത്ഥത്തിലും ഇതെല്ലാം സമന്വയിപ്പിച്ച് ഒരു ബോർഡിന് കീഴിലാക്കുന്നത് തീർച്ചയായും വളരെ നല്ലതാണ്. അതോടൊപ്പം ഇത്തരം കാര്യങ്ങൾകൂടി, തൊഴിലാളികൾക്ക് കൊടുക്കേണ്ട പരമാവധി സഹായങ്ങൾ കൊടുക്കാൻ

കഴിയണം. ഞാൻ ഒരിക്കൽക്കൂടി അടിവരയിട്ട് പറയുന്നു, മറ്റ് ബോർഡുകളിൽനിന്ന് വ്യത്യസ്തമായി സാമ്പത്തിക ആസ്തിയുള്ള ബോർഡ് എന്നുള്ള നിലയ്ക്ക് കൂടുതൽ തൊഴിലാളികളെ ഇതിൽ അംഗങ്ങളായി മാറ്റിക്കൊണ്ട് അവർക്ക് പരമാവധി സഹായം നൽകാനുള്ള നടപടിയുണ്ടാകണം. അതുപോലെ, എല്ലാ ആനുകൂല്യങ്ങളും കൂടുതൽ വർദ്ധിപ്പിച്ച് നൽകാനുള്ള നടപടിയും ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്ന് സൂചിപ്പിച്ചുകൊണ്ട് എന്റെ ഭേദഗതി മൂവ് ചെയ്യുന്നു.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള അബ്കാരിത്തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ, 2022-ലെ കേരള മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ എന്നിവയെക്കുറിച്ച് ഇവിടെ നടന്ന ചർച്ച വളരെ ആരോഗ്യകരമായിരുന്നു. ഇതുമായി ബന്ധപ്പെട്ട് ഒരുപാട് നല്ല നിർദ്ദേശങ്ങൾ വന്നിട്ടുണ്ട്. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം, തൊഴിലാളികളുടെ താൽപ്പര്യം മുൻനിർത്തിയുള്ള പ്രവർത്തനങ്ങളാണ്

ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്നത്. എൽ.ഡി.എഫ്. സർക്കാർ തൊഴിൽ ചെയ്യുന്ന ജനതയോട് പുലർത്തുന്ന ആഭിമുഖ്യം വെളിപ്പെടുത്തുന്നതാണ് ഈ രണ്ട് നിയമഭേദഗതികളും. അസംഘടിതരും പാർശ്വവത്കരിക്കപ്പെട്ടവരുമായ തൊഴിലാളികളെയും തൊഴിൽ മേഖലകളെയും മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരുന്നതിന് നിരവധി ഇടപെടലുകളാണ് തൊഴിൽവകുപ്പ് മുഖേന നടത്തിക്കൊണ്ടിരിക്കുന്നത്. തൊഴിലാളികളുടെ സാമ്പത്തിക-സാമൂഹിക സുരക്ഷയും ഉന്നമനവും ഉറപ്പാക്കി കേരളത്തിന്റെ വികസന സാധ്യതകൾക്കും സ്വപ്നങ്ങൾക്കും ആക്കം കൂട്ടുന്ന ഒട്ടേറെ കാലികവും നൂതനവുമായ പദ്ധതികളും പരിപാടികളും തൊഴിൽ വകുപ്പ് ആസൂത്രണം ചെയ്തുകൊണ്ടുവരികയാണ്. കാലഘട്ടത്തിനനുസരിച്ച് തൊഴിൽമേഖലകൾ നവീകരിക്കുന്നതിനും അതിനനുസരിച്ചുള്ള നൈപുണ്യവികസനം പ്രദാനം ചെയ്യുന്നതിനുമുള്ള ശ്രമങ്ങൾക്കും വകുപ്പ് തുടക്കം കുറിച്ചിട്ടുണ്ട്. അസംഘടിത മേഖലയിലെ തോട്ടം തൊഴിലാളികൾ, അതിഥി തൊഴിലാളികൾ, ചുമട്ട് തൊഴിലാളികൾ, ഗാർഹിക തൊഴിലാളികൾ, സ്ത്രീ തൊഴിലാളികൾ തുടങ്ങിയ എല്ലാ തൊഴിലാളികളുടെയും ക്ഷേമവും സുരക്ഷയും ഉന്നമനവും ലക്ഷ്യമാക്കി

അതാത് മേഖലയ്ക്കനുയോജ്യമായ പദ്ധതികൾക്കാണ് രൂപം നൽകിയിട്ടുള്ളത്. മികച്ച തൊഴിലാളി-തൊഴിലുടമ ബന്ധം നിലനിർത്തുന്നതിന് നമുക്ക് കഴിഞ്ഞിട്ടുണ്ട്. കേരളത്തിൽ എല്ലാ തൊഴിൽ മേഖലകളും സ്ത്രീ സൗഹൃദങ്ങളാക്കുന്നതിനുള്ള ആശയങ്ങളും പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. തൊഴിലാളികളുടെ മിനിമം വേതനം ഉറപ്പാക്കുകയെന്നത് സർക്കാരിന്റെ പ്രഖ്യാപിത നയങ്ങളിലൊന്നാണ്. കേരളത്തിൽ ഇപ്പോൾ ശരാശരി 837.30 രൂപ വരുന്ന നിലയിലാണ് മിനിമം വേതനം നിശ്ചയിച്ചിട്ടുള്ളത്. ഇന്ത്യയിൽ മറ്റൊരു സംസ്ഥാനത്തും ഈ നിലയിലുള്ള മിനിമം വേതനം നിശ്ചയിച്ചിട്ടില്ല. തൊഴിൽ മേഖലകളിൽ മിനിമം വേതനം പുതുക്കി നിശ്ചയിച്ച് കഴിഞ്ഞിരിക്കുകയാണ്. രാജ്യത്ത് തൊഴിലാളികൾക്ക് ഏറ്റവും കൂടിയ കൂലി ലഭിക്കുന്ന സംസ്ഥാനമെന്ന റിസർവ് ബാങ്കിന്റെ അംഗീകാരം സ്വന്തമാക്കിയത് നമ്മുടെ കേരളമാണ്. ഞാൻ നേരത്തെ പറഞ്ഞതുപോലെ, പ്രതിദിനം ശരാശരി 837.30 രൂപ കേരളത്തിലെ നിർമ്മാണമേഖലയിലെ തൊഴിലാളികൾക്ക് കൂലി ലഭിക്കുകയാണ്. കാർഷിക-കാർഷികേതര മേഖലകളിലും ഏറ്റവും കൂടുതൽ വേതനം ലഭിക്കുന്ന സംസ്ഥാനം കേരളമാണെന്ന് കണക്കുകൾ

ചൂണ്ടിക്കാണിക്കുകയാണ്. മറ്റ് തൊഴിൽ മേഖലകളിലെ വേതനത്തിന്റെ കാര്യത്തിലും കേരളത്തിന്റെ സ്ഥാനം ദേശീയ ശരാശരിയേക്കാൾ മുകളിലാണ്. വൻകിട കമ്പനികളുടെ കുത്തകയായിരുന്ന ഓൺലൈൻ ടാക്സി സർവ്വീസ് രാജ്യത്ത് കേരള സംസ്ഥാനത്താണ് ആദ്യമായി നടപ്പിലാക്കിയത്. സംസ്ഥാനത്തെ ഓട്ടോ-ടാക്സി ശൃംഖലകളെ ബന്ധിപ്പിച്ചുകൊണ്ട് സർക്കാർ നടപ്പിലാക്കിയ 'കേരള സവാരി' സുരക്ഷിതവും കുറഞ്ഞ നിരക്കിൽ പൊതുജനങ്ങൾക്ക് ലഭ്യമായിയെന്നതുമാണ് ഈ പദ്ധതിയുടെ ഏറ്റവും വലിയ ഗുണം. അതിലുള്ള കുറവുകളെ സംബന്ധിച്ച് ബഹുമാനപ്പെട്ട അംഗങ്ങൾ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അതിന് പരിഹാരം കാണുന്നതിനുള്ള പരിശ്രമം നടത്തുന്നതാണ്. സംസ്ഥാനത്തെ തൊഴിൽ മേഖലയിലെ അവിഭാജ്യഘടകമാണ് അതിഥിത്തൊഴിലാളികൾ. ഇൻഷ്വറൻസ് പദ്ധതി, സാമൂഹ്യ സുരക്ഷാ പദ്ധതി തുടങ്ങി തദ്ദേശ തൊഴിലാളികൾക്ക് ലഭിക്കുന്ന എല്ലാ സൗകര്യങ്ങളും അതിഥിത്തൊഴിലാളികൾക്കും സർക്കാർ ഉറപ്പാക്കിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഒരുക്കിയിട്ടുള്ള ഹോസ്റ്റലുകൾ, മറ്റ് താമസസൗകര്യങ്ങൾ, 14 ജില്ലകളിലുമുള്ള ഫെസിലിറ്റേഷൻ സെന്ററുകൾ

എന്നിവ ഈ മേഖലയിൽ ഗവൺമെന്റ് നടപ്പിലാക്കിയ വികസന കാര്യങ്ങളാണ്. അതിഥിത്തൊഴിലാളികൾക്ക് സൗജന്യ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയ രാജ്യത്തെ ഏക സംസ്ഥാനം കേരളമാണെന്നത് ഏറെ അഭിമാനകരമാണ്. തൊഴിൽ മേഖലയിലെ വിവിധ തർക്കങ്ങൾ പരിഹരിക്കുന്നതിന് റിക്കാർഡ് നേട്ടമാണ് ഈ സർക്കാരിന്റെ കാലത്തെ തൊഴിൽ വകുപ്പ് കൈവരിച്ചിട്ടുള്ളത്. ഫയലുകൾ തീർപ്പാക്കുന്നതിലും തൊഴിൽ ബോണസ് തർക്കങ്ങളിലും കേസുകളുടെ നടത്തിപ്പിലും ശ്രദ്ധേയമായ ഇടപെടലുകളാണ് തൊഴിൽ വകുപ്പ് നടത്തിയിട്ടുള്ളത്. ഈ ഓണക്കാലത്ത് ബോണസുമായി ബന്ധപ്പെട്ട എല്ലാ തർക്കങ്ങളും സമയബന്ധിതമായി പരിഹരിച്ച് തൊഴിലാളികൾക്ക് അർഹമായ ബോണസ് ആനുകൂല്യങ്ങൾ ഉറപ്പാക്കുന്നതിനും സാധിച്ചിട്ടുണ്ട്. വികസന സൗഹൃദ തൊഴിൽ സംസ്കാരത്തിലേയ്ക്ക് അതിവേഗത്തിലുള്ള കുതിച്ചുചാട്ടത്തിലാണ് കേരളത്തിന്റെ തൊഴിൽ മേഖല. സംസ്ഥാനത്തിന്റെ വികസന സ്വപ്നങ്ങൾക്ക് ശക്തമായ അടിത്തറ പാകുന്നതരത്തിൽ തൊഴിൽ മേഖല പാകപ്പെടുത്തുന്ന നയങ്ങളാണ് തൊഴിൽ വകുപ്പ് സ്വീകരിച്ചുവരുന്നത്. കേന്ദ്ര സർക്കാരിനും മറ്റ് സംസ്ഥാനങ്ങൾക്കും മാതൃകയാകുന്ന തൊഴിലാളി

ക്ഷേമ നടപടികളാണ് സർക്കാർ മുന്നോട്ടുവയ്ക്കുന്നത്. കേന്ദ്ര സർക്കാരാകട്ടെ കടുത്ത തൊഴിലാളി ദ്രോഹ നടപടികളുമായിട്ടാണ് മുന്നോട്ടുപോകുന്നത്. ദീർഘനാളത്തെ പോരാട്ടങ്ങളുടെ ഫലമായി നേടിയെടുത്ത തൊഴിൽ നിയമങ്ങളെല്ലാംതന്നെ തൊഴിലുടമകൾക്ക് അനുകൂലമായി മാറ്റുകയാണ്. പൊതുമേഖല സ്ഥാപനങ്ങളെ ഒന്നൊന്നായി കോർപ്പറേറ്റുകൾക്ക് തീറെഴുതുകയാണ് കേന്ദ്ര സർക്കാർ. കേന്ദ്ര സർക്കാരിന്റെ ഇത്തരം നടപടികളെ ചെറുക്കുന്നതിന് കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ ബദൽ സംവിധാനങ്ങളുമായി മുന്നോട്ടുപോകുകയാണ്. പൊതുമേഖലയെ സംരക്ഷിക്കുകയെന്നതും ഏറ്റെടുത്ത് പ്രവർത്തിപ്പിക്കുകയെന്നതും എൽ.ഡി.എഫ്. സർക്കാരിന്റെ രാഷ്ട്രീയ നയമാണ്. അതിന്റെ തിളക്കമാർന്ന ഉദാഹരണമാണ് കോട്ടയത്തെ കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡ്. പൊതുമേഖല സംരക്ഷിക്കുന്നതിനും തൊഴിൽ അന്തരീക്ഷം മെച്ചപ്പെടുത്തുന്നതിനും മാത്രമല്ല, മതനിരപേക്ഷത, ജനാധിപത്യം, സാമൂഹ്യനീതി, ലിംഗസമത്വം, ഫെഡറലിസം തുടങ്ങിയ ഭരണഘടനാ മൂല്യങ്ങൾ സംരക്ഷിക്കാനും ഉറച്ചനിലപാടാണ് തൊഴിൽ വകുപ്പ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്.

ബോർഡുകളിൽനിന്ന് ലഭിക്കുന്ന പെൻഷൻ അപേക്ഷയിൽ ഓഫീസർ ഒപ്പുവയ്ക്കുന്ന തീയതി മുതൽ മാത്രമേ പെൻഷൻ ലഭിക്കുവെന്നത് ധനകാര്യ വകുപ്പിന്റെ ഒരു ഉത്തരവാണ്. ആ ഉത്തരവിലെ ആ വ്യവസ്ഥ ഭേഭഗതി ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് തൊഴിൽ വകുപ്പ് ധനകാര്യ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. തൊഴിലാളികൾക്ക് അനുകൂലമായ തീരുമാനമുണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. ബഹുമാനപ്പെട്ട അംഗം ടി. സിദ്ദിഖ് ഇവിടെ സൂചിപ്പിച്ച ചില കാര്യങ്ങൾ, സംസ്ഥാനത്തെ പല സ്ഥലങ്ങളിലും ഇത്തരം കാര്യങ്ങൾ നടക്കുന്നുണ്ട്. അതിന്റെ എല്ലാ വിവരങ്ങളും ഗവൺമെന്റിന്റെ കൈവശമുണ്ട്. അങ്ങ് ആ കുട്ടിയെ ചെന്ന് കാണുന്നതിനുവേണ്ടി തയ്യാറായത് ഏറ്റവും നല്ല കാര്യമാണ്. അക്കാര്യം എന്റെ ശ്രദ്ധയിൽപ്പെടുത്തിയതിന് ഞാൻ അങ്ങയെ അഭിനന്ദിക്കുകയാണ്. വിദ്യാഭ്യാസ വകുപ്പ് ആവശ്യപ്പെട്ടതനുസരിച്ച് അവിടത്തെ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ അന്വേഷണ റിപ്പോർട്ട് നൽകിയിട്ടുണ്ട്. അങ്ങിവിടെ എന്നോട് പറഞ്ഞ കാര്യങ്ങളും വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ നൽകിയിട്ടുള്ള അന്വേഷണ റിപ്പോർട്ടും വച്ചുകൊണ്ട് ചെയ്യാൻ സാധിക്കുന്ന എല്ലാ കാര്യങ്ങളും നമുക്ക് ചെയ്യാം. ആ കുട്ടിയെ തിരിച്ച് ജീവിതത്തിലേയ്ക്ക്

കൊണ്ടുവരുന്നതിന് സാധിക്കണം. അതിനുവേണ്ടി നമുക്ക് പരിശ്രമിക്കാമെന്ന കാര്യം ഞാൻ ഇവിടെ സൂചിപ്പിക്കുകയാണ്. ആ കുട്ടി ആദ്യം പഠിച്ച സ്കൂളിൽ തുടർന്ന് പഠിക്കുന്ന കാര്യം പ്രയാസമാണെന്ന് അങ്ങിവിടെ സൂചിപ്പിച്ചു. ആ കുട്ടിയും രക്ഷകർത്താക്കളും ആവശ്യപ്പെടുന്ന പ്രദേശത്തെ സ്കൂളിലേയ്ക്ക് സ്ഥലംമാറ്റം നൽകുന്നതിനുള്ള നടപടി സ്വീകരിക്കാമെന്ന കാര്യം കൂടി അങ്ങയെ അറിയിക്കാൻ ആഗ്രഹിക്കുകയാണ്.

ലഹരിക്കെതിരായുള്ള പ്രവർത്തനത്തെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചു. ലഹരി ഉടനെയുണ്ടായ കാര്യമല്ലായെന്നത് എല്ലാവർക്കുമറിയാം. ഇടതുപക്ഷ ജനാധിപത്യമുന്നണി അധികാരത്തിൽ വന്നതിനുശേഷമുണ്ടായ കാര്യമല്ല. നമ്മുടെ ലോകമുണ്ടായ കാലം മുതൽ ലഹരിയുടെ പ്രശ്നങ്ങളുമുണ്ടായിട്ടുണ്ട്. ഇപ്പോൾ ഇത് വളരെ കൂടുതലാണ്. പ്രത്യേകിച്ച് ചെറുപ്പക്കാരും വിദ്യാർത്ഥികളുമൊക്കെയാണ് ഇത് തേടിപ്പോകുന്നത്. നമ്മുടെ ഭാവിതലമുറയെയാണ് ഇത് ബാധിക്കുന്നതെന്ന് മനസ്സിലാക്കി അവരെ അതിൽനിന്ന് പിന്തിരിപ്പിക്കാനും ലഹരി മാഫിയയെ നിലയ്ക്കുനിർത്തുന്നതിനുംവേണ്ടി ഇടതുപക്ഷ ജനാധിപത്യമുന്നണിയും ഭരണ-

പ്രതിപക്ഷ കക്ഷികളുമെല്ലാം ചേർന്നുകൊണ്ടാണ് നടപടി സ്വീകരിച്ച് മുന്നോട്ടുപോകുന്നത്. യാന്ത്രികമായുള്ള കേസെടുത്തതുകൊണ്ട് മാത്രം ഈ പ്രശ്നത്തിന് പരിഹാരം കാണാൻ സാധിക്കില്ല. ഇന്നുള്ള കേസുകളുടെ വകുപ്പുകൾ വളരെ ദുർബലമാണ്. ജനങ്ങളെ അണിനിരത്തിക്കൊണ്ടുള്ള ക്യാമ്പയിനാണ് ഇതിനാവശ്യം. ഒന്നാമത്തെ ഒരു ക്യാമ്പയിൻ കഴിഞ്ഞു. രണ്ടാമത്തെ ക്യാമ്പയിനും ആരംഭിച്ചുകഴിഞ്ഞു. തുടർച്ചയായ പ്രക്രിയയായി ഇതിനെ മുന്നോട്ട് കൊണ്ടുപോകേണ്ടതായുണ്ട്.

Gig workers-നെസംബന്ധിച്ച് സൂചിപ്പിച്ചു. കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു വിഷയമാണിത്. ഹോട്ടലുകളിൽനിന്ന് ഭക്ഷണം വാങ്ങി വീടുകളിലെത്തിക്കുന്ന ചെറുപ്പക്കാരെയും ചെറുപ്പക്കാരികളെയും ഇന്ന് ഏത് നഗരത്തിലും കാണാം. അതൊരു പ്രസ്ഥാനമായി മാറിക്കഴിഞ്ഞിരിക്കുകയാണ്. അവരെ അംഗീകരിക്കേണ്ട സാഹചര്യമാണ് നിലനിൽക്കുന്നത്. അവർക്കും കുറെ തൊഴിൽ പ്രശ്നങ്ങളുണ്ട്. അവരെ ഏതെങ്കിലും ഒരു ക്ഷേമനിധി ബോർഡുമായി ചേർക്കുന്ന കാര്യത്തെ സംബന്ധിച്ച് ഗവൺമെന്റ് ആലോചിച്ചുകൊണ്ടിരിക്കുകയാണെന്ന കാര്യംകൂടി ഞാൻ സഭയെ അറിയിക്കുകയാണ്.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, കേരളത്തിൽ ചെത്തുതൊഴിലാളി ക്ഷേമനിധി ബോർഡിലുൾപ്പെടെ യഥാർത്ഥ തൊഴിലാളികളെക്കാൾ എത്രയോ കൂടുതൽ ആളുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്ന് എല്ലാവർക്കും അറിയാവുന്ന യാഥാർത്ഥ്യമാണ്. കേരളത്തിൽ ചെത്തുന്ന കള്ളിനേക്കാൾ കൂടുതൽ കള്ള് ഇവിടെ വിൽപ്പന നടത്തുന്നതായി പറഞ്ഞു കേൾക്കുന്നുണ്ട്. വലിയ സാമ്പത്തിക പ്രതിസന്ധി സർക്കാർ നേരിടുന്ന സന്ദർഭത്തിൽ ഈ വ്യാജ തൊഴിലാളികൾക്കടക്കം ആനുകൂല്യങ്ങൾ നൽകേണ്ടിവരികയാണ്. യഥാർത്ഥ തൊഴികളിലേയ്ക്കുമാത്രം ക്ഷേമനിധി ബോർഡുകളെ കേന്ദ്രീകരിപ്പിക്കുകയും വ്യാജ കള്ളും മറ്റും തടയുകയും ചെയ്യുന്നതിനുള്ള സാഹചര്യമുണ്ടാക്കണം. കള്ള്, മദ്യം എന്നിവ നിരോധിക്കണമെന്ന് പറഞ്ഞാൽ അതിന്റെ മഹത്തായ താൽപ്പര്യം ഉൾക്കൊള്ളാൻ ചിലപ്പോൾ ബഹുമാനപ്പെട്ട മന്ത്രിക്ക് സാധിച്ചില്ലെന്നുവന്നേയ്ക്കാം. എന്നാൽ വ്യാജ മദ്യത്തിന്റെയും വ്യാജ കള്ളിന്റെയും  ഉപയോഗമെങ്കിലും തടയാൻ ഒരു ശ്രമം നടത്തിക്കൂടേ?

ശ്രീ. വി. ശിവൻകുട്ടി: സർ, നമ്മളെല്ലാവരും കൂടി സംഘടിച്ച് മദ്യപാൻമാരെ ഉപദേശിക്കണം.

ശ്രീ. എ. പ്രഭാകരൻ: സർ, ഒരു ചെത്തുതൊഴിലാളിക്കോ വിൽപ്പനത്തൊഴിലാളിക്കോ എത്ര കടമ്പ കഴിഞ്ഞിട്ടാണ് രജിസ്ട്രേഷൻ നൽകുന്നതെന്ന് അറിയാമോ; അങ്ങനെ രജിസ്ട്രേഷൻ നൽകിയ തൊഴിലാളികൾക്കല്ലാതെ മറ്റൊരാൾക്കും ക്ഷേമനിധി ബോർഡ് പെൻഷൻ നൽകുന്നില്ല. ക്ഷേമനിധി വെൽഫെയർ ബോർഡിൽ ഞാനും ഒരംഗമാണ്. 15 കടമ്പകൾ പരിശോധിച്ചാണ് തൊഴിലാളിക്ക് രജിസ്ട്രേഷൻ നൽകുന്നത്. അങ്ങനെ നൽകിയ തൊഴിലാളികൾക്കല്ലാതെ ഒരാൾക്കും അതിൽ പെൻഷൻ നൽകാറില്ല.

ശ്രീ. വി. ശിവൻകുട്ടി: സർ, ശരിയാണ്. ചെത്തുതൊഴിലാളിയുടെയും ഹെഡ്ലോഡ് വർക്കേഴ്സിന്റെയും ആഭരണ തൊഴിലാളികളുടെയും ക്ഷേമനിധി ബോർഡിൽ യഥാർത്ഥ തൊഴിലാളികൾക്ക് മാത്രമെ അംഗത്വം ലഭിക്കുകയുള്ളൂ. അല്ലാത്ത ചില ക്ഷേമനിധിയിൽ ന്യായമല്ലാത്ത നിലയിലുള്ള മെമ്പർഷിപ്പ് ലഭിച്ചിട്ടുണ്ട്. അത് പരിശോധിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. അങ്ങനെ കടന്നുകയറുന്നതിന്റെ  ഫലമായി യഥാർത്ഥ തൊഴിലാളികൾക്ക് ആനുകൂല്യം ലഭിക്കാത്ത സാഹചര്യമുണ്ടാകുകയാണ്.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, ക്ഷേമനിധിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കർഷകത്തൊഴിലാളികളുടെ എണ്ണം കേരളത്തിൽ ലഭ്യമാകുന്ന തൊഴിലാളികളുടെ മൂന്ന് ഇരട്ടിയോളമാണ്. എന്നാൽ കേരളത്തിലെ കർഷകർക്ക് തൊഴിലാളികളെ ലഭിക്കുന്നില്ല. ഈ പണമൊക്കെ പെൻഷന്റെ പേരിൽ പോകുന്നത് എവിടേയ്ക്കാണ്; ഇത് തടയേണ്ടതല്ലേ?

ശ്രീ. വി. ശിവൻകുട്ടി: സർ, കർഷകത്തൊഴിലാളികളൊക്കെ കേരളത്തിലുണ്ട്. അത് ശ്രദ്ധിക്കാത്തതും മനസ്സിലാക്കാത്തതും കൊണ്ടാണ്. കർഷകത്തൊഴിലാളി ക്ഷേമനിധി വളരെ ഫലപ്രദമായിത്തന്നെ പ്രവർത്തിക്കുന്നുണ്ട്. അവർക്ക് എല്ലാ ആനുകൂല്യങ്ങളും ലഭിക്കുന്നുണ്ട്. അങ്ങത് ശ്രദ്ധിക്കാത്തതിന്റെ ഫലമായാണ് പറഞ്ഞത്. കേരളത്തിൽ 16 ക്ഷേമനിധി ബോർഡുകളുണ്ട്. കേരളത്തിൽ മാത്രമാണ് ഇത്രയുമധികം ക്ഷേമനിധികളുള്ളത്. അതുകൊണ്ടുതന്നെ ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തണം.

മദ്യനയത്തെ സംബന്ധിച്ച് ഇവിടെ സൂചിപ്പിച്ചു. ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ മദ്യനയത്തിൽ ഒരു മാറ്റവും വന്നിട്ടില്ല. മദ്യ ഉപയോഗം പടിപടിയായി കുറയ്ക്കുക, മദ്യ വർജ്ജനത്തിനുവേണ്ടിയുള്ള

ക്യാമ്പയിൻ നടത്തുക ഇതെല്ലാം നമ്മുടെ നയങ്ങളാണ്. ഇടതുപക്ഷ ജനാധിപത്യമുന്നണി അതിൽനിന്നും പിന്നോട്ട് പോയിട്ടില്ല. കേരള ഷോപ്സ് ആൻഡ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ടിനെ സംബന്ധിച്ച് അങ്ങ് ഇവിടെ സൂചിപ്പിച്ചു. അതിലുണ്ടായത് എന്താണെന്ന് പരിശോധിക്കാം. കുട്ടികളുടെ വിദ്യാഭ്യാസത്തിനുവേണ്ടി പരമാവധി ഫണ്ട് ക്ഷേമനിധി ബോർഡുകൾ മാറ്റിവയ്ക്കണമെന്നത് സംബന്ധിച്ച് ആലോചിക്കണമെന്ന നിർദ്ദേശം ബഹുമാനപ്പെട്ട അംഗം ശ്രീ. എ. പി. അനിൽ കുമാർ ഇവിടെ സൂചിപ്പിച്ചു. ആ നിർദ്ദേശം പരിശോധിക്കാമെന്നുള്ള കാര്യം അങ്ങയോട് സൂചിപ്പിക്കാൻ വേണ്ടി ആഗ്രഹിക്കുകയാണ്. ഈ രണ്ട് ബില്ലും പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ചെയർപേഴ്സൺ: ശ്രീ. എം. രാജഗോപാൽ, അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. എം. രാജഗോപാൽ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

ചെയർപേഴ്സൺ: ശ്രീ. എം. രാജഗോപാൽ അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ടി. സിദ്ദിഖ്, അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ്

ചെയ്യുന്നുണ്ടോ?

ശ്രീ. ടി. സിദ്ദിഖ്: സർ, ഞാൻ പ്രസ് ചെയ്യുന്നു.

ചെയർപേഴ്സൺ: ശ്രീ. ടി. സിദ്ദിഖ് അവതരിപ്പിച്ച 2 (ബി) നമ്പർ ഭേദഗതിയെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. ഐ. മധുസൂദനൻ, അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. ടി. ഐ. മധുസൂദനൻ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

ചെയർപേഴ്സൺ: ശ്രീ. ടി. ഐ. മധുസൂദനൻ അവതരിപ്പിച്ച 1(എ) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എ. പി. അനിൽ കുമാർ, അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഞാൻ പ്രസ് ചെയ്യുന്നു.

ചെയർപേഴ്സൺ: ശ്രീ. എ. പി. അനിൽ കുമാർ അവതരിപ്പിച്ച 2(ബി)

നമ്പർ ഭേദഗതിയെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള അബ്കാരിത്തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ എന്നിവ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ.........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബില്ലുകൾ പരിഗണനയ്ക്കെടുക്കുന്നു.

<u>വകുപ്പ് തിരിച്ചുള്ള പരിഗണന</u>

<u>2022-ലെ കേരള അബ്കാരിത്തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ</u>
<u>രണ്ടാം വകുപ്പ്</u>

<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി

അവതരിപ്പിക്കുന്നു.

115. ഖണ്ഡം 2 പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 2-ൽ "ക്ലബ്ബുകളിലോ" എന്നതിനുശേഷം "റിസോർട്ടുകളിലോ" എന്ന് ചേർക്കുക.

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

118. ഖണ്ഡം 2 പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 2-ൽ " ക്ലബ്ബുകളിലോ" എന്നതിനുശേഷം " മറ്റ് അധികൃത മദ്യ വിൽപ്പന കേന്ദ്രങ്ങളിലോ" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. കെ. യു. ജനീഷ് കുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

120. പ്രധാന ആക്റ്റിൽ വകുപ്പ് 2(എം)(ii) " ഓവർടൈം അലവൻസും," എന്ന വാക്കുകളും ചിഹ്നവും വിട്ടുകളയേണ്ടതാണ്.

ചെയർപേഴ്സൺ: 116, 117 എന്നീ നമ്പർ ഭേദഗതികൾ 115-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിയുടെ 119-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി ഞാൻ അവതരിപ്പിക്കുന്നു.

119. ഖണ്ഡം 2-ൽ " ചേർക്കേണ്ടതാണ്" എന്നതിനുശേഷമുള്ള " ; " എന്ന ചിഹ്നത്തിനുപകരം " . " എന്ന ചിഹ്നം ചേർക്കുക.

ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

ചെയർപേഴ്സൺ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 119-ാം നമ്പർ ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി അവതരിപ്പിച്ച 115-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 118-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. യു. ജനീഷ് കുമാർ അവതരിപ്പിച്ച 120-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ...........

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ

ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മൂന്നാം വകുപ്പ്

ശ്രീമതി കാനത്തിൽ ജമീല: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

124. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3 എ(1)-ൽ " ഒരു രജിസ്റ്റർ തൊഴിലുടമയുടെ പേര് സൂചിപ്പിച്ചുകൊണ്ട്" എന്നതിനുപകരം " പേര് വിവരങ്ങൾ സൂചിപ്പിച്ചുകൊണ്ട് നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം ഒരു രജിസ്റ്റർ" എന്ന് ചേർക്കുക.

133. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3 എ(2)-ൽ "ആക്ഷേപമുണ്ടെങ്കിൽ" എന്നതിനുപകരം "പരാതിയുണ്ടെങ്കിൽ" എന്ന് ചേർക്കുക.

ശ്രീ. സണ്ണി ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

125. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3 എ(1)-ൽ, " തൊഴിലുടമയുടെ" എന്നതിനുപകരം " തൊഴിലുടമയുടെയും സ്ഥാപനത്തിന്റെയും" എന്ന് ചേർക്കുക.

ശ്രീ. ടി. സിദ്ദിഖ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി

അവതരിപ്പിക്കുന്നു.

126. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3 എ(1)-ൽ "തൊഴിലുടമയുടെ പേര്" എന്നതിനുപകരം "തൊഴിലുടമയുടെയും സ്ഥാപനത്തിന്റെയും പേരും വിശദാംശങ്ങളും" എന്ന് ചേർക്കുക.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

132. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3 എ(2)-ൽ "ലിസ്റ്റ്" എന്നതിനുപകരം "പട്ടിക" എന്ന് ചേർക്കുക.

137. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3 എ(3)-ൽ "ലിസ്റ്റ്" എന്ന് വരുന്നിടത്തെല്ലാം പകരം "പട്ടിക" എന്ന് ചേർക്കുക.

141. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3 എ(4)-ൽ "ബോർഡിന്റെ ചെയർമാൻ" എന്നതിനുപകരം "ബോർഡ് ചെയർമാന്റെ" എന്ന് ചേർക്കുക.

143. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3 എ(5)-ൽ "ബോർഡിന്റെ" എന്നതിനുപകരം "ബോർഡ്" ചേർക്കുക.

144. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3 എ(5)-ൽ "ബാധിക്കപ്പെട്ട" എന്നതിനുപകരം "ബന്ധപ്പെട്ട" എന്ന വാക്ക് ചേർക്കുക.

146. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3 എ(5)-ൽ "ലിസ്റ്റിൽ" എന്നതിനുപകരം "പട്ടികയിൽ" എന്ന് ചേർക്കുക.

ശ്രീ. ലിന്റോ ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

134. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3 എ(2)-ൽ " അദ്ദേഹത്തിന്റെ ആഫീസിലെയും അതിനുതാഴെയുള്ള" എന്നതിനുപകരം " ആ ആഫീസിലെയും അതിനുകീഴിലുള്ള" എന്ന് ചേർക്കുക.

ശ്രീ. എം. വിൻസെന്റ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

139. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3 എ(3)-ൽ "മുൻപാകെ" എന്നതിനുശേഷം "രേഖാമൂലം" എന്ന് ചേർക്കുക.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

142. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3 എ(4)-ൽ "മുമ്പാകെ" എന്നതിനുശേഷം "നിർദ്ദേശം ഉൾപ്പെടുത്തി" എന്ന് ചേർക്കുക.

ശ്രീ. ടി. ഐ. മധുസൂദനൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

145. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3 എ(5)-ൽ "ബാധിക്കപ്പെട്ട ആളുകൾക്ക് പറയുവാനുള്ളത് പറയുവാൻ ഒരവസരം നൽകിയതിന്" എന്നതിനുപകരം

"ബാധിക്കപ്പെടാനിടയുള്ള ആളുകളുടെ ഭാഗം കേട്ടതിന്" എന്ന് ചേർക്കുക.

ചെയർപേഴ്സൺ: 121, 122 എന്നീ നമ്പർ ഭേദഗതികൾ മാർജിനൽ ശീർഷകത്തിനുള്ളതാകയാൽ ക്രമപ്രകാരമല്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

ചെയർപേഴ്സൺ: ശ്രീമതി കാനത്തിൽ ജമീല അവതരിപ്പിച്ച 124, 133 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച 125-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. സിദ്ദിഖ് അവതരിപ്പിച്ച 126-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 132, 137, 141, 143, 144, 146 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ലിന്റോ ജോസഫ് അവതരിപ്പിച്ച 134-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 139-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ അവതരിപ്പിച്ച 142-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. ഐ. മധുസൂദനൻ അവതരിപ്പിച്ച 145-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>നാലാം വകുപ്പ്</u>

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

148. ഖണ്ഡം 4(1) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(1)-ൽ "തൊഴിലുടമ നൽകേണ്ട" എന്നതിനുശേഷം "ഏറ്റവും കുറഞ്ഞ" എന്ന് ചേർക്കുക.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

149. ഖണ്ഡം 4(1) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(1)-ൽ "നൽകുന്ന" എന്നതിനുശേഷം "പ്രതിമാസ" എന്ന് ചേർക്കുക.

159. ഖണ്ഡം 4(1) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(1)-ൽ "അബ്കാരിത്തൊഴിലാളിയുടെ" എന്നതിനുപകരം "അബ്കാരിത്തൊഴിലാളിയ്ക്ക് തത്സമയം ലഭിക്കുന്ന" എന്ന് ചേർക്കുക.

ശ്രീ. ലിന്റോ ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

161. ഖണ്ഡം (4)(2) ചുവടെപ്പറയും പ്രകാരം മാറ്റുക:

(2) (2)-ാം ഉപവകുപ്പിൽ "അഞ്ചു" എന്ന വാക്കിനുപകരം "ഏഴ്" എന്ന വാക്ക് ചേർക്കുക.

ശ്രീ. ടി. ഐ. മധുസൂദനൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

162. ഖണ്ഡം (4)(2) ൽ "ശതമാനത്തിന്" എന്ന് വരുന്നിടത്തെല്ലാം ആയത് ഒഴിവാക്കുക.

ചെയർപേഴ്സൺ: 152-ാം നമ്പർ ഭേദഗതി 151-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, ശ്രീ. റോജി എം. ജോണിന്റെ 151-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി ഞാൻ അവതരിപ്പിക്കുന്നു.

151. ഖണ്ഡം 4(1) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(1)-ൽ "പത്തു" എന്നതിനുപകരം " പത്ത് " എന്ന് ചേർക്കുക.

ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

ചെയർപേഴ്സൺ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 151-ാം നമ്പർ ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 148-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 149, 159 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ലിന്റോ ജോസഫ് അവതരിപ്പിച്ച 161-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ടി. ഐ. മധുസൂദനൻ അവതരിപ്പിച്ച 162-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ...........

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, ശ്രീ. ഷാഫി പറമ്പിലിന്റെ 111-ാം നമ്പർ ഭേദഗതി ഔദ്യോഗിക

ഭേദഗതിയായി ഞാൻ അവതരിപ്പിക്കുന്നു.

111. ഖണ്ഡം 1(2) താഴെപ്പറയും പ്രകാരം മാറ്റുക:
"(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്."

ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ചെയർപേഴ്സൺ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 111-ാം നമ്പർ ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, 2022-ലെ കേരള അബ്കാരിത്തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ചെയർപേഴ്സൺ: 2022-ലെ കേരള അബ്കാരിത്തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സഭ പാസ്സായിരിക്കുന്നു.

2022-ലെ കേരള മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ

രണ്ടാം വകുപ്പ്

Smt. K. K. Rema: Sir, I move the following amendments.

137. In Clause 2 for the words " the Kerala" the words " The Kerala" shall be substituted.

139. In section 2(d), proposed to be inserted in the principal Act by Clause 2(a), between the words " and autorickshaw" the words " an" shall be inserted.

168. In section 2(d) proposed to be inserted in the principal Act by Clause 2(a), for the figure and word " 4 blacks smith"

the word “ blacksmith” shall be substituted.

180. In section 2(e) proposed to be inserted in the principal Act by Clause 2(b), for the words “ and person who owns the autorickshaw” the words “ and the person who owns an autorickshaw” shall be substituted.

Shri. Sebastian Kulathunkal: Sir, I move the following amendments.

141. In the section 2(d), proposed to be inserted in the principal Act by Clause 2(a), before the word “ autorickshaw” the word “ the” shall be inserted.

161. In section 2(d) proposed to be inserted in the principal Act by Clause2(a) the figure “ 4” occurring after the word and symbol “ workers,” shall be deleted.

Dr. N. Jayaraj: Sir, I move the following amendments.

145. In section 2(d) proposed to be inserted in the principal Act by Clause 2(a), before the word “ person” the letter “ a” shall be inserted.

156. In section 2(d) proposed to be inserted in the principal Act by Clause 2(a) for the word “ workers,” the word “ worker” shall be substituted.

173. In section 2 (d) proposed to be inserted in the principal Act by Clause 2 (a) for the word “ and” after the words “ office staff” , the word 'or' shall be substituted.

174. In section 2 (d) proposed to be inserted in the principal Act by Clause 2 (a) for the word " this" the word " these" shall be substituted.

175. In section 2(d) proposed to be inserted in the principal Act by Clause 2 (a), for the word " field" the word " fields" shall be substituted.

176. In section 2(d) proposed principal Act by Clause 2 (a) the symbol " ," after the word " field" shall be deleted.

177. In section 2(d) proposed to be inserted in the principal Act by Clause 2(a), before the words " worker notified" , the word " and" shall be inserted.

181. In section 2(e) proposed to be inserted in the principal Act by Clause 2(b), between the words " and " and " person" the word " the" shall be inserted.

Prof. Abid Hussain Thangal: Sir, I move the following amendments.

154. In section 2(d) proposed to be inserted in the principal Act by Clause 2(a), for the word " their" the word " its" shall be substituted.

155. In section 2(d) proposed to be inserted in the principal Act by Clause 2(a) for the word " fireman" the word " tyreman" shall be substituted.

179. In section 2(e) proposed to be inserted in the principal Act by Clause 2(b), for the words " and person" the words " and the person" shall be substituted.

185. In section 2(g) proposed to be substituted in the principal Act by Clause 2(c), for the letter " a" before the word " person" the word " any" shall be substituted.

186. In section 2(g) proposed to be substituted in the principal Act by Clause 2(c), before the word " Fund" occurring first and second the word " Welfare" shall be inserted.

Shri. T. P. Ramakrishnan: Sir, I move the following amendment.

178. Clause 2(a) shall be recast as follows-

" (a) in Clause (d), towards the end, the following words shall be inserted, namely:-

" or an autorickshaw employee or any person employed in automobile workshops or service stations or any workshop jobs including repair or maintenance of motor vehicles and their parts, or mechanic, driver, cleaner, fitter, electrician, tyre worker, turner, battery mechanic, painter, welder, lube worker, vulcanizer, workshop attender, carpenter, motor vehicle body building worker, blacksmith, helper, office staff or any other staff or a worker notified as such by the Government from time to time or self employed person who carries out jobs related to automobile repair and maintenance;"

Shri. I. B. Satheesh: Sir, I move the following amendment.

189. In section 2(g) proposed to be substituted in the principal Act by Clause 2(c), for the words " and the" the word " or of the"

shall be substituted.

<u>ചെയർപേഴ്സൺ</u>: 140-ാം നമ്പർ ഭേദഗതി 139-ാം നമ്പർ ഭേദഗതിക്കും 146-ാം നമ്പർ ഭേദഗതി 145-ാം നമ്പർ ഭേദഗതിക്കും 157 മുതൽ 160 വരെയും 162 മുതൽ 167 വരെയുള്ള ഭേദഗതികൾ 161-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (<u>ശ്രീ. വി. ശിവൻകുട്ടി</u>): സർ, ശ്രീ. എൻ. ഷംസുദ്ദീന്റെ 157-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി ഞാൻ അവതരിപ്പിക്കുന്നു.

157. In section 2(d) proposed to be inserted in the principal Act by Clause 2(a), the figure " 4" occurring after the word and symbol " workers," shall be deleted.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 155-ാം നമ്പർ ഭേദഗതിയും ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 156, 177, 181 എന്നീ നമ്പർ ഭേദഗതികളും സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

<u>ചെയർപേഴ്സൺ</u>: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 157-ാം നമ്പർ ഔദ്യോഗിക ഭേദഗതിയും മന്ത്രി സ്വീകരിച്ച 155, 156, 177, 181 എന്നീ

നമ്പർ ഭേദഗതികളും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 137, 139, 168, 180 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അവതരിപ്പിച്ച 141, 161 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 145, 173, 174, 175, 176 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 154, 179, 185, 186 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. പി. രാമകൃഷ്ണൻ അവതരിപ്പിച്ച 178-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഐ. ബി. സതീഷ് അവതരിപ്പിച്ച 189-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മൂന്നും നാലും വകുപ്പുകൾ

(ഭേദഗതിയില്ല)

മൂന്നും നാലും വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

മൂന്നും നാലും വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

മൂന്നും നാലും വകുപ്പുകൾ ബില്ലിന്റെ ഭാഗമായിരിക്കുന്നു.

അഞ്ചാം വകുപ്പ്

Shri. I. B. Satheesh: Sir, I move the following amendment.

194. In section 12B proposed to be inserted in the principal Act by Clause 5, the word " deemed" occurring after the word " scheme" shall be deleted.

Shri. Sebastian Kulathunkal: Sir, I move the following amendments.

196. In section 12B proposed to be inserted in the principal Act by Clause 5, after the word " self" the symbol " -" shall be inserted.

197. In section 12B proposed to be inserted in the principal Act by Clause 5, for the word and figure " Motor4" the word " Motor" shall be substituted.

211. In section 12B proposed to be inserted in the principal Act by Clause 5, for the word " he" the word " such person" shall be substituted.

ചെയർപേഴ്സൺ: 198 മുതൽ 210 വരെയുള്ള ഭേദഗതികൾ 197-ാം നമ്പർ ഭേദഗതിക്കും 212-ാം നമ്പർ ഭേദഗതി 211-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അവതരിപ്പിച്ച 196, 197 എന്നീ നമ്പർ ഭേദഗതികൾ സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

ചെയർപേഴ്സൺ: ബഹുമാനപ്പെട്ട മന്ത്രി സ്വീകരിച്ച 196, 197 എന്നീ നമ്പർ ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. ഐ. ബി. സതീഷ് അവതരിപ്പിച്ച 194-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അവതരിപ്പിച്ച 211-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

ഭേദഗതി ചെയ്ത പ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ആറാം വകുപ്പ്

Prof. Abid Hussain Thangal: Sir, I move the following amendment.

213. In section 24(2) proposed to be inserted in the principal Act by Clause 6, for the words " all amounts" the word " Funds" shall be substituted.

Dr. N. Jayaraj: Sir, I move the following amendment.

215. In section 24(2) proposed to be inserted in the principal Act by Clause 6, after the figures and_word " 1991 and" , the word " the" shall be inserted wherever it occurs.

ചെയർപേഴ്സൺ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 215-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

ചെയർപേഴ്സൺ: ബഹുമാനപ്പെട്ട മന്ത്രി സ്വീകരിച്ച 215-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 213-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ...........

ഭേദഗതി ചെയ്ത പ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും

Shri. N. A. Nellikkunnu: Sir, I move the following amendments.

108. In the long title, the word "further" shall be deleted.

122. In the enacting formula, for the figure and word "4as" the word "as" shall be substituted.

Smt. K. K. Rema: Sir, I move the following amendments.

112. In the long title, for the word "the" the word "The" shall be substituted.

117. In the preamble, for the words "the Kerala" the words "The Kerala" shall be substituted.

Shri. A. K. M. Ashraf: Sir, I move the following amendments.

118. In the preamble for the words "purposes hereinafter appearing;" the words "following purposes" shall be substituted.

129. Clause 1(2) shall be recast as follows:
"(2) It shall come into force on such date as the Government may by notification in the Official Gazette, appoint".

Prof. Abid Hussain Thangal: Sir, I move the following amendment.

128. The enacting formula shall be recast as follows:
" BE it enacted in the seventy third year of the Republic of India as follows:-"

ചെയർപേഴ്സൺ: 109 മുതൽ 111 വരെയുള്ള ഭേദഗതികൾ 108-ാം നമ്പർ ഭേദഗതിക്കും 119 മുതൽ 121 വരെയുള്ള ഭേദഗതികൾ 118-ാം നമ്പർ ഭേദഗതിക്കും 123 മുതൽ 127 വരെയുള്ള ഭേദഗതികൾ 122-ാം നമ്പർ ഭേദഗതിക്കും 130 മുതൽ 132 വരെയുള്ള ഭേദഗതികൾ 129-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 122-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

ചെയർപേഴ്സൺ: ബഹുമാനപ്പെട്ട മന്ത്രി സ്വീകരിച്ച 122-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 108-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 112, 117 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ് അവതരിപ്പിച്ച 118, 129 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 128-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, 2022-ലെ കേരള മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഞാൻ

പ്രമേയത്തെ പിന്താങ്ങുന്നു.

<u>ചെയർപേഴ്സൺ</u>: 2022-ലെ കേരള മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ.........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പാസ്സായിരിക്കുന്നു.

ഓർഡർ.......... ഓർഡർ.......... സഭ ഇപ്പോൾ പരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2022 ഡിസംബർ മാസം 13-ാം തീയതി ചൊവ്വാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ വൈകുന്നേരം 5.18-ന് പിരിഞ്ഞു.)

*********